70

# ഹിന്ദുധർമ്മ ഗ്രന്ഥങ്ങളിലെ സന്ദേശങ്ങൾ

INDIAN INSTITUTE OF SCIENTIFIC HERITAGE

अमृतं तु विद्या

ഡോ.എൻ. ഗോപാലകൃഷ്ണൻ

Scanned with CamScanner

# ഹിന്ദുധർമ്മ ഗ്രന്ഥങ്ങളിലെ സന്ദേശങ്ങൾ

## സനാതന ധർമ്മത്തിന്റെ അടിസ്ഥാന ശിലകൾ
## മഹാഭാഗവത സംക്ഷിപ്തം
## നാരായണീയം സംക്ഷിപ്തം


**DR. N. GOPALAKRISHNAN,**
M.Sc (Pharm), M.Sc (Chem), M.A. (Soc), MBA, Ph.D., D.Litt.
(Scientist & Director IISH)



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018

**Heritage Publication Series - 207**
(Old series 28+126+131)


Scanned with CamScanner

ഹിന്ദുധർമ്മഗ്രന്ഥങ്ങളിലെ സന്ദേശങ്ങൾ
(ഒരു ശാസ്ത്രീയ വിശകലനം)

Dr. N. Gopalakrishnan
M.A., M.Sc, MBA., Ph.D., D. Litt
Scientist & Director, IISH

*Published by :*

**Indian Institute of Scientific Heritage (IISH)**
Registered Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018
www.iish.org Ph. 0471 - 2490149

Rs. 70/-

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, **Ph. 2490135**

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

ചിരപുരാതനവും നിത്യനൂതനവുമായ സനാതനധർമ്മം ഇന്നും ഈ പവിത്ര ഭാരതഭൂമിയിൽ സചേതനമായി നിലകൊള്ളുന്നു. ചൈതന്യകത്തിന്റെ സന്ദേശം കേൾക്കുന്ന എല്ലാ വ്യക്തികളിലും ജാതി-മത - കക്ഷി-രാഷ്ട്രീയ ഭേദമെന്യേ ആവേശത്തിന്റെ അലയടികൾ ദൃശ്യമാകുന്നു. സനാതനധർമ്മത്തിന്റെ അടിസ്ഥാനതത്വങ്ങളെന്തെന്ന് അറിയാൻ അവരിലാഗ്രഹം നിറഞ്ഞുതുളുമ്പുന്നു.

സാധാരണക്കാരന് അവശ്യം അറിഞ്ഞിരിക്കാൻ സാധിക്കുന്ന 101 സനാതനധർമ്മതത്വങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തുടർന്നുള്ള പഠനത്തിന് ഇത് അടിസ്ഥാനമാക്കാവുന്നതാണ്. ഭാരതം എന്ന രാഷ്ട്രം, ഭാരതീയ ഗ്രന്ഥങ്ങൾ, ഭാരതീയ ഈശ്വരസങ്കൽപം, ഭാരതീയ ആചാരങ്ങൾ, ശാസ്ത്രവും ശാസ്ത്രീയ വീക്ഷണവും ഭാരതത്തിൽ എന്നിവയറിഞ്ഞാൽ സനാതനധർമ്മത്തിന്റെ ചട്ടക്കൂട് സംഗ്രഹരൂപത്തിൽ മനസ്സിലാകും. അതുകൊണ്ട് ഈ വിഷയങ്ങളിലെ സന്ദേശബിന്ദുക്കളാണ് 101 പുഷ്പാഞ്ജലികളായി നൽകിയിരിക്കുന്നത്.

## I ഭാരതം-ഉദാത്തമായ ഒരു രാഷ്ട്ര സങ്കൽപ്പം

1. ഭാഷയുടേയും, വേഷഭൂഷാദികളുടെയും ഭക്ഷണക്രമങ്ങളുടേയും ആചാര-വിചാര-വിശ്വാസങ്ങളുടെയും വൈവിധ്യം കൊണ്ട് സമ്പന്നമായ ദേശമാണ് ഭാരതം.
2. രാജനൈതികതത്വങ്ങളുടെ അടിസ്ഥാനത്തിൽ മറ്റേതൊരു രാജ്യത്തെയും വിശകലനം ചെയ്യുന്നതുപോലെ, വിശകലനം ചെയ്യാൻ സാധിക്കാത്ത ഒരു രാഷ്ട്രമായ നമ്മുടെ മാതൃഭൂമിയുടെ പ്രത്യേകതതന്നെ ജനതയുടെ സാംസ്കാരിക ഐക്യമാണ്. ഇവിടെ ഇന്നത്തെ രീതിയിലുള്ള രാഷ്ട്രീയം ഒരു വിഷയമേ ആയിരുന്നില്ല.
3. സംസ്കൃതം എന്ന മാതൃഭാഷയിൽ നിന്നുദയം ചെയ്തതാണ് എല്ലാ ഭാരതീയ ഭാഷകളും. ഒറ്റ ഭാഷയുടെ പുത്രികളായി ഭാരതീയ ഭാഷകൾ സംസ്കൃതമാതാവിനെ വണങ്ങുന്നു.
4. വൈദികകാലം മുതൽക്കുതന്നെ ഭാരതവർഷത്തെ ഒരു രാഷ്ട്ര രൂപത്തിലും ഭാരതാംബയുടെ രൂപത്തിലും സങ്കൽപിക്കുവാനും ആരാധിക്കുവാനും സാധിച്ചവരാണ് ഭാരതീയർ.



Scanned with CamScanner

5. ഉത്തരഭാരതത്തിലെ അയോദ്ധ്യയിൽ നിന്നും കൊട്ടാരക്കരയ്ക്കടുത്തുള്ള ജടായുമംഗലം - ചടയമംഗലം - വരെ വന്ന് ശബരിമലയിൽ ശബരിയെ ദർശിച്ച്, രാമേശ്വരത്ത് ശിവലിംഗം പ്രതിഷ്ഠിച്ച്, ലങ്കയിൽച്ചെന്ന് മടങ്ങിയ ശ്രീരാമൻ ത്രേതായുഗത്തിൽതന്നെ ഭാരതീയ ഐക്യത്തിന്റെ പ്രതീകമായി.

6. ഹസ്തിനപുരത്തുനിന്നും പാലക്കാടുവരെവന്ന് നിളാനദിയിൽ കുളിച്ച് അതിനെ ഭാരതപ്പുഴയായി നാമകരണം ചെയ്ത്, ഈ രാഷ്ട്രം ഒന്നാണെന്ന് തെളിയിച്ചവരാണ് ദ്വാപരയുഗത്തിലെ പാണ്ഡവർ.

7. സ്വന്തം പുത്രിയെയും പുത്രനെയും ഇന്ത്യൻമഹാസമുദ്രത്തിലെ മൊറിഷ്യസ് എന്ന മൗര്യദേശത്തിലേക്കയച്ച് കലിയുഗത്തിലെ അശോകനും ചന്ദ്രഗുപ്തമൗര്യനും മൗര്യദേശ സ്മരണ നില നിർത്തി, ഭാരതീയ സന്ദേശം അവിടങ്ങളിലെത്തിച്ച് സഹസ്രാബ്ദങ്ങൾക്കുമുമ്പ് സാംസ്കാരിക ഐക്യസ്തംഭം അവർ സ്ഥാപിച്ചു.

8. ഭാരതത്തിലെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സമഗ്രസ്വഭാവം വിവരിക്കുന്ന അർത്ഥശാസ്ത്രത്തിൽ, അതിന്റെ രചയിതാവായ ചാണക്യൻ, ഭാരതത്തെ സമഗ്രമായ ഒരൊറ്റദേശമായിത്തന്നെ വിവരിക്കുന്നു.

9. ഉത്തര ഭാരതത്തിൽ നിന്ന് തപസ്സിനായി കാട്ടാക്കടയ്ക്കടുത്ത് അഗസ്ത്യകൂടം വരെ വന്ന് സഹ്യാദ്രിയുടെ തെക്കെഅറ്റത്ത് (പർവ്വത നിരയ്ക്ക്) അഗസ്ത്യകൂടമെന്ന ചൈതന്യനാമം നൽകിയ ഋഷിവര്യനാണ് അഗസ്ത്യമഹർഷി.

10. കൊടുങ്ങല്ലൂരിൽ ജനിച്ച ആര്യഭടൻ, പാടലീപുത്രത്തിലെ ലോകപ്രസിദ്ധമായ നളന്ദസർവ്വകലാശാലയിലെ വൈസ് ചാൻസിലറായി 23-ാം വയസ്സിൽതന്നെ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ഇരുപത്തിരണ്ട് ശിഷ്യന്മാരിൽ 11 പേർ ഉത്തരഭാരതീയരായിരുന്നു.

11. കർണാടകത്തിലെ ബെൽഗാംകാരനായ ഭാസ്കരാചാര്യർക്കും നളന്ദ യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസിലറായി ഈ രാഷ്ട്രത്തിന്റെ ഏകത അസന്ദിഗ്ദമായി പ്രഖ്യാപിക്കുവാൻ ഒരു തടസ്സവുമുണ്ടായിരുന്നില്ല.



Scanned with CamScanner

12. ഗംഗ, യമുന, ഗോദാവരി, നർമ്മദ, സിന്ധു, കാവേരി, സരസ്വതി എന്നീ നദികളുടെ പേരുകൾ ഒരുമിച്ച് പ്രഭാത സ്മരണയിൽ ചൊല്ലുമ്പോൾ നമ്മെ ഓർമ്മിപ്പിക്കുന്നത് ഈ നദികൾ പ്രതിനിധീകരിക്കുന്ന വിവിധ സംസ്ഥാനങ്ങൾ, ചേർന്നതാണ് നമ്മുടെ രാഷ്ട്രം എന്നുതന്നെയാണ്.

13. മഹേന്ദ്ര-മലയ-സഹ്യ-ഹിമാലയ-രേവാ-വിന്ധ്യാ-ആരാവലി പർവ്വതങ്ങൾ ഭാരതത്തിലെ പുണ്യഗിരിശൃംഗങ്ങളായി നമ്മെ പ്രാതസ്മരണാവരികളിലൂടെ ഓർമ്മിപ്പിക്കുന്നതും ഒറ്റരാഷ്ട്രത്തിന്റെ ചൈതന്യം തന്നെയാണ്.

14. അശ്വത്ഥാമാവ് - ബലി - വ്യാസൻ - ഹനുമാൻ - വിഭീഷണൻ - കൃപൻ - പരശുരാമൻ ഇവർ ഹരിയാന, കേരളം, ഉത്തർപ്രദേശം, ആന്റമാൻ ദ്വീപുകൾ, ലങ്ക, ഇറാൻ എന്നീ ഭാരതഖണ്ഡ ഭാഗങ്ങളെ പ്രതിനിധീകരിക്കുന്നവരാണ്. അസുരകുലത്തിലെ ബലിയെയും വിഭീഷണനെയും നമ്മൾ വിട്ടുകളഞ്ഞില്ല.

15. അഹല്യ-ദ്രൗപതി-സീതാ-താര-മണ്ഡോദരി എന്നീ സ്ത്രീകളും പ്രഭാത സ്മരണയിൽ ഉൾപ്പെടുത്തിയപ്പോൾ, ശ്രീരാമനുമായി യുദ്ധം ചെയ്ത രാവണന്റെ പത്നിയെ വിട്ടുകളഞ്ഞില്ല. അവരെ ആദരിച്ച് ഇന്നും അതിരാവിലെ നാം സ്മരിക്കുന്നു.

16. അയോദ്ധ്യ-മഥുര-മായാ-കാശി-കാഞ്ചി-അവന്തിക-പുരി-ദ്വാരക എന്നീ പട്ടണങ്ങളെ ഉത്തരപ്രദേശത്തുനിന്നും, മധ്യപ്രദേശത്തുനിന്നും, ബീഹാറിൽനിന്നും, തമിഴ്നാട്ടിൽ നിന്നും, ഒറീസ്സയിൽ നിന്നും, ഗുജറാത്തിൽ നിന്നും..... സൂക്ഷ്മമായി പരിശോധിച്ചെടുത്തപ്പോൾ രാഷ്ട്രത്തിന്റെ ഐക്യം തന്നെയായിരുന്നു പൂർവ്വികരുടെ മനസ്സിൽ നിറഞ്ഞുനിന്നത്.

17. ഗാണ്ഡഹാറും, കാശ്മീരവും, കാഠ്മണ്ഡുവും, കാംബോജ ദേശശവും, സിംഹപുരവും, ബാലിദ്വീപും, ആന്റമാനും, ലങ്കയും, മൊറീഷ്യസും അതിരുകളായിരുന്ന ഭാരതം; ഒരു രാഷ്ട്രത്തേയും വാൾമുനകൊണ്ടു കീഴ്പ്പെടുത്താതെ അറിവിന്റെയും സഹവർത്തിത്വത്തിന്റെയും സ്നേഹത്തിന്റെയും തലോടലിലൂടെ മാത്രം നാം ഈ രാഷ്ട്രത്തിന്റെ സന്ദേശം പ്രചരിപ്പിച്ചു. ജ്ഞാന ദീപങ്ങൾ കൊളുത്തി.



Scanned with CamScanner

18. ഹിമാലയത്തിൽ നിന്നാരംഭിച്ച് ഇന്ത്യൻ മഹാസമുദ്രം വരെ നീണ്ടു കിടക്കുന്ന ദേവനിർമ്മിതമായ ഈ ദേശത്തെ ഹിന്ദുസ്ഥാനം എന്ന് നാമകരണം ചെയ്തത് മൂവായിരത്തിലധികം വർഷങ്ങൾക്കു മുമ്പായിരുന്നു. ഹിന്ദുസ്ഥാനമെന്നും, ഭാരതവർഷമെന്നും, ഈ രാഷ്ട്രത്തെ പൂർവ്വികർ വ്യക്തമായി പുരാണങ്ങളിലും ഇതിഹാസങ്ങളിലും വർണിച്ചിട്ടുണ്ട്.

19. എല്ലാ ആത്മീയ ഭൗതീക കർമ്മങ്ങളിലും മഹാസങ്കൽപ്പമെന്ന അത്യുജ്ജ്വല മന്ത്രത്തിലൂടെ - ജംബൂദ്വീപെന്ന ഏഷ്യാ ഭൂഖണ്ഡത്തേയും, ഭാരതവർഷേ..... ഭാരതഖണ്ഡേ..... മേരോ. ദക്ഷിണ പാർശ്വേ... എന്നു തുടങ്ങിയവരികളിലൂടെ ശ്രീരാമക്ഷേത്രം (തമിഴ്നാട്) ഭാസ്കര ക്ഷേത്രം (കർണാടക) പരശുരാമക്ഷേത്രം (കേരളം) ജഗന്നാഥക്ഷേത്രം (ഒറീസ്സ) വംഗക്ഷേത്ര (ബംഗാൾ) ആന്ധ്രാക്ഷേത്രം - ശ്രീനിവാസക്ഷേത്രം (ആന്ധ്ര) എന്നിവയെ ഉൾപ്പെടുത്തിയിരുന്നു. ഈ സംസ്ഥാനങ്ങളിരുന്നാണ് കർമ്മം ചെയ്യുന്നതെന്ന് പ്രഖ്യാപിക്കുകയായിരുന്നു അവരെല്ലാം.

20. സപ്തസിന്ധു മുതൽ ഹിന്ദുമഹാസമുദ്രം വരെയുള്ള വിസ്തൃതദേശത്തെ മാതൃഭൂമിയും പുണ്യഭൂമിയും ആയി ദർശിക്കുവാൻ സാധിക്കുന്ന ക്രിസ്ത്യാനി-മുസ്ലീം-പാഴ്സി എന്നിവരുൾപ്പെടെയുള്ളവരെ ഹിന്ദുക്കളെന്നു നിർവ്വചിച്ചവരാണ് നമ്മുടെ പൂർവ്വപിതാമഹന്മാർ. അവരുടെ രക്തമാണിവിടത്തെ എല്ലാ ഭാരതീയരിലുമുള്ളത്.

21. ദക്ഷിണഭാരതീയനോട് പിതൃകർമ്മത്തിനും, തീർത്ഥാടത്തിനും ഉത്തരഭാരതത്തിലെ കാശി-ഗയ-പ്രയാഗ-എന്നിവിടങ്ങളിലേയ്ക്ക് യാത്ര ചെയ്യണമെന്ന് നിഷ്കർഷിച്ചതുപോലെ ഉത്തരഭാരതീയനോട് കന്യാകുമാരിയിലേയ്ക്കും രാമേശ്വരത്തേയ്ക്കും തീർത്ഥയാത്ര ചെയ്ത് ഈ രാഷ്ട്രം ഒന്നാണെന്ന് അനുഭവച്ചറിയുവാൻ അവർ ഉപദേശിച്ചു.

## II സനാതന ധർമ്മസന്ദേശത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങൾ

22. സനാതനധർമ്മത്തിന്റെ അടിസ്ഥാന സന്ദേശങ്ങൾ നിറഞ്ഞു നിൽക്കുന്ന ഗ്രന്ഥങ്ങളാണ് വേദങ്ങൾ. പ്രപഞ്ചചൈതന്യത്തെ



Scanned with CamScanner

ബാഹ്യവും ആന്തരീകവുമായ ദൃഷ്ടികൾകൊണ്ട് ദർശിച്ച് രചിച്ചിട്ടുള്ളതിനാൽ ഋഷിമാരെ മന്ത്രദൃഷ്ടാക്കളെന്നു പറയുന്നു. കഥകളോ ചരിത്രങ്ങളോ ഇല്ലാതെ, പ്രപഞ്ച ചൈതന്യാംശത്തെക്കുറിച്ചുള്ള ശാശ്വതസത്യങ്ങളായ വസ്തുതകൾ മാത്രമുള്ളതാണ് വേദങ്ങൾ. അതിനാൽ വേദം എന്ന പദത്തിന്റെ അർത്ഥം തന്നെ അറിവ് എന്നാണ്. അത് ഗുരുവിൽ നിന്ന് ശിഷ്യരിലേക്ക് വായ്മൊഴിയായി പകരുന്നതിനാൽ ശ്രുതി എന്നറിയപ്പെടുന്നു. പ്രപഞ്ച ചൈതന്യം തന്നെ വിഷയമായതിനാൽ അത് അപൗരുഷേയമെന്നറിയപ്പെടുന്നു. മുക്കുവവംശത്തിലെ വേദവ്യാസൻ ക്രോഡീകരിക്കുകയും, വശ്വാമിത്രനെപ്പോലെ ക്ഷത്രിയവംശജർ രചിച്ചിട്ടുള്ളതുമായതിനാൽ ബ്രാഹ്മണ്യത്തിലേക്കുയരുന്ന ഏതു ജാതിക്കാരനും മതാനുയായിക്കും വേദം ശുദ്ധിയോടെ വായിച്ചു മനസ്സിലാക്കാം. വേദങ്ങളുടെ കാലഘട്ടം, അത്യാധുനിക പുരാവസ്തു ജ്യോതിശ്ശാസ്ത്ര ഗണനയനുസരിച്ച് ഏതാണ്ട് 4000 ബി. സിക്കപ്പുറമാണ്.

23. ഋഗ്വേദമാണ് ആദിമഗ്രന്ഥം. ഭൗതികവും, ആത്മീയവും, ദേവതാസങ്കൽപ്പവുമെന്ന രീതിയിൽ മൂന്നുതരം അർത്ഥം വേദമന്ത്രങ്ങൾക്കുണ്ട്. ഋഗ്വേദത്തിന് ഇരുപത്തിയഞ്ച് ശാഖകളുണ്ട്. അവയിൽ പ്രധാനപ്പെട്ട ശാഖകൾ : ശാകലം, ബാഷ്കളം, ആശ്വലായനം, ശാംഖായനം, മാണ്ഡുകേയം എന്നിവയാണ്. ഇന്ന് ലഭ്യമായതും പ്രചാരത്തിലുള്ളതുമായ ശാഖകൾ, ശാകലവും ബാഷ്കളവും, ശാംഖായനവുമാണ്.

24. ഋഗ്വേദത്തിലെ ഏറ്റവും പ്രചാരമുള്ള ശാകലശാഖയിൽ 397265 അക്ഷരങ്ങളുണ്ട്. ഈ അക്ഷരങ്ങൾ 193816 പദങ്ങളിലും, 10552 മന്ത്രങ്ങളിലും അടുക്കിയിരിക്കുന്നു. മന്ത്രങ്ങൾ 2024 വർഗങ്ങളായും, അവയെ 64 അദ്ധ്യായങ്ങളായും തിരിച്ചിരിക്കുന്നു. എട്ട് അദ്ധ്യായങ്ങളെ ചേർത്ത് എട്ട് അഷ്ടകങ്ങളായും വേദ മന്ത്രങ്ങളെ വിവരിക്കാറുണ്ട്.

25. വ്യത്യസ്ത ശ്രുതിയോടെയാണ് വേദം പഠിക്കുക. പഠനക്രമവും വളരെ കഠിനമായ നിഷ്ഠയോടെയുള്ളതാണ്. വേദശ്രുതികൾക്ക് പ്രത്യേകം പേരുകളുണ്ട്. ഉദാത്തം, അനുദാത്തം, സ്വരിതം, രേഫം, ഹ്രസ്വം, അനുനാസികം, കമ്പം, ദീർഘകമ്പം, പ്നുതം



Scanned with CamScanner

എന്നിവയാണ് ദേവസ്വരങ്ങൾ. ഗുരുവിൽ നിന്നല്ലാതെ വേദം അഭ്യസിച്ചാൽ ഈ ശ്രുതികളുടെ വ്യത്യാസങ്ങൾ അറിയുവാൻ സാദ്ധ്യമല്ല. തെറ്റിച്ചൊല്ലിയാൻ അർത്ഥം മാറുകതന്നെ ചെയ്യും.

26. യജുർവേദം കൂടുതലായും യാഗകർമ്മത്തിനായുള്ള മന്ത്രങ്ങളായതിനാൽ, ഈ വേദത്തെ കർമ്മകാണ്ഡം എന്നു വിവരിക്കാറുണ്ട്. ഗദ്യപദ്യമന്ത്രങ്ങൾ അടങ്ങിയ വിവിധ യജുർവേദ ശാഖകളെ കൃഷ്ണയജുർവേദത്തിൽപ്പെടുത്തിയിരിക്കുന്നു. പദ്യ മന്ത്രങ്ങൾ മാത്രമുള്ള യജുർവേദശാഖകളെ ശുക്ലയജുർവേദത്തിലും. ആകെ യജുർവേദത്തിന് നൂറ് (ചിലരുടെ അഭിപ്രായത്തിൽ 108) ശാഖകളുണ്ട്. ഈ ശാഖകളെല്ലാം ഓരോ മഹർഷിമാരുടെ പേരിലറിയപ്പെടുന്നു.

27. യജുർവേദത്തിലെ പ്രധാനശാഖകൾ ആലംഭി, കലിംഗ, കമല, ഋചാഭ, അരുണി, താണ്ഡ്യ, ശ്യാമായന, കഠ, കലാപി എന്നിവയാണ്. ഈ ശാഖകൾ വീണ്ടും ഉപശാഖകളായി വളർന്നിട്ടുണ്ട്. കഠശാഖയുടെ ഉപശാഖാ നാമങ്ങളോടൊപ്പം 'കഠ' എന്ന പേരു കൂടി ചേർത്തിട്ടുണ്ടാകും. ചരകഠ, ആഹ്വരകഠ, ഭ്രാജിഷ്ഠലകഠ, കപിഷ്ഠലകഠ, ചാരായണിയകഠ, പ്രാച്യകഠ, ശ്വേതകഠ, ശ്വേതാശ്വേതരകഠ, ഔപമന്യവകഠ, പാതാണ്ഡിനേയകഠ, മൈത്രായണീയകഠ.... എന്നിങ്ങനെ പോകുന്നു. വ്യത്യസ്ത യജുർവേദ പുസ്തകങ്ങൾ. ഒരൊറ്റ പുസ്തകമാണ് യജുർവേദമെന്ന് നാം തെറ്റിദ്ധരിച്ചിരിക്കുന്നത് (യജുർവേദത്തിന്റെ വിവിധ ശാഖകളുടെ വ്യത്യാസമുള്ള ഗ്രന്ഥങ്ങളാണ്. ചില ഗ്രന്ഥങ്ങൾക്ക് വ്യത്യാസങ്ങൾ കൂടുതലും കുറവുമായിരിക്കുമെന്നുമാത്രം.

28. ഇന്ന് സാർവ്വത്രിക പ്രചാരത്തിലുള്ള ശുക്ലയജുർവേദീയ ഗ്രന്ഥമാണ് വാജസനേയിമാധ്യന്ദിന യജുർവേദസംഹിത. യജ്ഞവൽക്യമഹർഷിയാണത്രെ ഇതിന്റെ രചയിതാവ്. ആയിരത്തിതൊള്ളായിരത്തി എഴുപത്തിയഞ്ച് (1975) മന്ത്രങ്ങൾ 40 അദ്ധ്യായങ്ങളിലായി ഇതിലടങ്ങിയിരിക്കുന്നു. നാൽപതാം അദ്ധ്യായമാണ് ഈശാവാസ്യ ഉപനിഷദ്. ഈ വേദത്തിൽ പദ്യരൂപത്തിലുള്ള മന്ത്രങ്ങൾ മാത്രമാണുള്ളത്.

29. വളരെ പ്രചാരമുള്ള കൃഷ്ണയജുർവേദീയ ഗ്രന്ഥമായ തൈത്തിരീയ സംഹിതയിൽ ഗദ്യരൂപത്തിലും പദ്യരൂപത്തിലുമുള്ള മന്ത്ര



Scanned with CamScanner

ങ്ങളുണ്ട്. ഏഴുകാണ്ഡങ്ങളായി വിവരിച്ചിരിക്കുന്ന മന്ത്രങ്ങൾ അശ്വമേധം, പുത്രകാമേഷ്ടി, വാജപേയം തുടങ്ങിയ വിവിധ യാഗാവശ്യത്തിനുള്ളവയാണ്.

30. ഋഗ്വേദമന്ത്രങ്ങളെ വ്യക്തമായ രീതിയിൽ ഗാനങ്ങളായി ആലപിച്ചാണ് സാമഗാന മന്ത്രങ്ങളുണ്ടാക്കിയിരിക്കുന്നത്. ആയിരം ശാഖകളാണ് സാമവേദത്തിനുള്ളത്. പതിമൂന്ന് ശാഖകൾ മാത്രമാണ് ഇന്ന് ലഭ്യമയിട്ടുള്ളത്. ബാക്കിയുള്ളവ എന്നന്നേക്കുമായി നഷ്ടപ്പെട്ടു.

31. പ്രധാനപ്പെട്ട സാമവേദശാഖകൾ രണായണീയം, ശാട്യമുഗ്രം, വ്യാസ, ഭാഗുരി, ഔലുണ്ടി, ഗൗൽഗുവി, ഭാനുമാൻ, ഔപമന്യവ, കരാടി, മശക, ഗാർഗ്യ, കൗഥുമ, ശാലിഹോത്ര, ജൈമിനീയം എന്നിവയാണ്.

32. സാമവേദത്തിലുള്ളത് 1549 മന്ത്രങ്ങളാണ്. ഇതിൽ 105 മന്ത്രങ്ങളൊഴികെ ബാക്കിയെല്ലാം, ഋഗ്വേദമന്ത്രങ്ങളെ ഗാനരൂപത്തിൽ ആലപിക്കുന്നതാണ്. സാമവേദത്തിന്റെ തനതായ മന്ത്രങ്ങൾ 105 എണ്ണം മാത്രം.

33. ഊഹഗാനം, ഊഹ്യഗാനം, ഗ്രാമഗേയഗാനം, ആരണ്യഗേയഗാനം, എന്നിങ്ങനെ പേരുള്ള വിവിധ സാമഗാനാലാപനരീതികളുണ്ട്. യാഗങ്ങളിൽ സാമഗാനം ചൊല്ലി ദേവന്മാരെ സന്തുഷ്ടരാക്കുന്ന വേദപണ്ഡിതൻ യജ്ഞശാലയിലെ ഉദ്ഗാതാവ് എന്നറിയപ്പെടുന്നു. വ്യത്യസ്ത ഗാനാലാപന രീതിയിൽ പ്രാവീണ്യം നേടിയ പണ്ഡിതർ വളരെ വളരെ കുറഞ്ഞുവരുന്നു.

34. അമ്പത് ശാഖകളുള്ള അഥർവവേദമാണ് സനാതനധർമ്മത്തിന്റെ അടിസ്ഥാനവേദങ്ങളിൽ നാലാമത്തേതും കൂടുതൽ സാമൂഹിക കാര്യങ്ങൾ വിവരിക്കുന്നതുമായ ഗ്രന്ഥം. ഇതിൽ ഇരുപതു കാണ്ഡങ്ങളിലായി 5987 മന്ത്രങ്ങളുള്ളതിൽ 1200 എണ്ണം ഋഗ്വേദ മന്ത്രങ്ങളാണ്.

35. കൃഷി, ഗോരക്ഷ, ശത്രുനാശനം, വിജയം, രാജപട്ടാഭിഷേകം, രോഗനിവാരണം എന്നിങ്ങനെയുള്ള അനവധി സാമാന്യ വിഷയങ്ങൾ ഉള്ളതുകൊണ്ടായിരിക്കാം മറ്റു വേദങ്ങളുടെ പ്രാധാന്യം അഥർവത്തിന് ലഭിക്കാതെ പോയത്. ഇതിൽ ആത്മീയ ഈശ്വ



Scanned with CamScanner

രവിഷയങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം ഭൗതിക ജീവിത വിഷയങ്ങൾക്കാണ്.

36. ഭാരതത്തിൽ അഥർവവേദപണ്ഡിതർ ഇന്ന് വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. മലയാളികളായവർ ഇല്ലതന്നെ. ഭാരതത്തിലെ അന്യസംസ്ഥാനങ്ങളിലുള്ള അഥർവവേദപണ്ഡിതർ പ്രധാനപ്പെട്ട 9 അഥർവവേദശാഖകളിൽപ്പെട്ടവരാണ്. അവരുടെ എണ്ണം പതിനഞ്ചിൽ കൂടുതൽ വരില്ല. ഈ ശാഖകൾ പിപ്പലാദ, തൗദ, മൗദ, ശൗനകീയ, ജാജല, ജലഭ, ബ്രഹ്മവദ, ദേവദർശ, ചാരണവൈദ്യ എന്നിവയാണ്.

37. യജ്ഞയാഗവിഷയങ്ങളാൽ സമ്പുഷ്ടമായ കർമ്മമാർഗം അനുശാസിക്കുന്നത് അതിപുരാതന സംസ്കൃതഗ്രന്ഥങ്ങളായ ബ്രാഹ്മണങ്ങളിലൂടെയാണ്. സനാതനധർമ്മത്തിന്റെ ആത്മീയ കർമ്മാനുശാസകരുടെ ആധാരഗ്രന്ഥങ്ങളാണിവ. വേദപണ്ഡിതർ, അവർ ഏതു വേദശാഖയുടെ അനുചരന്മാരാണോ (ഋഗ്വേദികൾ, യജുർവേദികൾ, സാമവേദികൾ എന്നിങ്ങനെ ശാഖാഭേദമനുസരിച്ച് പണ്ഡിതരെ തരം തിരിച്ചിരിക്കുന്നു) അവർ അതത് വേദങ്ങളുമായി ബന്ധപ്പെട്ട ബ്രാഹ്മണങ്ങളുസരിച്ചാണ് കർമ്മങ്ങളനുശാസിക്കേണ്ടത്, അഥവാ യാഗങ്ങൾ നടത്തേണ്ടത്.

38. മഹീദാസ ഐതരേയൻ എന്ന അതിശ്രേഷ്ഠനും, ചണ്ഡാലവംശത്തിൽ ജനിച്ച് ബ്രാഹ്മണ്യത്തിലേക്കുയർന്നവനുമായ പണ്ഡിതൻ എഴുതിയ ഐതരേയ ബ്രാഹ്മണവും, സാംഖ്യായനമഹർഷിയും, കൗഷീതകി മഹർഷിയും എഴുതിയ സാംഖ്യായന ബ്രാഹ്മണവും കൗഷീതകി ബ്രാഹ്മണവും ഋഗ്വേദികളായ പണ്ഡിതർ, യാഗങ്ങൾ ചെയ്യുമ്പോൾ അനുശാസിക്കേണ്ട പന്ഥാവുകൾ വിവരിക്കുന്നു. തൈത്തിരീയ ബ്രാഹ്മണവും, യജ്ഞവൽക്യമഹർഷി എഴുതിയ ശതപഥ ബ്രാഹ്മണവും, മറ്റൊരു കൃതിയായ മൈത്രായണീയ ബ്രാഹ്മണവും യജുർവേദികളുടെ കർമ്മമാർഗ്ഗനിയമങ്ങളും ചടങ്ങുകളും വിവരിക്കുന്നു. സാമവേദീയ പണ്ഡിതർ അനുശാസിക്കുന്ന യാഗങ്ങൾ പ്രധാനമായ 10 ആധാരഗ്രന്ഥങ്ങൾ ഉണ്ട്. താണ്ഡ്യബ്രാഹ്മണം, ജൈമിനീയ ബ്രാഹ്മണം, ആർഷേയബ്രാഹ്മണം, ഷഡ്വിംശദ് ബ്രാഹ്മണം, ഛാന്ദോഖ്യബ്രാഹ്മണം എന്നിവയാണ് അതിപ്രധാനം.



Scanned with CamScanner

അഥർവവേദീയരുടെ അതിബൃഹത്തായ ബ്രാഹ്മണഗ്രന്ഥം, ഗോപഥബ്രാഹ്മണമാണ്. പുരാതന ഭാരതത്തിലെ യഥാർത്ഥ ചരിത്രങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ് മേൽവിവരിച്ച ബ്രാഹ്മണ്യഗ്രന്ഥങ്ങൾ. ഗ്രാമങ്ങളിലും, പട്ടണങ്ങളിലും രാജാവിന്റെയോ രാജപ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ അഥവാ പ്രഗത്ഭരുടെ സാന്നിദ്ധ്യത്തിൽ നടത്തേണ്ട നൂറിൽപ്പരം യാഗങ്ങളുടെ ചടങ്ങുകളും ബ്രാഹ്മണഗ്രന്ഥങ്ങളിലുംപ്പെടുന്നു.

39. വാനപ്രസ്ഥന്റെ ജീവിതം വനത്തിലും, ഏകാകിയായും അയതിനാൽ അവർ അനുഷ്ഠിക്കേണ്ട കർമ്മങ്ങൾ പ്രത്യേകിച്ചും ആരണ്യത്തിൽ വച്ച് അനുഷ്ഠിക്കേണ്ടവയാണ്. ഋഗ്വേദീയമായ ഐതരേയ ആരണ്യകത്തിലും കൗഷിതകി ആരണ്യകത്തിലും വിവരിക്കുന്നത് വാനപ്രസ്ഥന്റെ യാഗകർമ്മങ്ങലാണ് മൈത്രായണീയ ആരണ്യകവും, തൈത്തിരീയ ആരണ്യകവും യജുർവേദികളായ പണ്ഡിതർ കാനനത്തിലനുഷ്ഠിക്കേണ്ട യാഗങ്ങളാണ് വിവരിക്കുന്നത്. സാമവേദികൾക്കും അഥർവവേദാനുശാസകർക്കും ആരണ്യകഗ്രന്ഥങ്ങൾ ഇല്ല.

40. വേദങ്ങൾ-ബ്രാഹ്മണങ്ങൾ -ആരണ്യകങ്ങൾ എന്നിവ കഴിഞ്ഞ് നാലാമതായി ഇവയിലേതെങ്കിലും ഒന്നിന്റെ ഭാഗമായോ അല്ലാതെയോ വരുന്നതാണ് ഉപനിഷത്തുകൾ അവസാനമായി വരുന്നവയായതിനാൽ ഈ ഗ്രന്ഥസമാഹാരങ്ങളെ വേദാന്തങ്ങൾ എന്നു പറയുന്നു. പൃഥ്വി അപ് (ജലം)-തേജ-വായു-ആകാശം എന്നീ പഞ്ചഭൂതങ്ങളും, പ്രാണ-അപാന-വ്യാന-ഉദാന-വായു -ആകാശം എന്നീ പഞ്ചപ്രാണനും, കണ്ണ്-മൂക്ക്-നാക്ക്-ചെവി-ത്വക്ക് എന്നീ പഞ്ചജ്ഞാനേന്ദ്രിയങ്ങളും മനസ്സ് ജീവൻ ആത്മ-പരമാത്മ-പ്രപഞ്ച-ചൈതന്യം എന്നിവയെല്ലാമാണ് നൂറ്റിയെട്ട് ഉപനിഷത്തുക്കളിൽ പ്രധാനപ്പെട്ടവയിലെ വിവരണവിഷയങ്ങൾ.

41. ഋഗ്വേദത്തിന്റേതായ ഉപനിഷത്തുകൾ 10, ശുക്ലയജൂർവേദീയ ഉപനിഷത്തുകൾ 19, കൃഷ്ണയജുർവേദീയ ഉപനിഷത്തുകൾ 32, സാമവേദീയ ഉപനിഷത്തുകൾ 16, അഥർവവേദീയ ഉപനിഷത്തുകൾ 32, ഇപ്രകാരം ആകെ ഉപനിഷത്തുക്കളുടെ എണ്ണം (109)

ഋഗ്വേദീയ ഉപനിഷദ് : ഐതരേയം, കൗഷീതകി, നാദബിന്ദു, ആത്മബോധം, നിർവാണ, മുൽഗല, അക്ഷമാലിക, ത്രിപുര, സൗഭാഗ്യ ലക്ഷ്മി, ബഹ്വൃച ഉപനിഷദ്.



Scanned with CamScanner

ശുക്ലയജുർവേദീയ ഉപനിഷദ് : ഈശാവാസ്യ, ബൃഹദാരണ്യക, ഹംസ, പരമഹംസ, സുബാല, മന്ത്രിക, ബ്രാഹ്മണ, നിരാലംബ, മണ്ഡല ബ്രാഹ്മണ, അദ്വയ, പിംഗള, ഭിക്ഷുക, തുരിയാതീത അവ ധുത, അദ്ധ്യാത്മ, താരാശര, യജ്ഞവൽക്യ, ശാട്യായന, മുക്തിക ഉപനിഷദ്.

കൃഷ്ണയജുർവേദീയ ഉപനിഷദ് : കഠ, തൈത്തിരീയ, ബ്രഹ്മ, കൈവല്യ, ശ്വേതാശ്വേതര, ഗർഭ, നാരായണ, മഹാനാരായണ, അമൃതബിന്ദു, അമൃതനാദ, കാലാഗ്നിരുദ്ര, കുഷരിക, സർവ സാര, ശുകരഹസ്യ, തേജബിന്ദു, ധ്യാനബിന്ദു, ബ്രഹ്മവിദ്യ, യോഗ തത്വ, ദക്ഷിണാമൂർത്തി, സ്കന്ദ, ശാരിരിക, യോഗശിഖ, ഏകാക്ഷര, അക്ഷി, അവധൂത, കഠരുദ്ര, രുദ്രഹൃദയ, യോഗകുണ്ഡലിനി, പഞ്ചബ്രഹ്മ, പ്രാണാഗ്നി ഹോത്ര, വരാഹ, കലിസന്തരണ, സരസ്വതീരഹസ്യ ഉപനിഷദ്.

സാമവേദീയ ഉപനിഷദ് : കേന, ഛാന്ദോഖ്യ, അരുണി, മൈത്രാണീ, മൈത്രേയീ, വജ്രസൂചിക, യോഗചൂഡാമണി, വാസുദേവ, മഹാ (മഹോപനിഷദ്) സംന്യാസ, അവ്യക്ത, കുണ്ഡിക, സാവിത്രി, രുദ്രാക്ഷ ജാബാല, ദർശന, ജാബാല ഉപനിഷദ്.

അഥർവവേദീയ ഉപനിഷദ് : പ്രശ്ന, മുണ്ഡുക, മാണ്ഡൂക്യ, അഥർവശിര, അഥർവശിഖ, ബൃഹദ് ജാബാല, നരസിംഹപൂർവ താപിനി, നരസിംഹ ഉത്തരതാപിനി, നാരദപരിപ്രാജക, സീത, ശരഭ, മഹാനാരായണ, രാമരഹസ്യ, രാമതാപിനി, സാണ്ഡില്യ, പരമഹംസ പരിപ്രാജക, അന്നപൂർണ്ണ, സൂര്യ, ആത്മ, പാശുപത, ബ്രഹ്മ, പരബ്രഹ്മ, തൃപുരതാപിനി, ദേവി, ഭാവന, ഭസ്മജാബാല, ഗണപതി, മഹാവാക്യ, ഗോപാലതാപിനി, ശ്രീകൃഷ്ണ, ഹയഗ്രീവ, ദത്താത്രേയ, ഗരുഡ ഉപനിഷദ്.

42. ഓരോ വിഭാഗത്തിൽപ്പെട്ട ഉപനിഷത്തുകൾക്കും ശാന്തിമന്ത്രങ്ങളുണ്ട്. ഓം വാങ്മേവനസി........., ഋഗ്വേദീയ ഉപനിഷത്തുക്കളുടേയും; ഓം പൂർണമദപൂർണമിദം..........., ശുക്ലയജൂർവേദീയ ഉപനിഷത്തുക്കളുടേയും, ഓം സഹാനവവതു...... കൃഷ്ണയജൂർവേദ ഉപനിഷത്തുക്കളുടെയും, ഓം ഭദ്രം കർണ്ണേഭിശ്രുണുയാമദേവാ.... എന്നത് അഥർവ വേദീയ ഉപനിഷത്തുക്കളുടെയും ശാന്തിമന്ത്രങ്ങളുടെ ആദ്യവരികളാണ്. ശാന്തിമന്ത്രം നോക്കി



Scanned with CamScanner

യാൽ ഓരോ ഉപനിഷത്തും ഏതുവേദത്തിന്റേതാണെന്നറിയുവാൻ സാധിക്കും.

43. വേദാംഗങ്ങൾ ആറെണ്ണമാണ്. വൈദിക സാഹിത്യഗ്രന്ഥങ്ങളുടെ അക്ഷരങ്ങൾ, പദങ്ങൾ, വരികൾ, ശ്രുതി, ഛന്ദസ്സ് തുടങ്ങിയ ശബ്ദ-ഭാഷാ ശാസ്ത്രങ്ങളുടെ നിയമങ്ങൾ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നു. ശിക്ഷ-നിരുക്തം-വ്യാകരണം-ഛന്ദഃശാസ്ത്രം എന്നീ നാലു വേദാംഗങ്ങളിലെ വിഷയങ്ങൾ, പൂർണ്ണമായും വേദഭാഷാ നിയമങ്ങളാണ്.

44. ശിക്ഷാഗ്രന്ഥങ്ങളിലെ നിയമങ്ങൾ എന്നാൽ വേദവരികൾ ശിക്ഷാർത്ഥിയെ പഠിപ്പിക്കാൻ നൽകുന്ന രീതിയാണ്. പതിനെട്ടു ശിക്ഷാഗ്രന്ഥങ്ങളാണുള്ളത്. ഇന്ന് ലഭ്യമായ രണ്ടെണ്ണം ശൗനകശിക്ഷയും യജ്ഞവൽക്യശിക്ഷയുമാണ്. വേദഭാഷയ്ക്ക് നൽകിയിരിക്കുന്ന എല്ലാ പഠനനിയമങ്ങളും വ്യവഹാരിക സംസ്കൃത ഭാഷയ്ക്കും ബാധകമായതിനാൽ, ശിക്ഷാ ഗ്രന്ഥ വിഷയങ്ങൾ മറ്റു ഭാരതീയ ഭാഷാപോഷണത്തിനും സഹായിച്ചിട്ടുണ്ട്. ശിക്ഷാഗ്രന്ഥങ്ങൾക്ക് രണ്ടായിരത്തിലധികം വർഷങ്ങളുടെ പഴക്കമുണ്ട്.

45. വേദഭാഷയിലെ "ഗ്രാമർ" നിയമങ്ങൾ ക്രോഡീകരിക്കുന്നതാണ് രണ്ടാം വേദാംഗമായ വ്യാകരണത്തിന്റെ ഉദ്ദേശ്യം. ശാകടായന-പാണിനി വ്യാകരണ ഗ്രന്ഥങ്ങളിലെ നിയമങ്ങൾ ഇന്നും അതീവ പ്രാധാന്യത്തോടെ എല്ലാ ഭാരതീയ ഭാഷകളുടെ പഠനത്തിനും ജർമ്മൻ പോലെയുള്ള ഭാഷകളുടെ നവീകരണത്തിനും ഉപയോഗിക്കാറുണ്ട്. പാണിനിയുടെ അഷ്ടാധ്യായി എന്ന വ്യാകരണഗ്രന്ഥം 300 ബി.സി. യിലാണ് രചിക്കപ്പെട്ടത്.

46. സംസ്കൃത ഭാഷയിലെ വൈദിക-വ്യാവഹാരിക പദങ്ങളുടെ ഉൽപത്തിയെക്കുറിച്ച് ആധികാരികമായി വിവരിക്കുന്ന ഗ്രന്ഥമാണ് നിരുക്തം. ഇത് ലോകത്തിലെ ആദ്യത്തെ നിഘണ്ഡുവാണ്. ഇതിൽ ദേവതാനാമങ്ങളുടെ ഉത്ഭവം. മറ്റു സംസ്കൃത പദങ്ങളുടെ ഉത്ഭവം, വിന്യാസം, നിർവചനം, പ്രയോഗം എന്നിവ ലളിതമായി നൽകിയിരിക്കുന്നു. യാസ്കാചാര്യന്റെ നിരുക്തഗ്രന്ഥമാണ് സർവ്വശ്രേഷ്ഠം, 300 ബി.സി.ക്കപ്പുറമാണ് ഇതിന്റെ രചനാകാലഘട്ടം.



Scanned with CamScanner

47. വേദമന്ത്രങ്ങൾക്ക് പല അർത്ഥങ്ങളുണ്ടെന്ന് പണ്ഡിതന്മാർ പറയുന്നതിന് കാരണം, ശിക്ഷാ, വ്യാകരണ, നിരുക്ത ഗ്രന്ഥങ്ങളിലെ പദങ്ങളുടെയും വ്യാകരണത്തിന്റെയും വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അർത്ഥങ്ങളാണ്. അതിനാൽ വേദമന്ത്രവരികളിലെ പദവിശകലനം ചെയ്ത് പഠിക്കുവാൻ താല്പര്യമുള്ളവർ ഈ വേദാംഗഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ ലഭിക്കുന്ന ഉജ്ജ്വലങ്ങളും വിവിധങ്ങളായ അർത്ഥ-സാര-സന്ദേശങ്ങടങ്ങിയതിനാലാണ് വേദങ്ങൾക്ക് ഉന്നതസ്ഥാനം ലഭിച്ചതും സമഗ്രമായ അറിവിന്റെ ഉറവിടമായി വേദങ്ങളെ ഗണിക്കുന്നതും.

48. വേദമന്ത്രങ്ങളിലെ വരികളിലെ അക്ഷരസംഖ്യകളുടെ അടിസ്ഥാനത്തിലാണ് ഛന്ദസ്സ് തീർത്തിരിക്കുന്നത്. ഇന്നത്തെ പദ്യരചനയുടെ അടിസ്ഥാനഗ്രന്ഥം ഛന്ദഃ ശാസ്ത്ര ഗ്രന്ഥമാണ്. പിംഗളാചാര്യനാണ് അതിന്റെ രചയിതാവ് (250 ബി.സി.) ഗായത്രി-ഉഷ്ണിക്-ബൃഹതി-പംക്തി-തൃഷ്ടുബ്-ജഗതി ഛന്ദസ്സുകളും, അവയുടെ വിവിധ വ്യത്യാസങ്ങളും, സ്വരങ്ങളുമാണ് ഛന്ദശാസ്ത്ര വിഷയങ്ങൾ. ആധുനിക കവിതാസാഹിത്യത്തിന്റെ ചൈതന്യവും ഈ വൈദീക ഗ്രന്ഥങ്ങളാണ്.

49. കൽപശാസ്ത്രം വേദാംഗങ്ങളിൽ അഞ്ചാമത്തേതും അതിപ്രധാനപ്പെട്ടതുമാണ്. വൈദികയാഗകർമ്മങ്ങളുടെ അടിസ്ഥാനതത്വനിയമങ്ങൾ വിവരിക്കുന്ന സുൽബസൂത്രങ്ങളും ശ്രൗതസൂത്രങ്ങളും, ഭാരതത്തിൽ നടന്നിട്ടുള്ള എല്ലാ യാഗക്രിയകളുടേയും, വിവരങ്ങളുമടങ്ങുന്നതാണീഗ്രന്ഥങ്ങൾ. ബ്രാഹ്മണഗ്രന്ഥങ്ങളേക്കാൾ സംശുദ്ധ സംസ്കൃത ഭാഷയാണീ ഗ്രന്ഥസമാഹാരങ്ങളുടെ രചന.

50. ഓരോ ഗൃഹസ്ഥനും (അച്ഛൻ-അമ്മ-മക്കൾ) അനുഷ്ഠിക്കേണ്ടതായ എല്ലാ ആചാരങ്ങളുടെയും സമ്പൂർണ വിവരണം നൽകിയിരിക്കുന്നത് ഗൃഹ്യസൂത്രഭാഗത്തിലാണ്. ഇന്നു നാം അറിഞ്ഞും അറിയാതെയും അനുഷ്ഠിക്കുന്ന എല്ലാ ആചാരങ്ങളും കൽപസൂത്രഗ്രന്ഥങ്ങളിലെ ഗൃഹ്യസൂത്രം എന്ന ഭാഗത്തിൽ വരുന്നതാണ്. സ്വതന്ത്രസ്വഭാവമുള്ള ഗൃഹ്യസൂത്രഗ്രന്ഥങ്ങളും ഏതാണ്ട് ഇരുപതിൽപ്പരം വരുന്നുണ്ട്. ഗൃഹസ്ഥൻ അനുഷ്ഠിക്കേണ്ടതായ



Scanned with CamScanner

ആചാരങ്ങളെ ഋഷിവര്യന്മാർ പ്രത്യേകമായും എഴുതിയിട്ടുണ്ടെന്നർത്ഥം.

51. ഈ രാഷ്ട്രത്തിന്റെ നിലനിൽപ്പിന്നാധാരമായ ഗ്രന്ഥങ്ങളാണ് ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ. വ്യക്തിയുടെയും, സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അടിസ്ഥാന നിയമങ്ങൾ വിവരിക്കുന്ന സ്മൃതിഗ്രന്ഥങ്ങളാണ് ഈ ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ. ഈ രാഷ്ട്രം എങ്ങിനെയുണ്ടായിരുന്നു എന്നും അതെപ്രകാരമുള്ള ധാർമ്മിക പന്ഥാവിലൂടെയാണ് ചരിച്ചിരുന്നത് എന്നും വ്യക്തമാക്കുന്ന ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ കൽപശാസ്ത്രത്തിന്റെ അതിപ്രധാന ഭാഗമാണ്. വൈദീക ചിന്താധാരയുടെ അടിസ്ഥാനത്തിലാണ് ജനങ്ങൾ ജീവിച്ചിരുന്നതെന്നുള്ളതിന് തെളിവുതന്നെ ഈ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലെ നിയമങ്ങളാണ്. സനാതനധർമ്മ ചൈതന്യാടിസ്ഥാനം ഇവ യിലെ വിവരണങ്ങളാണ്. പിതൃമേധ സൂത്രങ്ങൾ എന്നൊരുഭാഗം കൽപശാസ്ത്രത്തിലുണ്ട്. കുടുംബാംഗങ്ങൾ മരിക്കുമ്പോഴും അതിനുശേഷവും നടത്തേണ്ടതായ എല്ലാ ആചാരങ്ങളും അന്ത്യകർമ്മങ്ങളും കൽപശാസ്ത്രത്തിന്റെ ഈ ഭാഗത്തിൽ സവിസ്തരം നൽകിയിരിക്കുന്നു. ഭാരതത്തിൽ മാതൃ-പിതൃ കർമ്മങ്ങളുമായി ബന്ധപ്പെട്ട സമസ്ത അന്ത്യാചാരങ്ങളുടേയും അടിസ്ഥാനം ഈ ഗ്രന്ഥങ്ങളാണ്.

52. കേരളത്തിൽ ഇന്ന് നിലനിന്നുവരുന്ന ക്ഷേത്രനിർമ്മാണശൈലിയാകട്ടെ കൽപശാസ്ത്രത്തിലെ സുൽബ-ശ്രൗതസൂത്ര ഭാഗങ്ങളിലെ യജ്ഞശാലാനിർമ്മാണ രീതികളുടെ വികസിത രൂപവുമാണ്. അതിപ്രാചീനവും ബൃഹത്തുമായ കൽപശാസ്ത്രഗ്രന്ഥം ബൗധായനകൽപശാസ്ത്രമാണ്. ഏതാണ്ട് 1000 ബി.സി. യിൽ രചിച്ചിരിക്കാൻ സാധ്യതയുള്ളതാണിത്. പിന്നീട് രചിക്കപ്പെട്ടിട്ടുള്ള കൽപസൂത്രങ്ങളാണ് കാത്യായനം, ആപസ്തംബം, മാനവം തുടങ്ങിയവ. ഇവയിലെല്ലാം ഗൃഹ്യസൂത്രം, ധർമ്മസൂത്രം, ശ്രൗതസൂത്രം, പിതൃമേധസൂത്രം, സുൽബസൂത്രം എന്നീ ഭാഗങ്ങൾ ഉണ്ട്.

53. ആറാമത്തെ വേദാംഗമാണ് ജ്യോതിഷം. ഇതിൽ ഗണിതം-ജ്യോതിശ്ശാസ്ത്രം (astronomy)-ജാതകം-നിമിത്തം-പ്രശ്നം എന്നീ ഭാഗങ്ങളാണുള്ളത്. ആയിരക്കണക്കിന് ഭാരതീയ ജ്യോതിശ്ശാ



Scanned with CamScanner

സ്ത്ര-ഗണിത ശാസ്ത്രഗ്രന്ഥങ്ങൾ വേദാംഗത്തിന്റെ ഭാഗമാണ്. അത്യാധുനീക ശാസ്ത്രവിഷയങ്ങളാണിവരണ്ടും. ഇതോടൊപ്പം പ്രവചനഭാഗങ്ങളായ ജാതകം, പ്രശ്നം, മുഹൂർത്തം എന്നിവയും ചേർന്നു.

54. ആധുനിക ശാസ്ത്രവിഷയങ്ങളെ ഭാരതത്തിൽ വേദത്തിന്റെ ഉപസ്ഥാനം നൽകി ആദരിച്ചു. അർത്ഥശാസ്ത്രം എന്ന Economics, ഋഗ്വേദത്തിന്റെ ഉപവേദമാണ്. കൗടില്യന്റെ അർത്ഥശാസ്ത്രം പോലെ ഭാരതത്തിൽ ഭരണയന്ത്രം സഹസ്രാബ്ദങ്ങളായി എങ്ങിനെ ധർമ്മനീതിയുടെ അടിസ്ഥാനത്തിൽ തിരിഞ്ഞിരുന്നു എന്നറിയുന്നതിന് കൗടില്യന്റെ അർത്ഥശാസ്ത്രം മാത്രം വായിച്ചാലും മതിയാകും.

55. രണ്ടാം ഉപവേദം യജൂർവേദത്തിന്റേതാണ്. ധനുർവേദം, യുദ്ധനീതിസാരത്തെയും സൈന്യവിന്യാസത്തേയും ആയുധങ്ങളേയും അവയുടെ പ്രയോഗങ്ങളെയും കുറിച്ച് വിവരിക്കുന്നു. ഏറ്റവും പ്രാചീനമായ ധനുർവേദഗ്രന്ഥം ദ്രോണാചാര്യവിരചിതമെന്നു പറയപ്പെടുന്നു. മഹാഭാരതയുദ്ധത്തിൽ ധനുർവേദത്തിലെ സമഗ്രവിഷയങ്ങളും വിവരിച്ചിട്ടുണ്ട്.

56. ഗാന്ധർവവേദമെന്ന സാമവേദത്തിന്റെ ഉപവേദത്തിൽ, സംഗീതം-സംഗീത ഉപകരണം-നൃത്തം എന്നീ കലകളെ വേദത്തോട് ചേർത്ത് നാം വളർത്തി വികസിപ്പിച്ചു. സപ്തസ്വരങ്ങൾ വിവരിക്കുന്ന സാമഗാനവരികൾ വളരെ ആസ്വാദ്യകരമാണ്.

57. അഥർവവേദത്തിന്റെ ഉപവേദസ്ഥാനമുള്ള ഗ്രന്ഥങ്ങൾ ആയുർവേദമാണ്. ചരക-സുശ്രുത സംഹിതകളും, അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം എന്നിവയും, ആയുർവേദമെന്ന ഉപവേദത്തിന്റെ ഭാഗമാണ്.

58. ഗൃഹം, ക്ഷേത്രം, കൊട്ടാരം, ഗോപുരം എന്നിവയുടെ നിർമ്മാണം തച്ചുശാസ്ത്രമെന്ന സ്ഥാപത്യ ഉപവേദത്തിലൂടെ നാം നടത്തുന്നു. ഋഗ്വേദത്തിന്റെ ഉപവേദസ്ഥാനമാണ് ഇതിനുള്ളത്. വാസ്തുവിദ്യ എന്നറിയപ്പെടുന്നതും സ്ഥാപത്യവേദം തന്നെ. (തച്ചുശാസ്ത്രം അഥർവവേദത്തിന്റെ ഉപവേദമാണെന്നും ചിലർക്കഭിപ്രായമുണ്ട്).



Scanned with CamScanner

59. പ്രപഞ്ചത്തെക്കുറിച്ചും, ദ്രവ്യത്തെക്കുറിച്ചും, പഞ്ചഭൂത-പഞ്ചപ്രാണ-പഞ്ചജ്ഞാനേന്ദ്രീയ-പഞ്ചകർമ്മേന്ദ്രിയങ്ങളെക്കുറിച്ചുമുള്ള വ്യത്യസ്ത വിവരണങ്ങളും വീക്ഷണങ്ങളും അടങ്ങുന്ന ഷഡ്ദർശനങ്ങളാണ്. പതഞ്ജലിയുടെ യോഗം, ഗൗതമന്റെ ന്യായം, കണാദന്റെ വൈശേഷികം, കപിലന്റെ സാംഖ്യം, വ്യാസന്റെ മീമാംസ. ജൈമിനിയുടെ ഉത്തരമീമാംസ.

60. ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ കൽപശാസ്ത്രത്തിന്റെ ഭാഗങ്ങളാണ്. എന്നാൽ അതേവിഷയങ്ങൾ വിവരിക്കുന്ന കൽപശാസ്ത്ര ഭാഗമല്ലാത്ത ഗ്രന്ഥങ്ങളെ സ്മൃതികൾ എന്നു പറയുന്നു. വലുതും ചെറുതുമായ അനവധി സ്മൃതിഗ്രന്ഥങ്ങളുണ്ട്. ഇവയിലെല്ലാം നമ്മുടെ സാമൂഹ്യജീവിത നിയമ-ധർമ്മങ്ങൾ വിവരിക്കുന്നു.

61. പ്രധാന സ്മൃതി ഗ്രന്ഥങ്ങൾ, ഉശന-യജ്ഞവൽക്യ-വിഷ്ണു-മനു- അംഗിരസ-യമ-അത്രി-സംവർത്ത-കാത്യായന-ദക്ഷ-ശാതാത-ലിഖിത-ബൃഹസ്പതി-വ്യാസ-പരാശര-ശംഖ-ഗൗതമ-ആപസ്തംബ-വസിഷ്ഠ-ബൃഹദ്പരാശര-ലഘുവ്യാസ-വൃദ്ധഗൗതമ-ലഘുഅത്രി-ഹാരിത-വൃദ്ധ ആത്രേയ-സ്മൃതികളാണ്. (ഇവയെല്ലാം ഋഷിവര്യന്മാരുടെ പേരുകളാണ്. ധർമ്മാചാരങ്ങൾക്ക് ഋഷീശ്വരന്മാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളാണീസ്മൃതികൾ)

62. സത്യം, ധർമ്മം, നീതി, ന്യായം, അഹിംസ, എന്നീ സാമൂഹിക മൂല്യങ്ങൾ, രാജവംശചരിത്രം, ഭാരതമഹിമ, സാമൂഹിക പശ്ചാത്തലം, വംശപരമ്പര ഇവയെല്ലാം കഥാരൂപത്തിൽ ഭാരതീയ മനസ്സുകളിൽ നിറഞ്ഞു നിൽക്കുവാൻ സഹായിച്ചത് നമ്മുടെ പുരാണ കഥകളാണ്. ഹരികഥകളായും, കഥാപ്രസംഗങ്ങളായും, നാടകങ്ങളായും, നൃത്തങ്ങളായും, ഉപമകളായും, പാഠപുസ്തകഭാഗങ്ങളായും നാം പുരാണകഥകളിലൂടെ സനാതനധർമ്മത്തിന്റെ സന്ദേശം തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകർത്തിക്കൊടുത്തുകൊണ്ടേയിരുന്നു. ഇന്നും അതു തുടരുന്നു. സനാതന ധർമ്മസന്ദേശങ്ങൾ ഭാരതീയരുടെ മനസ്സിൽ നിറഞ്ഞു നിൽക്കുവാൻ കാരണം ഈ പുരാണകഥകളാണ്.

63. പതിനെട്ടു മഹാപുരാണങ്ങളും പതിനെട്ടു ഉപപുരാണങ്ങളുമുണ്ട്. മഹാപുരാണങ്ങൾ ഇവയാണ്. വിഷ്ണു, നാരദീയം, ഭവിഷ്യം, ഗരുഡം, അഗ്നി, മഹാഭാഗവതം, ശിവം, മാർക്കണ്ഡേ



Scanned with CamScanner

യം, ലിംഗം, ബ്രഹ്മവൈവർത്തം, മത്സ്യം, കൂർമ്മം, വരാഹം, വാമനം, സ്കന്ദം, ബ്രഹ്മാണ്ഡം, പത്മം, വായു, (ഓരോ പേരിനോടുമൊപ്പം പുരാണം എന്നു ചേർക്കുക)

64. പതിനെട്ട് ഉപപുരാണങ്ങൾ, സാംബം, ദേവിഭാഗവതം, കാലികം, നാരദം, ഹരിവംശം, വിഷ്ണു, ധർമ്മോത്തരം, കൽകി, മുൽഗലം, ആദി, അത്മം, ബ്രഹ്മം, വിഷ്ണുധർമ്മം, നരസിംഹം, ക്രിയായോഗം, ബൃഹദ് നാരദീയം എന്നിവയാണ്.

65. ഇതിഹാസങ്ങൾ ആദികാവ്യങ്ങളായ വാത്മീകി രാമായണവും വ്യാസഭാരതവുമാണ്. ഏഴുകാണ്ഡങ്ങളിലായി 550 ഓളം അദ്ധ്യായങ്ങളിലാണ് വാത്മീകി രാമായണം രചിച്ചിട്ടുള്ളത്. ഭാരതീയ ആചാരവിചാര വിശ്വാസധാർമ്മിക നിയമങ്ങൾ ജീവിതത്തിൽ പകർത്തേണ്ടതെങ്ങിനെയാണെന്ന് ഈശ്വരാവതാരമായ ശ്രീരാമന്റെ ചരിത്രത്തിലൂടെ പൂർവ്വിക ഋഷിവര്യന്മാർ നമുക്ക് കാണിച്ചുതരുകയായിരുന്നു. വാത്മീകി രാമായണത്തിലൂടെ ചെയ്തത്. ഒരു വിധത്തിൽ applied ധർമ്മശാസ്ത്രപന്ഥാവ് കാണിച്ചുതരുകയായിരുന്നു ശ്രീരാമന്റെ ജീവിതത്തിലൂടെ ചെയ്തത്.

66. ലോകസാഹിത്യത്തിലെ ഏറ്റവും ബൃഹത്തായ കൃതി എന്നറിയപ്പെടുന്ന മഹാഭാരതം 18 പർവ്വങ്ങളിലായി ഒരു സമൂഹത്തിന്റെ സമഗ്രമായ ആത്മീയ-ഭൗതിക ശാസ്ത്രീയ വിവരണം നൽകുന്നതാണ് പാണ്ഡവ-കൗരവവംശജരുടെ ചരിത്രപശ്ചാത്തലത്തിലൂടെ വേദവ്യാസൻ സ്വയം അതിന്റെ ഭാഗമായിത്തീർന്നുകൊണ്ടുതന്നെ എഴുതിയ ഈ ഗ്രന്ഥം. കഥകളും ഉപകഥകളും വിവരണങ്ങളും കൊണ്ടു നിറഞ്ഞുനിൽക്കുന്നതിനാലാണ് മഹാഭാരതം ഇത്രയും വലിയ ഗ്രന്ഥമായിത്തീർന്നത്. ഓരോ സന്ദേശവും നൽകിയതിനുശേഷം ആ സന്ദേശം മനസ്സിലുറപ്പിച്ചു നിർത്തുവാൻ അതിനുതകുന്ന കഥകൾ പറയുന്നു. ഇപ്രകാരമുള്ള കഥകളുടെ പരമ്പരകൾതന്നെ ഭാരതത്തിൽ ഉണ്ട്. ധാർമ്മിക സന്ദേശങ്ങൾ മനസ്സിലുറപ്പിക്കുവാൻ ഇന്നും നാം മഹാഭാരതത്തിലെ പല ഉപകഥകളും പറഞ്ഞുകൊടുക്കാറുണ്ട്. അനവധി കീർത്തനങ്ങളും, നാമങ്ങളും, മന്ത്രങ്ങളും, ഇതിഹാസങ്ങളുടേയും പുരാണങ്ങളുടേയും ഭാഗമാണ്.



Scanned with CamScanner

67. ഭാരതീയ വൈദിക ധാർമ്മിക ഗ്രന്ഥങ്ങളാണിത്രയും വിവരിച്ചു നൽകിയത്. സനാതന ധർമ്മചിന്താധാരകൾ മറ്റനവധി ഗ്രന്ഥങ്ങളിലൂടെയും ജനഹൃദയങ്ങളിലെത്തിയിട്ടുണ്ട്. സുഭാഷിതങ്ങളടങ്ങുന്ന നീതിസാര-ഉപദേശസാരഗ്രന്ഥങ്ങൾ, തന്ത്ര വിഷയങ്ങളടങ്ങുന്ന ഗ്രന്ഥങ്ങൾ, ആഗമഗ്രന്ഥങ്ങൾ ഇവയെല്ലാം സനാതന ധർമ്മത്തിന്റെ ഉജ്ജ്വലങ്ങളായ ജ്യോതിസ്ഫുരണത്തിന് കാരണങ്ങളായിട്ടുണ്ട്. നാരയണീയം, ജ്ഞാനപ്പാന, ഭജഗോവിന്ദം പോലെ ജനലക്ഷങ്ങളെ സ്വാധീനിച്ചിട്ടുള്ള കൃതികളനവധിയാണ്. ഋഷി-മുനി-രാജാക്കന്മാരുടെ സ്വതന്ത്രമായ ചരിത്രകഥകളും, പഞ്ചതന്ത്രം, വേതാളകഥകൾ പോലെ മനുഷ്യ മനസ്സിനെ സ്വാധീനിക്കുന്ന കഥകളും സനാതന ധർമ്മ പൈതൃകത്തിന്റെ ഭാഗമാണ്. അവയ്ക്കൊന്നും ആത്മീയ പശ്ചാത്തലമില്ല. എങ്കിലും ജീവിതാനുഭവചൈതന്യമുണ്ട്.

## III. ഭാരതീയരുടെ ഈശ്വരദർശന ശാസ്ത്രം

68. സനാതനധർമ്മത്തെ മറ്റൊരു മതവുമായി താരതമ്യപ്പെടുത്തുവാൻ സാധ്യമല്ല. പ്രത്യേകിച്ചും ആത്മീയതയുടേയും ഈശ്വര വിശകലനത്തിന്റെയും കാര്യത്തിൽ. മറ്റെല്ലാ വൈദേശിക മതങ്ങൾക്കും ഒരൊറ്റ ദൈവം, ഒരൊറ്റ ഗ്രന്ഥം ഒരൊറ്റ പന്ഥാവ്, ഇവ നിർബ്ബന്ധമാണ്. ഭാരതീയ ഗ്രന്ഥങ്ങളെക്കുറിച്ച് വ്യക്തമായി വിവരിച്ചതിൽ നിന്നും ഈ വ്യത്യാസങ്ങൾ മനസ്സിലാകും. അതുപോലെ ഈശ്വരസങ്കൽപ്പവും ഭാരതീയ പ്രത്യേകതകൾ ഉൾക്കൊള്ളുന്നതാണ്.

69. വ്യക്തികളുടെ ചിന്താമണ്ഡലത്തിന്റെ കഴിവും, അനുഭൂതിയുടെ നിലവാരവും, അറിവിന്റെ അഗാധതയും ജ്ഞാനവിജ്ഞാനശാഖകളുടെ പ്രായോഗിക പരിജ്ഞാനവും അനുസരിച്ചാണല്ലോ നാം ഒരു വിഷയത്തെക്കുറിച്ച് വ്യത്യസ്ത വ്യക്തികളോട് വിവരിക്കുന്നത്. ഒരേ വിഷയം ലോവർ പ്രൈമറി, ഹൈസ്ക്കൂൾ, ഗ്രാജ്വേഷൻ, ഡോക്ടറേറ്റ് എന്നീ നിലവാരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളോട് വ്യത്യസ്തരീതിയിൽ വിവരിക്കുന്ന അതേ മാർഗ്ഗമാണ് ഭാരതീയർ സനാതന ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനശിലകളിലൊന്നായ ഭാരതീയ ഈശ്വരസങ്കൽപത്തെ വർണ്ണിക്കുന്നതിനും സ്വീകരിച്ചിരിക്കുന്നത്.



Scanned with CamScanner

70. സമഗ്രജ്ഞാനവും, അനുഭവസമ്പത്തും, അതിഗഹനമായ ഉൾക്കാഴ്ചയുമുള്ള വ്യക്തികൾക്ക് അനുഭവയോഗ്യമാകുംവിധം ചിന്താമണ്ഡലത്തിലേക്ക് വരുത്തുവാൻ സാധിക്കുന്ന ഏറ്റവും ഉദാത്തമായ ഈശ്വര ചൈതന്യവിവരണമാണ് ബ്രഹ്മ സങ്കൽപ്പത്തിലൂടെ ഋഷിവര്യന്മാർ മുമ്പോട്ടുവെച്ചിരിക്കുന്നത്.

71. അത്യാധുനിക ശാസ്ത്രത്തിന്റെ ഭാഷയിൽ ബ്രഹ്മചൈതന്യം, ഊർജ്ജവും പ്രജ്ഞാനം എന്ന Consciousness ഉം Self awareness ഉം ചേർന്നതാകുന്നു. സസ്യങ്ങളിലും ജന്തുക്കളിലുമുള്ള ഓരോ സൂക്ഷ്മകോശത്തിലും, സ്വയം പ്രവർത്തിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന ബയോകെമിക്കൽ രാസക്രിയാ പന്ഥാവിനാധാരമായ ചൈതന്യം ബ്രഹ്മചൈതന്യമാണ്. ഓരോ ആറ്റത്തിലും അതി വേഗത്തിൽ കറങ്ങുന്ന ഇലക്ട്രോണുകളിൽ വർത്തിക്കുന്ന ചൈതന്യം തന്നെയാണിത്. അവയ്ക്ക് കറങ്ങുവാനാവശ്യമായ ഊർജ്ജവും ദിശാബോധവും നൽകുന്നതു കൊണ്ടതിനെ ബ്രഹ്മചൈതന്യമെന്നു പറയുന്നു. അതുപോലെ മഹത്തായ പ്രപഞ്ചത്തിലെ ഭ്രമണ-പ്രദക്ഷിണ ദിശകളും അതിനാവശ്യമായ ഊർജ്ജവും ബ്രഹ്മചൈതന്യത്തിൽ നിന്നാണെന്ന് ഭാരതീയർ പറഞ്ഞത് അത്യാധുനികശാസ്ത്രം അടിവരയിട്ട് അംഗീകരിക്കുന്നു.

72. അനുനിമിഷം ഉജ്ജ്വലപ്രവർത്തനങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുന്ന സഗുണാവസ്ഥ (സഗുണബ്രഹ്മം) നിലനിൽക്കുമ്പോൾതന്നെ അവയെല്ലാം അനങ്ങാതെ, ചലിക്കാതെ ശാന്തമായി വർത്തിക്കുന്നതുപോലെ സസ്യങ്ങളിലും, ഉറങ്ങുന്ന ജീവിയിലും, ശാന്തമായ പ്രപഞ്ചത്തിലും നമുക്ക് കാണുവാൻ സാധിക്കുന്നു. ഈ ശാന്തമായ അവസ്ഥയാണ് ബ്രഹ്മത്തിന്റെ നിർഗുണാവസ്ഥ. സഗുണത്വം, നിർഗുണത്വം എന്നിങ്ങനെയുള്ളത് പരമോന്നതമായ രണ്ട് വസ്തുക്കളല്ല മറിച്ച് അവസ്ഥയാണ് എന്നോർക്കണം. അത്യാധുനികശാസ്ത്രം പഠിച്ച വ്യക്തിക്കും, അതിഗഹനമായ ആത്മീയാനുഭൂതി ലഭിച്ച വ്യക്തിക്കും ഈ രണ്ട് അവസ്ഥകളുമുള്ള ബ്രഹ്മചൈതന്യം അറിയുവാൻ എളുപ്പമാണ്. അപ്രകാരമുള്ളവരെയാണ് ബ്രഹ്മജ്ഞാനികൾ എന്ന് പറയുന്നത്. ഇത് ഉപനിഷദ് വിവരണങ്ങളിൽ നിറഞ്ഞുനിൽക്കുന്ന



Scanned with CamScanner

അതിഗഹനമായ ഈശ്വരസങ്കല്പമാണ്. ഊർജ്ജതന്ത്രത്തിന്റെ പിൻബലമുള്ള ഈശ്വരചൈതന്യം.

73. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിൽപ്പോലും സാധാരണക്കാരന്, ബ്രഹ്മചൈതന്യജ്ഞാനം എളുപ്പമല്ലാത്തതിനാൽ കൂടുതൽ എളുപ്പമായ ഒരു ഈശ്വരരൂപം ചിന്താമണ്ഡലത്തിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നതാണ് പ്രപഞ്ചപുരുഷ വിശ്വരൂപം. ഭഗവദ്ഗീതയിലും വേദങ്ങളിലും ഈ പ്രപഞ്ചപുരുഷസങ്കൽപ്പം നിറഞ്ഞുനിൽക്കുന്നു. നിരന്തരം സ്വചൈതന്യത്തോടെ പ്രവർത്തിക്കുന്ന വിശ്വരൂപത്തെ ദിവ്യമായ ജ്ഞാന (അറിവിന്റെ) ദൃഷ്ടികൊണ്ടു മാത്രം ദർശനയോഗ്യമാകുന്നതാണ്, സനാതനധർമ്മത്തിലെ ഈശ്വരവിവരണത്തിന്റെ മറ്റൊരടിസ്ഥാനം.

74. അതിലും എളുപ്പത്തിൽ സാധാരണക്കാർക്ക് ചിന്തിക്കാവുന്ന പ്രപഞ്ചപുരുഷരൂപമാണ് മനുഷ്യാകൃതിയിലൂടെ അനന്തതയുടെ നീലനിറം കൊടുത്ത്, അനന്തം എന്ന, ഗാലക്സിയെപോലെ ചുരുണ്ടിരിക്കുന്ന സർപ്പത്തിന്റെ പുറത്ത് 'സിമ്പോളിക്ക്' ആയി പാലാഴി എന്ന മിൽകിവേ ഗാലക്സിയിൽ നിറഞ്ഞുനിൽക്കുന്ന മഹാവിഷ്ണുരൂപം. ആ പ്രപഞ്ചത്തിൽ നിന്ന് ഊർജ്ജവും ദ്രവ്യവുമെടുത്ത് സൃഷ്ടി നടത്തുന്ന ബ്രഹ്മദേവരൂപത്തേയും പ്രപഞ്ചത്തിന്റെതന്നെ ശക്തികൊണ്ട് പുനർസൃഷ്ടിക്കായി (കാലാവധി തീരുമ്പോൾ) സംഹരിക്കപ്പെടുന്നതിനെ ശങ്കരരൂപത്തിലും അവതരിപ്പിച്ചത്. പ്രപഞ്ചചൈതന്യത്തെ സാധാരണക്കാർക്ക് മനസ്സിലാക്കി ഉപാസിക്കുവാൻവേണ്ടി മാത്രം പൂർവ്വികഋഷിമാർ ചെയ്തതാണിത്. ഫോട്ടോയിൽ നമ്മുടെ പ്രിയപ്പെട്ടവരുടെ രൂപം കാണുന്നതുപോലെ! ഫോട്ടോ പ്രിയപ്പെട്ടവരുടെ ശരീരമല്ല. അവരുടെ ഒരു ചെറിയരൂപം മാത്രമാണ്. കടലാസിലുണ്ടാക്കിയ നിറക്കൂട്ടുകളാണവയെങ്കിലും നാം ആരാധിക്കുന്നവരുടെ പ്രതിബിംബമാണത്! അതാണ് ബിംബം.

75. മനുഷ്യനിലെതന്നെ ചൈതന്യാംശത്തെ എടുത്ത് ആധുനിക ശാസ്ത്രം വിവരിക്കുന്ന മന്ത്ര-ശംഖ-വാദ്യ-ശബ്ദം-ഊർജ്ജം; അഗ്നിയുടെ താപവും, പ്രകാശം, പുഷ്പ-പത്രങ്ങളുടെ രാസ ഊർജ്ജം എന്നിവ നൽകി ക്ഷേത്രത്തിലൊരു ബിംബം പ്രതിരൂപമായി പ്രതിഷ്ഠിച്ച് അതിന്റെ മുമ്പിൽ വന്നു നിൽക്കുന്നവർക്ക്

യഥേഷ്ടം, ഈ ഊർജ്ജാംശത്തെ പകർന്നുകൊടുത്തുകൊണ്ട് ശാരീരികവും മാനസികവുമായി "ചൈതന്യവത്കരണം" നടത്തുന്ന കേന്ദ്രമായിട്ടാണ് സനാതനധർമ്മത്തിന് ക്ഷേത്രപ്രതിഷ്ഠ നടത്തിയിരിക്കുന്നത്. മനുഷ്യന്റെ പഞ്ചജ്ഞാനേന്ദ്രിയങ്ങളേയും പഞ്ചകർമ്മേന്ദ്രിയങ്ങളേയും ഊർജ്ജസ്വലമാക്കുന്നതാണ് ക്ഷേത്രം.

76. പ്രപഞ്ചപുരുഷന്റെ ഭാഗമായ സൗരയൂഥത്തിന്റെ ഭാഗമായ ഭൂമിയുടെ ഭാഗമായ പർവ്വതത്തിന്റെ ഭാഗമായ ശിലയെടുത്ത് മിനുക്കിയും മിനുക്കാതെയും, രൂപം നൽകിയും നൽകാതെയും നാം ആരാധിക്കുമ്പോൾ അത് അന്ധവിശ്വാസമല്ല, ഊർജ്ജപ്രസരണസ്രോതസ്സാണെന്ന് ആധുനിക പഠനംകൂടി തെളിയിച്ചപ്പോൾ സനാതനധർമ്മത്തിന്റെ ആത്മീയതയ്ക്ക് ഊർജ്ജശാസ്ത്രത്തിന്റെ സമ്പൂർണപിൻബലം വന്നുചേരുന്നു.

77. വൃക്ഷങ്ങളും, മൃഗങ്ങളും, മലദേവതകളും, ഭൂമിയും സൂര്യനും സർവ്വചരാചരങ്ങളും പ്രപഞ്ചദ്രവ്യത്തിന്റേയും പ്രപഞ്ചചൈതന്യത്തിന്റേയും ഭാഗമായതിനാൽ അവയെല്ലാം നമ്മുടെ മുമ്പിൽ ഈശ്വരാംശമായിത്തീർന്നു. പ്രപഞ്ചം ഈശ്വരരൂപത്തിൽ കാണുമ്പോൾ പ്രപഞ്ചഭാഗങ്ങളും ഈശ്വരാംശം നിറഞ്ഞതാണല്ലോ.

78. പുരാണകഥകളിലൂടെ വിവിധ പ്രപഞ്ചചൈതന്യാംശങ്ങൾക്കും, സാമൂഹിക നന്മകളായ ശക്തി, വിദ്യ, ഐശ്വര്യം, വിനയം, എന്നിവയ്ക്കുമെല്ലാം, സാധാരണക്കാർക്ക് മാനസിക-ചിന്താമണ്ഡലത്തിൽ പ്രാപ്യമാംവിധം ഋഷിവര്യന്മാർ രൂപകൽപന നൽകി. വിദ്യയും - ശക്തിയും-സമ്പത്തും ഒരേവ്യക്തിയിൽ കാണുന്നത് സർവ്വസാധാരണമല്ല. അവ പരസ്പരം ഒരുമിച്ചുചേരില്ല എന്നത് കഥാരൂപത്തിൽ നമ്മെ കഥകളിലൂടെ ഓർമ്മിപ്പിച്ചു.

79. ഈശ്വരന്റെ ഭാഗമായ മനുഷ്യനെ അവതാരങ്ങളായി (താഴേക്ക് ഇറങ്ങിവന്ന ജ്യോതിരൂപങ്ങൾ) ഉയർത്തി ഓരോവ്യക്തിയും അറിഞ്ഞിരിക്കേണ്ടതും ചെയ്തിരിക്കേണ്ടതും എന്തെല്ലാമാണെന്ന് പ്രത്യക്ഷമായി കാണിക്കുന്നു. അവതാരവും മര്യാദാപുരുഷനുമായ ശ്രീരാമന്റെ ജീവിത സന്ദേശത്തിലൂടെ ശ്രീരാമചരിത്രത്തിലൂടെ നമ്മുടെ പൂർവ്വിക ഋഷിവര്യന്മാർ ചെയ്തത്. അതാണ് മനുഷ്യനായ രാമനെ വാല്മീകി രാമായണത്തിലൂടെ

യും, ഈശ്വരനായ അവതാരത്തെ അദ്ധ്യാത്മരാമായണം എന്ന പുരാണ ഭാഗത്തിലൂടെയും വിവരിച്ചു. അതുപോലെ മനുഷ്യനായ ശ്രീകൃഷ്ണനെ പുരാണമായ ശ്രീമദ് ഭാഗവതത്തിലൂടെയും വിവരിച്ചപ്പോൾ മനുഷ്യനന്മയുടെ പന്ഥാവുകൾ കർമ്മ-ധർമ്മ-ഉപദേശത്തിലൂടെ ജനഹൃദങ്ങളിലെത്തിക്കുകയായിരുന്നു ലക്ഷ്യം. ഇത്രയുമാണ് ഭാരതീയ ഈശ്വരസങ്കൽപ ജ്ഞാനത്തിന്റെ സംക്ഷിപ്തം.

## IV. സനാതന ധർമ്മാടിസ്ഥാനങ്ങളായ ആചാരങ്ങൾ

80. സഹസ്രാബ്ദങ്ങളായി സനാതനധർമ്മത്തിൽ നിലനിൽക്കുന്ന എല്ലാ ധാർമ്മികമൂല്യങ്ങളും സമൂഹത്തിൽ പ്രതിഫലിച്ചിരുന്നത് ആചാരങ്ങളിലൂടെയായിരുന്നു. ശാരീരികവും മാനസികവും കുടുംബപരവും, സാമൂഹികവും, രാഷ്ട്രപരവുമായ ശാശ്വത നന്മകൾ പ്രദാനം ചെയ്തിരുന്ന ആചാരങ്ങളെ സദാചാരങ്ങൾ എന്നു നാം നിർവചിച്ചു. ഇന്നത്തെ ചുറ്റുപാടുകൾക്കും, ജനങ്ങൾക്കും ആവശ്യമില്ലാത്തതും, (പണ്ട് ഒരുപക്ഷേ പ്രയോജനപ്പെട്ടിരുന്നിരിക്കാം) ശാശ്വത നന്മയുടെ അംശമില്ലാത്തതുമായ ആചാരങ്ങളെ നാം അനാചാരങ്ങൾ എന്നു വ്യക്തമാക്കി. താൽക്കാലികമായി നന്മകളുണ്ടെങ്കിൽപോലും, ശാശ്വതതിന്മകളുള്ളതായ ആചാരങ്ങളെ നാം ദുരാചാരങ്ങൾ എന്നു വിളിച്ചു. ദുരാചാരങ്ങളെയകറ്റാൻ കാലാകാലം ജൈനനും, ബുദ്ധനും, ചാർവാകനും, ശങ്കരനും, മാധ്വാചാര്യരും നാരായണഗുരുദേവനും.... അവതരിച്ചു.

81. അതിരാവിലെ ഉണരുക, ഭൂമിയെ വന്ദിക്കുക, കുളിക്കുക, സൂര്യനമസ്കാരം ചെയ്യുക, ക്ഷേത്രദർശനം നടത്തുക, ആൽപ്രദക്ഷിണം വെയ്ക്കുക, ഭക്ഷണത്തിനുമുമ്പ് കൈകാൽ കഴുകുക, സസ്യാഹാരം കഴിക്കുക, വ്രതം അനുഷ്ഠിയ്ക്കുക. പലകയിലിരുന്ന് ഭക്ഷണം കഴിയ്ക്കുക. വടക്കോട്ട് തലവച്ച് കിടക്കുന്നത് ഒഴിവാക്കുക. കിടക്കുന്നതിനുമുമ്പ് പ്രാർത്ഥിക്കുക ഇവയെല്ലാം ശാരീരികനന്മയ്ക്കും, ആയുരാരോഗ്യത്തിനും ആവശ്യമായ സദാചാരങ്ങളുടെ പട്ടികയിൽ ചിലതുമാത്രമാണ്.

82. രാവിലെ കുളികഴിഞ്ഞ് പ്രാർത്ഥിക്കുക, കീർത്തനങ്ങൾ ചൊല്ലുക, പുരാണകഥകൾ കേൾക്കുക, നല്ലവരുമായി സംസാരിക്കുക,



Scanned with CamScanner

സുഹൃദ്ബന്ധം സ്ഥാപിക്കുക, ഗുരുക്കന്മാരെ വണങ്ങുക. ഇവയെല്ലാം മാനസികനന്മയ്ക്ക് ഉതകുന്ന ഭാരതീയ ആചാരങ്ങളാണ്.

83. മാതാപിതാക്കളെ വന്ദിക്കുക, മുത്തച്ഛന്മാരിൽ നിന്നുമെല്ലാം നന്മകളുടെ സന്ദേശം സ്വീകരിക്കുക. ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുക, ഭക്ഷണം കഴിക്കുക, പുണ്യകർമ്മങ്ങൾ ഒരുമിച്ചു ചെയ്യുക. മാതൃദേവോ ഭവ, പിതൃദേവോഭവ, ആചാര്യദേവോഭവ, അതിഥിദേവോഭവ എന്ന സന്ദേശം ജീവിതത്തിൽ പകർത്തുക. അച്ഛനമ്മമാരെ ജീവിതാന്ത്യം വരെ ശുശ്രൂഷിക്കുക, അവരോടുള്ള ആദരവും സ്നേഹവും അടുത്തതലമുറയ്ക്ക് മനസ്സിലാകുംവിധം മരണസമയത്തും അതിനുശേഷമുള്ള അന്ത്യകർമ്മങ്ങൾ സശ്രദ്ധം നടത്തുക. ഇവയെല്ലാം കുടുംബബന്ധങ്ങളുറപ്പിക്കുന്ന സദാചാരങ്ങളാണ്. കർക്കിടകത്തിലെ പിതൃബലി നമ്മ നാമാക്കിയ പൂർവ്വപിതാമഹന്മാരെ സ്മരിക്കേണ്ട ഒരു ദിവസമാണ്.

84. രാഷ്ട്രത്തിലെ വിവിധ നദികൾ, പർവ്വതങ്ങൾ വീരപുരുഷന്മാർ, സ്ത്രീരത്നങ്ങൾ, നഗരങ്ങൾ ഇവയെ പ്രഭാതത്തിൽ സ്മരിക്കുന്ന ആചാരം ഭാരതമെന്നത് ഒറ്റരാഷ്ട്രമായിരുന്നു, അതപ്രകാരം തന്നേയണെന്നബോധം നമ്മിലുണ്ടാക്കുന്ന ദേശീയ ആചാരമാണ്.

85. ദക്ഷിണേന്ത്യക്കാർ, കാശി-ഗയ-പ്രയാഗ-കൈലസം എന്നിവിടങ്ങളിലേക്കും ഉത്തരേന്ത്യക്കാർ കന്യാകുമാരി, രാമേശ്വരം എന്നിവിടങ്ങളിലേയ്ക്ക്, തീർത്ഥയാത്രയും പിതൃകർമ്മത്തിനുമായി യാത്രതിരിക്കുന്നതിന്റെ ആചാരലക്ഷ്യം ദേശിയോദ്ഗ്രഥനം എന്ന ജനങ്ങളുടെ ഒത്തുചേരലാണ്. കേരളത്തിൽ പണ്ടുനടന്ന മഹാമാഘം എന്ന മാമാങ്കവും, ഗംഗാതീരത്തെ കുംഭമേളയും കോടിക്കണക്കിന് ജനങ്ങൾ ഒത്തുചേർന്ന് ഭാരതം ഒന്നാണ് എന്ന് അനുഭവത്തിലൂടെ അറിയിക്കുന്ന ആചാരാനുഷ്ഠാനങ്ങളാണ്.

86. ക്ഷേത്രോത്സവങ്ങൾ, ദീപാവലി, ഓണം, ഹോളി, നവരാത്രി, വിഷു എന്നീ ആഘോഷങ്ങളെല്ലാം ജനസമൂഹങ്ങൾക്ക്, ദേശീയ വീക്ഷണത്തിലൂടെ നാം ഒന്നാണ് എന്ന് തോന്നിയ്ക്കുന്ന ആഘോഷങ്ങളാണ്. ഭാരതീയ ആഘോഷങ്ങളെല്ലാം ചന്ദ്ര-സൂര്യ-ജ്യോതിർഗോളങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതു തന്നെ അവയെ ശാസ്ത്രീയമാക്കുന്നു. രാമനവമി, ദുർഗാഷ്ടമി, മേഷസംക്രാന്തി, ജന്മാഷ്ടമി, വിനായകചതുർത്ഥി, വാവു



Scanned with CamScanner

പൂജ, മകരപൊങ്കൽ..... (ഇതിൽ നവമി, അഷ്ടമി, സംക്രാന്തി, അഷ്ടമി, ചതുർത്ഥി, വാവ്, മകരം എന്നിവ ചന്ദ്രന്റെ സ്ഥാനവും സൂര്യസ്ഥിതിയും സൂചിപ്പിക്കുന്നതാണ്.)

87. ജന്മദിനത്തിന് മെഴുകുതിരി ഊതിക്കെടുത്തുന്നതും, ശരീരത്തിൽ ശൂലം തറയ്ക്കുന്നതും, തീക്കനലിൽ നടക്കുന്നതും, ദീപാവലിയ്ക്ക് ആട്ടിറച്ചി കഴിക്കുന്നതും, ഓണത്തിന് ബീഫും റൊട്ടിയും കഴിയ്ക്കുന്നതും, പുരോഗമനവാദികളെന്നു പറയുന്നവർ ഭരിക്കുന്ന ബംഗാളിന്റെ തലസ്ഥാനത്തിലുള്ള കൽക്കട്ടാകാളിയ്ക്ക് ഈ ആധുനിക കാലഘട്ടത്തിൽപ്പോലും ആടിനെ അറുക്കുന്നതും, അവിട്ടം-ചതയം തുടങ്ങി അഞ്ചുനാളുകളിൽ ആരെങ്കിലും മരിച്ചാൽ അഞ്ചുമരണമുണ്ടാകുമെന്ന് ധരിച്ച് പ്രായശ്ചിത്തം ചെയ്യുന്നതും, വെളിച്ചപ്പാടുകൾ തുള്ളിതലവെട്ടിപൊളിക്കുന്നതും, പവിത്രമായ ക്ഷേത്രത്തിൽ തെറിപ്പാട്ടു പാടുന്നതും...... ദുരാചാരമാണ്. അന്ധവിശ്വാസമാണ്. ഇവയിൽ നിന്നും ശാരീരികമോ, മാനസികമോ, കുടുംബപരമോ രാഷ്ട്രപരമോ ആയ ഒരു നന്മയും ഉണ്ടാകുന്നില്ല എന്നതുതന്നെയാണ് അതിനുകാരണം.

## V. ഭാരതീയരുടെ ശാസ്ത്രവും ശാസ്ത്രീയവീക്ഷണവും

88. ചോദ്യം ചെയ്യാതെ വിശ്വസിക്കുവാനോ, എന്നെമാത്രം ആരാധിയ്ക്കുവാനോ എന്നെമാത്രം ഭയപ്പെട്ടനുസരിക്കുവാനോ, മറ്റെല്ലാ മത-ധർമ്മ-വിശ്വാസ-ആചാരങ്ങൾ ഉപേക്ഷിച്ച് ഞാൻ പറയുന്നതും, കൽപ്പിയ്ക്കുന്നതും മാത്രം ശരിയെന്നോ ഭാരതീയ ഋഷിവര്യന്മാരോ അവതാരങ്ങളോ അരുളിച്ചെയ്തിട്ടില്ല.

89. ശാസ്ത്രമാണ് പ്രമാണമെന്നും, അനുഭവം കൊണ്ടു പഠിച്ചതും നന്മകൾ അറിഞ്ഞതുമാണ് അനുശാസിക്കേണ്ടതെന്നും, നിരന്തരം പരീക്ഷിച്ചതിനു ശേഷമേ പ്രയോഗിയ്ക്കാവൂ എന്ന ശ്രേഷ്ഠന്മാരുടെ ഉപദേശം മഹത്തരമാണെന്നും, അച്ഛൻ കുഴിച്ച കിണറിൽ ഇപ്പോൾ ഉപ്പുവെള്ളമാണെങ്കിൽ, അച്ഛനോട് ആദരവുകാണിക്കാൻ ഉപ്പുവെള്ളം കുടിക്കേണ്ടതില്ല എന്നും പറഞ്ഞ ദേശത്തിൽ നിലനിന്നിരുന്ന ശാസ്ത്രീയ വീക്ഷണം.

90. ഈശ്വരവിശ്വാസിയോ, നിരീശ്വരവാദിയോ, ശാസ്ത്രീയവാദിയോ ആത്മീയവാദിയോ, ക്ഷേത്രത്തിൽ ദർശനം നടത്തുന്നവനോ



Scanned with CamScanner

ഒരിയ്ക്കലും ക്ഷേത്രത്തിൽ പോകാത്തവനോ.... ഇവർക്കെല്ലാം അവനവന്റെ യുക്തംപോലെ ജീവിയ്ക്കാൻ സ്വാതന്ത്ര്യം തരുന്ന ഒരേ ഒരു ധർമ്മമാണ് സനാതനധർമ്മം. മറ്റൊരുധർമ്മത്തിനും അവകാശപ്പെടാൻ പറ്റാത്ത സ്വാതന്ത്ര്യം വ്യക്തിയ്ക്ക് സനാതനധർമ്മം നൽകുന്നു.

91. അറിവും, വൈരാഗ്യവും (detachment) ഉണ്ടാകുവാനുള്ള മാർഗ്ഗങ്ങളാണെന്നും പുരാണത്തിലുള്ളത് കണ്ണുമടച്ച് വിശ്വസിക്കേണ്ടതില്ലെന്നും പുരാണരചയിതാക്കൾതന്നെ എഴുതിയ ദേശമാണ് ഭാരതം. ഭഗവദ്ഗീത മുഴുവനും ഉപദേശിച്ച് വിമർശനബുദ്ധ്യാവിശകലനം ചെയ്തുമാത്രം സ്വീകരിച്ചാൽമതി എന്നുപദേശിച്ച ശ്രീകൃഷ്ണന് ജന്മം നൽകിയതും നമ്മുടെ മാതൃഭൂമിയാണ്.

92. നന്മകൾ കേൾക്കുമാറാകട്ടെ, നന്മകൾ കാണുമാറാകട്ടെ, നന്മകൾ പ്രവർത്തിക്കുവാൻ ഈശ്വരാനുഗ്രഹമുണ്ടാകട്ടെ. വിദ്വേഷമുണ്ടാകാതിരിക്കട്ടെ. നന്മയുടെ സന്ദേശങ്ങൾ ലോകത്തിലെല്ലായിടത്തുനിന്നും ഞങ്ങളിലേക്കൊഴുകട്ടെ എന്നും പ്രാർത്ഥിച്ച ദേശവാസികളാണ് നാം. ഒരുമിച്ച് വർത്തിക്കാം, ഒരുമിച്ച് ഭുജിക്കാം, ഒരുമിച്ച് പ്രവർത്തിക്കാം അതിലൂടെ തേജസ്സുറ്റവരാകാം എന്ന് പ്രാർത്ഥിച്ചവർ.

93. ജ്യോതിർഗോളങ്ങളുടെ ചലനം, ഭ്രമണം, ഗുരുത്വം, സഞ്ചാരപഥം, വേഗത, ചെരിവ്, രാശി, വ്യാസം, ഇവയെല്ലാം കൃത്യമായി ഗണിച്ചവർ ! വർഷങ്ങൾക്കുമുമ്പ് ഗ്രഹണം ഗണിച്ചെഴുതി രാജസന്നിധിയിൽ പ്രത്യക്ഷമായി തെളിയിച്ച് ജ്യോതിശ്ശാസ്ത്രത്തിന്റെ ചൈതന്യ വിജ്ഞാനം പകർന്നവരാണ് നാം.

94. ന്യൂട്ടന്റെയും, കെൽവിന്റേയും, ഡീമോയ്വറുടേയും, ടൈക്കോബ്രാഹിയുടെയും, കോപ്പർനിക്കസ്സിന്റെയും, ഗലീലിയോയുടെയും... സിദ്ധാന്തങ്ങളും, തിയറങ്ങളും, തത്വങ്ങൾ ഗഹനമായ ഗണിതജ്ഞാനത്തോടെ, ഈ പാശ്ചാത്യശാസ്ത്രജ്ഞന്മാരേക്കാൾ നൂറുകണക്കിന് വർഷങ്ങൾക്കു മുമ്പ് എഴുതിത്തെളിയിച്ചവരുടെ പിൻതലമുറക്കാരാണ് നാം.

95. ലോഹവും ലോഹസങ്കരങ്ങളും, സംയുക്തങ്ങളും ഒരേ സാങ്കേതികവിദ്യയുപയോഗിച്ച് രാജസ്ഥാനിലും, ഉത്തർപ്രദേശിലും,

ബംഗാളിലും തമിഴ്നാട്ടിലും കർണാടകത്തിലും മൂവായിരം വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചവരാണ് നമ്മുടെ പൂർവ്വപിതാമഹന്മാർ. ഒന്നായ ഭാരതത്തിലെമ്പാടും ഉപയോഗിച്ച സാങ്കേതികവിദ്യകളും ഒന്നായിരുന്നു.

96. ഔഷധത്തിനും-വിഷത്തിനും, വൈദ്യനും-രോഗിക്കും, ആരോഗ്യത്തിനും ആധിക്കും-വ്യാധിക്കും, അത്യാധുനിക ശാസ്ത്രം അംഗീകരിച്ച അതേ നിർവ്വചനം സഹസ്രാബ്ദങ്ങൾക്ക് മുമ്പ് നൽകിയ ചരകനും സുശ്രുതനും നമ്മുടെ മാതൃഭൂമിയാണ് ജന്മം നൽകിയത്. പ്ലാസ്റ്റിക് സർജറിയും, സസ്യങ്ങളിലെ ഗ്രാഫ്റ്റിങ്ങും കൈവിരൽത്തുമ്പിൽ കൊണ്ടുനടന്നവരുടെ പുസ്തകങ്ങൾ നോക്കിയാണ് ഗ്രീക്കുകാരായ പ്ലൈനിയും, ഹിപ്പോക്രേറ്റും പുസ്തകങ്ങളെഴുതി ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാക്കന്മാരായത്.

97. ആറ്റത്തിനെ നിർവ്വചിച്ച്, പ്രകാശത്തിന്റെ വേഗത ഗണിച്ച്, ശബ്ദത്തിന്റെ തരംഗ സ്വഭാവം വർണ്ണിച്ച്, കാന്തങ്ങളുടെ സ്വഭാവം വിവരിച്ച്, സൂര്യരശ്മിയ്ക്ക് ഏഴുനിറങ്ങളുണ്ടെന്ന് പ്രഖ്യാപിച്ച്, ഐസ്‌വെള്ളം വിത്തിലൊഴിച്ചാൽ വിത്ത് പെട്ടെന്ന് മുളയ്ക്കുമെന്ന് കണ്ടുപിടിച്ചതുപോല ആയിരക്കണക്കിന് ആധുനികശാസ്ത്രതത്വങ്ങൾക്ക് രൂപവും തെളിവും അവർ നിരത്തിയിരുന്നു. ശാസ്ത്രസത്യങ്ങളും തത്വങ്ങളും അവരുടെ വിരൽത്തുമ്പിലായിരുന്നു.

98. കരിങ്കല്ലിനെ കൈസാമർത്ഥ്യംകൊണ്ട് മാത്രം രൂപകൽപന ചെയ്ത് കൊത്തിയെടുത്ത് ഉത്തുംഗ ഗോപുരങ്ങളും സംഗീതമുദിക്കുന്ന മണ്ഡപങ്ങളും, വ്യാളികളും, ഗുഹാക്ഷേത്രങ്ങളും, ബിംബങ്ങളും, നിർമ്മിച്ച് കാലത്തിന്റെ കൈകൾക്ക് തട്ടിത്തെറിപ്പിക്കാൻ പറ്റാത്ത ചിദംബരവും, ശുചീന്ദ്രവും, കുംഭകോണ-കാഞ്ചീപുരം, തഞ്ചാവൂർ ക്ഷേത്രങ്ങളാക്കിത്തീർത്തവയായിരുന്നു നമ്മുടെ മുൻതലമുറക്കാർ.

99. ഒരു സൈനികനേയും അയക്കാതെ, ഒരായുധത്തിന്റെ ബലവും കാണിക്കാതെ, അധർമ്മത്തിനെതിരെമാത്രം പോരാടി, സത്യവും, ധർമ്മവും, നീതിയും, ന്യായവും, അഹിംസയും പരിപാലിച്ച് ധർമ്മാർത്ഥ കാമമോക്ഷങ്ങളിലൂടെ ജീവിതം സംതൃപ്തമായി പൂർത്തീകരിച്ച് നരസേവനാരായണ സേവയാക്കി, സർവ



Scanned with CamScanner

ചരാചരങ്ങളേയും ഒരേകുടുംബത്തിന്റെ അംഗങ്ങളായി കണ്ട്, ഈ ഭൂമിതന്നെ കുടുംബമായി വർണിച്ച്, ഉള്ളവരിലും, ഇല്ലാത്തവരിലും പെടാതെ ഉണ്ടായിട്ടു വേണ്ടാത്തവരായിത്തീർന്ന്, സ്വയം സുഖഭോഗവസ്തുക്കൾ ത്യജിക്കുന്നത് ധർമ്മത്തിന്റെ ഭാഗമായി കണ്ടു പ്രവർത്തിച്ചവരുടെ രാഷ്ട്രമാണിത്.

100. മുഹമ്മദ്ഗസ്നിയും, ഗോറിയും, തൈമൂറും, ബാബറും, ലോദി-അടിമ-തുഗ്ലക്-മുഗള-വംശജരും, മംഗോളിയ, ഡച്ച്, പോർച്ചുഗീസ്, ഫ്രഞ്ച്, സ്പെയിൻകാരും, അവസാനം ഇംഗ്ലീഷുകാരും ആയിരത്തിമുന്നൂറ്റി നാൽപതുവർഷങ്ങൾ ചവുട്ടി മെതിച്ചിട്ടും മരിക്കാതെ നശിക്കാതെ തളരാതെ തലകുനിക്കാതെ ജീവിക്കുന്ന ഒരു ധർമ്മം! അതാണ് സനാതനധർമ്മം.

101. വേദവ്യാസന്റെയും, വിശ്വാമിത്രന്റേയും, ഭരദ്വാജന്റേയും, യജ്ഞവൽക്യന്റേയും, ആപസ്തംബന്റെയും, വാത്മീകിയുടേയും, ഋഷ്യശൃംഗന്റേയും, കണാദന്റേയും പതഞ്ജലിയുടേയും ചരകന്റെയും സുശ്രുതന്റേയും, ശങ്കരാചാര്യരുടേയും, മാധവാചാര്യരുടേയും, നാരായണഗുരുദേവന്റെയും, വിവേകാനന്ദന്റെയും, വിദ്യാധിരാജസ്വാമിയുടേയും ... പിൻതലമുറക്കാരെ സംരക്ഷിച്ചുപോന്നത് ഈ സനാതനധർമ്മമാണ്. ഇവർ സംരക്ഷിച്ചതും നവീകരിച്ചതും തിളക്കമാർന്നതാക്കിയതും ഈ സനാതനധർമ്മത്തെയാണ്.

ഒരു പതിനായിരം വർഷക്കാലം ഭൂമുഖത്ത് നിലനിന്ന ഈ ധർമ്മം സംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. എന്റെയും നിങ്ങളുടെയും നമ്മളുടെയും കർത്തവ്യം !

**നിമിഷം ജ്വലിതം ശ്രേയം ന തൂ ധൂമയിതും ചിരം**
**ഒരു നിമിഷം മാത്രം ജീവിച്ചാലും ജ്വലിച്ചുകൊണ്ടു ജീവിക്കുക.**
**സ്ഥിരമായി പുകഞ്ഞുകൊണ്ടുള്ള ജീവിതം വ്യർത്ഥമാണ്.**

മതപരിവർത്തനത്തിന്റേയും, വിദേശ ഇസത്തിന്റേയും രാഷ്ട്രീയ മുതലെടുപ്പിന്റെയും പ്രഹരമേൽക്കുന്നത് ഇന്ന് സനാതനധർമ്മം മാത്രമാണ്. ഒരു നിമിഷം ചിന്തിക്കുക! കഴിഞ്ഞ തലമുറ നമ്മെ ഏൽപ്പിച്ച പ്രഭാപൂരിതമായ ജ്വാല അടുത്തതലമുറക്ക് കൈമാറേണ്ടതല്ലേ! നമ്മൾ എന്തു ചെയ്യുന്നു ! എന്തു ചെയ്യണം !



*******

Scanned with CamScanner

എന്റെ പ്രിയ കുടുംബാംഗങ്ങളെ!

നിങ്ങൾ ഭാഗവത സപ്താഹ യജ്ഞത്തിലോ, ഭാഗവതസത്രത്തിലോ പങ്കെടുക്കുമ്പോൾ, അതിലെ വിഷയങ്ങൾ കേട്ടുകൊണ്ടിരിക്കുന്നവേളയിൽ എന്തെല്ലാമാണ് നാം അറിയേണ്ടത്, അത് മുൻകൂട്ടി അറിയാൻ സാധിക്കുമ്പോൾ, അറിവിനെക്കുറിച്ചൊരറിവു മുൻകൂട്ടിയുണ്ടാക്കുവാൻ സാധിക്കും. അതിനുവേണ്ടിയാണ്, ഭാഗവതപാരായണത്തിലും ശ്രവണത്തിലും പങ്കെടുക്കുന്നവർക്ക് വ്യക്തമായ മാർഗദർശനത്തിന്, ഇപ്രകാരമൊരു ചെറു പുസ്തകം സഹായകമാകുമെന്ന് തോന്നിയത്.

ഭാരതീയ പൈതൃകം പഠിക്കുക, പഠിപ്പിക്കുക, പ്രചരിപ്പിക്കുക എന്ന മൂന്നു പന്ഥാവുകളോടൊപ്പം പഠിക്കുന്നവർക്ക് സഹായകമായ കർമ്മം ചെയ്യുക എന്നതു കൂടി ഏറ്റെടുക്കുകയാണ്. ഈ ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണ് ഈ ലഘു പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ ആത്മീയ പഠന ഗവേഷണ ക്ഷേത്രമായ മഴുവഞ്ചേരി മഹാദേവക്ഷേത്രത്തിന്റെ പ്രസാദമായിട്ടാണ് ഈ പുസ്തകം നിങ്ങളുടെ കൈയ്യിലെത്തുന്നത്. തൃശ്ശൂർ - ഗുരുവായൂർ ഹൈവേയിലുള്ള മഴുവഞ്ചേരി ക്ഷേത്രത്തിലേയ്ക്ക് നിങ്ങളെ ഏവരേയും ക്ഷണിക്കുന്നു. ഭാഗവത പാരായണം ശ്രവിക്കുന്ന നിങ്ങളിൽ വ്യക്തി, കുടുംബ, സാമൂഹിക, രാഷ്ട്ര - നന്മക്കാധാരമായ മൂല്യാധിഷ്ഠിത ജീവിതത്തിന്റെ നന്മകളുണ്ടാകണം.

ഭാഗവത സപ്താഹം കേൾക്കുന്നതിനു മുമ്പുള്ള നിങ്ങളുടെ മാനസിക-ശാരീരിക - കുടുംബപര - സാംസ്കാരിക - രാഷ്ട്രപരമായ വീക്ഷണത്തിൽ നിന്ന്, ഈ പുണ്യ പുരാണ ശ്രവണത്തിനുശേഷമുണ്ടായ മാറ്റങ്ങൾ വിലയിരുത്തുക. ഒരു മാറ്റവും നിങ്ങളിലുണ്ടായിട്ടില്ലെങ്കിൽ / ഉണ്ടാകുന്നില്ലെങ്കിൽ / ഉണ്ടാക്കാൻ ആഗ്രഹമില്ലെങ്കിൽ പിന്നെന്തിനാണ് ഭാഗവതം കേൾക്കാൻ ഇത്രയും സമയം / ദിവസം ചിലവഴിച്ചതെന്ന് സ്വയം ചോദിക്കുക !

*ഭാരതീയ പൈതൃകസേവയിൽ സ്വന്തം കുടുംബാംഗം*

**14-4-2006** **ഡോ: എൻ. ഗോപാലകൃഷ്ണൻ**

NB:- ഈ പുസ്തകം പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും ധർമ്മവും എല്ലാ ഭാഗവത സപ്താഹയജ്ഞ സമിതികളും സനാതനധർമ്മ പ്രചാരണ സംഘടനകളും സ്വയം ഏറ്റെടുക്കുമെന്നാഗ്രഹിക്കുന്നു. അതിനായി പ്രസാദകരിൽ നിന്ന് പ്രത്യേകം അനുവാദം വാങ്ങേണ്ടതില്ല. പ്രസിദ്ധീകരണ ചിലവു മാത്രം നൽകിയാൽ, 500 കോപ്പിയിൽ കൂടുതൽ ആവശ്യമുള്ളവർക്ക് അതെത്തിച്ചുകൊടുക്കുവാനുള്ള സംവിധാനവുമുണ്ട്.



Scanned with CamScanner

1. **എന്താണ് പുരാണം ?** വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ ഇവയാണ് വൈദീക ഗ്രന്ഥങ്ങൾ. ഇവയുടെ ഘടകമായി വരുന്നതാണ് വേദാംഗങ്ങൾ. ശിക്ഷാ-നിരുക്ത -വ്യാകരണ-ഛന്ദഃ ശാസ്ത്ര - കൽപശാസ്ത്ര ജ്യോതിഷ ഗ്രന്ഥങ്ങൾ.

വേദങ്ങളുടെ ഉപസ്ഥാനം അലങ്കരിക്കുന്നതാണ് ഉപവേദങ്ങൾ. അർത്ഥശാസ്ത്രം, ധനുർവേദം, ഗന്ധർവവേദം, ആയുർവേദം, സ്ഥാപത്യവേദം (തച്ചുശാസ്ത്രം). ദർശനങ്ങളാകട്ടെ ആറെണ്ണമാണ് - പൂർവ്വമീമാംസ, ഉത്തരമീമാംസ, വൈശേഷികം, സാംഖ്യം, യോഗം, ന്യായം. ഇതിഹാസങ്ങൾ രണ്ടെണ്ണമാണെന്നറിയാമല്ലോ. വാത്മീകി രാമായണം, മഹാഭാരതം. **ഇനിവരുന്നവയാണ് ഉപാംഗങ്ങളുടെ ഭാഗമായ 18 മഹാപുരാണങ്ങളും 18 ഉപപുരാണങ്ങളും.**

2. **പുരാണങ്ങൾ രചിച്ചതെവിടെ ?** ഹരിയാനയിലെ നീംസാർ ജില്ലയിൽ അതിപുരാതനകാലത്ത് ഒരു തുറന്ന വിശ്വവിദ്യാലയം (open university) ഉണ്ടായിരുന്നു. അതാണ് നൈമിഷാരണ്യം. ഏതാണ്ടെല്ലാ പുരാണങ്ങളും രചിക്കപ്പെട്ടതവിടെയാണ് എന്നു വിവരണങ്ങളിൽ കാണുന്നു.

3. **പുരാണങ്ങൾ രചിക്കപ്പെട്ടതെങ്ങിനെയാണ് ?** നൈമിഷാരണ്യത്തിലേക്കു വരുന്ന പ്രശസ്തരായ മഹർഷിമാരെ സ്വീകരിച്ചാനയിച്ച്, അവിടത്തെ പ്രഗത്ഭരായ പ്രൊഫസർമാർ ചോദിക്കുന്ന അനവധി ചോദ്യങ്ങളും പണ്ഡിതരായ സന്ദർശകർ നൽകുന്ന മറുപടിയുമാണ്, വ്യാസപുത്രനായ ശ്രീശുകബ്രഹ്മർഷി പുരാണങ്ങളായി രചിച്ചിരിക്കുന്നത്.

4. **പുരാണ രചനാരീതിയെന്ത് ?** ചോദ്യോത്തരരൂപത്തിലാണ് പുരാണവിഷയങ്ങളെല്ലാം വിവരിച്ചിരിക്കുന്നത്. പത്തോ ഇരുപതോ ശ്ലോകങ്ങളിൽ ഉത്തരം നൽകുകയോ. ചിലപ്പോൾ അദ്ധ്യായങ്ങൾ നീണ്ടുനിൽക്കുന്ന ചരിത/ചരിത്ര ഭാഗങ്ങളായോ വിവരിക്കുന്നതാണ് പുരാണ രചനാരീതി. ഒരു ചോദ്യത്തിന്റെ ഉത്തരം തന്നെ ചർച്ചാരൂപത്തിലും സംവാദരൂപത്തിലും ഉദ്ധരണികളായിട്ടുമുണ്ടാകാം.

5. **പുരാണങ്ങളിൽ ഒരേ വിഷയം തന്നെ തുടർച്ചയായിട്ടാണോ അവതരിപ്പിക്കുന്നത് ?** അപ്രകാരം ആകണമെന്നില്ല. ഒരേ



Scanned with CamScanner

സ്കന്ധത്തിലെപോലും പല അദ്ധ്യായങ്ങളും പല വിഷയങ്ങളുടെ വിവരണങ്ങൾ നൽകുന്നതുകാണാം. കാരണം, ചോദ്യങ്ങൾക്കനുസരിച്ചാണ് വിഷയവിവരണം നൽകുന്നത്.

**6. പുരാണങ്ങളുടെ ലക്ഷണങ്ങളെന്താണ് ?**

*സർഗശ്ച പ്രതിസർഗ വംശോ മന്വന്തരാണി ച വംശാനുചരിതം ചൈവ പുരാണം പഞ്ചലക്ഷണം.*

പുരാണങ്ങളിൽ അഞ്ചുലക്ഷണ വിഷയങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം (ഒന്ന്) സർഗം - സൃഷ്ടി വിവരണം (രണ്ട്) പ്രതിസർഗം - സൃഷ്ടിയുടെ ലയ (പ്രളയം) വും പുനസൃഷ്ടിയും - (മൂന്ന്) വംശം, സൃഷ്ടി ക്രമമനുസരിച്ച് ഓരോ മഹർഷിയുടേയും, രാജാവിന്റേയും തലമുറകളെക്കുറിച്ചും അവരുടെ പ്രത്യേകതകളെക്കുറിച്ചുമുള്ള വിവരണം (നാല്) മന്വന്തരം - കഴിഞ്ഞുപോയ ആറു മന്വന്തരങ്ങളെക്കുറിച്ചും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വൈവസ്വതമന്വന്തരാധിപനായ വൈവസ്വതമനുവിനെക്കുറിച്ചും, മന്വന്തരങ്ങളുടെ പ്രത്യേകതകളെക്കുറിച്ചുമുള്ള വിവരണം, കാലയളവ്, ഭരിച്ചിരുന്ന രാജാക്കന്മാർ, എന്നിവയെല്ലാം ഈ വിഷയഭാഗങ്ങളാണ്. (അഞ്ച്) വംശാനുചരിതം - സൂര്യ-ചന്ദ്രവംശരാജാക്കന്മാരുടെ സവിസ്തര വിവരണം ചരിത്രഭാഗമായി വരണം. ഇത്രയും ചേർന്നതാണ് പുരാണം.

**7. പുരാണ രചനിയലുള്ള പ്രത്യേകതയെന്ത് ?** ഒരേ വിഷയത്തിലൂടെ പോകുമ്പോൾ വിരസത അനുഭവപ്പെടാതിരിക്കാൻ, മനുഷ്യഗന്ധിയായ അനവധി വിഷയങ്ങൾ, ഉപദേശരൂപത്തിലും, കഥാരൂപത്തിലും വിവരണങ്ങളായും, ധർമ്മമാർഗ്ഗങ്ങളായും, ശാസ്ത്രവിവരണങ്ങളായും നൽകിയിരിക്കുന്നു. അതായത് സമഗ്രമായ ജീവിത വിവരണമാണ് പുരാണത്തിൽ നൽകിയിട്ടുള്ളത് എന്നർത്ഥം.

**8. പുരാണങ്ങളിലെ വിവരണങ്ങൾ ചരിത്രമോ, ശാസ്ത്രമോ ?** എല്ലാ വിഷയങ്ങളും ചരിത്രഭാഗമല്ല. ചിലവ ചരിത്രഭാഗമാണുതാനും. എല്ലാം ശാസ്ത്രീയമായി തെളിയിക്കാൻ സാധ്യമല്ല, പുരാണങ്ങളിൽ സങ്കൽപങ്ങൾ, വിശ്വാസ ഭാഗങ്ങൾ, കഥകൾ, അനുഭവങ്ങൾ, അതിശയോക്തികൾ, എന്നിവയെല്ലാം ഉണ്ട്. വാദപ്രതിവാദങ്ങളിലും തർക്കത്തിലും പുരാണങ്ങൾ ഉദ്ധരിക്കാറില്ല.

**9. ഇപ്രകാരമൊരു വിവരണരീതി ഉണ്ടാകാൻ കാരണമെന്ത് ?** ജീവിത സന്ദേശങ്ങൾ, ധാർമ്മീക മൂല്യങ്ങൾ എന്നിവ നിരന്തരമായി



Scanned with CamScanner

**1. എന്താണ് പുരാണം ?** വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ ഇവയാണ് വൈദീക ഗ്രന്ഥങ്ങൾ. ഇവയുടെ ഘടകമായി വരുന്നതാണ് വേദാംഗങ്ങൾ. ശിക്ഷാ-നിരുക്ത-വ്യാകരണ-ഛന്ദഃ ശാസ്ത്ര - കൽപശാസ്ത്ര ജ്യോതിഷ ഗ്രന്ഥങ്ങൾ.

വേദങ്ങളുടെ ഉപസ്ഥാനം അലങ്കരിക്കുന്നതാണ് ഉപവേദങ്ങൾ. അർത്ഥശാസ്ത്രം, ധനുർവേദം, ഗന്ധർവവേദം, ആയുർവേദം, സ്ഥാപഥ്യവേദം (തച്ചുശാസ്ത്രം). ദർശനങ്ങളാകട്ടെ ആറെണ്ണമാണ് - പൂർവ്വമീമാംസ, ഉത്തരമീമാംസ, വൈശേഷികം, സാംഖ്യം, യോഗം, ന്യായം. ഇതിഹാസങ്ങൾ രണ്ടെണ്ണമാണെന്നറിയാമല്ലോ. വാത്മീകി രാമായണം, മഹാഭാരതം. **ഇനിവരുന്നവയാണ് ഉപാംഗങ്ങളുടെ ഭാഗമായ 18 മഹാപുരാണങ്ങളും 18 ഉപപുരാണങ്ങളും.**

**2. പുരാണങ്ങൾ രചിച്ചതെവിടെ ?** ഹരിയാനയിലെ നീംസാർ ജില്ലയിൽ അതിപുരാതനകാലത്ത് ഒരു തുറന്ന വിശ്വവിദ്യാലയം (open university) ഉണ്ടായിരുന്നു. അതാണ് നൈമിഷാരണ്യം. ഏതാണ്ടെല്ലാ പുരാണങ്ങളും രചിക്കപ്പെട്ടതവിടെയാണ് എന്നു വിവരണങ്ങളിൽ കാണുന്നു.

**3. പുരാണങ്ങൾ രചിക്കപ്പെട്ടതെങ്ങിനെയാണ് ?** നൈമിഷാരണ്യത്തിലേക്കു വരുന്ന പ്രശസ്തരായ മഹർഷിമാരെ സ്വീകരിച്ചാനയിച്ച്, അവിടത്തെ പ്രഗത്ഭരായ പ്രൊഫസർമാർ ചോദിക്കുന്ന അനവധി ചോദ്യങ്ങളും പണ്ഡിതരായ സന്ദർശകർ നൽകുന്ന മറുപടിയുമാണ്, വ്യാസപുത്രനായ ശ്രീശുകബ്രഹ്മർഷി പുരാണങ്ങളായി രചിച്ചിരിക്കുന്നത്.

**4. പുരാണ രചനാരീതിയെന്ത് ?** ചോദ്യോത്തരരൂപത്തിലാണ് പുരാണവിഷയങ്ങളെല്ലാം വിവരിച്ചിരിക്കുന്നത്. പത്തോ ഇരുപതോ ശ്ലോകങ്ങളിൽ ഉത്തരം നൽകുകയോ. ചിലപ്പോൾ അദ്ധ്യായങ്ങൾ നീണ്ടുനിൽക്കുന്ന ചരിത/ചരിത്ര ഭാഗങ്ങളായോ വിവരിക്കുന്നതാണ് പുരാണ രചനാരീതി. ഒരു ചോദ്യത്തിന്റെ ഉത്തരം തന്നെ ചർച്ചാരൂപത്തിലും സംവാദരൂപത്തിലും ഉദ്ധരണികളായിട്ടുമുണ്ടാകാം.

**5. പുരാണങ്ങളിൽ ഒരേ വിഷയം തന്നെ തുടർച്ചയായിട്ടാണോ അവതരിപ്പിക്കുന്നത് ?** അപ്രകാരം ആകണമെന്നില്ല. ഒരേ

സ്കന്ധത്തിലെപോലും പല അദ്ധ്യായങ്ങളും പല വിഷയങ്ങളുടെ വിവരണങ്ങൾ നൽകുന്നതുകാണാം. കാരണം, ചോദ്യങ്ങൾക്കനുസരിച്ചാണ് വിഷയവിവരണം നൽകുന്നത്.

**6. പുരാണങ്ങളുടെ ലക്ഷണങ്ങളെന്താണ് ?**

*സർഗശ്ച പ്രതിസർഗ വംശോ മന്വന്തരാണി ച വംശാനുചരിതം ചൈവ പുരാണം പഞ്ചലക്ഷണം.*

പുരാണങ്ങളിൽ അഞ്ചുലക്ഷണ വിഷയങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം (ഒന്ന്) സർഗം - സൃഷ്ടി വിവരണം (രണ്ട്) പ്രതിസർഗം - സൃഷ്ടിയുടെ ലയ (പ്രളയം) വും പുനസൃഷ്ടിയും - (മൂന്ന്) വംശം, സൃഷ്ടി ക്രമമനുസരിച്ച് ഓരോ മഹർഷിയുടേയും, രാജാവിന്റേയും തലമുറകളെക്കുറിച്ചും അവരുടെ പ്രത്യേകതകളെക്കുറിച്ചുമുള്ള വിവരണം (നാല്) മന്വന്തരം - കഴിഞ്ഞുപോയ ആറു മന്വന്തരങ്ങളെക്കുറിച്ചും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വൈവസ്വതമന്വന്തരാധിപനായ വൈവസ്വതമനുവിനെക്കുറിച്ചും, മന്വന്തരങ്ങളുടെ പ്രത്യേകതകളെക്കുറിച്ചുമുള്ള വിവരണം, കാലയളവ്, ഭരിച്ചിരുന്ന രാജാക്കന്മാർ, എന്നിവയെല്ലാം ഈ വിഷയഭാഗങ്ങളാണ്. (അഞ്ച്) വംശാനുചരിതം - സൂര്യ-ചന്ദ്രവംശരാജാക്കന്മാരുടെ സവിസ്തര വിവരണം ചരിത്രഭാഗമായി വരണം. ഇത്രയും ചേർന്നതാണ് പുരാണം.

**7. പുരാണ രചനിയലുള്ള പ്രത്യേകതയെന്ത് ?** ഒരേ വിഷയത്തിലൂടെ പോകുമ്പോൾ വിരസത അനുഭവപ്പെടാതിരിക്കാൻ, മനുഷ്യഗന്ധിയായ അനവധി വിഷയങ്ങൾ, ഉപദേശരൂപത്തിലും, കഥാരൂപത്തിലും വിവരണങ്ങളായും, ധർമ്മമാർഗ്ഗങ്ങളായും, ശാസ്ത്രവിവരണങ്ങളായും നൽകിയിരിക്കുന്നു. അതായത് സമഗ്രമായ ജീവിത വിവരണമാണ് പുരാണത്തിൽ നൽകിയിട്ടുള്ളത് എന്നർത്ഥം.

**8. പുരാണങ്ങളിലെ വിവരണങ്ങൾ ചരിത്രമോ, ശാസ്ത്രമോ ?** എല്ലാ വിഷയങ്ങളും ചരിത്രഭാഗമല്ല. ചിലവ ചരിത്രഭാഗമാണുതാനും. എല്ലാം ശാസ്ത്രീയമായി തെളിയിക്കാൻ സാധ്യമല്ല, പുരാണങ്ങളിൽ സങ്കൽപങ്ങൾ, വിശ്വാസ ഭാഗങ്ങൾ, കഥകൾ, അനുഭവങ്ങൾ, അതിശയോക്തികൾ, എന്നിവയെല്ലാം ഉണ്ട്. വാദപ്രതിവാദങ്ങളിലും തർക്കത്തിലും പുരാണങ്ങൾ ഉദ്ധരിക്കാറില്ല.

**9. ഇപ്രകാരമൊരു വിവരണരീതി ഉണ്ടാകാൻ കാരണമെന്ത് ?** ജീവിത സന്ദേശങ്ങൾ, ധാർമ്മീക മൂല്യങ്ങൾ എന്നിവ നിരന്തരമായി



Scanned with CamScanner

സ്മൃതി മണ്ഡലത്തിൽ/ ഓർമ്മയിൽ നിലനിർത്താനാണ് ഋഷിവ ര്യന്മാർ ഇത്തരമൊരു അവതരണരീതി സ്വീകരിച്ചത്.

**10. ഒരേ ചരിതം / വിവരണം പല രീതിയിൽ പല പുരാണ ങ്ങളിൽ നൽകിയിട്ടുള്ളതെന്തുകൊണ്ടാണ് ?** എന്തു വിവരി ക്കുന്നു, എങ്ങിനെ വിവരിക്കുന്നു എന്നുള്ളതിനേക്കാൾ പ്രാധാന്യം കൽപ്പിക്കേണ്ടത് അതിലെ സന്ദേശങ്ങൾ നമ്മുടെ ജീവിതത്തിൽ നാം എങ്ങിനെ പ്രയോജനപ്പെടുത്തുന്നു എന്നതിലാണ്.

**11. പുരാണസന്ദേശങ്ങൾ ആർക്കുള്ളതാണ് ?** വ്യത്യസ്ഥ തല ങ്ങളിലുള്ളവർക്ക് വ്യത്യസ്ഥ രീതിയിലുള്ള ഗ്രന്ഥങ്ങൾ, സന്ദേശ ങ്ങൾ, ഉപദേശങ്ങൾ എന്ന രീതിയിലാണ് ഭാരതീയ ഗ്രന്ഥരചന നടത്തിയിട്ടുള്ളത്. ചിന്താപരമായും, ബുദ്ധിപരമായും, വളരെ ഉയ രത്തിലെത്തിയവന് വേദങ്ങളും ഉപനിഷത്തുക്കളും എത്തിപ്പിടിക്കാ നെളുപ്പമാണ്. സാധാരണക്കാർക്ക് അവ അത്രയും എളുപ്പമല്ല. അവർക്ക് ജീവിതമൂല്യങ്ങൾ എളുപ്പത്തിലുൾക്കൊള്ളാൻ കഥകളും ചരിതങ്ങളും, കഥാപ്രസംഗങ്ങളും, ഹരികഥകളും, നാടകങ്ങളുമാണ് സഹായകമാകുക. അതിനുള്ള എല്ലാ സന്ദേശങ്ങളും ഈ പുരാണ ങ്ങൾ നൽകുന്നു.

**12. പുരാണലക്ഷ്യത്തെ സംക്ഷിപ്തമായി ഇങ്ങിനെ പറയാം !** ബ്രഹ്മചര്യ-ഗൃഹസ്ഥ-വാനപ്രസ്ഥ-സന്യാസാശ്രമികൾ അനുഷ്ഠി ക്കേണ്ടതായ ആചാരങ്ങൾ, നന്മനിറഞ്ഞ പ്രവൃത്തിയുടെ സദ്ഫല ങ്ങൾ, തിന്മയുടെ തിക്തഫലങ്ങൾ, സദാചാരങ്ങൾ, സ്വധർമ്മാനു ഷ്ഠാനം, രാജാക്കന്മാരുടെയും മറ്റു ഭരണാധികാരികളുടേയും ധർമ്മം., ............... അസൂയ-വാശി-പക-ദ്വേഷ്യം-അഹംഭാവം തുടങ്ങിയ മാന സികാവസ്ഥയുള്ളവർ കാലക്രമത്തിൽ അനുഭവിക്കേണ്ടിവരുന്ന ദുഃഖവും ജീവിത പരാജയങ്ങളും ക്ലേശങ്ങളും ...... മോക്ഷമാർഗ്ഗങ്ങൾ, ധർമ്മാർത്ഥകാമമോക്ഷ പ്രാപ്തി ............... ഇവയെല്ലാം വിവരിക്കു മ്പോൾ ആദ്യന്തികമായി പുരാണങ്ങളുടെ ലക്ഷ്യം ധാർമ്മികമായ വ്യക്തിജീവിതം, അചാരാധിഷ്ഠിതമായ കുടുംബജീവിതം, പരോപ കാരാധിഷ്ഠിതമായ സമൂഹ ജീവിതം, സമഗ്രധർമ്മാധിഷ്ഠിതമായ രാഷ്ട്രഭരണവും ജീവിതവും മാത്രമാണ്.

അതിഗഹനങ്ങളായ സന്ദേശങ്ങൾ കഥാരൂപത്തിൽ നൽകു മ്പോൾ, **കഥകളല്ല വിശകലനം ചെയ്യേണ്ടത്,** അതിലെ സന്ദേശ

**ങ്ങൾ മാത്രമാണ്** എന്നോർമ്മിപ്പിച്ചുവല്ലോ. സന്ദേശങ്ങളും ഉപദേശങ്ങളും അഗാധതലത്തിൽ മനസ്സിലുറക്കാനായി മാത്രമാണ് കഥകളും അനുഭവങ്ങളും അതിശയോക്തി കലർത്തിയോ കലർത്താതേയോ വിവരിക്കുന്നത്.

**പുരാണങ്ങൾ സത്യവേദപുസ്തകങ്ങളല്ല, മറിച്ച് സത്യ-ധർമ്മ സന്ദേശവാഹനങ്ങളാണ്.** പുരാണങ്ങളിൽ, അനവധി പൈതൃക വിഷയങ്ങളും വിവരിക്കുന്നുണ്ട്. മനശാസ്ത്രം, ആധുനിക നിലവാരമുള്ളശാസ്ത്രം, അർത്ഥശാസ്ത്രം, ഭാഷാശാസ്ത്രം, തച്ചുശാസ്ത്രം, ദർശനങ്ങൾ എന്നിവയെല്ലാം ലളിതമായി വിരസത തോന്നാത്തവിധത്തിലവതരിപ്പിക്കുന്നത് പുരാണങ്ങളുടെ പ്രത്യേകതയാണ്.

പുരാണങ്ങളുടെ കാലഘട്ടം ബി.സി. 2000 - ബിസി 100 നുമിടക്കോ അതിനു മുമ്പോ ആകാം. നന്മയുടെ സന്ദേശങ്ങൾ നൽകാനുള്ള മാർഗമായതുകൊണ്ട്, പുരാണങ്ങൾ ഏതു കാലഘട്ടത്തിൽ ആരെഴുതി എന്നതിന് പരിധിക്കപ്പുറമുള്ള പ്രസക്തി ഭാരതീയർ അന്നും ഇന്നും കൽപിച്ചിട്ടില്ല.

ഒരു ചരിത്രസംഭവം നാടകമായോ, നോവലായോ സിനിമയായോ, ചരിത്രമായിതന്നെയോ വിവരിക്കുന്ന രീതികളിൽ വിഷയാവതരണ വ്യത്യാസമുള്ളതുപോലെ പുരാണങ്ങളിൽ ചരിത്രാവതരണത്തിന് പ്രത്യേകതയുണ്ട്. പത്രമാസികയിൽ, റേഡിയോയിൽ, ടിവിയിൽ, സിനിമയിൽ പലതരത്തിലുള്ള വായനക്കാർക്ക് / ശ്രോതാക്കൾക്ക്/ പ്രേക്ഷകർക്ക്, പലവിഭവങ്ങൾ ചേർത്തുനൽകുന്നതുപോലെ അതിബൃഹത്തായ പുരാണഗ്രന്ഥങ്ങൾ വായിക്കുന്നവർക്ക് വിരസത ഉണ്ടാകാത്ത വിധത്തിൽ പല വിവരണങ്ങൾ, പഠിക്കാനായി തന്നെ, ചേർത്തിട്ടുണ്ടാകും.

ഇനി നമുക്ക് ഭാഗവതത്തിലേക്കു കടക്കാം. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സൃഷ്ടി, പ്രളയം, വംശചരിതം, മന്വന്തരവിവരണം, ഋഷി/രാജവംശ പരമ്പരകൾ ഇടകലർന്ന് എല്ലാ പുരാണങ്ങളിലും വരുന്നതുപോലെ ഭാഗവതത്തിലുമുണ്ട്.

ഭാഗവതത്തിന്റെ തുടക്കത്തിൽ ഭാഗവത മാഹാത്മ്യത്തെക്കുറിച്ച് പത്മപുരാണത്തിലെ 6 അധ്യായങ്ങളാണുള്ളത്. അവസാന ഭാഗത്തിൽ സ്കന്ദപുരാണത്തിലെ 4 അധ്യായങ്ങളും. ഭാഗവത



Scanned with CamScanner

മാഹാത്മ്യം വിവരിക്കുന്ന സപ്താഹയജ്ഞത്തിൽ ആദ്യ ദിവസം മാഹാത്മ്യവായന എന്നറിയപ്പെടുന്നത് ഈ ഭാഗമാണ്. (ഭാഗവത സപ്താഹ യജ്ഞത്തിൽ പങ്കെടുക്കണമെന്ന ആഗ്രഹം ജനിപ്പിക്കാനായി നൽകുന്ന ആമുഖമാണിത്)

1. ദേവർഷി നാരദനും, സനകൻ തുടങ്ങിയ (സനകാദി) മഹർഷിമാരും ഭക്തി-ജ്ഞാനം-വൈരാഗ്യം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. പരമഭക്തിയെക്കുറിച്ച് നാരദന്റെ സവിസ്തര വർണ്ണന (2) ഭക്തന്മാർക്ക് ക്ലേശം - ദുഃഖം ഉണ്ടാകാതിരിക്കാനുള്ള ഉപായം മഹർഷി നാരദൻ വിവരിക്കുന്നു. (3) ഭൗതീകസുഖങ്ങളോട് അമിതാസക്തിയില്ലാതാകാനും, ജ്ഞാനവും ഭക്തിയും ഉണ്ടാകുവാനും, ജ്ഞാനികളിൽ നിന്ന് ഭാഗവതം കേൾക്കുകയാണുത്തമ മാർഗമെന്ന് നാരദമഹർഷി പറയുന്നു. (4) നീചനായ ധുന്ധുകാരിയുടെ ആത്മാവിന് മോക്ഷം ലഭിക്കാതെ വന്നപ്പോൾ സഹോദരനായ ഗോകർണ്ണൻ സപ്താഹയജ്ഞം നടത്തിയ വേളയിൽ മുളക്കുള്ളിലിരുന്നു കേട്ട, ധുന്ധുകാരിയുടെ ആത്മാവിന് മോക്ഷം കിട്ടിയ വിവരണം. (5) ഭാഗവത പാരായണ വേളയിൽ ഭാഗവതം വായിക്കുന്നവർ, കേൾക്കുന്നവർ, യജ്ഞസ്ഥലം, യജ്ഞകാലം / സമയം, ഇവക്കെല്ലാം ഉണ്ടായിരിക്കേണ്ടതായ പ്രത്യേകതകൾ, ഇത്രയുമാണ് (ഭാഗവത മാഹാത്മ്യമായി പത്മപുരാണവിവരണം) ഭാഗവതത്തിന്റെ ആദ്യഭാഗത്തിൽ നൽകിയിരിക്കുന്നത്.

ഭാരതീയ പൈതൃകത്തിന്റെ പ്രായോഗിക വശങ്ങൾ വ്യക്തമായി മനസ്സിലാക്കുവാനുള്ള ആഗ്രഹവുമായി വരുന്നവർക്കുള്ള ആമുഖമാണ് മുൻവിവരിച്ച ഭാഗം.

## ഭാഗവത കഥാപ്രവചനാരംഭം

ഏതൊരു കാര്യം ആരംഭിക്കുവാനും അതിനു പുറകിൽ ഒരു കാരണമുണ്ടാകും. ആ കാരണത്തിലേക്കെത്തുകയാണ് ഒന്നാം സ്കന്ധത്തിന്റെ ലക്ഷ്യം.

### ഒന്നാം സ്കന്ധത്തിലെ 19 അധ്യായവിഷയങ്ങൾ

1–3 നൈമിഷാരണ്യത്തിൽ വച്ച് സൂതമഹർഷിയോട് ശൗനകാദി മഹർഷിമാർ ഭാഗവത വിഷയങ്ങളെക്കുറിച്ച് ചോദിക്കുന്നു. ഭാഗവതകഥ കേൾക്കുന്നതിന്റെ മഹത്വം, ശ്രേയസ്, ഭക്തന്മാരുടെ ലക്ഷണം, ഭഗവാന്റെ അവതാരങ്ങൾ, എന്നീകാര്യങ്ങൾ സൂതമഹർഷി വിവരിക്കുന്നു.



Scanned with CamScanner

4. ഇതേ വിഷയങ്ങളെക്കുറിച്ച് വേദവ്യാസനും നാരദമഹർഷിയും, പണ്ട് ചർച്ച ചെയ്തത് ഉദ്ധരിച്ചുകൊണ്ടാണ് സൂതമഹർഷി വിവരണം നൽകുന്നത്.

5–6. ഭഗവാന്റെ മാഹാത്മ്യം, പരസ്പരം വിവരിച്ച് വ്യാസ-നാരദ മഹർഷിമാർ അവരുടെ തന്നെ പൂർവ ജന്മവൃത്താന്തവും സ്മരിക്കുന്നു.

7. നാരദമഹർഷിയുടെ ഉപദേശമനുസരിച്ച് വേദവ്യാസൻ ഭാഗവതരചനയാരംഭിക്കുകയാണ് എന്ന് സൂതമഹർഷി ശൗനകനോട് പറയുന്നു.

8,9. അർജ്ജുന പുത്രനായ അഭിമന്യുവിന് ഉത്തരയിൽ ജനിച്ച പരീക്ഷിത്ത് മഹാരാജാവിനെ ഓർക്കുമല്ലോ! (പരീക്ഷിത്തിനെ ഹസ്തിനപുരത്തിന്റെ ഭരണഭാരം ഏൽപ്പിച്ചിട്ടാണ് പാണ്ഡവർ മഹാപ്രസ്ഥാനത്തിനിറങ്ങിയത്). അശ്വത്ഥാമാവിന്റെ ശരമേറ്റ് ഗർഭത്തിൽ തന്നെ മരിച്ച പരീക്ഷിത്തിന് ജീവൻനൽകിയ ശ്രീകൃഷ്ണനെ കുന്തിയും മറ്റുള്ളവരും നന്ദി സൂചകമായി സ്തുതിക്കുന്നു. കുരുക്ഷേത്രയുദ്ധം കഴിഞ്ഞ് രാജ്യഭരണമേറ്റെടുക്കുന്നതിനു മുമ്പ്, ധർമ്മപുത്രൻ ശരശയ്യയിൽ കിടക്കുന്ന ഭീഷ്മരിൽ നിന്ന് ധർമ്മനീതിയെക്കുറിച്ചുള്ള ഉപദേശം തേടുന്നു.

**(ഭാഗവത ശ്രോതാക്കളായ നാം അറിഞ്ഞിരിക്കേണ്ട ധർമ്മനീതിസാരമാണ് ഭീഷ്മപിതാമഹൻ, ധർമ്മപുത്രർക്ക് വിവരിക്കുന്നത്)**

10. ഭരണഭാരം ഏറ്റെടുക്കുന്ന ചടങ്ങുകളിലെല്ലാം പങ്കെടുത്തതിനുശേഷം ശ്രീകൃഷ്ണൻ ദ്വാരകയിലേക്ക് യാത്രയാകുകയും ദ്വാരകാവാസികൾ ശ്രീകൃഷ്ണന് സ്വീകരണം നൽകുകയും ചെയ്യുന്നു. (Background information)

12–14. പരീക്ഷിത്തിന്റെ ജന്മോത്സവം ഗംഭീരമായി നടക്കുന്നു. കാലം കുറേയേറെ കഴിഞ്ഞുപോയി. ഗാന്ധാരിയും ധൃതരാഷ്ട്രരും വിദുരോപദേശപ്രകാരം വാനപ്രസ്ഥം സ്വീകരിക്കുന്നു. യാത്രാവേളയിൽ അവർ ധാരാളം അപശകുനങ്ങൾ കാണുന്നു. അർജ്ജുനൻ ദ്വാരകയിൽ നിന്ന് തിരിച്ചു വരുന്നു.

**വീണ്ടും ദശാബ്ദങ്ങൾ ഒഴുകി നീങ്ങുന്നു !**



Scanned with CamScanner

15. ദ്വാരക, സമുദ്രത്തിൽ മുങ്ങിയതും യാദവകുലം നശിച്ചതും ശ്രീകൃഷ്ണ സ്വർഗാരോഹണവും, ഹസ്തിനപുര വാസിക ളറിയുന്നു. രാജ്യഭരണം പരീക്ഷിത്തിനെ ഏൽപിച്ച് പാണ്ഡ വർ മഹാപ്രയാണം ആരംഭിക്കുന്നു.

16–17. ദിഗ്വിജയം നേടി, വീരശൂര പരാക്രമിയും ധർമ്മിഷ്ഠനുമായ പരീക്ഷിത്ത് ഹസ്തിനപുരം ഭരിക്കുന്നു. പരീക്ഷിത്തിന്റെ ധർമ്മജ്ഞാനം ഗഹനമായി (നമുക്കായി ഇവിടെ വിവരി ക്കുന്നുണ്ട്. **(മേൽ വിവരിച്ചത് മഹാഭാരതത്തിന്റെ ഒരു സംക്ഷിപ്തമാണ്. അതിലൂടെ നാം ഭാഗവതത്തിലേക്കൊ ഴുകുകയാണ്.)**

18. പരീക്ഷിത്ത് നായാട്ടിനുപോകവേ, അമ്പേറ്റ മാനിനെ അന്വേ ഷിച്ചുനടന്നപ്പോൾ ശമീക മഹർഷി ധ്യാനനിരതനായിരിക്കു ന്നത് കാണുന്നു. മാനിനെക്കുറിച്ചന്വേഷിക്കുന്ന ചോദ്യങ്ങൾക്കുത്തരം ലഭിക്കാതെവന്നപ്പോൾ, മുനി ധിക്കാരം കാണിക്കുന്നു എന്ന് ധരിച്ച് ഒരു ചത്ത പാമ്പിനെ ശമീകന്റെ കഴുത്തിലിട്ട് യാത്രയാകുന്നു. മുനിയുടെ പുത്രൻ ഗവിജാതൻ, ധ്യാനനിരതനായ തന്റെ അച്ഛന്റെ കഴുത്തിൽ ചത്തപാമ്പിനെ ഇട്ടതാരാണെങ്കിലും അയാൾ ഏഴു ദിവസ ത്തിനുള്ളിൽ തക്ഷകൻ കടിച്ച് മരിക്കുമെന്ന് ശപിക്കുന്നു. **(എത്ര പ്രതാപശാലിക്കും വിനാശകാലേ വിപരീതബുദ്ധി എന്ന് നാം ഓർമ്മിക്കണം.)**

19. ശാപവിവരമറിഞ്ഞ് പരീക്ഷിത്ത് ദുഃഖഭാരത്താൽ, ഗംഗാതീ രത്തെ ഋഷിവര്യന്മാരോട് സംഭവങ്ങൾ വിവരിക്കുന്നു. ശ്രീശുക ബ്രഹ്മഋഷി പരീക്ഷിത്തിന്റെ എല്ലാ ചോദ്യങ്ങൾക്കും ദുഃഖങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്നു. (ഇത് വേദവ്യാ സൻ മഹാഭാഗവതത്തിലെഴുതി എന്ന് സൂതമർഷി ശൗന കാദിമഹർഷിമാരോട് പറയുന്നു).

ഇവിടെ ഭാഗവതത്തിന്റെ ഉത്ഭവകാരണം പരീക്ഷിത്തിനു ലഭിച്ച ശാപമാണെന്നും, പലപല ഘോര ദുഃഖങ്ങൾപോലും അതിമഹത്തായ നന്മയ്ക്കായി പ്രയോജനപ്പെടുത്തണ മെന്നും വിവരിക്കുന്നു. ഭാഗവതത്തിന്റെ ഉത്ഭവത്തെക്കുറി ച്ചുള്ള ഒരു ലഘുവിവരണമാണ് (background) ഒന്നാം സ്കന്ധത്തിൽ നൽകുന്നത്. (ഈ ശാപമാണ് അതിമഹ



Scanned with CamScanner

ത്തായ മഹാഭാഗവതരചനക്ക് കാരണമായതെന്നോർക്കുക). ഇനി ശ്രീശുക ബ്രഹ്മർഷിയും പരീക്ഷിത്തും തമ്മിലുള്ള ചോദ്യോത്തരങ്ങളിലൂടെ ചർച്ചയാണ്.

## രണ്ടാം സ്കന്ധം

രണ്ടാം സ്കന്ധത്തിലെ പത്ത് അധ്യായങ്ങളിലായി ആത്മീയതയുടെ പ്രായോഗിക വശങ്ങളെക്കുറിച്ചുള്ള വിവരണങ്ങളാണ്. (ഭാഗവതവിവരണം കേൾക്കാൻ പരീക്ഷിത്തിനേയും ഭക്തജനങ്ങളെയും തയ്യാറാക്കാനാണ് ഈ സ്കന്ധത്തിലെ വിവരണം.)

1. ഈശ്വരധ്യാനം, മഹാവിഷ്ണുവിന്റെ വിശ്വരൂപ-വിരാട് രൂപ ധ്യാനം.
2. യോഗവിദ്യയുടെ സമ്പൂർണവിവരണം, യോഗിയുടെ മഹത്വം യോഗവിദ്യയിലൂടെയുള്ള മുക്തി. **(ലളിതമായ ഭാഷയിൽ ഇവിടെ യോഗചര്യ വിവരിക്കുന്നു.)**
3. ഭൗതീക ജീവിതത്തിലെ അഭ്യുന്നതിക്കായി ആത്മീയതയുടെ പ്രയോഗം എന്നീ വിഷയങ്ങൾ ശ്രീശുകൻ വിവരിക്കുന്നു. (ഈശ്വരോപാസനയുടെ മഹത്വ വിവരണമാണിത്)
4. പ്രപഞ്ചത്തിൽ നടക്കുന്ന സൃഷ്ടി (സർഗം) യെക്കുറിച്ചുള്ള ശാസ്ത്രീയവിവരണം ബ്രഹ്മാവ് നൽകുന്നതായി, ശ്രീശുകൻ പരീക്ഷിത്തിനെ അറിയിക്കുന്നു. (സൃഷ്ടിയുടെ ശാസ്ത്രീയ വീക്ഷണം ഭാരതീയർക്കുണ്ടായിരുന്നതിന് തെളിവാണിത്)
5. ബ്രഹ്മാണ്ഡത്തിന്റെ ഉത്ഭവം, ബ്രഹ്മാണ്ഡത്തിന്റെ ഘടകങ്ങൾ (composition), പരിണാമം (evolution), പ്രവർത്തനം (action - reaction), എന്നീ ശാസ്ത്രവിഷയങ്ങൾ അത്ഭുതകരമായ വിജ്ഞാന ദൃഷ്ടിയോടെ ബ്രഹ്മാവ് നാരദന് വിവരിക്കുന്നതായി ശ്രീശുകൻ പരീക്ഷിത്തിന് ഉപദേശിക്കുന്നു.
6. പ്രപഞ്ചപുരുഷ സങ്കല്പം (cosmic form), വേദത്തിലെ പുരുഷസൂക്തത്തിലേതുപോലുള്ള വിവരണം (Robert Hoyle എന്ന നോബൽ സമ്മാനാർഹനായ ശാസ്ത്രജ്ഞൻ വിവരിച്ചതുപോലുള്ള വിവരണമാണിവിടെ നൽകിയിട്ടുള്ളത്)
7. പ്രപഞ്ചത്തിന്റെ ഭാഗമായ ഭൂമിയുടെ ഘടന, സന്തുലിതാവസ്ഥ, ഭൂമിയുടെ സന്തുലിതാവസ്ഥയും ശാന്തസ്ഥിതിയും നിലനിർത്താൻ അവതാരങ്ങളുണ്ടാകുന്നതിന്റെ ഉദ്ദേശവും കാരണവും വിവരിക്കുന്ന അവസരത്തിൽ വരാഹാവതാരം മുതൽ



Scanned with CamScanner

ശ്രീകൃഷ്ണാവതാരം വരെയുള്ള അവതാരങ്ങളുടെ വിവരണവുമുണ്ട്. (ബ്രഹ്മാണ്ഡസൃഷ്ടിയുടെ ഭാഗമായിട്ടാണ് ഈ വിവരണങ്ങൾ)

8. പ്രപഞ്ചപുരുഷ ചൈതന്യമായ വിശ്വരൂപം, പ്രപഞ്ചത്തിന്റെ പ്രതീകാത്മകമായി ദർശിക്കുന്ന മഹാവിഷ്ണുവിനെക്കുറിച്ച് പരീക്ഷിത്തിന്റെ സംശയങ്ങൾ ശ്രീശുകൻ പരിഹരിക്കുന്നു.

9. പ്രപഞ്ച സൃഷ്ടിക്കാധാരമായ പരിണാമത്തി (evolution) ന്റെ കേന്ദ്രസ്ഥാനമായ (centre of evolution) വൈകുണ്ഠത്തെക്കുറിച്ചുള്ള വിവരണം, ബ്രഹ്മാവും മഹാവിഷ്ണുവും തമ്മിലുള്ള ചർച്ചയായിട്ടാണ്, ശ്രീശുകൻ പരീക്ഷിത്തിന് വിവരിക്കുന്നത്.

10. ഭാഗവതത്തിലെ വിഷയ വിവരണ സൂചനയും, പ്രപഞ്ച പ്രതിഭാസങ്ങൾക്ക് ദേവതാരൂപം നൽകുന്ന മനോമണ്ഡലത്തിലെ സാധനാവിവരണവും ഉജ്ജ്വലമാണ്. (പ്രൊഫ. ഫ്രിഡ്ജോഫ് കാപ്രയുടെ വരികളെ അനുസ്മരിപ്പിക്കുന്ന വിവരണമാണിത്)

(വൈകുണ്ഠപ്രാപ്തി എന്ന സന്ദേശം വളരെ വ്യക്തമായി ഇവിടെ നൽകുന്നു. ഭക്തി + ധർമ്മം + ശാസ്ത്രം ഇവ മൂന്നും ഈ സ്കന്ധത്തിൽ സമന്വയിക്കുന്നു).

## മൂന്നാം സ്കന്ധം

ഇവിടെ വിഷയം മാറുന്നു. പരീക്ഷിത്ത് മഹാരാജാവ് ശ്രീശുകനോട് (വാനപ്രസ്ഥത്തിനുപോയ ധൃതരാഷ്ട്രർക്കും, ഗാന്ധാരിക്കും കൂടാതെ വിദുരനും എന്തു സംഭവിച്ചു എന്നറിയണമെന്നാഗ്രഹമുണ്ടെന്ന് പറയുന്നു)

1–4. ദുഖിതരായ വിദുരനും ഉദ്ധവനും ഭൂതകാലം സ്മരിച്ചുകൊണ്ട് പഴയ കാര്യങ്ങൾ സംസാരിച്ചതിനെക്കുറിച്ച് ശ്രീശുകൻ ഉദ്ധരിക്കുന്നു – ശ്രീകൃഷ്ണചരിതം, കൃഷ്ണലീലകൾ, മഥുരാഗമനം, ദ്വാരകാനിർമ്മാണം, യാദവവംശം വളർന്നതും, പിന്നെ നശിച്ചതും, ഉദ്ധവന് ശ്രീകൃഷ്ണൻ നൽകിയ ഉപദേശവും..., ഇങ്ങിനെയുള്ള സ്മരണകൾ ഉദ്ധവൻ വിദുരനോട് (നാലദ്ധ്യായങ്ങളിലായി) പറഞ്ഞതായി ശ്രീശുകൻ പരീക്ഷിത്തിന്റെ ചോദ്യത്തിന് മറുപടി നൽകുന്നു.

5–7. തുടർന്ന് വിദുരൻ മൈത്രേയ മഹർഷിയെ കണ്ടു എന്നും



Scanned with CamScanner

പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുതന്നെ ചോദിച്ചു എന്നും പറഞ്ഞു. ജീവന്റെ ഉത്ഭവം, പ്രപഞ്ചചൈതന്യാംശമായ ഈശ്വരചൈതന്യം, പ്രപഞ്ചത്തിൽ എങ്ങിനെ പ്രവർത്തിക്കുന്നു എന്നും (Manifestation and manipulation of awareness and consciousness) ശാസ്ത്രീയമായി മൈത്രേയൻ വിദുരന്റെ ചോദ്യത്തിനു മറുപടിയായി വിവരിക്കുന്നു.

8-10. പ്രപഞ്ചസൃഷ്ടി, സൃഷ്ടി പ്രക്രിയ, ബ്രഹ്മാവിഷ്ണുവിന്റെ പ്രതീകാത്മക വിവരണം (symbolic presentation), പ്രപഞ്ചചൈതന്യമായ മഹാവിഷ്ണുവിന്റെ നാഭിയിലെ കമലത്തിലിരിക്കുന്ന ബ്രഹ്മദേവന്റെ ഉത്ഭവം, പ്രപഞ്ചചൈതന്യവും (energy) ദ്രവ്യവും (matter) ഉപയോഗിച്ച് നടക്കുന്ന പത്തു തരം സൃഷ്ടിയുടെ വിവരണം, സൃഷ്ടിക്കപ്പെട്ടവയിൽ ഉണ്ടാകുന്ന പരിണാമം, (Darvin's evolution theory) അതിലൂടെ അനവധി ജീവജാലങ്ങളുടെ ആവിർഭാവം എന്നീ വിഷയങ്ങൾ വിവരിക്കുന്നു. (ഇവിടെയാണ് ഭാരതീയ തൃമൂർത്തി സങ്കൽപ വിവരണം വരുന്നത്)

11. ജീവജാലങ്ങളുടെ പരിണാമത്തിനെടുക്കുന്ന കാലയളവ് വിവരിക്കുന്ന കൂട്ടത്തിൽ മൈത്രേയൻ വിദുരന് മഹായുഗങ്ങളെക്കുറിച്ചും (4320000 വർഷങ്ങൾ) മന്വന്തരങ്ങളെക്കുറിച്ചും (72 x 4320000 വർഷങ്ങൾ) കൽപങ്ങളെക്കുറിച്ചും (14 x 72 x 432000 വർഷങ്ങൾ) വിവരിക്കുന്നു. മനുഷ്യ - ദേവ - ബ്രഹ്മദിനങ്ങളെക്കുറിച്ചും, വർഷങ്ങളെക്കുറിച്ചും, യുഗങ്ങളെക്കുറിച്ചുമുള്ള വിവരണം, കാലപരിമാണങ്ങൾ, എന്നീവിഷയവിവരണങ്ങൾ സുദീർഘമായി, മൈത്രേയൻ വിദുരന് നൽകുന്നു. (എന്ന് ശ്രീശുകബ്രഹ്മർഷി പരീക്ഷിത്തിനെ അറിയിക്കുന്നു) **ഭാരതീയകാലവിജ്ഞാന ഭണ്ഡാരം ഇവിടെ തുറക്കപ്പെടുന്നു. ചിന്താതീതമായ ഒരു ഭാരതീയ വിജ്ഞാന ശാഖയാണിത്)**

12-14 ബ്രഹ്മസങ്കൽപം, തൃമൂർത്തിസങ്കൽപം, സൃഷ്ടിയുടെ ഭാഗമായി വേദത്തിന്റെ ഉത്ഭവം, രുദ്രൻ, മരീചി തുടങ്ങിയ പ്രപഞ്ച ദേവതാ രൂപങ്ങൾ, ബ്രഹ്മസൃഷ്ടികളുടെ സംക്ഷിപ്തം, ദക്ഷപ്രജാപതിയുടെ പുത്രിയായ ദിതിയിൽ നിന്ന് അസുരവംശവും കശ്യപന് അദിതിയിൽ നിന്ന് ദേവന്മാരും



Scanned with CamScanner

ജന്മമെടുത്ത ചരിതം (ഇവിടെ അസുരന്മാർ - ദേവന്മാർ എന്നീ പദങ്ങൾക്ക് ആസുരീക ശക്തകളെന്നും നന്മയുടെ ഈശ്വരീയ ശക്തികളെന്നും വിവരണം നൽകാം. ഭാരതീയ ഈശ്വര സങ്കൽപം പ്രതീകാത്മകമായി വിവരിക്കണമെങ്കിൽ അറിഞ്ഞിരിക്കേണ്ട ഭാഗമാണിത്)

15-16. മഹാവിഷ്ണുവിനെക്കുറിച്ചുള്ള വിവരണം തുടരുന്നു! വൈകുണ്ഠത്തിലെത്തിയ സനകാദി മഹർഷിമാരെ തടഞ്ഞ ദ്വാരപാലകരായ ജയവിജയന്മാർക്ക് ലഭിച്ച ശാപവും അവർ ഹിരണ്യാക്ഷനും ഹിരണ്യകശിപുവുമായി ജന്മമെടുത്തകഥയും, ദ്വാരപാലകധർമ്മം ഉത്തമ രൂപത്തിൽ അനുഷ്ഠിച്ച ജയവിജയന്മാരെ, താൻ സ്വയം അവതാരമെടുത്ത്, തിരിച്ചു കൊണ്ടുവരുമെന്ന മഹാവിഷ്ണു വചന വിവരണവുമാണിവിടെ. (ഭൂഗോളത്തിൽ നന്മതിന്മകളുടെ positive - negative ലൂടെയാണ് പരിണാമം നടക്കുക എന്നതാണ് ഈ കഥയുടെ സന്ദേശം)

17-21 ഹിരണ്യാക്ഷ-ഹിരണ്യകശിപുചരിതം, വരാഹാവതാരം, ഹിരണ്യാക്ഷ നിഗ്രഹം, സൃഷ്ടിയുടെ പുനരാരംഭം, മന്വന്തരങ്ങളുടേയും യുഗങ്ങളുടേയും വിവരണം (ഇവിടെ വീണ്ടും വരുന്നു) സൃഷ്ടിയും - പരിണാമവും വിവരിക്കുന്ന സമയത്ത് കർദ്ദമ മഹർഷിയും സ്വായംഭൂവമനുവും തമ്മിൽ ചർച്ച ചെയ്യുന്ന രൂപത്തിലാണ് വിദുര-മൈത്രേയ സംവാദം.

22-23 കർദ്ദമ മഹർഷിയും ദേവഹൂതിയും വിവാഹിതരാകുന്ന വേളയിൽ (എഞ്ചിനീയറായ) കർദ്ദമമഹർഷി പത്നിക്കായി നിർമ്മിച്ച അതിമനോഹരമായ വിമാനത്തെക്കുറിച്ച് സുദീർഘവും അത്ഭുതകരവുമായ വിവരണം സാന്ദർഭികമായി ഇവിടെ നൽകുന്നുണ്ട്. (ഭാഗവതമെന്ന് ആത്മീയ ഗ്രന്ഥം വായിക്കുന്ന വേളയിൽ ഭാരതീയ ശാസ്ത്ര-സാങ്കേതിക പൈതൃകത്തിന്റെ അഗാധത മനസ്സിലാക്കാൻ ഈ വിവരണം ഉപകരിക്കും. വിഷയം വിമാനത്തിലേക്ക് കടന്നത് ശ്രദ്ധിക്കുക)

24-25. (വിഷയം വിണ്ടും മാറുന്നു) കർദ്ദമ മഹർഷിക്ക് സിദ്ധനായ കപിലമഹർഷി പുത്രനായി ജനിക്കുന്നു. സാംഖ്യ ദർശനത്തിന്റെ പിതാവായ കപിലനും കർദ്ദമമഹർഷിയും



Scanned with CamScanner

തമ്മിലും, കപിലനും മാതാവായ ദേവഹൂതിയും തമ്മിലും നടന്ന സംവാദരൂപത്തിലും ദർശന വിഷയങ്ങളായ സാംഖ്യയോഗം, ഭക്തിയോഗം, എന്നീ ദർശനത്തിന്റെ അഗാധതലങ്ങൾ മൈത്രേയി വിദുരനു വിവരിക്കുന്ന എന്ന് ശ്രീശുകൻ പരിക്ഷിത്തിനോടു വിവരിക്കുന്നു. (സ്ത്രീകൾക്ക് ഭാരതീയ ജ്ഞാന വിജ്ഞാന വിഷയങ്ങളിലുണ്ടായിരുന്ന ഗഹനമായ അറിവ് ദേവഹൂതിയിലൂടെ വ്യക്തമാകുന്നു)

26-27. ദേവഹൂതി - കപിലസംവാദത്തിൽ സദാചാരം, സത്കർമ്മം ഭക്തിയോഗം എന്നീ വിവരണങ്ങളും വരുന്നുണ്ട്. (പ്രായോഗിക ധർമ്മശാസ്ത്രമാണ് വിഷയം)

28-33. പതഞ്ജലിയുടെ യോഗം, സബീജ-നിർബീജ ധ്യാനോപാസന, ധാരണ, ധ്യാന, സമാധി എന്നീ വിഷയങ്ങൾ, ദേശവും കാലവുമനുസരിച്ച് ഭക്തി-ഉപാസനകളിലുണ്ടാകുന്ന മാറ്റം (സഖ്യഭാവം - മാധുര്യഭാവം - ദാസ്യഭാവം - വാത്സല്യഭാവം - ശാന്തഭാവം - ശത്രുഭാവം എന്നീ ഭക്തി വീക്ഷണങ്ങൾ), സ്വാർത്ഥതയുടെ പരിണത ഫലം, അധോഗതി, പാപത്തിന്റെ പ്രതിഫലമായുണ്ടാകുന്ന ജീവിത ക്ലേശങ്ങൾ, സത്കർമ്മിയുടേയും ദുഷ്കർമ്മിയുടേയും പുനർജനന പന്ഥാവ്, ഇത്രയും ഉപദേശങ്ങൾ ദേവഹൂതിക്കായി നൽകി, കപിലൻ യാത്രപോയതായി (മൈത്രേയൻ വിദുരന് നൽകിയ വിവരണം, ശ്രീശുകനിലൂടെ പരീക്ഷിത്ത് കേൾക്കുന്നു) **ഉജ്ജ്വലമായ ദർശനം + ഭക്തി + പാപപുണ്യം + കർമ്മഫലം + ധർമ്മശാസ്ത്രം ഈ അഞ്ച് വിഷയങ്ങൾ ഇവിടെ സംഗമിക്കുന്നു.**

## നാലാം സ്കന്ധം

മൈത്രേയവിദുര ചർച്ചാവിഷയമാണ് ശ്രീശുകൻ പരീക്ഷിത്തിന് നൽകുന്നത്.

1-6. മുപ്പത്തി ഒന്ന് അധ്യായങ്ങളുള്ള നാലാം സ്കന്ധത്തിൽ ഒന്നാം അധ്യായം പ്രധാനമായും മന്വന്തരവർണ്ണനയാണ്. തുടർന്ന് ദക്ഷപ്രജാപതിയുടെ ജനനം, ദക്ഷ-ശിവബന്ധം, ദക്ഷയാഗം, ദക്ഷപുത്രി സതിയുടെ ആഗമനം, ദക്ഷായാഗ



Scanned with CamScanner

വേളയിൽ ശിവന് അനുഭവിക്കേണ്ടിവന്ന അപമാനം, സതിയുടെ ദേഹത്യാഗം, ദക്ഷവധം (വികാരവിചാരങ്ങൾ മനുഷ്യമനസ്സുകളിലുണ്ടാക്കുന്ന അനുഭവവിവരണമാണിവിടെ നൽകുന്നത്)

7. ദേവന്മാർ, രൗദ്രഭാവത്തിലുള്ള ശിവനെ ശാന്തനാക്കി ദക്ഷന് പുനർജീവൻ നൽകി ദക്ഷയാഗം പൂർണമാകുന്നത്. (തുല്യ ശക്തിയുള്ള നന്മകൾ, നന്മനിറഞ്ഞ കർമ്മ ബന്ധങ്ങൾക്കിടയ്ക്ക് വാശി - പക- ശക്തി എന്നിവയുടെ ദുഃസ്വാധീനത്തിലുണ്ടാകുന്ന അപകടങ്ങൾ നമ്മെ ഓർമ്മിപ്പിക്കാനാണ് ഈ വിവരണം)

8–12 ധ്രുവന്റെ ചരിതമാണ് ഈ അധ്യായങ്ങളിൽ വരുന്നത്. സ്വായംഭൂവമനുവിന്റെ പൗത്രനായ ധ്രുവൻ വനത്തിലേക്ക് പോകുന്നു. നാരദോപദേശം സ്വീകരിച്ച് തപസ്സ് ചെയ്ത്, ഭഗവദ്ദർശനം ലഭിച്ച് മടങ്ങിവന്ന് രാജ്യഭാരം ഏറ്റെടുക്കുന്നു. സ്വസഹോദരനായ ഉത്തമനെ, യക്ഷന്മാർ വധിച്ചതിനാൽ യക്ഷന്മാരെ ധ്രുവൻ ശിക്ഷിക്കുകയും പിതാവായ സ്വായംഭുവൻ ധ്രുവനെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഗംഗാതീരത്ത് തപസ് ചെയ്ത് ധ്രുവൻ ഇഹലോകവാസം വെടിയുന്നു. ഒരു രാജാവിന്റെ സമഗ്രജീവിത ദർശനമാണ് ഇവിടെ വിവരിക്കുന്നത്.

13–20 അധർമ്മിയും ആസുരീകശക്തനുമായ ധ്രുവപുത്രനായ വേനൻ രാജ്യഭാരം ഏറ്റെടുത്ത്, ദുഷ്കർമ്മം ചെയ്ത് ജീവിക്കവെ, പൃഥു എന്ന ധർമ്മിഷ്ഠനായ ഒരു പുത്രൻ ജനിച്ച്, വളർന്ന്, രാജ്യഭാരം ധാർമ്മികമായി നടത്തി, അശ്വമേധയാഗം കഴിച്ചപ്പോഴുണ്ടായ വിഘ്നം ഈശ്വരാനുഗ്രഹത്താൽ നീക്കി, ഭഗവത് ദർശനം ലഭിച്ച്, ദീർഘകാലം ഭരിച്ച ചരിതം.

21–23. ഭഗവാൻ, ധർമ്മിഷ്ഠനായ പൃഥുവിന് ജീവിത മൂല്യങ്ങൾ വിവരിച്ചുകൊടുക്കുന്നു. തുടർന്ന് ജീവിത വിരക്തി വന്ന പൃഥുവിന് സനൽകുമാരനും ജ്ഞാനോപദേശം നൽകുന്നു. ജ്ഞാനിയായി മാറിയ പൃഥു വനത്തിൽ തപസ്സുചെയ്ത് യോഗവിദ്യയിലൂടെ സഞ്ചരിച്ച് ജീവൻ മുക്തനാകുന്നു.



Scanned with CamScanner

ധർമ്മം- അധർമ്മം ഇവയിലൂടെ സഞ്ചരിക്കുന്ന മാതാപിതാക്കൾക്ക് അധർമ്മം-ധർമ്മം എന്നീ പന്ഥാവിലൂടെ സഞ്ചരിക്കുന്ന മക്കളും, തലമുറകളുമുണ്ടായാലുള്ള ജീവിതാനുഭവങ്ങൾ എപ്രകാരമായിരിക്കും എന്ന് നമുക്ക് മനസ്സിലാക്കുവാനായിട്ടാണ് ഈ വിവരണം.

24. പൃഥുവിന്റെ വംശാവലിയെക്കുറിച്ച് ഈ അധ്യായത്തിൽ വിവരിക്കുന്നു.

25-29. അഞ്ച് അധ്യായങ്ങളിൽ യാഗത്തിന്നായി പശുക്കളെ ബലിയർപ്പിച്ച പ്രാചീന ബർഹിസ്സിന്റെ ചരിത്രം കഥാരൂപത്തിൽ വിവരിക്കുന്നു. **ഇത് പുരഞ്ജനോപാഖ്യാനം എന്നറിയപ്പെടുന്നു.** പശുക്കളെ ഹോമിച്ച് അനവധി യാഗങ്ങൾ നടത്തിയ ബർഹിസ്സിനെ കാലകന്യക (ദയൻ എന്ന യവനരാജാവിൽ നിന്ന് ലഭിച്ച വരശക്തിയാൽ) ആക്രമിച്ച് കീഴടക്കി, ബന്ധസ്ഥനാക്കിയ വേളയിൽ യാഗത്തിനായി ബലി കൊടുത്ത പശുക്കളുടെ ആത്മാക്കൾ ബർഹിസ്സിനെ ആക്രമിക്കുന്നതായി അനുഭവപ്പെടുന്നു. ഇതാണ് കഥാസാരം. (ഈ ഭാഗത്തിലെ സന്ദേശങ്ങളുടെ ലക്ഷ്യം യാഗത്തിൽ മൃഗബലി പാടില്ല എന്നറിയിക്കലാണ്) പുരഞ്ജനോപാഖ്യാനത്തിൽ കഥാശ്രവണ ഫലവിവരണമുണ്ട്, ഉപദേശം സ്വീകരിച്ച ബർഹിസ്സിന്റെ മോക്ഷ വിവരവും!

30-31. ധർമ്മപന്ഥാവിലൂടെ ചരിച്ച പ്രചേതസ്സിന്റെ ഭഗവത് ദർശനം, വരപ്രാപ്തി, മുക്തി (മൈത്രേയൻ - വിദുരന് വിവരിക്കുന്നതായി ശ്രീശുകൻ പരീക്ഷിത്തിനെ അറിയിക്കുന്നു- **പ്രായോഗിക ധർമ്മ ശാസ്ത്രവിവരണമാണിവിടെ വരുന്നത്)**

## അഞ്ചാം സ്കന്ധം

ഇരുപത്തിയാറ് അധ്യായങ്ങളിലൂടെയാണ് വിഷയാവതരണം

1. മനുവംശ വിവരണം: ഭൂമിയുടെ ഭ്രമണ വേഗതയിൽ രഥമോടിച്ച് അസ്തമിക്കാത്ത സൂര്യനെ ദർശിച്ച പ്രിയവ്രത ചരിതം **(ഭൂഭ്രമണ വേഗതയിൽ സഞ്ചരിച്ചാൽ സൂര്യനെ ഒരേ സ്ഥാനത്തുകാണാമെന്നതാണ് ശാസ്ത്ര സത്യം)**

2. മഹാതപസ്വിയും ധർമ്മജ്ഞനുമായിരുന്ന, ഏഷ്യാ ഭൂഖണ്ഡം (ജംബു ദ്വീപ്) മുഴുവൻ ഭരിച്ച അഗ്നീധ്രന്റെ ചരി



Scanned with CamScanner

തം. വീരശൂര പരാക്രമികളായ അഗ്നീധ്രന്റെ നവപുത്രന്മാരുടെ ചരിതം.

3-4. അഗ്നീധ്രപുത്രനായ നാഭീദേവന്റേയും, ദത്തവരന്റേയും, ഋഷഭദേവന്റേയും ചരിതം.

5-6. മഹാതപസ്വിയായ ഋഷഭദേവൻ തന്റെ പുത്രന്മാർക്ക് ജ്ഞാനോപദേശം നൽകി, സ്വയം അവധൂതനായി മാറി, ഋഷഭകൂട വനത്തിലെ അഗ്നിയിൽ ദേഹത്യാഗം ചെയ്ത ചരിതം.

7-10. ഋഷഭ ദേവ പുത്രനായ **ഭരതന്റെ ചരിതം**, വാനപ്രസ്ഥവേളയിൽ പുലഹ മഹർഷിയുടെ ആശ്രമത്തിൽ തപസു ചെയ്യവേ, മുമ്പിൽ വന്ന് പ്രസവിച്ച മാൻപേടയുടെ കുഞ്ഞിനെ വളർത്തി. ജീവിതാന്ത്യംവരെ അതിനെ പരിലാളിച്ച്, അതിനെ മാത്രം ചിന്തിച്ച്, ജീവൻ വെടിഞ്ഞ്, അടുത്ത ജന്മത്തിൽ മാനിന്റെ സ്വഭാവമുള്ള ഭരതമ്മാനായി ഉത്തമകുലത്തിൽ ഭരതൻ വീണ്ടും ജനിക്കുന്ന കഥ. ഈ ഭരതന്റെ പേരിൽ "അജനാഭം" - ഭാരതമായി എന്നും പറയപ്പെടുന്നു.

11 മാതൃ-പിതൃവിയോഗത്താൽ ദുഃഖിതനായി, ഏകനായി, മൂകനായി എല്ലാവരാലും അവഹേളിക്കപ്പെട്ട്, ജ്ഞാനിയായതിനാൽ സർവ്വതും സഹിച്ച് ശാന്തനായി ജഡഭരതനെന്ന (പേരിൽ) ജീവിച്ച്, രഹുഗണന്റെ പല്ലക്ക് ചുമന്ന്, ഭദ്രകാളിക്ക് കുരുതിക്കായി കൊണ്ടുപോകുന്ന വേളയിൽ ദേവീപ്രസാദത്താൽ രക്ഷപ്പെട്ട്, ജ്ഞാനിയാണെന്ന് തിരിച്ചറിഞ്ഞപ്പോൾ, അപരാധം പൊറുക്കണമെന്നപേക്ഷിച്ച് ജഡഭരതനെ നമസ്കരിച്ച, രഹുഗണന് ജഡഭരതൻ ജ്ഞാനോപദേശം നൽകുന്നു. ഉജ്ജ്വല ജ്ഞാനിയുടെ ലക്ഷണം കഥാരൂപത്തിൽ ജഡഭരതനിലൂടെ നമ്മെ അറിയിക്കുകയാണിവിടെ.

12. ഭൗതിക ജീവിതത്തിലെ ദുഃഖം, വേദന, ആത്മീയതയുടെ മഹത്വം, സത്സംഗം, ജന്മജന്മാന്തര കർമ്മം ഇവയെല്ലാം (നമുക്കായി) ജഡഭരതൻ രഹൂഗണന് വിവരിക്കുന്നു. (ജീവിത യാഥാർത്ഥ്യ വിവരണം)

13-14. ജീവിതത്തെ തന്നെ ഭവാടവി എന്ന ഘോരവനത്തോട് ഭരതൻ ഉപമിക്കുന്ന വിവരണം വളരെ ശ്രദ്ധേയമായികാണാം.



Scanned with CamScanner

രഹൂഗണ-ഭരതചർച്ചയിലൂടെ ജീവിതമാകുന്ന ഈ വൻകാട്ടിലുള്ള എല്ലാ ക്രൂരമൃഗങ്ങളെക്കുറിച്ചും അനുഭവങ്ങളെക്കുറിച്ചുമാണ് ഭരതൻ വിവരണം നൽകുന്നത്. (ജീവിത യാഥാർത്ഥ്യ വിവരണം)

15. ജഡഭരതന്റെ വംശവിവരണം

16. പൂർണമായും വ്യത്യസ്തമായ മറ്റൊരു വിഷയത്തിലേക്ക് ശ്രീശുക ബ്രഹ്മർഷിയുടേയും പരീക്ഷിത്തിന്റെയും ചർച്ച പോകുകയാണ്. ജ്യോതിഷമെന്ന അഞ്ചാം വേദാംഗമാണിവിടെ വിഷയം. ഭൂമിശാസ്ത്രപരമായ വിവരണം (ജ്യോഗ്രഫി). സപ്തദ്വീപുകൾ (Seven Continents) ഭാരതദേശ മഹത്വം, ഭൂഭ്രമണ വേഗതയിൽ രഥമോടിച്ച് എല്ലായിടത്തും സൂര്യനെ ഒരു പോലെ കാണാൻ സാധിച്ച വിവരണം. (പ്രിയവ്രതചരിത്രം വീണ്ടും ഇവിടെ ആവർത്തിക്കുന്നു. (ഭൂഭ്രമണത്തിന്റെ ശാസ്ത്രീയമായ കാഴ്ചപ്പാടാണ് ഈ വിവരണത്തിൽ)

17–18. ഭാരത ദേശമഹത്വ വിവരണത്തിൽ ഭാഗീരഥി നദിയെയും മറ്റനവധി പുണ്യ നദികളെയും കുറിച്ചുള്ള വിവരണം.

19–20. സമഗ്രവും സമ്പൂർണവുമായ ഭാരത ദേശവർണനം, ജാംബക്കായുടെ ആകൃതി (ജംബു ദ്വീപ്) യിലുള്ള ഏഷ്യാ ഭൂഖണ്ഡവിവരണം, ശാക-ശാൽമലി- പ്ലക്ഷ-കുശ - ക്രൗഞ്ച തുടങ്ങിയ സപ്തദീപുകളുടെ വിവരണം (ആഫ്രിക്ക, നോർത്ത് അമേരിക്ക, സൗത്ത് അമേരിക്ക, ഏഷ്യ, ആസ്ട്രേലിയ തുടങ്ങിയവ **3000 വർഷങ്ങൾക്ക് മുമ്പ് എഴുതിയ ഭാഗവതത്തിൽ ഭൂമിയുടെ ഗോളാകൃതിയെക്കുറിച്ചും, ഭ്രമണത്തെക്കുറിച്ചും, ഘടനയെക്കുറിച്ചും, സവിസ്തരം ശാസ്ത്രീയമായി വിവരിക്കുന്നത് അത്ഭുതകരമാണ്**)

21–22. രാവ്-പകൽ, ഉദയാസ്തമനം, ഋതുഭേദം ഉത്തര ദക്ഷിണായനം, ചന്ദ്രന്റെ ക്ഷയവൃദ്ധി, ഖഗോളശാസ്ത്രം എന്നീ (astronomical parameters)ജ്യോതിശാസ്ത്ര പ്രതിഭാസങ്ങളുടെ സവിസ്തരവിവരണം, കൂടാതെ മറ്റു ഗ്രഹങ്ങളുടെ സ്ഥാനവും, ഭ്രമണവും, ചലനവും വിവരിക്കുന്നു.

23. ശാസ്ത്രവും ആത്മീയതയും സമന്വയിപ്പിച്ചുകൊണ്ട് സൂര്യ-ചന്ദ്ര-നക്ഷത്ര-ജ്യോതിർഗോളങ്ങളുടെ ശാസ്ത്രീയ

ആത്മീയ വിവരണങ്ങൾ (ഇവയുടെ ഈശ്വരീയ ഭാവവിവരണവും) ഈ അധ്യായത്തിൽ വരുന്നു.

24-25. നിഴലിനെയും, സൂര്യനെ മറയ്ക്കുന്ന ചന്ദ്രനേയും രാഹുവായി ചിത്രീകരിച്ചിട്ട് രാഹുവിന്റെ വ്യാസം, ചലനവേഗത, ശാസ്ത്രീയമായ + പുരാണപരമായ ഗ്രഹണവിവരണം, ഭൂമിക്കു മുകളിലുള്ള വ്യത്യസ്ഥ തലങ്ങളും ലോകങ്ങളും വിവരിക്കുന്നു.

26. നരകങ്ങളുടെ സ്ഥാനം വിവരിക്കുന്ന വേളയിൽ പല തരത്തിലുള്ള നരകങ്ങൾ നരകയാതനകൾ ഇവയും ഇവിടെ വിവരിക്കുന്നുണ്ട്. പരീക്ഷിത്തിന് ശ്രീശുകൻ നൽകുന്ന വിവരങ്ങൾ മനഃശാസ്ത്രപരമായി, അധർമ്മാനുഷ്ഠാനത്തിൽ നിന്നു മനുഷ്യരെ പിന്തിരിപ്പിക്കാനുള്ള നരകയാതനയുടെ പന്ഥവാണ് വിഷയം.

## ആറാം സ്കന്ധം

കഴിഞ്ഞ സ്കന്ധത്തിന്റെ അവസാന ഭാഗത്തിൽ വിവരിച്ച മഹാനരകങ്ങളിൽ പതിക്കുന്നതിൽ നിന്ന് രക്ഷനേടാൻ എന്തുപായമാണുള്ളതെന്ന പരീക്ഷത്തിന്റെ ചോദ്യത്തിന് ശ്രീശുക ബ്രഹ്മർഷി ഉത്തരം നൽകുന്നു.

1-2. നാമജപമാഹത്മ്യം വിവരിക്കവേ അന്ത്യകാലത്ത് 'നാരായണ' എന്ന തന്റെ മകന്റെ പേരു വിളിച്ച് മോക്ഷം നേടിയ കന്യാകുബ്ജദേശത്തിലെ അജാമിളചരിതം വിവരിച്ച് നാമജപ മഹത്വം സൂചിപ്പിക്കുന്നു.

3. അജാമിളന്റെ ആത്മാവിനെ കൂടാതെ തിരിച്ചുപോകേണ്ടിവന്ന യമദൂതന്മാർക്ക് വൈഷ്ണവ ചൈതന്യത്തെക്കുറിച്ചും വിഷ്ണുദേവാരാധനയെക്കുറിച്ചും യമൻ വിവരിക്കുന്നു. (വൈഷ്ണവാരാധനാ മഹത്വമാണ് വിഷയം)

4-5. ദക്ഷ ചരിതത്തിന്റെ മറ്റൊരു ഭാഗം ഇവിടെ വിവരിക്കുന്നു. നാരദന് ഒരു സ്ഥലത്തും സ്ഥിരമായി വസിക്കാൻ സാധിക്കാതെ പോകട്ടെ എന്ന ദക്ഷശാപത്തിന്റെ കാരണം. (ഭക്തിയുടെ ഉത്തുംഗത്തിലിരിക്കുന്നവർക്കും ചിലപ്പോൾ ശാപമേൽക്കേണ്ടിവരും എന്നു നമ്മെ ഈ ശാപം ഓർമ്മിപ്പിക്കുന്നു)

6. ദക്ഷപുത്രിമാരുടെ ചരിതം അവരുടെ വംശവിവരണം



Scanned with CamScanner

7, 8. ഇന്ദ്രബൃഹസ്പതി വൈരം, ദേവന്മാരുടെ ശക്തിക്ഷയം മൂന്നു ശിരസുള്ള വിശ്വരൂപനെ (സത്വം + രജസ് + തമസ്) ആചാര്യനായി സ്വീകരിച്ച ഇന്ദ്രൻ പിന്നീട് വിശ്വരൂപന്റെ അധാർമ്മിക പ്രവർത്തനങ്ങൾ കണ്ട്, വിശ്വരൂപന്റെ ശിരസ്സറുക്കുന്നു. ഒരു ശിരസിലൂടെ വേദമന്ത്രാലാപനം, മറ്റൊന്നിലൂടെ മദ്യസേവ മൂന്നാമത്തേതിലൂടെ ലോകത്തെ വീക്ഷിക്കുക എന്നീ പ്രത്യേകതയുള്ള വിശ്വരൂപനെ വധിക്കുന്നു.

9–13. വൃത്രാസുര ഉത്ഭവം, ഇന്ദ്രനുമായി യുദ്ധം ചെയ്യാൻ ജന്മമെടുത്ത വൃത്രാസുര തപസ്, ദേവാസുരയുദ്ധം, ദേവവിജയത്തിന് ദധീചിമഹർഷി സ്വന്തം അസ്തി നൽകുന്നു. അതുപയോഗിച്ച് ഇന്ദ്രൻ വജ്രായുധമുണ്ടാക്കി അസുരാധിപതിയായി ത്തീർന്ന വൃത്രാസുരനെ വധിക്കുന്നു. വൃത്രനെ വധിച്ചതിന്റെ ബ്രഹ്മഹത്യാപാപത്തിൽ നിന്ന് മോചനം നേടാൻ ഇന്ദ്രൻ അശ്വമേധയാഗം നടത്തുന്നു.

14–17. വിഷ്ണുഭക്തനായിരുന്ന വൃത്രാസുരന്റെ പൂർവജന്മചരിതം. പാർവ്വതീ ശാപത്താൽ അസുരസ്വഭാവിയായി മാറിയ കഥ. (ശാപം മനുഷ്യരിൽ വരുത്തുന്ന മാറ്റമാണ് ഇവിടെ നമ്മെ അറിയിക്കുന്നത്)

18. ശ്രീശുക ബ്രഹ്മഋഷി ദിതിയുടെ വംശത്തെക്കുറിച്ച് വിവരിക്കുന്നു. തുടർന്ന് പരീക്ഷിത്തിന്റെ ആവശ്യപ്രകാരം മറ്റൊരു വിഷയമായ പുംസവനം എന്ന സംസ്കാരത്തെക്കുറിച്ച് വിവരിക്കുന്നതോടെ ആറാം സ്കന്ധം അവസാനിക്കുന്നു.

## ഏഴാം സ്കന്ധം

1–4. നാരദനും യുധിഷ്ഠിരനും, ശാപം ലഭിച്ച് ഹിരണ്യാക്ഷനും ഹിരണ്യകശിപുവുമായി മാറിയ ജയവിജയന്മാരുടെ കഥകൾ ചർച്ച ചെയ്തത് കേൾക്കണമെന്നാഗ്രഹം പരീക്ഷിത്ത് ശ്രീശുകനോടു പറയുന്നു. ഹിരണ്യകശിപുവിന്റെയും ഹിരണ്യാക്ഷന്റേയും പൂർവജന്മചരിതം, തപസ്, വരസ്വീകരണം വരലബ്ധിയോടെ അഹങ്കാരിയായിത്തീർന്ന ഹിരണ്യകശിപുവിന്റെ അധാർമ്മിക രാജ്യഭരണം, സർവ്വഗുണ സമ്പന്നനായ പ്രഹ്ളാദനെന്ന പുത്രലബ്ധി (അധാർമ്മിയായ അച്ഛൻ-ധർമ്മിഷ്ഠനായ മകൻ - വിശകലനം ചെയ്യുക)

5–7. നാരായണനല്ലാതെ മറ്റാരേയും ആരാധിക്കില്ലെന്നും, സ്വന്തം

പിതാവിനെ ഈശ്വരനായി ആരാധിച്ച് 'ഹിരണ്യകശി പവേ-നമഃ ' എന്നു ചൊല്ലാൻ സാധ്യമല്ലെന്നും പറഞ്ഞ പ്രഹ്ളാദനെ ഹിരണ്യകശിപു പല പ്രകാരത്തിൽ വധിക്കാൻ ശ്രമിക്കുന്നു.

8–10. പ്രഹ്ളാദന്റെ പ്രാർത്ഥന കേട്ട്, മഹാവിഷ്ണു, നരസിംഹാ വതാരമായി ഹിരണ്യകശിപുവധം നടത്തുന്നു. ഹിരണ്യക ശിപുവിന് മൃത്യു വരുന്നതിനെക്കുറിച്ച് ലഭിച്ച വരം യാഥാർത്ഥ്യമാക്കാനാണ് ഉമ്മറപ്പടിയിൽ, സന്ധ്യാവേളയിൽ മടിയിൽ വെച്ച് നരസിംഹരൂപത്തിൽ ഹിരണ്യകശിപുനെ വധിക്കാൻ കാരണമായത്. പ്രഹ്ളാദന്റെ നരസിംഹസ്തു തി, പ്രഹ്ളാദന് വരദാനം, പിതാവിന്റെ സിംഹാസനത്തിൽ രാജാവായുള്ള ആരോഹണം, നരസിംഹാവതാരത്തിന്റെ അന്തർധാനം.

11–13. സനാതനമായ ധാർമ്മീക മൂല്യങ്ങളെക്കുറിച്ച് ശ്രവിക്കണ മെന്ന ആഗ്രഹം പ്രകടിപ്പിച്ച ധർമ്മപുത്രന് വർണ്ണധർമ്മം, സ്ത്രീധർമ്മം, ബ്രഹ്മചര്യ-വാനപ്രസ്ഥാശ്രമികളുടെ ധർമ്മം, സന്യാസി ധർമ്മം എന്നീ വിഷയങ്ങൾ അവധൂതനും പ്രഹ്ളാദനും തമ്മിൽ നടന്ന ചർച്ചാ രൂപത്തിൽ വിവരിക്കു ന്നു. (വേദാംഗമായ കൽപശാസ്ത്രത്തിലെ ഗൃഹ്യസൂത്രം + ധർമ്മശാസ്ത്രം ഇവയുടെ പ്രയോഗിക വിവരണം)

14. ഭാര്യാ-ഭർതൃ, മാതൃ-പിതൃ, പുത്ര-പുത്രീ ധർമ്മങ്ങളും ദേശ ത്തിനും കാലത്തിനുമനുസരിച്ച് ധർമ്മാനുശാസനത്തിൽ വരു ത്തേണ്ടതായ മാറ്റങ്ങളും അവധൂതൻ പ്രഹ്ളാദനു വിവരി ക്കുന്നതായിട്ട് നാരദൻ ധർമ്മപുത്രനു പറഞ്ഞു കൊടുത്ത ത്. ശ്രീശുകൻ പരീക്ഷിത്തിനായി ഗൃഹസ്ഥന്മാർക്കുള്ള മോക്ഷമാർഗം വിവരിക്കുന്നു (കൽപശാസ്ത്രത്തിലെ ഗൃഹ്യ സൂത്രത്തിന്റെ പ്രായോഗികവിവരണമാണിത്)

## എട്ടാം സ്കന്ധം

1–4 മന്വന്തരവിവരണം. മനുപുത്രനായ യജ്ഞമൂർത്തിയുടെ വിവരണം, ഇന്ദ്രദ്യുമ്ന ജനനവും പാണ്ഡ്യരാജഭരണവും, വനത്തിൽ തപസ്സു ചെയ്യവേ, മുന്നിൽ വന്ന അഗസ്ത്യനെ അറിയാതെ പോയപ്പോൾ ആദരിക്കാതെ വന്നതിനാൽ ഗജേ ന്ദ്രൻ എന്ന ആനയായി മാറിയ കഥ. ആനയെ മുതല പിടി



Scanned with CamScanner

ച്ചപ്പോൾ വിഷ്ണു പ്രാർത്ഥനയാൽ ഗജേന്ദ്രന് മോക്ഷം കിട്ടിയ ചരിതം. ഗജേന്ദ്രന്റെ പൂർവ്വ ജന്മചരിതം. (പ്രായോഗിക ആത്മീയതയും അതിന്റെ സന്ദേശവുമാണ് ഈ കഥയുടെ ലക്ഷ്യം.)

5-9. രൈവതമന്വന്തര വിവരണം, തുടർന്ന് ചാക്ഷുഷ മന്വന്തരത്തിൽ നടന്ന ദേവാസുരയുദ്ധത്തിൽ ദേവപരാജയം, ദേവന്മാർക്ക് ശക്തി ലഭിക്കാനുള്ള അമൃതിനായി അമൃതമഥനം, കാളകൂടവിഷവമനം, ശിവൻ അതു സ്വീകരിക്കുന്നത്, ദേവന്മാർക്ക് അമൃതു ലഭിച്ചതും, അത് അസുരന്മാരും തമ്മിൽ പങ്കുവെയ്ക്കുന്ന വേളയിൽ രാഹുവിന്റെ ജനനവും കഥാരൂപത്തിൽ വിവരിക്കുന്നു. (നന്മയുടെ ആത്മീയശക്തിയും ആസുരിക ഭൗതീക ശക്തിയും ഒരുമിച്ചുചേർന്നാലെ സമൂഹത്തിൽ നന്മവരുത്താൻ സാധിക്കൂ എന്നറിയിക്കുന്ന സന്ദേശമാണീ സമുദ്രമഥനകഥാ ഭാഗം)

10-12. അമൃതു കഴിച്ച ദേവന്മാർ, അസുരന്മാരുമായി യുദ്ധം ചെയ്യുന്നു. പ്രഹ്ലാദന്റെ പൗത്രനായ ബലിയുടെ നേതൃത്വത്തിൽ യുദ്ധത്തിനായി വന്ന അസുര സേന പരാജയപ്പെട്ട കഥ. അസുരന്മാരുടെ ആചാര്യനായ ശുക്രാചാര്യൻ ബലിയെ സമാധാനിപ്പിക്കുന്നു (ധർമ്മിഷ്ഠനാണെങ്കിലും, ഭക്തന്റെ കുലത്തിൽ ജനിച്ചവനാണെങ്കിലും അവനവന്റെ സമൂഹത്തോടൊപ്പമായിരിക്കും ശക്തൻമാർ നിൽകുക എന്ന് മഹാബലിയിൽ നിന്നറിയണം)

13-14 ഏഴു മന്വന്തരങ്ങളുടേയും സുദീർഘമായ വിവരണം, അതാതുകാലഘട്ടത്തിലെ കർമ്മധർമ്മനിരൂപണം (ചരിത്രഭാഗം - കാലഘട്ടം - ഇവയുടെ സാമാന്യജ്ഞാനം)

15-17. ആസുരീകശക്തി വീണ്ടെടുത്ത ബലിചക്രവർത്തി ഈശ്വരീയ ശക്തികളെ പരാജയപ്പെടുത്തുന്നു. മഹാബലിയുടെ ആസുരീക ശക്തികണ്ട് ഭയന്ന ദേവന്മാരുടെ അഭ്യർത്ഥന മാനിച്ച് മഹാവിഷ്ണു വാമനാവതാരമായി ജന്മമെടുക്കുന്നു. (മഹാബലി ദാനശിലനാണ്, നന്മയുള്ളവനാണ്, എന്നിട്ടും ആസുരിക കുലത്തിലുള്ളവർക്ക് നേതൃത്വം നൽകുകയാണ് ചെയ്തത്.)



Scanned with CamScanner

18-20. യാഗശാലയിൽ വാമനാവതാരമായി വന്ന ബലിയെ സുതലമെന്ന തലത്തിലേക്കയച്ച് ബലിക്ക് വാമനമൂർത്തി, അനുഗ്രഹവും ഉപേന്ദ്രപദവിയും നൽകുന്നു.

(മഹാബലിയെ വാമനൻ ചവിട്ടിത്താഴ്ത്തി എന്ന വിവരണം തെറ്റ്. മറ്റൊരു തലത്തിലേക്ക് അനുഗ്രഹിച്ച് ഉയർത്തി എന്നു തന്നെ ഭാഗവതം പറയുന്നു. വ്യക്തിയുടെ നന്മയ്ക്ക് ലഭിച്ച അനുഗ്രഹം, സമൂഹത്തിന്തിന്മചെയ്തതിനുള്ള ശിക്ഷ. ഇതാണ് ബലിയുടെ ചരിതം)

24. വാമനാവതാരത്തെക്കുറിച്ച് കേട്ടപ്പോൾ മഹാവിഷ്ണുവിന്റെ മറ്റെല്ലാ അവതാരങ്ങളേയും കുറിച്ച് ശ്രവിച്ചാൽ കൊള്ളാമെന്ന, പരീക്ഷിത്തിന്റെ അഭ്യർത്ഥന മാനിച്ച് മത്സ്യാവതാര വിവരണവും ശ്രീശൂകൻ നൽകുന്നു.

## ഒമ്പതാം സ്കന്ധം

എല്ലാ പുരാണങ്ങളിലും സൂര്യവംശ ചന്ദ്രവംശരാജാക്കന്മാരുടെ മഹത്വങ്ങളെക്കുറിച്ചും ചെയ്തികളെക്കുറിച്ചുമുള്ള സുദീർഘമായ വിവരണങ്ങളുണ്ട്.

1-3. വൈവസ്വതമനുപുത്രൻ സ്ത്രീഭാവം സ്വീകരിക്കേണ്ടി വന്ന കഥ. തുടർന്ന് പൃഥഘ്നൻ മുതൽക്കങ്ങോട്ടുള്ള രാജപരമ്പര. ച്യവന മഹർഷിയുടെ ധർമ്മപത്നിയായിത്തീർന്ന സുകന്യയുടെ ചരിതം, രൈവതകന്യയുടെ ചരിതം.

(ചരിത്രഭാഗം - കഥകൾ - ഉപദേശങ്ങൾ)

4-5. നാഭാഗവംശം സ്ഥാപിച്ച കീർത്തിമാനായി രാഷ്ട്രം ഭരിച്ച നഭഗന്റെ ചരിതം. ഭക്തനും , ശ്രേഷ്ഠനും ധർമ്മബോധമുള്ളവനുമായി രാഷ്ട്രം ഭരിച്ച നാഭാഗ പുത്രൻ അംബരീഷ ചരിതം. അംബരീഷനെ ദുർവാസാവ് ശപിക്കുകയും ഗത്യന്തരമില്ലാതെ ദുർവാസാവിന് അംബരീഷിന്റെ തന്നെ കാൽ പിടിക്കേണ്ടിയും വന്ന സംഭവം (ഋഷിവര്യനാണെങ്കിലും ദ്വേഷ്യം എന്ന വികാരം മനുഷ്യനെ എത്ര അധോഗതിയിലേക്കെത്തിക്കുമെന്നറിയിക്കാനുള്ള സംഭവം)

6. ഇക്ഷ്വാകുരാജവംശവിവരണം, യവനാശ്വന് സന്തതിയില്ലാതെ വന്നപ്പോൾ യവനാശ്വനെ കൊണ്ട് യാഗം നടത്തി



Scanned with CamScanner

ച്ച്, അതിലെ തീർത്ഥജലം അറിയാതെ കുടിച്ച് മാന്ധാതാവിന് ജന്മം നൽകേണ്ടി വന്ന കഥ. മാന്ധാതാവിന്റെ പുത്രിമാരുടെ ചരിതവും, വാർധക്യത്തിൽ നിന്ന് യൗവനത്തിലേക്ക് തിരിച്ചുവന്ന സൗഭരി മഹർഷി മാന്ധാതാവിന്റെ പുത്രിയെ വിവാഹം കഴിക്കുന്ന ചരിതവും (സംഭവങ്ങളോ, സംഭവങ്ങളെപോലെയുള്ള കഥകളോ വരുമ്പോൾ സന്ദേശങ്ങൾ മാത്രമെടുക്കുകയാണ് വേണ്ടത്)

7–9. തൃശങ്കുചരിതം, തൃശങ്കുപുത്രനായ ശ്രേഷ്ഠരാജാവ് ഹരിശ്ചന്ദ്രചരിതം, സൂര്യവംശത്തിലെ പ്രതാപശാലിയായ സഗരന്റെ ചരിതം. ഗംഗാനദിയെ, ഭഗീരഥൻ ഭൂമിയിലേക്കു കൊണ്ടുവന്ന കഥ. (യവനാശ്വനിൽ നിന്ന് മാന്ധാതാവ്, മാന്ധതാവിന്റെ 9–ാമത്തെ തലമുറയായി ജനിച്ച തൃശങ്കു, തൃശങ്കുവിന്റെ പുത്രനായ ഹരിശ്ചന്ദ്രൻ, ഹരിശ്ചന്ദ്രന്റെ ആറാമത്തെ തലമുറയായ സഗരൻ, സഗരന്റെ മൂന്നാമത്തെ തലമുറയാണ് ഭഗീരഥൻ) സഗരപുത്രന്മാർക്ക് മോക്ഷം ലഭിക്കാനായി ഭഗീരഥൻ ഗംഗയെ കൊണ്ടുവന്ന ചരിതം. (സത്യസന്ധത, ധർമ്മബോധം, ത്യാഗം, നിഷ്ഠ, ഇവയെല്ലാം ഹരിശ്ചന്ദ്രനിൽ നിന്നും പഠിക്കണം, പഠിപ്പിക്കണം). (ഭഗീരഥയജ്ഞം കുടുംബബന്ധത്തെക്കുറിച്ചും അസാദ്ധ്യമെന്നൊന്നില്ല എന്ന സന്ദേശവും നമ്മെ പഠിപ്പിക്കുന്നു.)

10–11 ഭഗീരഥന്റെ 11–ാം തലമുറയായ ദിലീപ ചക്രവർത്തിയുടേയും, ദിലീപന്റെ 4–ാം തലമുറയായ ദശരഥന്റെയും, ദശരഥപുത്രനായ ശ്രീരാമന്റേയും ചരിതം, രണ്ട് അധ്യായങ്ങളിലായി ശ്രീരാമചരിതം ഭാഗവതത്തിൽ വിവരിക്കുന്നതിവിടെയാണ്.

12. തുടർന്ന് ഇക്ഷ്വാകുവംശത്തിലെ കുശൻ തുടങ്ങി സുമിത്രൻ വരെയുള്ളവരുടെ ചരിതം, രാജകുലമഹിമാവിവരണം (ചരിത്രഭാഗം)

13–15. നിമിരാജചരിതം, തുടർന്ന് ചന്ദ്രവംശരാജാക്കന്മാരുടെ ചരിതം, ബുധജനനം, ചന്ദ്രവംശത്തിലെ പ്രസിദ്ധരാജാവായ പുരൂരവസ്സിന്റെ ചരിതം, ജമദഗ്നി പരശുരാമചരിതം, സഹസ്രാർജ്ജുനവധം. (കഥകളും ചരിതവും സംഭവങ്ങളും ഗുണപാഠങ്ങളും ഇവിടെ സമന്വയിക്കുന്നു).



Scanned with CamScanner

16–19. ജമദഗ്നിവധം, ക്ഷത്രിയ സംഹാരം നടത്തിയ പരശുരാമചരിതം, വിശ്വാമിത്ര ചരിതം, യയാതിചരിതം, ഗൃഹബന്ധങ്ങളെല്ലാമുപേക്ഷിച്ച് യാത്രയായ യയാതി ചരിതം. (ജീവിതത്തിൽ പകർത്താനുള്ള നന്മകളും, പകർത്താതിരിക്കാൻ ശ്രദ്ധിക്കേണ്ട തിന്മകളുടെയും അനുഭവവിവരണം)

20. പുരുവംശവിവരണം, ദുഷ്യന്ത-ശകുന്തള ചരിതം, പുത്രനായ ഭരതന്റെ വംശവിവരണം (ഭാരതത്തിന് പേര് സിദ്ധിച്ചത് ഈ ഭരതൻ ഭരിച്ചതിനാലാണത്രെ). ഭരതവംശ രാജാക്കന്മാരുടെ ചരിത്രം (കഥകളും അനുഭവങ്ങളും ചരിത്രവും)

21–24. ഭരതവംശത്തിൽ ജനിച്ച് കാശി ഭരിച്ച് പ്രസിദ്ധനായ കാശന്റെ ചരിതം തത്പുത്രനായ ദീർഘതപസ്സിന്റെ ചരിതം, ധന്വന്തരി-കേതുമാൻ-ഭീമരഥൻ, ദിവോദാസൻ എന്നിപ്രകാരമുള്ള തലമുറകളുടെ രാജഭരണ മാഹാത്മ്യം. ഇവരുമായി ബന്ധപ്പെട്ട ഋഷിവര്യന്മാരുടേയും അസുരകുലവുമായി നടത്തിയ യുദ്ധങ്ങളുടേയും ചരിതം. (ചരിത്രാനുഭവങ്ങൾ) 9–ാം സ്കന്ധത്തിന്റെ അന്ത്യത്തിൽ യദുവംശത്തിന്റെ ഉത്ഭവത്തെക്കുറിച്ചും, ശ്രീകൃഷ്ണജനനത്തെക്കുറിച്ചും സൂചന നൽകുന്നു.

## പത്താം സ്കന്ധം

പത്താം സ്കന്ധം തുടർച്ചയായും പൂർണ്ണമായും ശ്രീകൃഷ്ണ ചരിതമാണ്.

1–2. കംസന്റെ ദുർഭരണം, ദേവപ്രാർത്ഥനയനുസരിച്ച് ഭൂമിയിൽ അവതരിച്ചുകൊള്ളാമെന്ന മഹാവിഷ്ണുവിന്റെ വാഗ്ദാനം. കംസസഹോദരിയെ വസുദേവൻ വിവാഹം കഴിച്ച് പോകുന്നവഴിക്ക് അശരീരി കേൾക്കുന്നത്, തുടർന്ന് ദേവകിക്ക് ജനിച്ച ആറുപുത്രന്മാരേയും കംസൻ വധിക്കുന്നതും. (ഏത് ശക്തിമാനും ഒരു ദിവസം അന്ത്യമുണ്ടെന്നും അത് സ്വന്തം ബന്ധുക്കളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ ആകാം എന്നുമുള്ള മുന്നറിയിപ്പുണ്ടാകുന്നത്, കൂടുതൽ ശ്രദ്ധിക്കാനും, തെറ്റായ പന്ഥാവുകൾ തിരുത്താനുമാണ് എന്നും നാം അറിയണം)

3. ദേവകി ഗർഭത്തിൽ ശ്രീകൃഷ്ണജനനം, ലഭിച്ച സൂചനപ്രകാരം ശ്രീകൃഷ്ണനെ, ഗോകുലത്തിലേക്ക് യമുനാനദി കടന്ന്കൊണ്ടുപോകുന്നതും, യശോദയുടെ കുഞ്ഞിനെ ദേവകിയുടെ അടുത്തു കിടത്തുന്നതും.



Scanned with CamScanner

4. കുഞ്ഞിനെ വധിക്കാനൊരുമ്പെടുമ്പോൾ കയ്യിൽ നിന്നു വഴുതി, ദേവി മുകളിലേക്കു പോകുന്നതും, കംസവധത്തിന് ഒരുവൻ ജന്മമെടുത്തിട്ടുണ്ടെന്ന് സൂചന നൽകലും, കംസ ദുഃഖവിവരണവും ഈ അദ്ധ്യായത്തൽ വരുന്നു.

5. ഗോകുലത്തിൽ ശ്രീകൃഷ്ണൻ വളരുന്നതും, കൃഷ്ണന്റെ ജാതകർമ്മം, എന്നിവയും, നന്ദഗോപർ, മഥുരയിൽ വസു ദേവരെക്കണ്ടു സംസാരിക്കുന്നതും.

6–7. ശ്രീകൃഷ്ണനെ വധിക്കാൻ കംസൻ പലതന്ത്രങ്ങളും ആവി ഷ്കരിക്കുന്നു. പൂതനാമോക്ഷം, ശകടാസുരവധം, തൃണാ വർത്തവധം, ശ്രീകൃഷ്ണന്റെ വായിൽ യശോദക്ക് ആകാ ശദർശനം ലഭിക്കുന്നത്, യശോദക്ക് ലഭിക്കുന്ന വിശ്വരൂപ ദർശനം (അധാർമ്മിക പ്രവർത്തനങ്ങൾ അവസാനിപ്പിക്ക ണമെന്ന സൂചന പല പ്രാവശ്യം ലഭിച്ചിട്ടും ധർമ്മപന്ഥാവി ലേക്ക് വരാത്തവർക്കായുള്ള സൂചനകളാണിവയെല്ലാം. അധർമ്മം പരാജയപ്പെടുകതന്നെ ചെയ്യുമെന്നുറപ്പിച്ച് ഉദാ ഹരണ സഹിതം ഇവിടെ വിവരിക്കുന്നു)

8. ഗാർഗ്യമഹർഷിയുടെ നേതൃത്വത്തിൽ ശ്രീകൃഷ്ണന്റെ ജാത കർമ്മം, നാമകരണം, ശ്രീകൃഷണന്റെ ഭാവിയെക്കുറിച്ചുള്ള ഗാർഗ മഹർഷിയുടെ പ്രവചനം

9–10. കുബേരന്റെ മക്കളായി ജനിച്ച രണ്ടു യക്ഷന്മാർ നളകൂബർ, മണിഗ്രീവൻ രണ്ടു മരങ്ങളായി നിൽക്കുന്നതുകണ്ട് ഉരലു അരയിൽ കെട്ടി വലിച്ച് മരങ്ങൾ വീഴ്ത്തി ശ്രീകൃഷ്ണൻ അവർക്കു നൽകുന്ന മോക്ഷം (ഏതൊരു ദുഃഖത്തിനും മോക്ഷമുണ്ടെന്നും അത് സർവ ജീവജാലങ്ങൾക്കും ബാധ കമാണെന്നും സൂചിപ്പിക്കുന്നു.

11–12. ഗോകുലം ഉപേക്ഷിച്ച് കൃഷ്ണതോഴന്മാർ വൃന്ദാവനത്തി ലേയ്ക്ക് പോകുന്നു. ശ്രീകൃഷ്ണൻ വത്സാസുരനെ വധി ക്കുന്നു, ബകാസുരവധം, അഘാസുരവധം, (ആസുരിക ശക്തി എന്നുമെന്നും ആത്മീയ ശക്തിക്ക് കീഴടങ്ങുകതന്നെ ചെയ്യും. Survival of the fittest എന്നതല്ല ശരി. മനുഷ്യനെ സംബന്ധിച്ചിടത്തോളം Survival of the noblest ആണ് ശരി.)

13–16. ധേനുകാസുരവധം, കാളിയനെ ശിക്ഷിച്ചത്, കാളിന്ദിയിലെ



Scanned with CamScanner

വിഷലിപ്തമായ ജലം കുടിച്ചവശരായ പശുക്കളെയും കളിത്തോഴരേയും കൃഷ്ണൻ രക്ഷിക്കുന്നത്, (യമുനയിലെ ജലം ശുദ്ധീകരിക്കാൻ കാളിയനെപോലെ ഒരു ജലസംരക്ഷകനെ ആവശ്യമാണ്. പക്ഷേ ജലം സംരക്ഷിക്കുന്നവൻ തന്നെ അഹങ്കാരത്താൽ ജലം മലിനമാക്കിയാൽ അവനെ നിയന്ത്രിക്കേണ്ടത് ആത്മീയശക്തികളാണ്. അതുകൊണ്ടാണ് മറ്റ് ആസുരിക ശക്തിയെ നിഗ്രഹിച്ച കൃഷ്ണൻ കാളിയനെ നിഗ്രഹിക്കാതെ കാളിന്ദിയിൽ നിന്നും വിട്ടുപോകാൻ നിർദ്ദേശിച്ചത്)

17. കാളിയന്റെ പൂർവ്വജന്മ ചരിതം, കാട്ടുതീയിൽ നിന്ന് സുഹൃത്തുക്കളെ കൃഷ്ണൻ രക്ഷിക്കുന്നത്, പ്രലംഭാസുരവധം, മുഞ്ജാടവി എന്ന വൻകാട്ടിൽപ്പെട്ടുപോയ ഗോപബാലന്മാരെ രക്ഷിക്കുന്നത്. (ജീവിതത്തിൽ പലപല മുഖങ്ങളുണ്ട്, നമുക്കെല്ലാവർക്കുമതുണ്ട്. ശ്രീകൃഷ്ണനുമതുണ്ട്)

20-21. കാലാവസ്ഥയിലെ അസഹനീയമായ മാറ്റം നിയന്ത്രിക്കുന്നതും, കാട്ടിലൂടെയും നാട്ടിലൂടെയും മറ്റും നടന്ന്, അവിടവിടെവസിച്ച്, ലഭിച്ചതു കഴിച്ചും, കൂട്ടുകാരോടൊന്നിച്ച്, ജീവിച്ചും ശ്രീകൃഷ്ണൻ. (പച്ചമനുഷ്യനും അസാധാരണ ഈശ്വരചൈതന്യാംശവുമാണെന്ന് ബോധ്യപ്പെടുത്തി.) വേണുഗാനമാലപിച്ച് സംഗീത ചൈതന്യവും പ്രദർശിപ്പിച്ച കൃഷ്ണൻ, ജീവിതാനുഭവം നേടേണ്ടത് എല്ലാവരുടേയും ധർമ്മമാണെന്ന് അനുഭവത്തിലൂടെ സൂചിപ്പിക്കുന്നു.

22-27. നഗ്നരായി, സ്ത്രീപുരുഷന്മാർ പൊതു കുളത്തിലും, നദിയിലും കുളിക്കുന്നത് അധർമ്മവും ഘോരമായ തെറ്റുമാണെന്ന് ഗോപസ്ത്രീകളെ ബോധ്യപ്പെടുത്തി, അപ്രകാരം ചെയ്യുകയില്ലെന്ന് സത്യപ്രതിജ്ഞ ചെയ്യിച്ചശേഷം അവരുടെ വസ്ത്രം തിരിച്ചുനൽകിയ ചരിതം. (ധർമ്മശാസ്ത്രത്തിൽ ജീവിതഗന്ധിയായ എല്ലാ കർമ്മധർമ്മ വിവരണങ്ങളുമുണ്ട്. അതിലെ സ്നാനവിധി പ്രസിദ്ധമാണ്. ആ വിധിയാണ് ഗോപസ്ത്രീകൾ ലംഘിച്ചത്. അതിന് അർഹിക്കുന്ന ശിക്ഷയുമുണ്ട്.) സഹചാരികൾ വിശക്കുന്നു എന്നു പറഞ്ഞപ്പോൾ ഭക്ഷണം കൊടുത്ത്, ദേവാദി ദേവനാണെ



Scanned with CamScanner

ങ്കിൽപോലും അഹങ്കരിക്കരുതെന്ന് ഇന്ദ്രനെ ബോദ്ധ്യപ്പെടുത്താൻ, ഇന്ദ്രൻ വർഷിച്ച മഴയെ ചെറുക്കാൻ ഗോവർധനഗിരികുടയാക്കി, ഇന്ദ്രനെ മാപ്പുപറയിപ്പിച്ച് ശ്രീകൃഷ്ണനെ അഭിഷേകം ചെയ്യിച്ച ചരിതം അറിഞ്ഞ് ഗാർഗൻ ശ്രീകൃഷ്ണന്റെ ജാതകഫലം നിരൂപണം ചെയ്യുന്നു.

28. അസമയത്ത് തിരിച്ചറിയാതെ നന്ദഗോപരെ പിടിച്ച് വരുണന്റെ അടുത്തെത്തിച്ച പശീഭൃത്യന്റെ തെറ്റിന് ക്ഷമയാചാനം ചെയ്യാനെത്തിയ വരുണന്റെ കൃഷ്ണസ്തുതി (അബദ്ധം പറ്റുന്നതിന് ക്ഷമായാചനത്തിന്നവസരം ലഭിക്കുമ്പോൾ അത് ദർശന സൗഭാഗ്യത്തിനുപയോഗിക്കുന്നത് നല്ലതല്ലേ)

29-32. ബാലനായ കൃഷ്ണൻ, താൻ ഈശ്വരാംശമാണെന്നും ഓരോരുത്തരുടേയും മാധുര്യഭാവഭക്തിയുടെ കാഠിന്യമനുസരിച്ച് അവരോരുത്തരോടുമൊപ്പം താനുണ്ടായിരിക്കുമെന്നും ബോധ്യപ്പെടുത്താനായി ഗോപികമാരോടൊത്ത് രാസക്രീഡ നടത്തിയ മനശ്ശാസ്ത്രത്തിന്റെ അത്യുന്നതാവസ്ഥ പ്രകടമാക്കി കൊടുക്കുന്നു. (അസാധാരണമാം വേഗത്തിൽ മനോമണ്ഡലത്തിൽ നിന്നു പ്രത്യക്ഷമാകാനും വീണ്ടും അകക്കണ്ണിലൂടെ ദർശനം നൽകാനും സാധിക്കുമെന്ന്, ഗോപികമാരിലൂടെ നമുക്കെല്ലാവർക്കും കൃഷ്ണൻ ബോധ്യപ്പെടുത്തിതരുന്നു. ഭക്തിയുടെ പരമമായ അവസ്ഥയിൽ ഓരോരുത്തന്റേയും കൂടെ ഈശ്വരനുണ്ട്, നാം ചിരിക്കുമ്പോഴും, കരയുമ്പോഴും, നൃത്തം ചെയ്യുമ്പോഴും, ഒരേ ഈശ്വരൻ ആശ്വസിപ്പിക്കുന്ന, ആനന്ദിപ്പിക്കുന്ന ഭാവത്തിൽ നമ്മുടെ കൂടെയുണ്ട്)

33. ഈ അധ്യായത്തിലൊരു പ്രധാനഭാഗമുണ്ട്. രാസക്രീഡാവിവരണമെല്ലാം ശ്രീശുക ബ്രഹ്മർഷിയിൽ നിന്ന് ശ്രവിച്ച പരീക്ഷിത്ത് മഹാരാജാവ് ശ്രീശുകനോടു ചോദിക്കുന്നു. ധർമ്മ സംസ്ഥാപനത്തിനായി അവതരിച്ച കൃഷ്ണൻ എന്തുകൊണ്ട് പരസ്ത്രീകളുമായി രാസക്രീഡ ചെയ്തു. ചോദ്യത്തിന്നുത്തരമായി രാസക്രീഡ ഭക്തരുടെ മനോമണ്ഡലത്തിലാണെന്നും, അതു ബാഹ്യമായാലുള്ള അനുഭവത്തിനു സമാനമായ അനുഭവസിദ്ധിയുണ്ടാകുന്നത് മാധു



Scanned with CamScanner

ര്യഭക്തികൊണ്ടാണെന്നും, ശ്രീകൃഷ്ണനിലെ പൂർണ ഈശ്വരാംശം പ്രദർശനവിധേയമാക്കിയതാണെന്നും, സാധാരണ മനുഷ്യരിതുപോലെ ബാഹ്യമായ പ്രകടനങ്ങൾ നടത്തിയാൽ അത് അധർമ്മമാണെന്നും ശ്രീശുകൻ വ്യക്തമാക്കുന്നു. കാരണം മനുഷ്യന് ബന്ധങ്ങളും വൈരാഗ്യങ്ങളുമെല്ലാം ഉണ്ട്. ഈശ്വരാവതാരങ്ങൾക്കു ഒന്നിനോടും ബന്ധമോ വിരക്തിയോ ഉണ്ടാകുന്ന പ്രശ്നമേയില്ല. ഒരു കൃഷ്ണനാണ് എല്ലാ ഗോപികമാരുടെയും മനസ്സിലെത്തിയത്. പല കൃഷ്ണന്മാരില്ല എന്നോർക്കുക.

35. നന്ദഗോപനെ, സ്വപ്നത്തിൽ ചുറ്റിയ സർപ്പത്തിന് തന്റെ പൂർവമായ വിദ്യാധരരൂപം കൃഷ്ണൻ നൽകുന്നു.

36–40. പശുപാലകനായി നടന്ന കൃഷ്ണനെ വധിക്കാൻ പല മാർഗ്ഗങ്ങളും കംസൻ അവലംബിക്കുന്നു. കൃഷ്ണൻ അവരെയെല്ലാം വധിക്കുന്നു, മോക്ഷം നൽകുകയോ ചെയ്യുന്നു. അരിഷ്ടാസുരവധവിവരണം കേശീ-വ്യോമാസുരവധം കൃഷ്ണഭക്തനും കംസന്റെ സേവകനുമായ അക്രൂരനെ അയച്ച് കൃഷ്ണനേയും ബലരാമനേയും, കംസൻ മഥുരയിലേക്കായനയിച്ച്, മല്ലയുദ്ധത്തിന് ക്ഷണിക്കുന്നു. മല്ലയുദ്ധത്തിൽ ചാണൂര മുഷികന്മാർ വധിക്കപ്പെടുന്നു.

(നമ്മുടെ കർമ്മത്തിൽ നിന്ന് തിന്മകൾ ഉന്മൂലനം ചെയ്യാൻ ശാരീരികമായ ശക്തികൊണ്ടോ മറ്റുള്ളവരുടെ ശക്തിയുപയോഗിച്ചോ സാധ്യമല്ല. അവനവനിൽ നിന്നാണ് മാറ്റം ആരംഭിക്കേണ്ടതും തുടരേണ്ടതും നിലനിർത്തേണ്ടതും എന്ന കംസ അനുഭവം ശ്രദ്ധിക്കുക.)

(ഈ യാത്രവേളയിൽ കംസന്റെ അലക്കുകാരനിൽ നിന്ന് ഒരു മഞ്ഞ വസ്ത്രം ശ്രീകൃഷ്ണനും നീലവസ്ത്രം ബലരാമനും സ്വീകരിച്ചതുമുതൽ ആ നിറമുള്ള വസ്ത്രങ്ങൾ അവരുമായി ബന്ധമുള്ളതായിത്തീരുന്നു)

40–44. അക്രൂരന് ശ്രീകൃഷ്ണന്റെ യഥാർത്ഥ ഈശ്വരരൂപദർശനം ലഭിക്കുന്നു. അക്രൂരന്റെ കൃഷ്ണസ്തുതി, മല്ലയുദ്ധത്തിൽ ചാണൂരൻ, മുഷ്ടികൻ, എന്നവരെയെല്ലാം പരാജയപ്പെടുത്തി, അതിശക്തമായ വില്ലൊടിച്ച, കൃഷ്ണൻ തന്റെ ശക്തി തെളിയിച്ചു. കൃഷ്ണനെ കണ്ട കംസൻ മാനസീക



Scanned with CamScanner

മായിത്തളർന്നുകഴിഞ്ഞിരുന്നു. Psychological death എന്ന പ്രതിഭാസത്തിന്നടിമയായിക്കഴിഞ്ഞ കംസന് കൃഷ്ണൻ മോക്ഷം കൊടുക്കുന്നു. (അധർമ്മത്തിനൊരന്ത്യമുണ്ടെന്നുള്ളതുറപ്പാണല്ലോ. അധർമ്മി, അമ്മാവനാണെങ്കിലും, അധർമ്മത്തെ നശിപ്പിക്കുന്നതിൽ സ്വന്തമെന്നോ ബന്ധമെന്നോ, ശക്തനെന്നോ, അശക്തനെന്നോ ഉള്ള ചിന്തകളാവശ്യമില്ല. അധർമ്മമാണെങ്കിൽ അത് ഉന്മൂലനം ചെയ്യപ്പെടുകതന്നെവേണം. ഇതാണ് കംസവധത്തിന്റെ പാഠം.)

45. കംസവധത്തിനുശേഷം വസുദേവരേയും ദേവകിയേയും കംസപിതാവ് ഉഗ്രസേനനേയും ജയിലിൽ നിന്ന് മോചിപ്പിച്ച്, കൃഷ്ണൻ ഉഗ്രസേനനെ മധുരാധിപതിയാക്കുന്നു. (അവതാരങ്ങൾക്ക് ലക്ഷ്യമുണ്ട്, മാർഗമുണ്ട്, അതാതുകാലം വരെ കാത്തിരിക്കാനുള്ള കർത്തവ്യവും ക്ഷമയും അവർ പ്രദർശിപ്പിക്കുന്നു. ഇതാണിവിടെ സൂചിപ്പിക്കുന്നത്) രാമകൃഷണന്മാരുടെ ഉപനയനം (ഇവിടെ ശ്രീകൃഷ്ണൻ യൗവനത്തിലേക്ക് പ്രവേശിക്കുന്നതേയുള്ളുവെന്നും 9–11 വയസ് മാത്രമുള്ളപ്പോഴാണ് എല്ലാ കൃഷ്ണലീലകളും അവതരിപ്പിച്ചതെന്നും ബോധ്യമാകും) ഉപനയനശേഷം കൃഷ്ണനും ബലരാമനും സാന്ദീപനി ഋഷി സന്നിധിയിൽ പഠനമാരംഭിക്കുന്നു. മരിച്ചുപോയ ഗുരുപുത്രന്മാരെ പുനരുജ്ജീവിപ്പിക്കുന്നു. (ഈശ്വരാവതാരമാണെങ്കിലും പഠനം ഗുരുവിൽ നിന്ന് തന്നെ വേണമെന്നറിയിക്കുന്നു.)

46. ഗോകുലത്തിൽ നിന്ന് മഥുരയിലേക്കു പോയ കൃഷ്ണനെ ഓർത്ത് കരഞ്ഞിരുന്ന ഗോപികമാരെ തത്വശാസ്ത്രത്തിലൂടെയും, മനുഷ്യബന്ധങ്ങളൊന്നും ശാശ്വതമല്ലെന്നും ബോധ്യപ്പെടുത്തി ആശ്വസിപ്പിക്കുവാൻ ഉദ്ധവനെ, കൃഷ്ണൻ ഗോകുലത്തിലേക്കയക്കുന്നു. (തത്വശാസ്ത്രങ്ങളുടെയും ജീവിത സത്യങ്ങളുടേയും പ്രായോഗിക വശം നമ്മെ പഠിപ്പിക്കുന്നു. ഒരു ബന്ധവും ശാശ്വതമല്ല. അത് ദുഃഖസുഖങ്ങളുടെ അഗാധതലത്തിലേക്ക് എത്തുമ്പോഴും ഓർമ്മിക്കണം)

47. തങ്ങളെ ആശ്വസിപ്പിക്കാനെത്തിയ ഉദ്ധവരോട് ഗോപികമാർ ശ്രീകൃഷ്ണ മാഹാത്മ്യം കേൾക്കണമെന്നാഗ്രഹം പറയുന്നു. ഒരു വണ്ടിനോടെന്നപോലെ ഗോപികമാർ ശ്രീകൃ



Scanned with CamScanner

ഷ്ണചൈതന്യം ഗാനമായി ആലപിക്കുന്നു. ഈ ഭാഗത്തെ ഭ്രമര (വണ്ട്) ഗീതം എന്നു പറയുന്നു. (കവിയുടെ ഉത്തുംഗ ശൃംഗാര ഭാവവർണനയാണിവിടെ). ശരീരത്തെയല്ല പര മാത്മ ചൈതന്യത്തെയാണ് ഭക്തിയോടെ അറിഞ്ഞാരാധി ക്കേണ്ടതെന്ന് ശ്രീകൃഷ്ണവരികളിലൂടെ ഉദ്ധവർ, ഗോപി കമാരെ ബോദ്ധ്യപ്പെടുത്തുന്നു. (നന്ദഗോപഗൃഹത്തിലും, ശ്രീകൃഷ്ണന്റെ കൂട്ടുകാർക്കുമെല്ലാം മാധുര്യഭാവം, വാത്സ ല്യഭാവം, സഖ്യഭാവം എല്ലാം ശാന്തഭാവഭക്തിയായി മാറു ന്നതിവിടെയാണ്. ഭക്തിയുടെ വിവിധ തലങ്ങളിലേക്ക് ആരാ ധകർ എങ്ങനെ പ്രയാണം ചെയ്യണമെന്ന് ഉദ്ധവൻ പറയു ന്നു. ഗോപികമാരും, കൃഷ്ണബന്ധുക്കളും മാധുര്യ വാത്സ ല്യഭാവ ഭക്തിയിൽ നിന്ന് ശാന്തഭാവ ഭക്തിയിലേക്ക് പ്രയാണം ചെയ്യുന്നു.

48-49. കൃഷ്ണൻ അക്രൂരഗൃഹത്തിലെത്തി, വസുദേവരുടെ സഹോ ദരിയായ കുന്തിയെ (യഥാർത്ഥപേര് പൃഥ)യും പാണ്ഡവ രേയും ദർശിക്കാനാഗ്രഹമുണ്ടെന്ന്, ഹസ്തിനപുരത്തി ലെത്തി അറിയിക്കാനാവശ്യപ്പെടുന്നു. ഇവിടെയാണ് കൃഷ്ണപാണ്ഡവ സമ്മേളനം (ഒത്തുചേരൽ). കുന്തീപു ത്രരുടെ വേദനാജനകമായ അവസ്ഥകണ്ടു, കൗരവന്മാരുടെ നീച പ്രവൃത്തി ദർശിച്ച്, കൃഷ്ണനെ അക്രൂരൻ കാര്യങ്ങള റിയിക്കുന്നു. (കംസന്റെ കൂടെയായിരുന്നെങ്കിലും അസാ മാന്യ ഭക്തിയും പക്വതയുമുള്ള അക്രൂരന് ലഭിക്കുന്ന അനു ഗ്രഹം നോക്കുക). ഈ ദർശന വിവരണത്തോടെ പത്താം സ്കന്ധത്തിലെ പൂർവാർധം അവസാനിക്കുന്നു.

### പത്താം സ്കന്ധം ഉത്തരാർധം

50. ജരാസന്ധനുമായി നിരന്തരം യുദ്ധം ചെയ്യേണ്ടിവന്ന ബല രാമ-കൃഷ്ണന്മാർ ഗുജറാത്തിൽ അറബിക്കടലിനോട് ചേർന്ന് ദ്വാരകാനഗരിപടുത്തുയർത്തുന്നു. (സ്വന്തമായി പുതിയ പുതിയ കാര്യകർമ്മങ്ങൾ ഏറ്റെടുക്കേണ്ടത് ഓരോ രുത്തന്റേയും ധർമ്മമാണ്. ശ്രീകൃഷ്ണനും ഒരു ധർമ്മമുണ്ട്. അതിനൂതനവും അത്യുജ്ജ്വലവുമായ ഒരു നഗരം തന്നെ കെട്ടിപ്പടുക്കുകയാണ് കൃഷ്ണൻ ചെയ്തത്.

51. കാലയവനൻ എന്ന ഈജിപ്തുകാരനെ കൃഷ്ണൻ മുചു



Scanned with CamScanner

കുന്ദൻ വഴി വധിക്കുന്നു. മാന്ധാതാവിന്റെ പുത്രൻ മുചുകുന്ദന്റെ കൃഷ്ണ സ്തുതി.

52-55. ദ്വാരകയിൽ, ബലരാമ വിവാഹം നടക്കുന്നു. കുണ്ഡിനപുരത്തെ രുക്മിയുടെ സഹോദരി ശ്രീകൃഷ്ണ ചരിതത്തിലാകൃഷ്ടയായി കൃഷ്ണനെ വരിക്കുന്നു. രുഗ്മിണീ സ്വയംവരം നടക്കുന്നു. പ്രദ്യുമ്ന ജനനം, ശംബരാസുരവധം (ശ്രീകൃഷ്ണന്റെ ചെയ്തികൾ ഓരോന്നും സ്വയം വിശകലനം ചെയ്യുക)

56-57 സ്യമന്തകം എന്ന രത്നം മോഷ്ടിച്ചതായുള്ള അപവാദം ശ്രീകൃഷ്ണന്റെ പേരിൽ ആരോപിക്കപ്പെടുന്നു. അതുമായി ബന്ധപ്പെട്ട വിവരണത്തിനൊടുവിൽ ജാംബവാൻ തന്റെ പുത്രി ജാംബവതിയെയും സത്രാജിത്ത് സത്യഭാമയേയും ശ്രീകൃഷ്ണന്റെ ധർമ്മപത്നിമാരാക്കുന്നു. (ചിലപ്പോൾ എത്ര മഹാത്മാവിനും അപകീർത്തിയും, പരാജയവും, അവഹേളനവും നേരിടേണ്ടിവരും. സത്യമെന്തെന്നറിയിക്കുവാൻ ശ്രമിക്കുകയും, അറിയുന്നതുവരെ കാത്തിരിക്കുകയും വേണം.)

58-59. ഭൂമീദേവിയുടെ അപേക്ഷയനുസരിച്ച് തന്റെ പുത്രനായ ഭൗമാസുരനെവധിച്ച്, തടങ്കലിൽ കഴിയുന്ന 16,000 സ്ത്രീകള കൃഷ്ണൻ മോചിപ്പിച്ച് അവർക്ക്, സാമൂഹികാംഗീകാരം നേടിക്കൊടുക്കാനായി രാജപത്നിമാരുടെ പദവി നൽകുന്നു. (സാമൂഹിക വിപ്ലവത്തിന് കൃഷ്ണൻ നേതൃത്വം നൽകുകുകായണ് ചെയ്തത്. അസുരന്റെ ജയിലിൽ കിടന്ന കന്യകകളെ മാതാപിതാക്കളും സമൂഹവും അംഗീകരിക്കാതെ വന്നപ്പോൾ പ്രഥമ വനിതകളുടെ പദവി നൽകി സമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കുകയാണ് കൃഷ്ണൻ ചെയ്തത്.)

60-63. ശ്രീകൃഷ്ണന്റെ കുടുംബ വിവരണം. ബാണാസുരവധം(ബാണാസുര-ശിവചരിതം)

64-65. ഓന്തായി മാറിയ നൃഗരാജൻ കിണറ്റിൽ വീണു പിടയുമ്പോൾ കൃഷ്ണപുത്രന്മാർ അതിനെ രക്ഷിച്ചു. കൃഷ്ണസ്പർശനത്താൽ നൃഗരാജൻ സർവ്വാഭരണഭൂഷിതനായ

രാജാവായി മാറിയ കഥ. തീർത്ഥാടനത്തിനിറങ്ങിയ ബലരാമന്, കുളിക്കാൻ ആവശ്യത്തിന് ജലം യമുനയിൽ ലഭിക്കാതെ വന്നപ്പോൾ ബലരാമൻ കാളിന്ദിയെ ശപിക്കുന്ന കഥ.

66-67. അധാർമ്മിക മാർഗത്തിലൂടെ നാശം വിതച്ച പൗണ്ഡ്രൻ, കാശീരാജൻ, സുദക്ഷിണൻ എന്നിവരെ കൃഷ്ണൻ വധിക്കുന്നതും അതിന്റെ കാരണവും വിവരിക്കുന്നു. ദ്വിവിധ വധം ബലഭദ്രനാൽ നടക്കുന്നു. (ആസുരീക ശക്തികളെ കീഴടക്കി ഉന്മൂലനം ചെയ്യേണ്ടത് ധർമ്മ സംരക്ഷണത്തിന്റെ ഭാഗമാണ്). രാഷ്ട്രവിപ്ലവത്തിന്റേ പേരിൽ പരപീഡനം നടത്തുന്ന വിമതന്മാർക്കുള്ള മുന്നറിയിപ്പാണിത്.

68 തീർത്ഥാടനവേളയിൽ ഹസ്തിനപുരത്തെത്തിയ ബലരാമൻ പാണ്ഡവരുടെ ക്ലേശാനുഭവങ്ങൾ കണ്ടറിയുന്നു.

69. മനുഷ്യരുടെ കർമ്മാനുഷ്ഠാനത്തിന്റെ പ്രതീകമായി അവതരിപ്പികുന്ന സമുജ്ജ്വലമായ അധ്യായമാണിത്. മായാവലയമില്ലാത്ത ശ്രീകൃഷ്ണദർശനം നടത്താൻ നാരദമഹർഷി എത്തിയപ്പോൾ ലഭിച്ച ദർശനമാണ് ഈ ഒരധ്യായത്തിൽ വിവരിക്കുന്നത്. ***(അത് പ്രത്യേകമായി പ്രസിദ്ധീകരിക്കുന്നുണ്ടാകും.)***

70. ശ്രീകൃഷ്ണൻ ആചാരങ്ങളനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന വേളയിൽ നാരദൻ, യുധിഷ്ഠിരന്റെ സന്ദേശവുമായി കൃഷ്ണസന്നിധിയിൽ എത്തുന്നു.

71. ജരാസന്ധന്റെ കാരാഗൃഹത്തിലെ രാജാക്കന്മാരും ശ്രീകൃഷ്ണനെ അഭയം പ്രാപിക്കുന്നതായി ദൂതന്മാർ വഴി അറിയിക്കുന്നു. ശ്രീകൃഷ്ണന്റെ മന്ത്രിസ്ഥാനീയനായ ഉദ്ധവന്റെ ഉപദേശപ്രകാരം കൃഷ്ണൻ ഇന്ദ്രപ്രസ്ഥത്തിലേക്കു പോകുന്നു.

72-74. ഇന്ദ്രപ്രസ്ഥത്തിൽ. രാജസൂയയാഗത്തിൽ പങ്കുകൊള്ളാനെത്തിയ കൃഷ്ണനെ ആദരപൂർവ്വം പാണ്ഡവർ സ്വീകരിക്കുന്നു. ജരാസന്ധനെ വധിച്ച് തടവറയിലുള്ളരാജാക്കന്മാരെ ഭീമൻ മോചിപ്പിക്കുന്നു. (നാം അറിയേണ്ടതായ ക്ഷമ എത്ര അഗാധമായിരിക്കണമെന്നും അത് ഭീരുത്വം കൊണ്ടാകരുതെന്നുമുള്ള പ്രായോഗിക ഉപദേശം. രാജസൂയയാഗത്തിൽ കൃഷ്ണനെ അഗ്രജസ്ഥാനത്തിരുത്തി പാണ്ഡവർ ആദരി



Scanned with CamScanner

ക്കുന്നതുകണ്ട് ശിശുപാലൻ ശ്രീകൃഷ്ണനെ അവഹേളിക്കുന്നു, അന്ത്യത്തിൽ ശിശുപാലവധം.

75. മയനിർമ്മിതമായ പാണ്ഡവസൗധത്തിൽ സ്ഥലകാലബോധം നഷ്ടപ്പെട്ട ദുര്യോധനൻ അവഹേളിതനാകുന്നു.

76–79. യാദവരുമായി യുദ്ധം ചെയ്ത ശാല്വകുല രാജാവിനെ കൃഷ്ണൻ ഉന്മൂലനം ചെയ്യുന്നു. ആസുരീക കർമ്മം നിരന്തരം ചെയ്തുപോന്ന ദന്തവക്രൻ, വിസ്തൃരഥൻ, തുടങ്ങിയവരെ കൃഷ്ണൻ വധിക്കുന്നു.

സൂതനെയും ബല്വലാസുരനെയും ബലഭദ്രൻ വധിക്കുന്നു. ഈ വധത്തിന്റെ പാപപരിഹാരാർഥമായി ബലഭദ്രൻ തീർത്ഥയാത്ര ചെയ്യുന്നു.

80–81. ധർമ്മപത്നിയുടെ നിർദ്ദേശമനുസരിച്ച് സുദാമാവ് എന്ന കുചേലൻ കൃഷ്ണനെ ദർശിക്കാനെത്തി ദാരിദ്ര്യത്തിൽ നിന്ന് മോചനം നേടുന്നു. കുചേലവൃത്തം (സഖ്യഭക്തിയുടെ ഉദാത്ത ഉദാഹരണം)

82–84. യാദവർ, കൗരവർ, പാണ്ഡവർ, നന്ദഗോപകുടുംബാംഗങ്ങൾ തുടങ്ങിയ ശ്രീകൃഷ്ണബന്ധുക്കളെല്ലാം ഒത്തുചേരുന്നത് ഒരു കുടുംബസംഗമ യജ്ഞമായി വസുദേവൻ ആഘോഷിക്കുന്നു. (നമ്മളുടെയും കുടുംബാംഗങ്ങളെല്ലാവരും അവസരം ലഭിക്കുമ്പോൾ ഒത്തുചേരണം)

85. വസുദേവൻ ശ്രീകൃഷ്ണ മാഹാത്മ്യം വിവരിക്കുന്നു. ദേവകിയുടെ അപേക്ഷയനുസരിച്ച്, കംസൻ വധിച്ച കൃഷ്ണസഹോദരന്മാരെ കൃഷ്ണൻ പുനർ ജനിപ്പിക്കുന്നു.

86. അർജ്ജുനൻ, ശ്രീകൃഷ്ണ അനുമതി നേടി കൃഷ്ണസഹോദരി സുഭദ്രയെ വിവാഹം കഴിക്കുന്നു. മിഥിലാസന്ദർശനം, മിഥിലാ ചരിത്രവിവരണം, ശുതദേവൻ കൃഷ്ണനെ സ്വീകരിച്ചാനയിക്കുന്ന വിവരണം. (ഒരിടത്തും ഒരിക്കലും വെറുതെയിരിക്കരുതന്നും നിരന്തരം കർമ്മനിരതനാകണം എന്നുമുള്ള ശ്രീകൃഷ്ണ ജീവിത സന്ദേശം)

87. (വിഷയം മാറുന്നു) പരീക്ഷിത്തു മഹാരാജാവ് വേദസന്ദേശങ്ങളെക്കുറിച്ച് ചോദിച്ച വേളയിൽ ശ്രീശുകൻ വേദമഹത്വം വിവരിക്കുന്നതാണ് ശ്രുതിഗീത.



Scanned with CamScanner

88, 89. മഹാദേവ- മഹാവിഷ്ണു മഹത്വ വിവരണം. സൃഷ്ടി സ്ഥിതി സംഹാരത്തിന്റെ തത്വങ്ങളും തൃമൂർത്തി സങ്കൽപവും സുദീർഘമായി ശ്രീശുകൻ വിവരിക്കുന്നു. ശ്രീശുകൻ, ഭൃഗു നൽകിയ വിവരണമാണുദ്ധരിക്കുന്നത്. (ഇതേ അദ്ധ്യായത്തിൽതന്നെ) അർജ്ജുനനും ശ്രീകൃഷ്ണനും മഹാകാലപുരിയിലെത്തി പ്രാർത്ഥനാ നിരതനായ ബ്രാഹ്മണന്റെ മരിച്ചുപോയ കുട്ടികളെ കൊണ്ടുവരുന്നു.

90. ശ്രീകൃഷ്ണവൃത്താന്തം ഈ അധ്യായത്തിൽ സംക്ഷിപ്തമായി ഒരിക്കിൽ കൂടി വിവരിക്കുന്നു (Conclusion പോലെ). ശ്രീകൃഷ്ണചരിതം ശ്രവിച്ചാലുള്ള ഫലവും വിവരിക്കുന്നുണ്ട്.

## പതിനൊന്നാം സ്കന്ധം

1–2. യാദവവംശത്തിൽ ജനസംഖ്യ ക്രമാതീതമായി പെരുകുന്നു. അഹങ്കാരം, വാശി, പക, അസാന്മാർഗിക പ്രവർത്തികൾ ഇവ യാദവവംശത്തിന്റെ ഭാഗമായിത്തീരുന്നു. അതിന്റെ തുടർച്ചയായി ഋഷിവര്യന്മാരെ അവഹേളിച്ചതിന്റെ ശാപമായി ഇരുമ്പുലക്ക യാദവവംശത്തിന്റെ സർവനാശത്തിനു കാരണമായിത്തീരുന്നു. (ഏതൊരു കുലവും എത്ര മഹത്തായതാണെങ്കിലും, മഹാന്മാർക്ക് ജന്മം നൽകിയതാണെങ്കിലും വാശി, പക, അഹങ്കാരം, പുച്ഛം ഇവയെല്ലാം വ്യക്തിയുടെ മാത്രമല്ല ഒരു കുലത്തിന്റെ തന്നെ നാശത്തിന് കാരണമാകും എന്ന് നമുക്ക് ലഭിക്കുന്ന സത്യസന്ധമായ വിവരണം ശ്രദ്ധിക്കുക.) ഇതേ അധ്യായത്തിൽ നിമിയും - നവയോഗേശ്വരനും ചർച്ച ചെയ്ത ഭാഗവതധർമ്മം, ശ്രീശുകൻ പരീക്ഷിത്തിന് വിവരിക്കുന്നു. ഭഗവാന്റെ തത്വവിവരണം, ധാർമ്മികതത്വങ്ങൾ ഇവയെല്ലാം തുടർന്ന് വിവരണമായിവരുന്നു. (പുരാണത്തിൽ പല ധർമ്മസന്ദേശങ്ങളുമുണ്ടെന്നോർമ്മിക്കണം)

3. ബ്രഹ്മതത്വം എന്താണെന്നും സത്യമായ തത്വം അറിയുന്നതിലൂടെ ബ്രഹ്മസാക്ഷാത്കാരം നേടി ജീവിത ദുഃഖത്തിൽ നിന്ന് മോചനം നേടാമെന്നും ഈ അധ്യായത്തിൽ വിവരിക്കുന്നു.

4. ഭഗവാന്റെ എല്ലാ അവതാരങ്ങളെക്കുറിച്ചും ദ്രുമിലൻ ഈ അദ്ധ്യായത്തിൽ സംക്ഷിപ്തമായി വിവരിക്കുന്നു.

5. എല്ലാ വിഭാഗം ജനങ്ങൾക്കു (നിരീശ്വരവാദികളുൾപ്പെടെ)



Scanned with CamScanner

മുള്ള പൂജാവിധികൾ അതാതു യുഗധർമ്മമനുസരിച്ച് അനുഷ്ഠിക്കേണ്ടത് ഈ അദ്ധ്യായവിഷയമാണ് **(എല്ലാവർക്കും അനുഷ്ഠിക്കാനുള്ള ആചാരവിചാര വിശ്വാസ പ്രമാണങ്ങൾ പൂർവ്വീക ഋഷിവര്യന്മാരുണ്ടാക്കിയിരുന്നു. അത് നാം ജീവിതത്തിൽ പ്രയോജനപ്പെടുത്തണം.)**

6–9. തന്റെ ജീവിതാന്ത്യം അടുക്കുന്നു എന്നറിഞ്ഞ കൃഷ്ണൻ ഉദ്ധവരോടു എല്ലാ കാര്യങ്ങളും വിവരിക്കുന്നു. ഈ അവസരത്തിൽ സമഗ്രമായ ജീവിത ദർശനത്തെക്കുറിച്ച് ഉദ്ധവൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് (ഉദ്ധവഗീത എന്നറിയപ്പെടുന്ന ഭാഗം) വിവരണം നൽകുന്നു. കൃഷ്ണന്റെ, ജ്ഞാനോപദേശം, അവധൂതന്റെ കഥാവിവരണം, പ്രകൃതിയിലുള്ള 24 ഗുരുക്കന്മാരെക്കുറിച്ചുള്ള ശ്രീകൃഷ്ണവിവരണം, വായു, സൂര്യൻ, തേനീച്ച, സർപ്പം, .......... എന്നീ ഗുരുക്കന്മാരിൽ നിന്നാണ് ജീവിതധർമ്മം പഠിക്കേണ്ടതെന്ന് കൃഷ്ണൻ ഉദ്ധവനെ അറിയിക്കുന്നു. നമുക്ക് അറിവുള്ളത് മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുക, ഉപദേശിക്കുക, അതാണ് നമ്മുടെ ജീവിത സന്ദേശം-നമ്മുടെ ജീവിതം കൊണ്ടുള്ള പ്രയോജനം അതാണ്, എന്ന ശ്രീകൃഷ്ണസന്ദേശം ശ്രദ്ധിക്കുക.

10–12. സംസാരബന്ധം, ജീവിതയാഥാർത്ഥ്യം, ബ്രഹ്മസത്യം-ജഗത് മിഥ്യാ തത്വ നിരൂപണം, പുണ്യാത്മാക്കളുടെ ലക്ഷണം, ഭക്തി ലക്ഷണം, പ്രായോഗിക ഭക്തി, സത് സംഗമഹത്വം, കർമ്മ ധർമ്മാനുഷ്ഠാന മഹത്വം, വർണ്ണന-ആശ്രമ വ്യവസ്ഥകളുടെ ക്രമീകരണം എന്നിവയെല്ലാം ഉദ്ധവനെ, കൃഷ്ണൻ കേൾപ്പിക്കുന്നു എന്ന് ശ്രീശുകൻ പരീക്ഷിത്തിനെ അറിയിക്കുന്നു.

13,14. ഹംസ രൂപത്തിൽ (പരമ പദമായ ഹംസയോഗിയുടെ അവസ്ഥ) കൃഷ്ണൻ ഉദ്ധവനെ ഉപദേശിക്കുന്നു. ജ്ഞാനമഹത്വം, ഭക്തിയുടെ മഹത്വം, ധ്യാന-യോഗ മഹത്വം, അവയിലന്തർലീനമായിരിക്കുന്ന തത്വശാസ്ത്രം **(സനാതന ധർമ്മത്തിൽ ശാസ്ത്രീയ ഭക്തി വ്യക്തമായി ജ്ഞാനത്തിലൂടെ അറിയാനായി വായിക്കേണ്ട ഭാഗമാണിത്.)**

15. അഷ്ടാദശ സിദ്ധികളെക്കുറിച്ചുള്ള ശ്രീകൃഷ്ണ വിവരണം. അണിമ-മഹിമ-ലഘിമ-തുടങ്ങിയ വിവിധ സിദ്ധികളെക്കുറിച്ചും



Scanned with CamScanner

അവ സാധനയിലൂടെ നേടേണ്ടതിനെക്കുറിച്ചുമുള്ള വിവരണം. **(ഭാരതത്തിൽ സിദ്ധന്മാർ എന്നറിയപ്പെടുന്നത് 64 സിദ്ധികളിൽ, ഇന്ദ്രജാലമുൾപ്പെടെ അറിവുള്ളവരെയായിരുന്നു.)**

16. ഭഗവാന്റെ വിഭൂതി മാഹാത്മ്യ വിവരണമാണ് ഈ അദ്ധ്യായത്തിൽ (ശ്രീകൃഷ്ണനെ എപ്രകാരം വീക്ഷിക്കണമെന്ന് ഈ അദ്ധ്യായത്തിലൂടെ അറിയണം.

17. ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രന്മാരുടെ ധർമ്മം സവിസ്തരം കൃഷ്ണൻ വിവരിക്കുന്നു. ധാർമ്മികമായി ഉയരുന്നതനുസരിച്ച് ശൂദ്രന് ബ്രാഹ്മണ പദവിയിലെത്താമെന്ന് അസന്ദിഗ്ദമായി കൃഷ്ണനുപദേശിക്കുന്നു.

ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്യാസി ഇവരനുഷ്ഠിക്കേണ്ടതായ ആശ്രമധർമ്മം സവിസ്തരം, യുക്തിസഹജമായി ഉദ്ധവനെ കേൾപ്പിക്കുന്നു.

18. വാനപ്രസ്ഥന്റേയും സന്യാസിയുടേയും ധർമ്മം കൂടുതൽ വ്യക്തമായി ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. സന്യാസത്തിന്നൊരു ലക്ഷ്യമുണ്ട്, മാർഗമുണ്ട്, ധർമ്മമുണ്ട് അതറിഞ്ഞു വേണം സന്യാസം സ്വീകരിക്കാനത്രെ!

19. ഈ ഒരധ്യായം പൂർണമായും അഷ്ടാംഗ യോഗത്തിലെ ആദ്യ രണ്ടു അംഗങ്ങളായ യമ നിയമങ്ങളായ അഹിംസ-സത്യം -ആസ്തേയം-ബ്രഹ്മചര്യം-അപരിഗ്രഹം-ശൗചം-സന്തോഷം-തപഃ-സ്വാധ്യായം- ഈശ്വര പ്രണിധാനം എന്നിവയുടെ വ്യക്തമായ പ്രായോഗിക വിവരണങ്ങളാണ്. ജീവിതം ധന്യമാക്കേണ്ട പത്തു നിർദ്ദേശങ്ങളാണിവ.

20. ഈ ഒരദ്ധ്യായത്തിൽ കൃഷ്ണന്റെ ജ്ഞാനയോഗ-ഭക്തിയോഗ-കർമ്മയോഗങ്ങളുടെ പ്രായോഗിക വിവരണമാണ്. ഭാരതീയ ജ്ഞാനവിജ്ഞാനങ്ങളുടെ ശാഖോപശാഖകളെക്കുറിച്ചുള്ള സമഗ്രജ്ഞാനം എല്ലാവർക്കുമുണ്ടാകണം എന്ന് ഈ അദ്ധ്യായങ്ങളിലൂടെ, 11-ാം സ്കന്ധത്തിൽ വ്യക്തമാക്കുന്നു.

21. അതി സങ്കീർണമായ ശാസ്ത്ര തത്വത്തിലൂടെ ദ്രവ്യ-ദേശാ -സമയഗുണ ദോഷങ്ങൾ (Space, Matter, Time) കൃഷ്ണൻ ഉദ്ധവനു വിവരിക്കുന്നു.



Scanned with CamScanner

22. പഞ്ചഭൂതം, പഞ്ചപ്രാണൻ, പഞ്ചകർമേന്ദ്രിയം, പഞ്ചജ്ഞാനേന്ദ്രിയം, മനസ്, പ്രകൃതി-പ്രപഞ്ച പുരുഷ ബന്ധവിവരണം. (വിവരണാതീതമായ ശാസ്ത്രീയ വീക്ഷണം ഇവിടെ പ്രതിഫലിക്കുന്നു.)

23. ഭിക്ഷുഗീതം എന്നാണ് ഈ അദ്ധ്യായഭാഗം അറിയപ്പെടുന്നത് ധനം കൊണ്ടുണ്ടാകുന്ന കെടുതികൾ, ധനമുണ്ടാക്കാനും സംരക്ഷിക്കാനും വേണ്ടി സഹിക്കേണ്ടിവരുന്ന യാതനകൾ, ധനം കൊണ്ടുണ്ടാകുന്ന മനോവിഭ്രാന്തി, കുടുംബ കലഹം ...............

മനുഷ്യശരീരത്തിന്റെ പ്രത്യേകതകൾ, കാമങ്ങൾ, കാമപൂരണം, ജീവിതാന്ത്യത്തിലെ കെടുതികൾ, ഇവക്കെല്ലാമിടയിൽ ധനത്തെ ഓർത്ത് ചെയ്തു കൂട്ടുന്ന ഹീന കൃത്യങ്ങൾ........

ഒരു ഭിക്ഷുവിനെ, ജനങ്ങൾ കളിയാക്കി, അയാളുടെ കയ്യിലുള്ളതെല്ലാം തട്ടിപ്പറിച്ച്, കള്ളനെന്നു പറഞ്ഞു തല്ലിച്ചതച്ച്, തെണ്ടിയാക്കി...... അവൻ പണ്ട് ധനത്തിന്റെ കൂമ്പാരത്തിൽ കഴിഞ്ഞ കാലത്തു ചെയ്ത അക്രമത്തിന്റെ ഫലമാണിതെല്ലാമെന്ന് ഭഗവാൻ ഉപദേശിക്കുന്നു. ആ ഭിക്ഷക്കാരൻ തനിക്കിതൊക്കെ സംഭവിച്ചതെന്തുകൊണ്ടാണെന്നു വിവരിക്കുന്നു- ഇതാണ് ഭിക്ഷുഗീതം.

24. ദർശനങ്ങളിലെ സാംഖ്യ യോഗ വിവരണം.

25. സത്വ-രജസ്-തമോഗുണങ്ങൾ പ്രപഞ്ചത്തിലെ ഓരോന്നിലും നിലനിൽക്കുന്നതിനെക്കുറിച്ചുള്ള വിവരണം (ഗുണ ദോഷ വിചിന്തനം)

26. ഐലഗീതം (ഐളഗീതം) എന്നറിയപ്പെടുന്ന ഈ അധ്യായത്തിൽ ഐലൻ എന്ന രാജാവ് ഉർവശി എന്ന വേശ്യയോടൊത്തു ജീവിച്ച് ജീവിതാന്ത്യത്തിൽ താൻ കാട്ടി കൂട്ടിയ വിഡ്ഢിത്തങ്ങളും അപഹാസ്യമായ പ്രവൃത്തികളും, മനുഷ്യശരീരത്തിന്റെ ആസക്തിക്കായി ചെയ്തതും മനുഷ്യ ശരീരത്തിെ യാഥാർത്ഥ്യ വുമെല്ലാം സ്വയം പറയുന്നു. മനുഷ്യനെക്കുറിച്ചുള്ള ശാശ്വത സത്യമെന്താണെന്ന് ഭഗവാൻ, ഐലന്റെ വരികളിലൂടെ വിവരിക്കുന്നു. ഓരോ ജീവിതകർമ്മ രീതിയും, പിന്തുടർന്ന് അന്ത്യത്തിൽ വിലപിക്കുന്നതിനു പകരം, അധർമ്മവും, തെറ്റും, ചെയ്യുന്നതിനു മുമ്പു തന്നെ വിശ



Scanned with CamScanner

കലനം ചെയ്യണമെന്നും നമ്മെ ഓർമ്മിപ്പിക്കുകയാണ് ഐള ഗീതം (Prevention is better than cure)

27. ക്രിയാ യോഗങ്ങളുടെ വിശദമായ വിവരണം (യോഗചര്യാ സംക്ഷിപ്തം പ്രായോഗിക തലത്തിൽ) ഷോഡശോപചാര പൂജയും വിവരിക്കുന്നു.

28. ജീവിത യാഥാർത്ഥ്യങ്ങളെക്കുറിച്ചും, തത്വശാസ്ത്രം, മനശാസ്ത്രം, എന്നിവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരമാർത്ഥ നിരൂപണം (ആദ്യന്തിക സത്യം എന്ത് എന്നറിയിക്കൽ)

29. ഭാഗവത പഠനം കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നതെന്തോ അത്തരത്തിലുള്ള ഭാഗവത കർമ്മ ധർമ്മ വിവരണം. ഇതെല്ലാം കേട്ട് ജ്ഞാനത്തിന്റെ പ്രകാശവുമായി ഉദ്ധവൻ തീർത്ഥയാത്രയായി ദാരികാശ്രമത്തിലേക്ക് പുറപ്പെടുന്നു.

30. യാദവകുലം സ്വയം നശിക്കുന്നതായി കേൾക്കുന്നു. (ആരംഭമുള്ള എല്ലാത്തിനും അവസാനവുമുണ്ട്)

31. ശ്രീകൃഷ്ണൻ പരമധാമത്തിലേക്ക് പോകുന്നു. തുടർന്ന് ശ്രീകൃഷ്ണന്റെ സ്വർഗാരോഹണം

## പന്ത്രണ്ടാം സ്കന്ധം

കലിയുഗത്തിലെ പ്രധാന രാജാക്കന്മാരുടെ തലമുറകളുടെ പേരുകളാണിവിടെ വിവരിക്കുന്നത്. (യു.ജി.സി അംഗീകരിച്ച ചരിത്രഭാഗമാണിത്.)

അതിപ്രധാനമായ ചരിത്രഭാഗമാണ് 1-ാം അധ്യാത്തിൽ ശ്രീകൃഷ്ണന്റെ സ്വർഗ പ്രാപ്തിക്കു ശേഷം കലിയുഗമാരംഭിച്ചതിനാൽ, കലിയുഗത്തിലെ പ്രധാന രാജാക്കന്മാരുടെ വിവരമാണ് നൽകിയിട്ടുള്ളത്. ബൃഹദ്രഥൻ, ശുങ്കൻ, വിശാഖയൂപൻ, നന്ദിവർധനൻ, പ്രദ്യോതൻ, ശിശുനാഗൻ, കാകവർണൻ, വിധിസാരൻ, അജാതശത്രു, ദർഭകൻ, മഹാനന്ദിയുടെ പുത്രനായ മഹാപത്മൻ (ശൂദ്രൻ) മഹാപത്മൻ II, പിന്നീട് 9 നന്ദവംശരാജാക്കന്മാർ, തുടർന്ന് മൗര്യവംശത്തിലെ ചന്ദ്രഗുപ്തൻ, പുത്രൻ വാരിസാരൻ, അശോകൻ, ശാലീശുകൻ, സോമധർമ്മൻ, ശത്രുധന്വൻ, ബൃഹദ്രഥൻ, ബൃഹദ്രഥന്റെ സേനാപതിയായ പുഷ്പമിത്രൻ ശുംഗവംശം സ്ഥാപിച്ചു, സ്വയം രാജാവായി പ്രഖ്യാപിച്ചു. തുടർന്ന് വസുമിത്രൻ, ഭദ്രകൻ, പുലി



Scanned with CamScanner

ന്ദൻ, ഘോഷൻ, വജ്രമിലൻ, തുടങ്ങിയ ശുങ്ക വംശ രാജാക്കന്മാർ യഥാക്രമം ആകെ 100 വർഷത്തോളം ഭാരതം ഭരിച്ചു. ശുങ്കവംശ രാജാവായ ദേവഭൂതിയെ വധിച്ച്, പ്രധാന മന്ത്രി വസുദേവൻ സ്വയം രാജാവായി. തുടർന്നുള്ള രാജാക്കന്മാരുടെ പേരു വിവരങ്ങളുമുണ്ട്. കലിയുഗത്തിലെ ധർമ്മാധർമ്മനിരൂപണം, കൽക്യാവതാരമെന്നായിരിക്കുമെന്നും, തുടർന്ന് കൃതയുഗാരംഭ വിവരണവും, ഹരിനാമ കീർത്തനത്തിലൂടെ കലിയുഗവേദനകളകറ്റാൻ സാധിക്കുമെന്ന വിവരണവും, നാലു വിധത്തിലുള്ള പ്രളയവിവരണവും ഈ അധ്യായങ്ങളിൽ സംക്ഷിപ്തമായി വരുന്നു.

5. ജീവിത യാഥാർത്ഥ്യത്തെക്കുറിച്ചറിഞ്ഞ പരീക്ഷിത്ത് ഭീതിയകന്ന് ദേഹത്യാഗം ചെയ്യുന്നു.

6,7. വേദങ്ങളുടെ ശാഖാവിവരണങ്ങൾ അഥവാ വേദത്തിന്റെ പ്രത്യേകതകളും ശാഖകളും, പുരാണലക്ഷണവും സുദീർഘമായി വിവരിക്കുന്നു.

8–10. മാർക്കണ്ഡേയ മഹർഷിയുടെ തപസ്സ്, മഹർഷിയുടെ നാരായണസ്തുതിയും, മാർക്കണ്ഡേയ മഹർഷിയെഴുതിയ ഭഗവാന്റെ മായാവലയിതമായ പ്രളയ ദർശനവും ഈശ്വരാംശത്തിന്റെ ലീലകളും മാർക്കണ്ഡേയ മഹർഷിക്ക് ലഭിക്കുന്ന ശിവദർശനവും.

11. പരമമായ ഈശ്വര ചൈതന്യമെന്താണെന്ന വിവരണം, പ്രപഞ്ചത്തിലെ അനവധി സൂര്യവ്യൂഹ വിവരണം.

12 ഭാഗവത സംക്ഷിപ്തം വീണ്ടും ഈ ഒരു അധ്യായത്തിൽ വിവരിക്കുന്നു.

13. വിവിധ പുരാണങ്ങളുടെ ശ്ലോക സംഖ്യകളും ഭാഗവത പുരാണ മഹത്വവും ഭാഗവത പുരാണാന്ത്യത്തിൽ, സ്കന്ദ പുരാണത്തിന്റെ നാലു അധ്യായങ്ങളും കൂടി ചേർക്കാറുണ്ട്.

1. പരീക്ഷിത്തും വജ്രനാഭനും തമ്മിലുള്ള ഭാരതഭൂമിയുടെ മഹത്വ വിവരണം.

2. ശ്രീകൃഷ്ണ പത്നിയും കാളിന്ദിയും തമ്മിലുള്ള ചർച്ച, കാളിന്ദിയുടെ ഉപദേശത്താൽ ശ്രീകൃഷ്ണസംഗീതോത്സവാരാധനാരംഭം, അവിടെ ഉദ്ധവരുടെ വരവ് (സ്കന്ദപുരാണഭാഗമാണിത്)



Scanned with CamScanner

3. ഉദ്ധവൻ ഭാഗവതത്തിന്റെ മഹത്വം വിവരിക്കുന്നു, ഭാഗവതം വായിക്കുന്നതിന്റെ സമ്പ്രദായം വിവരിക്കുന്നു. കലികാല വൈപരീത്യങ്ങളില്ലാതാക്കാൻ ഉപദേശിച്ച ഭാഗവതത്തിലെ കഥാ ശ്രവണകഥനം.

4. ഭാഗവതം വായിക്കുന്നവരും കേൾക്കുന്നവരും ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ ഭാഗവത ശ്രവണഫലവും ഇവിടെ ഉദ്ധവൻ വിവരിക്കുന്നു.

### ഇത് ആദ്യം വായിക്കണം

ജഗദീശ്വരാനുഗ്രഹങ്ങൾ ലഭിക്കുന്ന മനുഷ്യജന്മം അവനവനും മറ്റുള്ളവർക്കും പ്രയോജനമുണ്ടാകുന്നവിധത്തിൽ സന്തോഷിച്ചും സന്തോഷിപ്പിച്ചും, പഠിച്ചും പഠിപ്പിച്ചും, അറിഞ്ഞും അറിയിച്ചും, ബഹുമാനിച്ചും ബഹുമാനിപ്പിച്ചും ജീവിച്ചുകാണിച്ചുതന്ന ശ്രീകൃഷ്ണചരിതവും ഭാഗവതത്തെ ആധാരമാക്കിയുള്ള പ്രാർത്ഥനാനിർഭരമായ സ്തുതികളും ചേർത്തെഴുതിയ ആയിരം ശ്ലോകങ്ങളുള്ള ഗ്രന്ഥമാണ് നാരായണീയം. വാതരോഗത്തിന്റെ വേദനയിൽ പിടഞ്ഞുകൊണ്ടിരിക്കുമ്പോൾ നിറഞ്ഞ ഭക്തിയോടെ എഴുതിപ്രചരിപ്പിച്ച ഗ്രന്ഥമാണ് നാരായണീയം.

ഭാഗവതത്തിലേതുപോലെ അതിൽ പ്രാർത്ഥനയുണ്ട്, കഥയുണ്ട്, ജീവിതാനുഭവമുണ്ട്, പ്രപഞ്ചസത്യവുമുണ്ട്. എന്നാൽ നേരിട്ടുള്ള ഉപദേശങ്ങൾ കുറവാണ്. മറ്റുള്ളവയിൽ നിന്ന് സന്ദേശങ്ങളെടുത്തുകൊള്ളേണ്ടതാണ്. സന്ദേശങ്ങളെടുക്കാതെ നാരായണീയ പാരായണം വലിയ പ്രയോജനം ചെയ്യില്ല.

ഭാഗവതത്തിന്റെ പ്രധാന ചരിത്രപുരുഷനാണ് ശ്രീകൃഷ്ണൻ! ഭഗവദ്ഗീത ഉപദേശിച്ച ശ്രീകൃഷ്ണൻ, ശാന്തഭാവഭക്തിയും, വാത്സല്യഭാവഭക്തിയും, മാധുര്യഭാവഭക്തിയും ദാസഭാവഭക്തിയും, സഖ്യഭാവഭക്തിയുംവിവിധ രൂപഭാവബന്ധങ്ങളിലൂടെ അനുഭവിച്ചും അനുഭവിപ്പിച്ചും, നമ്മുടെ മുന്നിൽ ജീവിതമെന്തെന്നു കാണിച്ചു തന്നു! ഇതിൽ എല്ലാം നമുക്ക് ജീവിതത്തിൽ പകർത്താനാകില്ല. ശ്രമിക്കുകയുമരുത്. പക്ഷേ പകർത്താനുള്ളത് കൃഷ്ണന്റെ ധീരത, ബന്ധം, സംതൃപ്തി, ആദരവ്, സ്നേഹം, ബഹുമാനം, കടമനിറവേറ്റാനുള്ള വ്യഗ്രത, ത്യാഗമനോഭാവം, ശാന്തത, എളിമ, ഏതുതരം മനുഷ്യരേയും



Scanned with CamScanner

അസുര-ദേവതുല്യരേയും കൈകാര്യം ചെയ്യാനുള്ള ചാതുരി, പ്രകൃതിയേപോലും നിയന്ത്രിക്കാനുള്ള ദൃഢചിത്തം, എല്ലാവരിലുമൊരുവനായി ജീവിച്ചു കാണിച്ചുകൊടുക്കുവാനുള്ള കഴിവ്, വാത്സല്യം... തുടങ്ങി അനേകമനേകം ഗുണങ്ങളും സാധാരണ മനുഷ്യരിൽ കാണുന്ന ദോഷങ്ങളില്ലായ്മയും. ഇതെല്ലാം സാധിക്കുന്ന വിധത്തിൽ സാധിക്കുന്നത്രയും സാധിക്കുന്നവരെല്ലാം ജീവിതത്തിൽ പകർത്തണം.

**ഒന്നാം ദശകം (ഗുരുവായൂരപ്പ ദർശന വിവരണം) :** ഉപനിഷത്തുക്കൾ വിവരിക്കുന്ന ബ്രഹ്മം തന്നെയാണ് ഗുരുവായൂരപ്പൻ എന്നും അവ്യക്തവും കാല-ദേശാതീതവുമായ ചൈതന്യമായ ഗുരുവായൂരപ്പൻ ബ്രഹ്മമാണെന്ന് ആദ്യദർശനത്തിൽ മനസ്സിലാകില്ലെന്നും മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട് വിവരിച്ചുകൊണ്ട് നാരായണീയം ആരംഭിക്കുന്നു.

മറ്റുദേവന്മാരെ ആരാധിക്കുന്നതിനേക്കാൾ ശ്രേഷ്ഠവും എളുപ്പവും ഗുരുവായൂരപ്പ ആരാധനയാണെന്നും, ഗുരുവായൂരപ്പന് പൂർണമായും സാത്വീക ശരീരവും ഭാവവുമാണുള്ളതെന്നും, പരിശുദ്ധവും-മായാശക്തിസമേതവും-ലക്ഷ്മീസമേതവും. ആയ ഗുരുവായൂരപ്പനെ ഞാൻ ആരാധിക്കുന്നു. സർവസൃഷ്ടികൾക്കുമാധാരവും, ദുഃഖനാശകനും, കൽപകവൃക്ഷം പോലെ ഭക്തർക്കായി നിലകൊള്ളുന്നവനും, സ്വയം ഭക്തർക്കായി അർപ്പിക്കപ്പെട്ടവനും, പ്രപഞ്ചതേജസ്സിന്നാധാരവും, ഒന്നിനോടും ബന്ധനമില്ലാത്തവനുമായ ഗുരുവായൂരപ്പാ ഞാൻ അങ്ങയെ പ്രണമിക്കുന്നു.

**രണ്ടാം ദശകം (ഗുരൂവായൂരപ്പ ദർശന സൗഭാഗ്യമഹത്വം) :** ഗുരുവായൂരപ്പന്റെ മുഖകമലം, ചതുർഭുജങ്ങൾ, പാദകമലങ്ങൾ, അതിസുന്ദരമായ ശരീരം, കൗതുകരൂപം, ഐശ്വര്യദേവതയുടെ സാന്നിദ്ധ്യം, ലക്ഷ്മീവല്ലഭ സ്ഥാനമഹത്വം, ആശ്ചര്യമുളവാക്കുന്ന സായൂജ്യം, ജ്ഞാന-യുക്തി-കർമ്മ-ധ്യാനമാർഗങ്ങളിലൂടെ ഗുരുവായൂരപ്പ സന്നിധിയിലെത്തുന്ന ഭക്തർക്കു ലഭിക്കുന്ന സായൂജ്യവും അന്ത്യത്തിൽ ലഭിക്കുന്ന മോക്ഷവും ഞാൻ ഭക്തിപുരസ്സരം കീർത്തിക്കുന്നു.

**മൂന്നാം ദശകം (ഗുരൂവായൂരപ്പ ഭക്തിയുണ്ടാകാനുള്ള പ്രാർത്ഥന) :** ഭക്തിമാർഗങ്ങളുടെ സവിശേഷതകളെക്കുറിച്ചും ഭക്തന്മാരുടെ സായൂജ്യാനുഭൂതിയെക്കുറിച്ചും വിവരിക്കുന്നു. ഗുരുവായൂരപ്പ നാമജപം, സ്മരണ, മേൽപത്തൂരിന്റെ രോഗവും കഷ്ടപ്പാടുകളും മാറ്റേ



Scanned with CamScanner

ണമേ എന്ന പ്രാർത്ഥന, രോഗമുക്തനാക്കണമേ എന്ന പ്രാർത്ഥന, ക്ലേശ ഭാരം ശമിപ്പിക്കാനുള്ള പ്രാർത്ഥന, ഭക്തർക്കു ലഭിക്കുന്ന പരമാനന്ദം, ആത്മജ്ഞാനം, കൂടുതൽ കൂടുതൽ ഭക്തിയുണ്ടാകണമെന്ന ആഗ്ര ഹം, ഭക്തിയുടെ വളർച്ചയും മധുരഭാവവും, തന്റെ പാദങ്ങൾ (കാ ലുകൾ)ക്കും എന്നെന്നും ക്ഷേത്രദർശനത്തിന്നായുള്ള ശക്തിയുണ്ടാ കണമെന്ന അപേക്ഷ, സ്വന്തം കർമ്മേന്ദ്രിയങ്ങളേയും ജ്ഞാനേന്ദ്രി യങ്ങളേയും ഈശ്വരരാധാനക്കായി കൂടുതൽ ശക്തിയുള്ളതാക്ക ണമെന്ന പ്രാർത്ഥന, ഭക്തരല്ലാത്തവർ പോലും സുഖത്തോടെ ജീവി ക്കുമ്പോൾ ഞാൻ മാത്രം നിത്യവേദനയനുഭവിക്കുന്നു, ആ ശാരീ രിക മാനസീക വേദനകളിൽ നിന്ന് മോചനം തരണമെന്ന (മേൽപ ത്തൂരിന്റെ) യാചനയോടെ അദ്ദേഹം പാദങ്ങളിൽ നമസ്കരിക്കുന്നു. സ്തുതിച്ച് പൂജിക്കുന്നു.

**നാലാം ദശകം (ഗുരുവായൂരപ്പ ധ്യാനം)** : യമ-നിയമ-ആസന-പ്രാണായാമ-പ്രത്യാഹാര-ധാരണ-ധ്യാന-സമാധീ എന്നീ അഷ്ടാം ഗമാർഗങ്ങളിലൂടെ ചരിക്കുന്നവന് ലഭിക്കുന്ന സായൂജ്യം വിവരിക്കു ന്നു. അഷ്ടാംഗയോഗത്തിലൂടെ ഗുരുവായൂരപ്പ ഉപാസന നടത്താ നുള്ള ആരോഗ്യത്തിനുവേണ്ടിയുള്ള പ്രാർത്ഥന. ഞാൻ യോഗധ്യാ നത്തിലൂടെ ഉപാസിക്കാമെന്ന പ്രതിജ്ഞ, പ്രണവമന്ത്രം ജപിച്ച് ഇന്ദ്രി യനിഗ്രഹം ചെയ്ത് അങ്ങയെ ധ്യാനിച്ച്, പാദസ്മരണ ചെയ്ത്, സുന്ദ രരൂപം തന്നെ സ്മരിച്ച്, സർവകലാസമന്വിതമായ രൂപം ധ്യാനം ചെയ്ത്, ബ്രഹ്മാനന്ദത്തിനുതകും വിധം പൂജാ ധ്യാനം എന്നിവ ചെയ്ത്, ധാര ണ-ധ്യാനത്തിലൂടെ സമാധിയിലെത്തി, പരബ്രഹ്മരൂപം ദർശിച്ച്, ശുക -നാരദ-വ്യാസന്മാരുടെ നിലവാരത്തിലെത്തി, സുഷുമ്നാനാഡിയെ പ്രൊജ്ജ്വലിപ്പിച്ച്, ലൗകീക ജീവിതത്തിൽ ബന്ധനങ്ങളില്ലാതെ, ജീവൻ ത്യജിക്കുമ്പോഴും ഗുരുവായൂരപ്പ സ്മരണയിൽ മുഴുകി, ഉത്തരായ നത്തിലെ വെളുത്തപക്ഷം പകൽ സമയം ശരീരമുപേക്ഷിച്ച് ദേവാ നുഗ്രഹത്താൽ സൂര്യലോകവും ധ്രുവലോകവും പിന്നീട് മഹർലോ കവും, പിന്നീട് ബ്രഹ്മലോകവും പ്രാപിക്കാനനുഗ്രഹിക്കേണമേ! ബ്രഹ്മ ലോകത്തിലും വൈകുണ്ഠത്തിലും കൽപാന്തകാലം വരെ ആത്മാവ് വിഹരിച്ച് അല്ലെങ്കിൽ എളുപ്പവഴിയിലൂടെ ബ്രഹ്മത്തിൽ ലയിക്കുവാ നനുവദിക്കേണമേ! അതിലുമുത്തമമായ അങ്ങയുടെ പാദകമലങ്ങ ളിലലിഞ്ഞുചേരേണമേ! പുനർജനന മരണങ്ങളുടെ ക്ലേശങ്ങളനുഭ വിക്കാതെ അങ്ങയിലലിഞ്ഞു ചേരാനാകേണമേ ഗുരുവായൂരപ്പാ.



Scanned with CamScanner

**അഞ്ചാം ദശകം (ഗുരുവായൂരപ്പന്റെ അനന്തവ്യാപ്തിയും ചരാചരസൃഷ്ടിയും)** : പ്രളയാനന്തരം സർവതും നിശ്ചലമായി നിലനിൽക്കുമ്പോഴും ഭഗവാനേ അങ്ങുമാത്രം നിലനിന്നു. ഒന്നുമില്ലാതിരുന്ന അക്കാലത്ത് യോഗനിദ്രയിലായിരുന്ന അങ്ങ് ഉണർന്ന് സൃഷ്ടികർമ്മം ആരംഭിച്ചു. അങ്ങയിൽ നിന്ന് മായാശക്തി പുറത്തുവന്നു. കാലം-കർമ്മം-സ്വഭാവം അങ്ങയിൽ നിന്നുത്ഭവിച്ചു. അവ സ്വയം പ്രകാശിച്ചു മായയെ സഹായിച്ചു. അങ്ങ് സാക്ഷീഭാവത്തിൽ നിലകൊണ്ടു. മായയിൽ നിന്ന് ബുദ്ധിയും വിവേകവും ജനിച്ചു. സത്വരജസ്തമോഗുണങ്ങളും മായയിൽ നിന്നുത്ഭവിച്ചു. ജീവാത്മാവിനെ നിശ്ചലമാക്കി ശരീരത്തിൽ അഹം ബോധമുണ്ടാക്കി ആ മായ തന്നെ സർവചരാചരങ്ങളിലും ധർമ്മ ബോധമുണ്ടാക്കി, പ്രജ്ഞാനത്തെ സൃഷ്ടിച്ചു. അഹം ബോധം തന്നെ വൈകാരികം, തൈജസം, താമസം എന്നീ വികാരങ്ങൾ സൃഷ്ടിച്ചു. ഇവയിൽ നിന്ന് ദേവതാസങ്കൽപങ്ങളും സങ്കൽപങ്ങൾക്കനുയോജ്യമായ രൂപങ്ങളുമുണ്ടായി. ഈ വൈകാരീകാംശം അങ്ങയുടെ അനുഗ്രഹത്താൽ മനസ്-ബുദ്ധി-അഹംബോധം-ചിത്തം എന്നീ നാലു വൃത്തികൾ ചേർന്ന അന്തഃകരണത്തെ സൃഷ്ടിച്ചു. തൈജസത്തിൽ നിന്ന് അഞ്ചുജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും ഉത്ഭവിച്ചു. താമസാംശത്തിൽ, ആകാശതത്വത്തിൽ നിന്ന്, ശബ്ദമുത്ഭവിച്ചു. ഇവയിൽ നിന്ന് സ്വർണനിറത്തിലുള്ള അണ്ഡമായ ബ്രഹ്മാണ്ഡവുമങ്ങ് സൃഷ്ടിച്ചു. ആ അണ്ഡത്തിൽ നിന്ന് വേദ (അറിവ്, സ്വബോധം) ങ്ങളുൾഘോഷിക്കുന്ന അങ്ങയുടെ പ്രപഞ്ചപുരുഷ ശരീരം ഉത്ഭവിച്ചു. അതിൽ നിന്ന് സർവചരാചരങ്ങളുമുദയം ചെയ്തു.

**ആറാം ദശകം (പ്രപഞ്ച പുരുഷ ശരീര വ്യാപ്തി)**: അങ്ങയുടെ പാദതലം പാതാളമായി, മഹാതലം കണങ്കാലായി, തലാതലം കാലും, സുതലം കാൽമുട്ടുകളും, വിതലവും അതലവും തുടകളും, ക്ഷോണീതലം അരകെട്ടും, ആകാശം നദിയും, സ്വർഗലോകം ഇന്ദ്രസ്ഥാനമായ വക്ഷസ്ഥലമായി. മഹർലോകം കണ്ഠവും, ജനലോകം മുഖവും, തപോലോകം നെറ്റിയും, സത്യലോകം ശിരസും, സർവചരാചരങ്ങളിലും നിറഞ്ഞിരിക്കുന്ന ഗുരുവായൂരപ്പാ അങ്ങയെ ഞാൻ നമസ്കരിക്കുന്നു. അങ്ങയുടെ ശിരസ്സിലെ ബ്രഹ്മരന്ധ്രം വേദങ്ങളും, മേഘങ്ങൾ മുടിയും, പക്ഷങ്ങൾ രാത്രിപകലുകളും, സൂര്യൻ കണ്ണുകളുമായി, കണ്ണുകൾ ലോകനിർമ്മാണത്തിലാധാരമായി. ദിക്കു



Scanned with CamScanner

കൾ ചെവികളായി, അശ്വനീദേവന്മാർ നാസാദ്വാരങ്ങളായി, ലോഭവും ലജ്ജയും അധരങ്ങളായി, നക്ഷത്രങ്ങൾ പല്ലുകളായി, യമൻ അണപ്പല്ലുകളായി പുഞ്ചിരി മായയും, നിശ്വാസം കാറ്റും, ജലം നാവും, പക്ഷികൾ വാക്കുകളുമായി. ചന്ദ്രൻ മനസ്സും, പ്രകൃതിഹൃദയവും സമുദ്രം ഉദരവും, സന്ധ്യകൾ വസ്ത്രങ്ങളും, മൃഗങ്ങൾ കാൽനഖങ്ങളും, നടത്തം കാലശക്തിയും ശരീരഭാഗങ്ങൾ നാലുവർണങ്ങളുമായി തിരിഞ്ഞുകൊണ്ടിരിക്കുന്ന സംസാരചക്രം അങ്ങയുടെ ക്രിയകളും, അസുരന്മാർ അങ്ങയുടെ പരാക്രമവും, പർവതങ്ങൾ അസ്ഥികളും, നദികൾ സിരകളുമായി, കർമ്മയോഗികൾക്ക് മോക്ഷമാർഗമടുക്കുമ്പോൾ നിത്യസ്മരണക്കായി മനോമണ്ഡലത്തിൽ സൂക്ഷിക്കാവുന്ന ഈ പ്രപഞ്ചരൂപം സ്മരിച്ചുകൊണ്ട് ഞാനിതാ അങ്ങയെ പ്രണമിക്കുന്നു.

**ഏഴാം ദശകം (സൃഷ്ടിക്കാധാരമായ ബ്രഹ്മാവിന്റെ ഉത്ഭവം) :** പതിനാലു ലോകത്തിനെയും ഉൾക്കൊണ്ടു ജന്മമെടുത്ത അങ്ങയുടെ സത്യലോകത്തിൽ സൃഷ്ടികർത്താവായ ബ്രഹ്മാവായി സൃഷ്ടിയാരംഭിച്ചു. ഹിരണ്യഗർഭനായ ആ ബ്രഹ്മാവ് സൃഷ്ടിക്കായുള്ള തപസ്സനുഷ്ഠിക്കുവാനുള്ള നിർദ്ദേശവും അങ്ങു നൽകി, വൈകുണ്ഠലോകദർശനവും ബ്രഹ്മാവിനു നൽകി, വൈകുണ്ഠത്തിലെ ദിവ്യത്വം അങ്ങു വെളിപ്പെടുത്തുകയും ചെയ്തു. വൈകുണ്ഠത്തിലെ ഈശ്വരീയ ചൈതന്യവും, വൈകുണ്ഠത്തിലെ അധിവാസ വേളയിലെ രൂപവും പ്രാർത്ഥനാനിരതമായി ബ്രഹ്മാവു പോലും വണങ്ങുന്നുവത്രെ. വൈകുണ്ഠ വാസനാ മഹാവിഷ്ണുവിന്റെ രൂപവർണ്ണനയും ഇവിടെ നിരന്തരം മേൽപത്തൂർ നൽകുന്നു.

**എട്ടാം ദശകം (ബ്രഹ്മാവിന്റെ സൃഷ്ടികർമ്മം) :** മഹാപ്രളയാന്ത്യത്തിൽ ആദ്യദിവസം തന്നെ ബ്രഹ്മാവിനെ സൃഷ്ടിച്ച്, ബ്രഹ്മാവിന് വേദമാകുന്ന സൃഷ്ടിയുടെ ജ്ഞാനം കൊടുത്ത്, പ്രളയത്തിനു മുമ്പുണ്ടായിരുന്ന അവസ്ഥ വീണ്ടും സൃഷ്ടിക്കാനവിടുന്നു നിർദ്ദേശം നൽകി. ബ്രഹ്മാവിന്റെ ഓരോ പകലിലും സൃഷ്ടിയും യുഗങ്ങൾ ദൈർഘ്യമുള്ള രാത്രികൾ നിദ്രാവസ്ഥയിലും ബ്രഹ്മാവ് ലയിച്ചു. രാത്രിയിലെ ബ്രഹ്മാവിന്റെ നിദ്ര നൈമിത്തീകപ്രളയമായി വ്യാഖ്യാനിച്ചും ഓരോയുഗത്തിലും ജനിച്ച മനുഷ്യരുടെ ആത്മാക്കൾ തന്നെ വീണ്ടും മനുഷ്യരൂപമെടുക്കുന്നു. അതിനെല്ലാം ആധാരമായി ഗുരുവായൂരപ്പാ അങ്ങു നിലകൊള്ളുന്നു. ബ്രഹ്മാവ് രാത്രിയിൽ അങ്ങയിൽ യോഗ



Scanned with CamScanner

നിദ്രയിലാണ്ട് പോകുന്നു. അങ്ങും ശ്രേഷ്ഠനാഗത്തിൽ ജലപ്രളയ കാലത്ത് യോഗനിദ്രയിൽ വിരാജിക്കുന്നു. അങ്ങയെ ഉണർത്താനുള്ള നിർദ്ദേശം അങ്ങു കാലത്തിനു നൽകി. പ്രളയാന്ത്യത്തിൽ കാലം തന്നെ അങ്ങയെ ഉണർത്തി. അങ്ങയുടെ നാഭിയിൽനിന്ന് ദിവ്യമായ താമര ഉദയം ചെയ്തു. പ്രകാശമാനമായ ആ താമരയിൽ വിധാതാവ് നിലകൊണ്ടു. ബ്രഹ്മാവിനെ വഹിക്കുന്ന താമരയെയും വഹിക്കുന്ന ഗുരുവായൂരപ്പാ എന്റെ രോഗപീഡകളകറ്റിയാലും.

**ഒൻപതാം ദശകം (ബ്രഹ്മാവിന്റെ വിവരണം)** : അങ്ങയെ നാലു ദിക്കിലും അന്വേഷിച്ച ബ്രഹ്മാവിനക്കാരണത്താൽ തന്നെ നാലുമുഖങ്ങളുത്ഭവിച്ചു. ബ്രഹ്മാവ് സ്വയം ചിന്തിച്ചു ഞാനെവിടുന്നുത്ഭവിച്ചു എന്ന്. ബ്രഹ്മാവിന് അങ്ങയെ ദർശിക്കാനായില്ല. അനവധികാലം ധ്യാനിച്ചിരുന്ന ബ്രഹ്മാവിന് സാധനയിലൂടെ അങ്ങയെ ദർശിക്കാനായി. ശോഭയാർന്ന അങ്ങയുടെ ശരീരം കണ്ട് ബ്രഹ്മാവ് അത്ഭുതത്തോടെ സ്തുച്ചങ്ങയെ പ്രണമിച്ചു. അങ്ങ് ബ്രഹ്മാവിന് സൃഷ്ടിക്കുള്ള അനുമതി വീണ്ടും നൽകുകയും ചെയ്തു. ബ്രഹ്മാവ് തപസ്സനുഷ്ഠിച്ചു, അങ്ങയുടെ അനുഗ്രഹത്താൽ ശക്തനായ ബ്രഹ്മാവ്, എല്ലാത്തിന്റേയും സൃഷ്ടിക്രമത്തിൽ നിരന്തരമതു തുടർന്നു. ബ്രഹ്മാവിനെ കടാക്ഷിച്ച ആ കണ്ണുകൾ കൊണ്ട് എന്നേയും കടാക്ഷിച്ചനുഗ്രഹിക്കേണമേ.

**പത്താം ദശകം (രുദ്രന്റേയും ഋഷിമാരുടേയും സിദ്ധന്മാരുടേയും സൃഷ്ടി)** : അങ്ങിനെ ബ്രഹ്മാവ് എല്ലാത്തിന്റേയും സൃഷ്ടി ആരംഭിച്ചു. ഇവയിലെല്ലാം അജ്ഞാനാന്തർഗതങ്ങളായ മിഥ്യാബോധം, അഹങ്കാരം, ദേഷ്യം, രാഗം എന്നീ വികാരങ്ങളും സൃഷ്ടിച്ചു. ബ്രഹ്മാവ് വീണ്ടും അങ്ങയെ തപസ്സുചെയ്തു പരിശുദ്ധനായി. ബ്രഹ്മാവ് സനകൻ, സനന്ദൻ... തുടങ്ങിയ മഹർഷിമാരേയും സൃഷ്ടിച്ചു. സൃഷ്ടിക്കപ്പെട്ട എല്ലാത്തിനും അന്ത്യം വേണമല്ലോ എന്നു മനസ്സിലാക്കിയ ബ്രഹ്മാവിന്റെ പ്രാർത്ഥന കേട്ട് അങ്ങ് ശിവനേയും സംഹാരമൂർത്തിയായി സൃഷ്ടിച്ചു, പതിനൊന്ന് (ഏകാദശരുദ്രന്മാർ) പേരുകൾ നൽകി. അങ്ങിനെ രുദ്രന് മന്യു, മനു, കാലൻ, മഹാകാലൻ, മഹാൻ, ശിവൻ, ഭവൻ, വാമദേവൻ, ഉരു, ഓരോന്നിനും അനുയോജ്യമായ പത്നിനാമങ്ങളും നൽകി. അവർക്കെല്ലാം ഇരിപ്പിടവും നൽകി. ശിവൻ നിരന്തരം തപസ്സനുഷ്ഠിച്ചു. ബ്രഹ്മാവിൽ നിന്ന് വീണ്ടും മരീചി, അത്രി, അംഗീരസ് തുടങ്ങി പത്ത മഹാ ഋഷിവര്യന്മാർ ഉത്ഭവിച്ചു. ബ്രഹ്മാ



Scanned with CamScanner

വ്, സനകൻ, ദക്ഷൻ എന്നിവരേയും സൃഷ്ടിച്ചു. കൂടാതെ ബ്രഹ്മാവ് വേദേതിഹാസങ്ങളും മറ്റു വിദ്യകളും പുത്രന്മാരായ ഋഷിമാരിലൂടെ സൃഷ്ടിച്ചു. അങ്ങിനെ ബ്രഹ്മാവും ബ്രഹ്മപുത്രന്മാരും നടത്തിയ സൃഷ്ടികളുടെ നിയന്ത്രണത്തിന് അങ്ങയെ ശരണം പ്രാപിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

**പതിനൊന്നാം ദശകം (ഹിരണ്യാക്ഷ-ഹിരണ്യ കശിപു ജനനം)** : മഹർഷിമാർ, ഗുരുവായൂരപ്പാ, അങ്ങയെ വൈകുണ്ഠത്തിലെത്തി ദർശനം നടത്തി. ഒരിക്കൽ ഇവരെ അങ്ങയുടെ ദ്വാരപാലകരായ ജയവിജയന്മാർ തടഞ്ഞു. മഹർഷിമാർ അവരെ ശപിച്ചു. മഹർഷി മാരെ അങ്ങ് ആനന്ദിപ്പിച്ചാശീർവദിച്ചു. ജയവിജയന്മാർ കശ്യപമ ഹർഷിയുടെ ദിതിയിലുള്ള പുത്രന്മാരായി രണ്ടസുരന്മാരായി ഹിര ണ്യകശിപുവും ഹിരണ്യാക്ഷനുമായി ഭൂമിയിൽ പിറന്നുവീഴുകയും ചെയ്തു. യുദ്ധതൽപരനായ ഹിരണ്യാക്ഷന് യുദ്ധം ചെയ്യാൻ ആരേയും ലഭിക്കാത്തതിനാൽ ഭൂമിയെത്തന്നെ നശിപ്പിക്കാനൊരു മ്പെടുമ്പോൾ അങ്ങ് ഭൂമിയെ രക്ഷിച്ചു. അങ്ങയോടു ഞാൻ പ്രാർത്ഥി ക്കട്ടെ എന്റെ രോഗപീഢകൾ മാറ്റിത്തരേണമേ ഗുരുവായൂരപ്പാ.

**പന്ത്രണ്ടാം ദശകം** : സ്വായംഭൂവമനു സർവചരാചരങ്ങളുടേയും അഭിവൃദ്ധിക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കേ ഭൂമി സർവനാശത്തി നുവിധേയമായി ക്കൊണ്ടിരിക്കുന്ന കാഴ്ച കാണുകയും അതിനു കാരണം ഹിരണ്യക്ഷനാണെന്നറിയുകയും ചെയ്തു. ആ ഹിരണ്യാ ക്ഷവധത്തിനായി ബ്രഹ്മാവിന്റെ നാസാരന്ധ്രത്തിലൂടെ വന്നണഞ്ഞ വരാഹം അതിഭീമാകാരമായ രൂപം പൂണ്ട് ഭൂമിയെ സംരക്ഷിച്ചു. ആ വരാഹാവതാരം അങ്ങയുടേതായിരുന്നു. രോഗപീഢകൾ വേദ നയനുഭവിക്കുന്ന അടിയനെ അങ്ങ് വേദനയകറ്റി രോഗമുക്തി നേടി ത്തരേണമേ.

**പതിമൂന്നാം ദശകം** : ഭൂമിയെ തകർത്ത ഹിരണ്യാക്ഷൻ നാര ദന്റെ വാക്കുകൾ കേട്ട് വിഷ്ണുവിനെയും വധിക്കാനൊരുമ്പെട്ടു. വരാഹമൂർത്തിയായ അങ്ങയുടെ സമീപത്തെത്തി യുദ്ധം ചെയ്തു. അങ്ങയ്ക്ക് ഗദനഷ്ടപ്പെട്ടപ്പോൾ അങ്ങയുടെ കയ്യിലുള്ള സുദർശ നചക്രമുപയോഗിച്ചും അങ്ങയുടെ നേരിട്ടുള്ള പ്രഹരമേറ്റും നിലം പതിച്ച ഹിരണ്യാക്ഷൻ വധിക്കപ്പെടുമ്പോൾ അങ്ങയെ മഹർഷിമാർ സ്തുതിച്ചു. ആ മഹാവിഷ്ണോ അങ്ങു തന്നെ യജ്ഞശാലയും-യ



Scanned with CamScanner

ജ്ഞവും-യാഗവുമെല്ലാമായിത്തീർന്നു. അങ്ങു തന്നെ വൈകുണ്ഠത്തിൽ വാണരുളിക്കൊണ്ട് എന്റെ രോഗമകറ്റേണമേ!

**പതിനാലാം ദശകം (കപിലാവതാരം)** : കർദ്ദമഹർഷിയുടേയും ദേവഹൂതിയുടേയും ചരിതം വിവരിക്കുന്നു. ബ്രഹ്മപുത്രനായ സ്വായംഭുവമനു അങ്ങയെ വാഴ്ത്തി ബ്രഹ്മപുത്രനായ കർദ്ദമന് അങ്ങ് ദിവ്യദർശനവും നൽകി. കർദ്ദമന് മനുപുത്രിയായ ദേവഹൂതിയെ വിവാഹം കഴിപ്പിച്ചു. അങ്ങയുടെ അനുഗ്രഹത്താൽ അനവധികാലം സുഖത്തോടെയവർ വസിച്ചു. അവർ ദിവ്യവിമാനത്തിലേറി ലോകസഞ്ചാരം നടത്തി ആനന്ദിക്കുകയും ചെയ്തു. അവർക്ക് പുത്രന്മാർ ജനിക്കുകയും ചെയ്തു. ദേവഹൂതിക്കു പരമമായ ജ്ഞാനം കൊടുക്കാനായി അങ്ങ് കപിലനായി അവതരിച്ചു. കർദ്ദമന്റെ വനഗമനത്തിനുശേഷം അമ്മയായ ദേവഹൂതിക്ക് കപിലാവതാരമായി വന്ന അങ്ങ് ഉപദേശം നൽകി. അതുപോലെ എന്നേയും ഈ രോഗത്തിൽ നിന്ന് മോചിപ്പിക്കേണമേ.

**പതിനഞ്ചാം ദശകം (കപിലൻ മാതാവിന് തത്വശാസ്ത്രം ഉപദേശിക്കുന്നു)** : കപിലനായി അവതരിച്ച അങ്ങ് ദേവഹൂതിക്ക് മനസ്സിന്റെ ചൈതന്യത്തെക്കുറിച്ച് വിവരിച്ചുകൊടുത്തു. സത്സംഗത്തിലൂടെ മനസ്സിനെ ഉയർത്താൻ നിർദ്ദേശിച്ചു. പഞ്ചഭൂതം, പഞ്ചകർമ്മേന്ദ്രിയം, പഞ്ചജ്ഞാനേന്ദ്രിയം, മനസ് ഇവയുടെ ഗഹനമായ വിവരണം നൽകി. പരമാത്മചൈതന്യത്തേയും വിശദീകരിച്ചു. യോഗാവസ്ഥയും ധ്യാനവും വിവരിച്ചുകൊടുത്തു. പരമമായ ഭക്തിയും ലോകബന്ധനം മോചിപ്പിക്കേണ്ടതും പറഞ്ഞുകൊടുത്തു. സാമാന്യജനത ലൗകീകജീവിതത്തിൽ മുഴുകി ചെയ്യുന്ന ദുഷ്പ്രവൃത്തിയാണ് ദുഃഖത്തിനു കാരമം. ആ പീഢയോർത്ത് ദുഖിക്കുന്നതും, വീണ്ടും ബാല്യ-കൗമാര-യൗവനവേളയിൽ ലൗകീക ജീവിതത്തിൽ ദുഷ്കർമ്മങ്ങൾ തുടരുകയും അതിൽ നിന്നുമാറി ഈശ്വരാരാധന നടത്തി സന്മാർഗ പദത്തിലൂടെ ചരിക്കുന്നതിന്റെ ആവശ്യകത ദേവഹൂതിക്ക് വിവരിച്ചുകൊടുക്കുകയും ചെയ്ത അങ്ങ് എന്റെ രോഗദുഃഖങ്ങളകറ്റേണമേ ഗുരുവായൂരപ്പാ.

**പതിനാറാം ദശകം (ദക്ഷയാഗ വിവരണം)** : ബ്രഹ്മപുത്രനായ ദക്ഷമഹാരാജാവിന്റെ പതിനാറ് പുത്രന്മാരുടെ വിവാഹം നടത്തിയതും, ധർമ്മദേവന്റെ പത്നിയായ മൂർത്തീദേവി നരനാരായണനു ജന്മം

നൽകിയതും, ആ നരനാരായണൻ സഹസ്രകവചനെന്ന രാക്ഷസനെ നിഗ്രഹിച്ചതും, നരനാരായണൻ ബദരീകാശ്രമത്തിൽ തപസ്സനുഷ്ഠിച്ചപ്പോൾ ഇന്ദ്രൻ തപസ്സുമുടക്കാൻ ശ്രമിച്ചത് നടക്കാതെ പോയതും, അപ്സരസുകളുടെ ഗർവം നശിപ്പതുമെല്ലാം വിവരിച്ചു പ്രാർത്ഥിക്കുന്നു. ദക്ഷയാഗവും, അതിൽ സതിക്കനുഭവപ്പെട്ട അവഹേളനത്തിന് പ്രതികാരം വീട്ടിയ ശിവൻ, ദക്ഷന്റെ ശിരച്ഛേദം ചെയ്തതും, പിന്നീട് ശിവന്റെയനുഗ്രഹത്താൽ ദക്ഷൻ യജ്ഞം പൂർത്തിയാക്കി ശാന്തി നേടിയതുപോലെ ഗുരുവായൂർ പുരേശാ എന്റെ ജീവിതദുഃഖങ്ങളകറ്റേണമേ.

**പതിനേഴാം ദശകം (ധ്രൂവചരിതം)** : സായംഭുവമനുവിന്റെ പുത്രനായ ഉത്താനപാദന്റെ ഭാര്യയായ സുനീതി അങ്ങയെ ഭജിച്ചിരുന്നു. സുനീതിയുടെ പുത്രനായ ധ്രുവന് അച്ഛന്റെ മടിയിലിരിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട് അമ്മയും മകനും അവഹേളിതരായപ്പോൾ ധ്രുവൻ മധുവനത്തിൽ ചെന്ന് അങ്ങയെ ആരാധിക്കുവാൻ അമ്മയായ സുനീതി ഉപദേശിച്ചു. കൊടും തപസ്സനുഷ്ഠിച്ചപ്പോൾ, അങ്ങ് ധ്രുവന് പ്രത്യക്ഷനായി. അനുഗ്രഹീതനായ ആ ബാലൻ അങ്ങയുടെ സ്പർശമേറ്റ അനുഗ്രഹത്താൽ അങ്ങയെ സ്തുതിച്ചു. മടങ്ങിവന്ന ധ്രുവന് അനേകവർഷം രാഷ്ട്രഭാരം നടത്താൻ സാധിച്ചു. ഉത്തമനെ വധിച്ച യക്ഷനുമായി ധ്രുവൻ യുദ്ധം ചെയ്യാനൊരുങ്ങിയെങ്കിലും മനുവിന്റെ നിർദ്ദേശമനുസരിച്ച് യുദ്ധം ചെയ്യാതെ അങ്ങയിൽ ഭക്തനായി തന്നെ അന്ത്യത്തിൽ സ്വന്തം മാതാവിനോടൊത്ത് ധ്രുവലോകത്തിൽ പ്രശോഭിച്ചു.

**പതിനെട്ടാം ദശകം (വേനന്റെയും പൃഥുവിന്റേയും ചരിതം)** : ധ്രുവവംശത്തിൽ ജനിച്ച വേനനെ ജനങ്ങൾ, പിതൃ വിയോഗത്തിനു ശേഷം, രാജാവായി വാഴിച്ചു. വേനൻ ഈശ്വരനിഷേധിയും വിരോധിയുമായി പ്രവർത്തിച്ചു. അവനങ്ങയെ നിന്ദിച്ചു. മുനിമാർ വേനനെ കോപാഗ്നിയിൽ ദഹിപ്പിച്ചു. വേനനിൽ നിന്നും മുനിമാർ വിഖ്യാതനായ പൃഥുവിനെ സൃഷ്ടിച്ച് രാജാവാക്കി, അവൻ മഹാവിഷ്ണുവിന്റെ തന്നെ ഭാഗമായി വാണരുളിയതിനുശേഷം തന്റെ വില്ലുകൊണ്ട് ഭൂമിയെ ആക്രമിച്ചു കീഴടക്കി. അങ്ങ് മുനിമാരെ സംരക്ഷിക്കുകയും സാരോപദേശം കൊടുക്കുകയും ചെയ്തിരുന്നു. അങ്ങു പൃഥുരൂപധാരിയായിത്തന്നെ ലോകസമക്ഷം ആരാധ്യനായി. (അങ്ങ് = ശ്രീ ഗുരുവായൂരപ്പൻ)



Scanned with CamScanner

**പത്തൊമ്പതാം ദശകം (പ്രാചീന ബർഹിസിന്റെ ചരിതം)** : പൃഥുവിന്റെ പ്രപൗത്രനായ പ്രാചീന ബഹിർസ്സിന് പ്രചേതസ്സുകളെന്നു പേരായ പുത്രന്മാർ ജനിച്ചു. പിതാവിന്റെ നിർദ്ദേശമനുസരിച്ച് അങ്ങയെ അവർ ഭജിച്ചു. പശ്ചിമസമുദ്ര തീരത്ത് കണ്ടെത്തിയ സരസ്സിൽ പരമേശ്വര ദർശനം അവർക്കു ലഭിച്ചു. ശിവനിൽ നിന്ന് മന്ത്രോപദേശം സ്വീകരിച്ച് അനവധിക്കാലം അവർ അവിടെ തപസ്സു ചെയ്തു. അങ്ങ് അവർക്ക് എളുപ്പത്തിൽ പ്രത്യക്ഷനായില്ല. ഈ തപസ്സിലൂടെ ക്രൂരനായ വേനന്റെ ആത്മാവിനും മോക്ഷം ലഭിച്ചു. അങ്ങവിടെ പിന്നീട് പ്രചേതസ്സുകൾക്ക് പ്രത്യക്ഷനായപ്പോൾ അവർ അങ്ങയിൽ നിന്നും ഒന്നും ചോദിച്ചില്ല. എന്നാൽ പ്രചേസ്സുകളെക്കുറിച്ച് ചിന്തിക്കുന്നവർക്കുപോലും നന്മവരാനുള്ള അനുഗ്രഹവും സുഖമായി അനവധികാലം വീണ്ടും ജീവിക്കാനുള്ള വരവും കൊടുത്തങ്ങു മറഞ്ഞു. പ്രചേതസ്സുകളുടെ തലമുറകൾക്കും നന്മ വരുത്തിയ ഗുരുവായൂരപ്പാ എന്നേയും രക്ഷിക്കേണമേ.

**ഇരുപതാം ദശകം (ഋഷഭചരിതം)**: നാഭിരാജൻ അങ്ങയെ ദർശിച്ചു സായൂജ്യം നേടി. നാഭിരാജന് ഋഷഭൻ എന്നു പേരായ പുത്രനായി അവിടുന്ന് ജനിച്ചു. അതെല്ലാവർക്കും സന്തോഷമുണ്ടാക്കി. മഴയില്ലാത്ത അജനാഭവർഷത്തിൽ, ഋഷഭദേവനായ അങ്ങ് മഴ പെയ്യിച്ചു. ഋഷഭദേവന് ശ്രേഷ്ഠനായ അനവധി പുത്രന്മാരുണ്ടായി, അവരിൽ പ്രസിദ്ധ പുത്രനായി ഭരതമഹാരാജാവ് ജനിച്ച് ഈ രാജ്യം ഭരിച്ചു. അതുകൊണ്ട് ഭാരതമെന്നു പേര് ഈ രാഷ്ട്രത്തിനുണ്ടായി. അനവധി പുത്രന്മാരിൽ ୨ പേർ ഭാരതഭൂമിയെ ୨ ഖണ്ഡങ്ങളാക്കി ഭരിച്ചുപോന്നു. മറ്റുപുത്രന്മാർ ജനനമരണങ്ങളിലൂടെ കടന്നുപോയി. ഭൂതലം ചുറ്റിനടന്ന് അന്ത്യത്തിൽ പരമപദത്തിൽ തന്നെ ഇവരെല്ലാം തിരിച്ചെത്തി.

**ഇരുപതാം ദശകം (ഋഷഭചരിതം)**: ഭൂമിയുടെ മധ്യഭാഗത്തുള്ള ഇളാവൃതഭൂവിൽ ശങ്കരനാൽ ആരാധിക്കപ്പെടുന്ന നിന്നെ ഞാൻ പൂജിക്കുന്നു. ഹയഗ്രീവനായും നരഹരിയായും മന്മഥശരീരം പൂണ്ടവനായും മത്സ്യാകൃതി പൂണ്ടവനായും, പരബ്രഹ്മമൂർത്തിയായും, വരാഹമൂർത്തിയായും ശ്രീരാമമൂർത്തിയായും, നാരായണരൂപം, പൂണ്ടവനായും, പ്ലക്ഷദ്വീപിൽ സൂര്യരൂപിയായും, ശാല്മലി ദ്വീപിൽ ചന്ദ്രസ്വരൂപനായും, കുശദ്വീപിൽ അഗ്നിമൂർത്തിയായും, ക്രൗഞ്ചദ്വീപിൽ ജലരൂപനായും, രാകദ്വീപിൽ വായുവായും, പുഷ്കരദ്വീപിൽ



Scanned with CamScanner

പരബ്രഹ്മാകാരകനായും മേൽ വിവരിച്ച ഓരോ രൂപഭാവത്തിലും അതാതു സ്ഥലത്ത് ഋഷി-മുനി-ഭക്ത സമേതനായും വാണരുളിയ ഹേ ഗുരുവായൂരപ്പാ നിന്നെ ഞാൻ പൂജിക്കുന്നു. പാൽകടലിൽ പള്ളി കൊള്ളുന്ന മഹാവിഷ്ണോ ആകാശത്തും നക്ഷത്രമണ്ഡലത്തിലും പാതാള ലോകത്തും ആയിരം ശിരസ്സുകളോടെ നീലാംബരിധാരിയായി ഹലായുധവുമേന്തി വാണരുളുന്ന ദേവദേവ എന്റെ രോഗങ്ങൾക്കറുതിവരുത്തേണമേ!

**ഇരുപത്തിരണ്ടാം ദശകം (അജാമിളന്റെ ധന്യജീവിതവും മോക്ഷ വർണന)** : ശ്രേഷ്ഠനായ അജാമിളൻ വനത്തിൽ വെച്ചു കണ്ട വേശ്യയുമായി സംസർഗം കൊണ്ടു രമിച്ചു നടന്ന് അധർമ്മങ്ങൾ ചെയ്ത് വാർദ്ധക്യത്തിൽ നാരായണനെന്നു പേരായ മകനെ വിളിച്ചു എന്ന കാരണത്താൽ അങ്ങയിലെത്തിച്ചേർന്നുവല്ലോ. അജാമിളൻ ചെയ്തപാപങ്ങളിൽ നിന്ന് ഒരു നാരായണ വിളി കൊണ്ടങ്ങു പാപത്തിൽ നിന്നവന് മോചനം കൊടുത്തു. നാമജപത്തിന്റെ മഹത്വം തെളിയിച്ചുകൊടുത്ത അങ്ങ് അജാമിളന് കുറേക്കാലം ധന്യജീവിതം സമ്മാനിച്ചതുപോലെ എന്റെ ജീവിതവും ധന്യമാക്കേണമേ.

**ഇരുപത്തിമൂന്നാം ദശകം (ചിത്രകേതു വൃത്രാസുരചരിതം)** : ദക്ഷൻ അങ്ങയെ ആരാധിച്ചപ്പോൾ അങ്ങു പ്രത്യക്ഷനായി കുടുംബാംഗങ്ങൾക്കെല്ലാം സായൂജ്യം നേടികൊടുത്തു. ദക്ഷന്റെ ശാപം നാരദന് അനുഗ്രഹമായി എല്ലായിടത്തും നാരദന്, അലഞ്ഞു തിരിഞ്ഞു ദേവകാര്യം ചെയ്യുന്നവനായി സാധിച്ചു. ദേവാസുരയുദ്ധത്തിൽ പരാജിതനായ ഇന്ദ്രൻ, വിശ്വരൂപനെ ആചാര്യനായി സ്വീകരിച്ചുപദേശം വാങ്ങി നാരായണ കവചമന്ത്രം ജപിച്ച് യുദ്ധവിജയം നേടി. ചിത്രകേതുവും അങ്ങയെ സ്തുതിച്ചു സായജ്യം നേടി. ഈ ചിത്രകേതു അങ്ങയുടെ ഭക്തനായിരുന്നെങ്കിലും പാർവതിയെ മടിയിൽ വെച്ചുകൊണ്ടിരിക്കുന്ന പരമേശ്വരനെ പരിഹസിച്ചു. പാർവതിയുടെ ശാപത്താൽ ചിത്രകേതു വൃത്രാസുരനായി ജനിച്ച് ഇന്ദ്രന്റെ പോലും ബലഹീനതയകറ്റി അങ്ങയുടെ സാമീപ്യം നേടി. നീചമായ ആഗ്രഹത്തോടെ ഉപാസിച്ചവർ പോലും അങ്ങയിൽ തന്നെ എത്തിച്ചേരുന്നതിനാൽ ധന്യമായി പ്രാർത്ഥിക്കുന്നു; എനിക്കങ്ങ് എന്നുമാശ്രയമായിത്തീരേണമേ.

**ഇരുപത്തിനാലാം ദശകം (പ്രഹ്ളാദചരിതം)**: മഹാവിഷ്ണുവിന്റെ ദ്വാരപാലകരായ ജയവിജയന്മാർ പുനർജന്മത്തിൽ ഹിരണ്യാ

ക്ഷനും ഹിരണ്യകശിപുമായ സഹോദരന്മാരായി വാണരുളി. ഹിരണ്യാക്ഷനെ വരാഹമൂർത്തിയായി അവതരിച്ച് അങ്ങുതന്നെ നിഗ്രഹിച്ചതിൽ കോപം പൂണ്ട ഹിരണ്യകശിപു മഹാവിഷ്ണുവിനെ വധിക്കാനായി ലോകമെമ്പാടും അന്വേഷിച്ചവേളയിൽ, അങ്ങ് ഹിരണ്യകശിപുവിന്റെ തന്നെ ഹൃദയത്തിൽ സൂക്ഷ്മമായി വസിച്ചു. ആ ഹിരണ്യകശിപുവിന് ഭക്തശിരോമണിയായി പ്രഹ്ളാദൻ ജനിച്ചു. പ്രഹ്ളാദന്റെ വിഷ്ണുഭക്തിയിൽ അതീവ കോപിഷ്ഠനായ ഹിരണ്യകശിപു പ്രഹ്ളാദന്റെ ആചാര്യന്മാരെ ഭർത്സിക്കയും തന്റെ മകനെ വധിക്കാൻ പല വഴികളിലൂടെ ശ്രമിക്കുകയും ചെയ്തു. പ്രഹ്ളാദൻ, വിഷ്ണുഭഗവാൻ തൂണിലും തുരുമ്പിലുമുണ്ടെന്നു പറഞ്ഞതും സമീപത്തുള്ള തൂണ് കാണിച്ച് അതിനെ ഹിരണ്യകശിപു പ്രഹരിച്ചപ്പോൾ നീ അധിവസിച്ച ആ തൂൺ പിളർന്നുവന്ന ഭഗവാനേ, എന്നിൽ നിനക്കു പ്രഹ്ളാദനോടെന്നപോലെ കൃപയുണ്ടാകേണമേ.

**ഇരുപത്തിഅഞ്ചാം ദശകം (നരസിംഹാവതാരം)** : അലറിക്കൊണ്ട് ഭഗവൻ അങ്ങ് നരസിംഹാവതാരം പൂണ്ട് തൂണിൽ നിന്നു പുറത്തു വന്നു. ഭീകരമായ അങ്ങയുടെ രൂപം കണ്ട് ഭയവിഹ്വലനായ ഹിരണ്യകശിപു നിന്നുവിറച്ചു. നരസിംഹാവതാരമെടുത്ത അങ്ങയെ ഞാൻ വണങ്ങുന്നു. ഹിരണ്യകശിപു അങ്ങയെ വധിക്കാനായി എതിരിട്ടപ്പോൾ അങ്ങയുടെ കൈകളാൽ ബന്ധിതനായി. വാതിൽ പടിയിലങ്ങിരുന്നു. അവനെ മടിയിൽ കിടത്തി നഖമുപയോഗിച്ച് ഉദരം പിളർന്ന്, വിറപൂണ്ട് ചോരയൊലിച്ചുനിന്ന അങ്ങയുടെ ദേഷ്യത്തിനറുതിവരുത്തുവാനായി പ്രഹ്ളാദൻ കാൽക്കൽ വീണു നമസ്കരിച്ചു. ഉടനെ ശാന്തനായി അങ്ങയുടെ പ്രിയഭക്തനെ അനുഗ്രഹിച്ചതും, വരം കൊടുത്തതുമായ ഗുരുവായൂരപ്പാ എന്നേയും അനുഗ്രഹിച്ചാലും.

**ഇരുപത്തിയാറാം ദശകം (ഗജേന്ദ്രമോക്ഷം)**: പാണ്ഡ്യരാജാവായ ഇന്ദ്രദ്യുമ്നന് അഗസ്ത്യമുനിയെ യഥോചിതം അതിഥിയായി സ്വീകരിക്കാത്തതിന് ആനയായിത്തീരുമെന്ന ശാപം ഏറ്റുവാങ്ങേണ്ടിവന്നു. തൃകൂടാദ്രിയിൽ ആനയായി വസിച്ച് ജീവിതമവൻ ആസ്വദിച്ചു. ഒരിക്കൽ ആ ആന തളർന്നു, സരസ്സിലിറങ്ങി വിഹരിച്ചു. മുതലയായി വന്ന ഹൂഹു എന്ന ഗന്ധർവൻ ആനയെ കീഴ്പ്പെടുത്തി സരസ്സിലേക്ക് വലിച്ചു. അങ്ങയെ ആ ഗജേന്ദ്രൻ രക്ഷക്കായി പ്രാർത്ഥിച്ച് തുമ്പിക്കയ്യിനാൽ ഒരു താമരപ്പൂ സമർപ്പിച്ച് സ്മരിച്ച വേളയിൽ അങ്ങ് കരുണാമയനായി ഗരുഢാരൂഢനായി വന്ന് ഗജേന്ദ്രനെ രക്ഷിച്ചനു

ഗ്രഹിച്ച് മുതലയെ നിഗ്രഹിച്ച് ഗന്ധർവന് മോക്ഷം കൊടുത്ത് ആനയെ വൈകുണ്ഠത്തിലേക്കുയർത്തിയ ഗുരുവായൂരപ്പാ എന്നേയും നീ രക്ഷിക്ക വേണമേ.

**ഇരുപത്തേഴാം ദശകം (കൂർമ്മാവതാര വർണനം):** ദുർവാസമഹർഷിയുടേ ശാപമേറ്റ ഇന്ദ്രന് ജരാനര ബാധിച്ച വേളയിൽ ദേവാസുരയുദ്ധങ്ങളിലെല്ലാം ദേവന്മാർ പരാജിതരായി. ദേവന്മാർക്ക് ശക്തിയും യൗവനവും വീണ്ടെടുക്കാനായി അസുരന്മാരുമായി അവർ സന്ധി ചെയ്ത് പാലാഴിയിൽ നിന്ന് അമൃത് കടഞ്ഞെടുക്കാനുള്ള ശ്രമം നടത്തി. മന്ദരപർവതത്തെ കടകോലായും വാസുകി സർപ്പത്തെ കയറായും ഉപയോഗിച്ചു. പർവതം, ഭാരത്താൽ പാലാഴിയിൽ താഴ്ന്നു പൊയ്ക്കൊണ്ടിരുന്നു. മന്ദരപർവതത്തെ ഉറപ്പുള്ള പുറം ചട്ടയുള്ള ആമയായി വന്നങ്ങുയർത്തി; അതിനെ ക്രമീകരിച്ചു നിർത്തി. അതിനാൽ ദേവന്മാർ അങ്ങയെ ഈ പ്രവൃത്തിക്ക് സ്തുതിച്ചതും പാലാഴിമഥനം ശക്തമായി തുടരാൻ പ്രേരണ നൽകിയതും കൂർമ്മാവതാരമൂർത്തിയായ അങ്ങാണ്. (ഗുരുവായൂരപ്പാ) എന്റെ രോഗത്തിൽ നിന്നെന്നെ നീ സുഖപ്പെടുത്തേണമേ.

**ഇരുപത്തിയെട്ടാം ദശകം (പാലാഴിമഥനവും അമൃതകുംഭ ഉത്ഭവവും)** : പാലാഴിമഥനവേളയിൽ കാളകൂടവിഷം വന്നപ്പോൾ, ശിവനെക്കൊണ്ടത് ഭക്ഷിപ്പിച്ചു. പാലാഴിയിൽ നിന്ന് കാമധേനുവും, ഉച്ചൈശ്രവസും, ഐരാവതവും, പാരിജാതവും അപ്സരസ്ത്രീകളും, ലക്ഷ്മീദേവിയുമുൽഭവിച്ചു. ആ ലക്ഷ്മി അപ്പോൾ തന്നെ അങ്ങയെ വരണമാല്യമണിയിച്ചു. അന്ത്യത്തിൽ അമൃതകലശവുമായി അങ്ങുതന്നെ പൊന്തിവന്നു. ധന്വന്തരീമൂർത്തിയായി ഉയർന്നു വന്ന ഹേ ഗുരുവായൂരപ്പാ എന്റെ രോഗങ്ങളകറ്റേണമേ.

**ഇരുപത്തിയൊൻപതാം ദശകം (മോഹിനീരൂപം):** അമൃതകുംഭം അസുരന്മാർ അപഹരിച്ച് അവരെയങ്ങു കലഹിപ്പിച്ചു. അങ്ങ് മോഹിനിയായി രൂപം സ്വീകരിച്ചു. ദേവാസുരന്മാർ അമൃത് തുല്യമായി ഭാഗിക്കാൻ മോഹിനീരൂപം പൂണ്ട അങ്ങയെ ഏൽപ്പിച്ചു. ആ ദിവ്യമായ അമൃത് അങ്ങ് ദേവന്മാർക്കു മാത്രം വിളമ്പി. എന്നാൽ ദേവന്മാർക്കിടയിലിരുന്ന രാഹുവിന് അൽപം അമൃത് ലഭിച്ചതറിഞ്ഞയുടനെ ആ അസുരന്റെ ശിരസ് അങ്ങ് അറുത്തു. വീണ്ടും ദേവാസുരയുദ്ധം നടക്കുകയും ബലിയെന്ന അസുരൻ ദേവന്മാരെ മോഹവലയത്തിലാക്കുകയും ചെയ്തു. അങ്ങു തന്നെ അസുരപ്രമാണി

മാരെ വധിച്ചു. അങ്ങയുടെ മോഹിനീ രൂപം ദേവന്മാർക്കുപോലും ചിന്താതീതമായി. ആ രൂപം പൂണ്ട ഗുരുവായൂരപ്പാ എന്നെ നീ രക്ഷിക്കേണമേ!

**മുപ്പതാം ദശകം : (വാമനാവതാരം)** മഹാബലിയെ ഇന്ദ്രൻ വധിച്ചു എങ്കിലും ശുക്രമഹർഷിയുടെ യജ്ഞങ്ങൾ കൊണ്ട് ശക്തനായി ബലി പുനർജനിച്ചു. മഹാബലി മൂന്നുലോകത്തേയും കീഴടക്കി ദേവന്മാരെ പലായനം ചെയ്യിച്ചു. കാശ്യപപത്നി (അദിതി അങ്ങയെ വ്രതത്തോടെ ആരാധിച്ചനുഗ്രഹം വാങ്ങി അവൾക്ക് അങ്ങ് വാമനപുത്രനായി അവതാരപുത്രനായി ജനിച്ചു. ഉപനയനവും പഠനവും കഴിഞ്ഞ് ഹേ ദേവാ നർമ്മദക്ക് വടക്കേതീരത്തുള്ള മഹാബലിയുടെ അശ്വമേധശാലയിലേക്ക് സൂര്യതേജസ്സോടെ അങ്ങ് എത്തിയപ്പോൾ ശ്രേഷ്ഠരായ ഋഷിവര്യന്മാരും തേജസ്സാർന്ന മഹാബലിയും പൂർണ്ണ ഭക്തിയോടെ യാഗശാലയിലേക്കെതിരേറ്റു കാൽ കഴുകി, പാദജലം തീർത്ഥംപോലെ ശിരസ്സിലണിഞ്ഞു! ഹേ ഗുരുവായൂരപ്പാ എന്നെയും ഇപ്രകാരമനുഗ്രഹിച്ച് പാലിക്കേണമേ.

**മുപ്പത്തി ഒന്നാം ദശകം : (ബലിയുടെ പാതാളഗമനം)** ശ്രേഷ്ഠനും ധീരനും വാമനമൂർത്തിയെ താണുവണങ്ങി സ്വീകരിക്കാൻ ഒതുങ്ങിയവനും എന്നാൽ മൂന്നുലോകവും കീഴടക്കിയ ഗർവുള്ളവനുമായ പ്രഹ്ളാദവംശജാതനായ അസുരവംശ ചക്രവർത്തി മഹാബലി വാമനന് ചോദിക്കുന്നതെന്തും വാഗ്ദാനം ചെയ്തു. മൂന്നുകാലടി മണ്ണ് മാത്രം അങ്ങു ബലിയോടു ചോദിച്ചു. അതുചോദിച്ച അങ്ങയോട് ബലി പരിഹാസത്തോടെ പറഞ്ഞു. മൂന്നടിമണ്ണിനുപകരം ഈ ഭൂമി മുഴുവനും ചോദിക്കുക. ദൈത്യാചാര്യനായ ശുക്രമഹർഷി, മഹാബലിയെ വിലക്കിയിട്ടും, ഭഗവാൻ തന്നെ വന്നു യാചിച്ചസ്ഥിതിക്ക് തീർച്ചയായും കൊടുക്കുമെന്നു ബലി പറഞ്ഞ്, സമസ്തവും അങ്ങക്ക് സമർപ്പിച്ചു. അങ്ങയുടെ വലുതായ പാദത്തെ ബ്രഹ്മാവു കമണ്ഡലു ജലം കൊണ്ട് കഴുകി. എന്നാൽ അസുരഭടന്മാർ ബലിയുടെ അനുവാദമില്ലാതെ തന്നെ അങ്ങയോടു യുദ്ധം ചെയ്തു പരാജയപ്പെട്ടു. മൂന്നാമത്തെ കാലടി ബലിയുടെ ശിരസ്സിൽ വെച്ച് അങ്ങു പറഞ്ഞു. ഞാൻ ചെയ്തതെല്ലാം നിന്റെ അഹങ്കാരമില്ലാതാക്കാൻ വേണ്ടി മാത്രമാണ്. സ്വർഗത്തേക്കാൾ ശ്രേഷ്ഠമായ ലോകം നിനക്കു ലഭിക്കട്ടെ, പിന്നെ ഇന്ദ്രപദവിയും ലഭിക്കട്ടെ. മഹാബലിക്ക് വരം നൽകിയനുഗ്രഹിച്ച ഗുരുവായൂരപ്പാ എന്നേയും അങ്ങ് അനുഗ്രഹിക്കേണമേ.



Scanned with CamScanner

**മുപ്പത്തിരണ്ടാം ദശകം : (മത്സ്യാവതാരം)** ആറാം മന്വന്തരാന്ത്യത്തിലുണ്ടായ പ്രളയത്തിൽ അസുരനായ ഹയഗ്രീവൻ ബ്രഹ്മാവിൽ നിന്ന് വേദങ്ങളപഹരിച്ചപ്പോൾ അതു വീണ്ടെടുക്കാനായി സത്യവ്രതന്റെ ഹസ്തജലത്തിൽ മത്സ്യക്കുഞ്ഞായി അങ്ങു വന്നു. അസാധാരണമായി വളർന്നു. ശരീരവലുപ്പം നിരന്തരം വർദ്ധിച്ച് സമുദ്രവലുപ്പത്തിലെത്തി. ജലപ്രളയത്തിൽ സർവതും നശിച്ചപ്പോൾ മുനിമാർക്കഭയം നൽകി. പ്രളയാന്ത്യത്തിൽ അവരവർക്ക് അവരവരുടെ ദൗത്യവുമങ്ങ് ഏൽപ്പിച്ചു. സത്യവ്രതനെ വൈവസ്വതമനുവാക്കി അവരോധിച്ച്, ഹയഗ്രീവാസുരനെ നിഗ്രഹിച്ച്, വേദത്തെ വീണ്ടെടുത്ത് ബ്രഹ്മാവിന് നൽകിയ ശ്രീ ഗുരുവായൂരപ്പാ എന്നെ രക്ഷിക്കേണമേ.

**മുപ്പത്തിമൂന്നാം ദശകം : (അംബരീഷ ചരിതം)** വൈവസ്വതമനുപുത്രനായ നഭാഗന്റെ പുത്രനായ അംബരീഷരാജൻ വിസ്തൃതമായ ദേശം ഭരിച്ചിരുന്നു. അങ്ങയുടെ പ്രിയഭക്തനായ അദ്ദേഹം ഭാര്യാസമേതനായി ദ്വാദശീവ്രതമനുഷ്ഠിച്ച വേളയിൽ ദുർവ്വാസാവ് അംബരീഷന്റെ ഗൃഹത്തിലെത്തി. ദ്വാദശി പാരണാവേളയിലെ ഭക്ഷണത്തിനുള്ള ക്ഷണം ദുർവാസ് സ്വീകരിക്കുകയും ചെയ്തു. നിത്യകർമ്മങ്ങൾക്കായി യമുനാനദിയിലേക്കു പോയ ഋഷി മടങ്ങിവരാൻ വൈകിയതിനാൽ, വ്രതഭംഗം വരാതിരിക്കാൻ അംബരീഷൻ ജലപാനം നടത്തി. രാജാവിന്റെ ഈ ചെയ്തികൊണ്ട് തന്നെ അവഹേളിച്ചു എന്നു ധരിച്ച ഋഷി ജട നിലത്തടിച്ച് ഭീകരമായ കൃത്യയെ സൃഷ്ടിച്ച് അംബരീഷനെതിരെ തിരിഞ്ഞു. അപ്പോൾ അങ്ങയുടെ ചക്രം അംബരീഷനെ സംരക്ഷിച്ചു. മാത്രമല്ല അവിടുത്തെ സുദർശന ചക്രം ദുർവാസാവിനെ മൂന്നുലോകത്തിലേക്കും ഓടിച്ചു. അന്ത്യത്തിൽ അംബരീഷനെ തന്നെ ദുർവാസാവ് ശരണം പ്രാപിക്കേണ്ടിവന്നു. അതനുസരിച്ച് മഹർഷി അംബരീഷനെ ശരണം പ്രാപിച്ചു. അങ്ങിനെ അംബരീഷരാജാവും ദുർവാസാവും സുദർശനത്തേയും അങ്ങയേയും സ്തുതിച്ച് ശ്രേഷ്ഠ ഭക്തരായി. അത്തരം സായൂജ്യമെനിക്കുമേകേണമേ ഗുരുവായൂരപ്പാ.

**മുപ്പത്തിനാലാം ദശകം : (രാമായണം)** : ദശരഥന് കൗസല്യയിൽ ശ്രീരാമനായി അങ്ങു ജനിച്ചു. വിശ്വാമിത്രനിൽ നിന്ന് അനവധി കാര്യങ്ങൾ യാഗസംരക്ഷണ യാത്രാവേളയിൽ പഠിച്ചു. വഴിയിൽ ദുഷ്ടയായ താടകയെ വധിച്ചു, രാക്ഷസ നിഗ്രഹം നടത്തി, ശൈവചാപം മുറിച്ച് ലക്ഷ്മി ദേവിയുടെ അവതാരമായ സീതയെ വിവാഹം കഴി



Scanned with CamScanner

ച്ചു. തുടർന്ന് വിവാഹിതരായ മൂന്നു സഹോദരന്മാരോടുമൊത്ത്, സ്വരാജ്യത്തിലേക്ക് മടങ്ങി. വഴിയിൽ പരശുരാമ തേജസ്സേറ്റു വാങ്ങി, ഭരതനും ശത്രുഘ്നനും മാതുലഗൃഹത്തിലായിരിക്കേ പിതാവായ ദശരഥൻ നടത്താനുദ്ദേശിച്ച അങ്ങയുടെ (രാമന്റെ) പട്ടാഭിഷേകം കൈകേയി മുടക്കി. പിതൃനിർദ്ദേശമനുസരിച്ച് വനത്തിലേക്ക് പത്നി യോടും ലക്ഷ്മണനോടുമൊത്ത് യാത്ര തിരിച്ചു. ഗുഹന്റെ ആതിഥ്യം സ്വീകരിച്ച്, ഗംഗാനദികടന്ന്, ഭരദ്വാജാശ്രമത്തിൽ വസിച്ച്, ചിത്രകൂട ത്തിൽ ആശ്രമം സ്ഥാപിച്ച് അക്കൂട്ടത്തിൽ പിതാവിന്റെ ദേഹവി യോഗം അറിഞ്ഞ് പിതാവിന്റെ അന്ത്യക്രിയകളെല്ലാം ചെയ്ത്, ഭര തനെ രാജ്യഭാരവും തന്റെ പാദുകവും ഏൽപിച്ച്, അത്രി മഹർഷിയെ സന്ദർശിച്ച്, വനയാത്ര നടത്തവേ വിരാധനെന്ന അസുരനെ നിഗ്ര ഹിച്ച് ശരഭന്ദ്ഗനു മോക്ഷവും നൽകി, അഗസ്ത്യനെ വണങ്ങി വൈഷ്ണവ ചാപം ഏറ്റുവാങ്ങി പിതൃസുഹൃത്തായ ജഢായുവിനെ കണ്ട് സീതയോടൊപ്പം, ഗോദാവരീ തീരത്ത് പഞ്ചവടിയിൽ വാണു. ശൂർപണഖക്ക് ലക്ഷ്മണിനിലൂടെ ശിക്ഷ നൽകി, അവളുടെ സംര ക്ഷണത്തിനു വന്ന രാക്ഷസന്മാരെ നിഗ്രഹിച്ചു. വനയാത്ര നടത്തവേ മാരീചനിലൂടെ രാവണൻ ഒരുക്കിയ കെണിയിലകപ്പെട്ട സീതയെ അപഹരിച്ച രാവണനെ നിഗ്രഹിക്കുവാൻ കാരണം ലഭിച്ചതിൽ അങ്ങ് ആശ്വാസം കണ്ടെത്തി. സീതാന്വേഷണത്തിനു സഹായിച്ച ജടായു വിന്റെ അന്ത്യകർമ്മം നടത്തി. അങ്ങയുടെ പ്രിയഭക്തനായിത്തീർന്ന ഹനുമാനുമായി സുഹൃത്ത്ബന്ധം സ്ഥാപിച്ച ഗുരുവായൂരപ്പാ അടി യനെ രക്ഷിക്കേണമേ.

**മൂപ്പത്തിയഞ്ചാം ദശകം : (രാമായണം സുഗ്രീവസഖ്യം)** ഹനു മാനിലൂടെ സുഗ്രീവനുമായി സഖ്യമുണ്ടാക്കി. ബാലിയെ നിഗ്രഹം ചെയ്ത്, സുഗ്രീവനെ കിഷ്കിന്ദയുടെ രാജാവായി വാഴ്ത്തി, ലക്ഷ്മ ണന്റെ ശാസനയിലൂടെ വാനരസേന സീതാന്വേഷണം നടത്തി. സമ്പാദി പറന്നു ചെന്നു കണ്ടതായ കാഴ്ച പ്രകാരം ഹനുമാൻ ലങ്കാ പുരിയിലെത്തി സീതയെ കണ്ട് ലങ്കാപുരി ചുട്ടുചാമ്പലാക്കി. രാവ ണനുമായി യുദ്ധം ചെയ്യാനുറച്ച് അങ്ങ് രാവണസഹോദരൻ വിഭീ ഷണന് അഭയം കൊടുത്തു. സമുദ്രം വഴിതരില്ലെന്നറിഞ്ഞ് ആഗ്നേ യാസ്ത്ര തേജസ്സുകൊണ്ട് സമുദ്രത്തെ കീഴടക്കാൻ ശ്രമിച്ചപ്പോൾ അതു കണ്ടു ഭയന്ന സമുദ്രദേവന്റെ അഭ്യർത്ഥന പ്രകാരം സേതു ബന്ധനം നടത്തി. ലങ്കയിലെത്തി യുദ്ധം ചെയ്തവേളയിൽ രാവണ



Scanned with CamScanner

പുത്രൻ ഇന്ദ്രജിത്തിന്റെ മായാസ്ത്രപ്രയോഗത്തിൽ ബന്ധിതനായി. ഗരുഡന്റെ ചിറകടിയിലുണ്ടായ കാറ്റുകൊണ്ട് ബോധം തിരിച്ചുകിട്ടി. ബോധം കെട്ടുപോയ ലക്ഷ്മണനെ ഹനുമാൻ കൊണ്ടു വന്ന പർവതഭാഗത്തിലെ മൃതസഞ്ജീവിനി കൊടുത്ത് രക്ഷിച്ചു. ആ ലക്ഷ്മണനാൽ ഇന്ദ്രജിത്ത് വധിക്കപ്പെട്ടു. വാനരസൈന്യത്തെ തുരുതുരെ നശിപ്പിച്ച കുംഭകർണ്ണനെ വധിച്ച്, ബ്രഹ്മാസ്ത്രത്തിൽ രാവണനെ അങ്ങു നിഗ്രഹിച്ചു. രാമസൈന്യത്തെ പുനരുജ്ജീവിപ്പിച്ച്, സീതാലക്ഷ്മണ വിഭീഷണ വാനരസമൂഹത്തോടൊപ്പം പുഷ്പകവിമാനത്തിൽ അങ്ങ് അയോദ്ധ്യാപുരിയിലെത്തി. പട്ടാഭിഷിക്തനായി കാലം കുറെ കഴിഞ്ഞു. ലോകാപവാദം ഭയന്ന് ഗർഭിണിയായ സീതയെ അങ്ങ് വാത്മീകിയുടെ ആശ്രമത്തിലാക്കി ലവകുശന്മാർക്ക് അവർ ജന്മം നൽകി. അവരെക്കൊണ്ട് വാത്മീകിയെഴുതിയ രാമായണം അങ്ങയുടെ മുന്നിൽ ചൊല്ലിച്ചു. സീതാദേവി ഭൂമിയിലേക്കു തിരിച്ചുപോയി കാലദേവ നിർദ്ദേശത്താൽ സ്വർഗാരോഹണത്തിന് കാലമായെന്നറിഞ്ഞ് ലക്ഷ്മണനെ ഉപേക്ഷിച്ച്, അങ്ങ് സരയുവിൽ ദേഹത്യാഗം ചെയ്ത്, ലോകത്തെ പഠിപ്പിച്ചു; ആഗ്രഹം, അധികാരം, ധർമ്മം, വിരഹം, ദുഃഖം, ത്യാഗം.... എന്നിപ്രകാരമുള്ള ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ മനുഷ്യരനുഭവിക്കുന്നതെല്ലാം ഈശ്വരനായാലും അനുഭവിക്കേണ്ടതുണ്ടെന്ന് അങ്ങിനെയുള്ള അങ്ങ് എന്റെ ഈ രോഗങ്ങളെല്ലാം അകറ്റിത്തരേണമേ ഗുരുവായൂരപ്പാ.

**മുപ്പത്തിയാറാം ദശകം : (ദത്താത്രേയ-പരശുരാമ ജനനം)** അത്രി -അനസൂയ ദമ്പതിമാർക്ക് ദത്താത്രേയൻ ജനിച്ചു. കാർത്തവീര്യ ദർശനവും ലഭിച്ചു. ബ്രഹ്മജ്ഞാനികളെ നിഗ്രഹിക്കുന്നവരെ നശിപ്പിക്കാനായി ജമദഗ്നിരേണുകയിൽ അങ്ങ് പരശുരാമനായി അവതരിച്ചു. വേദം പഠിച്ച് അങ്ങ്, സ്വന്തം അമ്മ, ചിത്രരഥൻ എന്ന ഗന്ധർവനിൽ ആസക്തയായതറിഞ്ഞ് അച്ഛന്റെ നിർദ്ദേശപ്രകാരം അമ്മയെ വധിച്ച് അച്ഛനിൽ നിന്നു തന്നെ ലഭിച്ച് വരം കൊണ്ട് അമ്മയെ പുനർജ്ജീവിപ്പിച്ചു. മാതാപിതാക്കളിൽ നിന്ന് വരം സ്വീകരിച്ച്, ഭൃഗുമഹർഷിയുടെ കൽപനയനുസരിച്ച് ഹിമാലയത്തിൽ പരമേശ്വരനെ തപസ്സുചെയ്ത് പരശുനേടി അസുര നിഗ്രഹം നടത്തി. ബ്രഹ്മാസ്ത്രവും സമ്പാദിച്ച്, നായാട്ടിനായി കാട്ടിലെത്തിയ കാർത്തവീര്യാർജ്ജുനനെ ജമദഗ്നി മഹർഷി കാമധേനുവിന്റെ സഹായത്താൽ സൽക്കരിച്ചു എങ്കിലും ദുഷ്ടോപദേശം സ്വീകരിച്ച് കാർത്തവീ



Scanned with CamScanner

ര്യാർജ്ജുനൻ കാമധേനുവിന്റെ പശുക്കുട്ടിയെ അപഹരിക്കുകയും ചെയ്തു. ഇക്കാരണത്താൽ നടന്ന ഘോരയുദ്ധത്തിൽ കാർത്തവീര്യാർജ്ജുന സൈന്യം പൂർണമായും പരാജയപ്പെട്ടു. കാർത്തവീര്യാർജ്ജുനനെ അങ്ങു നിഗ്രഹിച്ചു. കാർത്തവീര്യന്റെ പുത്രന്മാർ ജമദഗ്നിയെ തിരിച്ചും വധിച്ചു. ഇതിന് അങ്ങ് (പരശുരാമൻ) ക്ഷത്രിയവംശത്തെ മുഴുവൻ മുടിച്ചു. ജമദഗ്നിയെ അങ്ങ് ജീവിപ്പിച്ചു. ഭൂമി, ബ്രഹ്മജ്ഞാനികൾക്ക് ദാനം ചെയ്തു. പിന്നീട് ആയുധങ്ങളെല്ലാം ഉപേക്ഷിച്ച് പർവതശിഖരത്തിൽ തപസ്സു ചെയ്തുകൊണ്ടിരുന്ന വേളയിൽ ഗോകർണം വരെയുള്ള ഭൂമി സമുദ്രത്തിലാണ്ടപ്പോൾ, മഹർഷിമാരുടെ അപേക്ഷയനുസരിച്ച് സമുദ്രത്തെ നീക്കാനായി ആഗ്നേയാസ്ത്രമെടുത്തപ്പോൾ ഭയന്നു വിറച്ച സമുദ്രത്തെ മഴുവെറിഞ്ഞകറ്റി കേരളം സൃഷ്ടിച്ചു. ഗുരുവായൂരപ്പാ അടിയനെയങ്ങ് സംരക്ഷിക്കേണമേ.

**മുപ്പത്തിയേഴാം ദശകം : (ശ്രീകൃഷ്ണജനന കാരണം)** ആസുരീകശക്തികളുടെ പ്രവൃത്തി നിമിത്തമുണ്ടാകുന്ന ഭൂമിദേവിയുടെ ദുഃഖം ദേവന്മാരെയും മഹാവിഷ്ണുവിനേയും അറിയിച്ചു. ഈ അഭ്യർത്ഥന കേട്ട് മഹാവിഷ്ണു യദുവംശത്തിൽ സ്വയം അവതരിക്കുമെന്ന് അറിയിച്ചു. ശൂരസേന പുത്രൻ വസുദേവർ കംസസഹോദരി ദേവകിയെ വിവാഹം കഴിച്ചു. കംസൻ അവരേയും കൊണ്ട് രഥത്തിൽ പോകവേ, ദേവകിയുടെ എട്ടാമത്തെ പുത്രൻ കംസാ നിന്നെ നിഗ്രഹിക്കുമെന്ന് അശരീരി കേട്ടു. ദേവകിക്കുണ്ടാകുന്ന കുട്ടികളെ കംസനു സമർപ്പിച്ചുകൊള്ളാമെന്ന വസുദേവ വാക്യം കേട്ട് ദേവകിയെ കംസൻ വധിക്കാതെ വിട്ടു. മായാവിയായ മഹാവിഷ്ണു യദുവംശത്തിൽ ജനിച്ച് നിന്നെ നിഗ്രഹിക്കാതിരിക്കില്ലെന്ന നാരദവചനം കേട്ട് കംസൻ അവിടെ ജനിക്കുന്ന ശിശുക്കളെയെല്ലാം നിഗ്രഹിച്ചു. ദേവകിയുടെ എട്ടാമത്തെ പുത്രനായി ആവിർഭവിച്ച ഗുരുവായൂരപ്പാ അടിയന്റെ രോഗങ്ങളെല്ലാം മാറ്റേണമേ.

**മൂപ്പത്തിയെട്ടാം ദശകം : (ശ്രീകൃഷ്ണ ജനനം)** അങ്ങ് അങ്ങിനെ അന്തരീക്ഷം വർഷജലത്താൽ തണുത്തിരിക്കെ ജന്മം കൊണ്ടു. ശംഖചക്രഗദാദികളുടെ പ്രകാശം പകർന്നുകൊണ്ട് കാർമേഘനിറമുള്ള അവിടുന്ന് ലോകത്തിന്റെ പ്രകാശമായി, കംസനെ നിഗ്രഹിക്കുന്നതിനായി ജനിച്ചു. അങ്ങ് തിന്മകളെയെല്ലാം നശിപ്പിച്ചു. വസുദേവൻ അങ്ങയെസ്തുതിച്ചു. എല്ലാ ദുഃഖങ്ങളുമകറ്റാൻ കഴിവുള്ള ഗുരുവാ

യൂരപ്പാ എന്റെ ദുഃഖങ്ങളുമകറ്റേണമേ. സ്വന്തം മാതാപിതാക്കളെ പൂർവജന്മ സ്മൃതി നൽകി കാര്യങ്ങൾ സ്മൃതിമണ്ഡപത്തിലൂടെ അറിയിച്ച്, മനുഷ്യരൂപം സ്വീകരിച്ച്, നന്ദഗോപന്റെ പുത്രിയുമായി പരസ്പരം മാറ്റുകയും, ആ വേളയിൽ അമ്പാടിയിൽ ജനിച്ച യോഗ മായാ ദേവി ജനങ്ങളെയും ദ്വാരപാലകരേയുമെല്ലാം ഗാഢനിദ്രയി ലാഴ്ത്തി അങ്ങയേയും കൊണ്ട് വസുദേവർക്ക് യാത്രയാകാനായി എല്ലാ ബന്ധനങ്ങളും തനിയെ വിട്ടകന്നു. വാതിലുകൾ തന്നത്താൻ തുറന്നു, അനന്തൻ പത്തിവിടർത്തി അങ്ങക്ക് കുട ചൂടി. അനന്തൻ കാണിച്ചവഴിയിലൂടെ വസുദേവർ കാളിന്ദീനദിയിലൂടെ നടന്നു. ഭഗ വാനേ അവിടുന്ന് അടിയന്റെ വേദനാജനകമായ രോഗമകറ്റേണമേ.

**മുപ്പത്തിഒൻപതാം ദശകം : (കൃഷ്ണ ജനനാഘോഷം)** വസുദേ വർ കാളിന്ദിയിലൂടെ അങ്ങയേയും കൊണ്ടു മറുകരയിലെത്തുമ്പോൾ നിറഞ്ഞു കവിഞ്ഞിരുന്ന നദിയിലെ വെള്ളം കാലടി വരെ താണു. അങ്ങയെ യശോദയുടെ അടുക്കൽ വെച്ച് മായാകന്യകയേയും കൊണ്ട് വസുദേവർ മഥുര രാജധാനിയിലെത്തി. ദേവകിയുടെ കയ്യിൽ നിന്ന് ആ പെൺകുഞ്ഞിനെ പിടിച്ചെടുത്ത് കംസൻ, പാറക്കല്ലിലടി ക്കാനാരംഭിച്ചു. ശോഭയാർന്ന ആ കുഞ്ഞ് കംസന്റെ കയ്യിൽ നിന്ന് വഴുതി ഉയർന്ന് പൊങ്ങി. സ്വരൂപത്തിൽ ശോഭിച്ചു കൊണ്ടുപറഞ്ഞു കംസാ നിന്റെ അന്തകൻ എവിടെയോ ജനിച്ചിട്ടുണ്ട് എന്ന്. ഈ വാക്കു കൾ കേട്ട് ഭയന്ന കംസൻ പ്രലംബൻ, ബകൻ, പൂതന എന്നിവരി ലൂടെ എല്ലാ കുട്ടികളേയും നിർദയമായി കൊന്നൊടുക്കുവാൻ തുട ങ്ങി. യശോദയുടെ അടുത്തു കിടന്ന അങ്ങ് ചെറുതായൊന്നു കാല നക്കിക്കരഞ്ഞപ്പോൾ ശിശു ജനിച്ച സന്തോഷാധിക്യത്താൽ ഗോകു ലമൊക്കെയുമാനന്ദിച്ചു യശോദ അപ്രകാരം ഏറ്റവും പുണ്യവതി യായിത്തീർന്നു. നന്ദഗോപരും ആനന്ദിച്ച് അനവധി ചടങ്ങുകളനു ഷ്ഠിച്ചു. ഹേ ഭഗവാനേ അങ്ങെന്റെ രോഗം ശമിപ്പിക്കേണമേ!

**നാൽപതാം ദശകം : (പൂതനക്ക് കൃഷ്ണൻ മോക്ഷം നൽകുന്നു)** നന്ദഗോപർക്ക് ഉണ്ണി ഉണ്ടായതിൽ വസുദേവരും സന്തോഷമറിയി ച്ചു. കൂടാതെ നന്ദഗോപർക്ക് കംസനിൽനിന്ന് അപായമൊന്നുമുണ്ടാ കാതിരിക്കാൻ വേണ്ടതു ചെയ്യുവാനും നന്ദഗോപരെ അറിയിച്ചു. അമ്പാടിയിൽ അങ്ങയുടെ സമീപത്തെത്തി അങ്ങേക്ക് പാലു തന്ന പൂതനയുടെ വിഷം കലർന്ന മുലപ്പാൽ പ്രാണത്തോടുകൂടി സ്വയം കുടിച്ച്, പൂതനക്ക് മോക്ഷം നൽകി. അവളുടെ മാറിൽകിടന്ന് കളി



Scanned with CamScanner

ക്കുന്ന അങ്ങയെയാണ് ഗോപികകൾ കണ്ടുനിന്നത്. പൂതനക്ക് മോക്ഷം നൽകിയ ശ്രീഗുരുവായൂരപ്പാ അവിടുന്നെന്റെ രോഗങ്ങള കറ്റി അങ്ങയുടെ സേവകനാക്കിത്തീർക്കേണമേ.

**നാൽപത്തിയൊന്നാം ദശകം : (പൂതനാശരീര ദഹനം)** നന്ദഗോപർ, ഭീമാകാരിയായ പൂതനയുടെ ജഡം കണ്ട് അന്തം വിട്ടുപോയി. അങ്ങയാൽ പരിശുദ്ധമാക്കപ്പെട്ട പൂതനയുടെ ശരീരം ദഹിക്കുമ്പോൾ സുഗന്ധമാണുണ്ടായത്. പൂതന അങ്ങയെ കൊല്ലാത്തതിൽ ഗോപന്മാരുമെല്ലാം ആഹ്ളാദിച്ചു. അമ്പാടിയിൽ സന്തോഷം നിറഞ്ഞു. അങ്ങയുടെ പിഞ്ചുകോമള ശരീരവും ശബ്ദവും ഗോപസ്ത്രീകളെ ആനന്ദഭരിതമാക്കി. അമ്പാടിയിലെ ഓരോരുത്തനും ആനന്ദത്തിൽ പങ്കെടുത്തു. അവിടുന്നടിയന്റെ രോഗം മാറ്റേണമേ ഗുരുവായൂരപ്പാ.

**നാൽപത്തിരണ്ടാം ദശകം : (ശകടാസുരവധം)** ശിശുവായിരുന്ന അങ്ങയെ ശകടത്തിന്റെ രൂപത്തിൽ (അങ്ങയുടെ ജന്മദിനത്തിൽ) കംസനിർദ്ദേശപ്രകാരം, വധിക്കാൻ വന്ന ശകടാസുരനെ അങ്ങയുടെ മൃദുവായ കാലു കൊണ്ട് തന്നെ തകർത്ത്, വധിച്ചത് അമ്പാടിയിലുള്ളവരെ ഭയപ്പെടുത്തുകയും അതുപോലെ സന്തോഷിപ്പിക്കുകയും സംശയിപ്പിക്കുകയും ചെയ്തു. പൂതനയെ നിഗ്രഹിച്ച അങ്ങയെ കണ്ടവർക്കാർക്കും സംശം തോന്നിയതേയില്ല. അങ്ങയുടെ ജന്മദിനത്തിന് വന്ന വേദപണ്ഡിതർ അങ്ങയെ അനുഗ്രഹിച്ചാഹ്ലാദിച്ച് യാത്ര പുറപ്പെട്ടു. അങ്ങെന്റെ രോഗത്തേയും ദുഃഖത്തേയുമകറ്റേണമേ.

**നാൽപത്തിമൂനാം ദശകം : (തൃണാവർത്താസുര വധം)** ചുഴലിക്കാറ്റിന്റെ രൂപത്തിൽ വന്ന തൃണാവർത്തൻ എന്ന അസുരനെ തോൽപിച്ചു നിഗ്രഹിക്കാൻ അങ്ങയുടെ ശരീരത്തിന് അസാധാരണ ഭാരം വന്നു. ആ ഭാരത്തോടു കൂടി, ചുഴലിക്കാറ്റായി വന്ന തൃണാവർത്താസുരൻ, അങ്ങയെ വിട്ടുവെങ്കിലും അങ്ങ് അസുരനെ വധിച്ചു. അസുരന്റെ മാറത്ത് ഒരപകടവും പറ്റാതെ കളിച്ചു ചിരിക്കുന്ന അങ്ങയുടെ രൂപം കണ്ട് അമ്പാടിയിലെല്ലാവരും ആനന്ദിച്ചു. മഹാവിഷ്ണു തന്നെ നമ്മുടെ ഉണ്ണിയെ രക്ഷിക്കട്ടെയെന്നവർ പ്രാർത്ഥിച്ചു. ഇപ്രകാരം വായുരൂപിയായ തൃണാവർത്താസുരനെ നിഗ്രഹിച്ച ഗുരുവായൂരപ്പാ വാതരോഗം കൊണ്ടുണ്ടായ എന്റെ വേദനകളും ദുഃഖങ്ങളും അകറ്റേണമേ എന്ന് അടിയൻ വീണ്ടും വീണ്ടും അപേക്ഷിക്കുന്നു.



Scanned with CamScanner

**നാൽപത്തിനാലാം ദശകം : (ശ്രീകൃഷ്ണന്റെ നാമകരണ ചടങ്ങ്)** കംസനെ ഭയന്ന്, അങ്ങയുടെ നാമകരണം ആരുമറിയാതെ ഗർഗ്ഗനെക്കൊണ്ടു നടത്തിക്കാൻ നന്ദഗോപർ തീരുമാനിച്ചു. ഗർഗമുനി സ്വർഗ സംതൃപ്തിയോടെ അങ്ങയുടേയും ജ്യേഷ്ഠന്റെയും നാമകരണം അതീവ രഹസ്യമായി നിർവഹിച്ചു. കൃഷ് എന്ന ധാതുവും ണ എന്ന അക്ഷരവും ചേർത്ത് പാപം ഇല്ലാതാക്കുന്ന അങ്ങേക്ക് കൃഷ്ണനെന്നു പേർ നൽകി. കൂടാതെ വാസുദേവൻ എന്നിങ്ങനെയുള്ള നാമവും, ജ്യേഷ്ഠന് രാമൻ എന്ന പേരും നൽകി. അങ്ങയെ സ്നേഹിച്ചു പൂജിക്കുന്നവന് ദുഃഖങ്ങളുണ്ടാകില്ലെന്നും ദ്രോഹിക്കുന്നവന് നാശമുണ്ടാകുമെന്നും ഗർഗ്ഗൻ പറഞ്ഞു. അങ്ങ് അസുരനിഗ്രഹം ചെയ്യുമെന്നും, കീർത്തിമാനാകുമെന്നും, ആശ്രയിക്കുന്നവരുടെ പ്രശ്നങ്ങളെല്ലാം അങ്ങ് തീർക്കുമെന്നും പറഞ്ഞു. അങ്ങു കാരുണ്യത്തിന്റെ നിറകുടമായിരിക്കുമെന്നും നന്ദഗോപനെയും കുടുംബാംഗങ്ങളേയും അറിയിച്ചിട്ടാണ് ഗർഗ്ഗൻ സ്വയം അനുഗ്രഹീതനായി യാത്രയായത്.

**നാൽപത്തിയഞ്ചാം ദശകം : (ശ്രീകൃഷ്ണന്റെ ബാലലീല)** ശ്രീകൃഷ്ണന്റെ ഓട്ടവും, ചാട്ടവും, കളിയും, ചിരിയും, ഭക്ഷണം കഴിക്കലും, പാലുകുടിക്കലും, ബലരാമനും, ഗോപബാലന്മാരും, സ്ത്രീകളും ചേർന്ന് ബാല്യകാല കളികളും പാലും വെണ്ണയും കട്ടു തിന്നും, യാചിക്കുന്നതിനുപകരം ഗോപന്മാരുടെ വീട്ടിൽ നിന്നും വെണ്ണയെടുത്തു തിന്നും എല്ലാവരേയും സന്തോഷിപ്പിച്ച ഗുരുവായൂരപ്പാ എന്റെ രോഗശമനമുണ്ടാക്കേണമേ.

**നാൽപത്തിയാറാം ദശകം : (ശ്രീകൃഷ്ണൻ യശോദക്ക് വിശ്വരൂപ ദർശനം നൽകും)** മണ്ണുവാരിത്തിന്ന് കളിച്ചു തിമർത്തു നടന്ന അങ്ങയോട് യശോദ വായ് തുറക്കാൻ ആജ്ഞാപിച്ചപ്പോൾ, സകലമാന ലോകത്തേയും ചരാചരങ്ങളേയും വായ്ക്കുള്ളിൽ അങ്ങ് യശോദക്ക് കാണിച്ചുകൊടുത്തു. വൈകുണ്ഠവാസനായും അനന്തശയനമായും, തന്റെ മുമ്പിൽ പുത്രഭാവത്തിൽ നിൽക്കുന്നവനായും അങ്ങ് യശോദക്ക് ദർശനമരുളി. എങ്ങിനെയാണോ കൊഞ്ചിക്കൊണ്ട് അങ്ങ് യശോദയുടെ അടുത്തെത്തി, അമ്മയ്ക്ക് ആഹ്ളാദം പകർന്നത്, അതുപോലെ ഗുരുവായൂരപ്പാ അടിയനെ രക്ഷിച്ചാലും.

**നാൽപത്തിയേഴാം ദശകം : (ഉരലിലെ ബന്ധനം)** തൈരുകിടഞ്ഞു



Scanned with CamScanner

കൊണ്ടിരിക്കേ പാലു കുടിക്കാൻ അമ്മയുടെ മടിയിൽ കിടന്ന അങ്ങ്, അമ്മയെഴുന്നേറ്റു പോയ ദേഷ്യാഭിനയത്തിൽ തൈരുകുടം ഉടച്ച് ഓടിപ്പോയ അങ്ങയെ പിടിച്ചുകെട്ടാനൊരുമ്പെട്ട് ഓടിത്തളർന്ന യശോദയുടെ മുന്നിൽ കരുണാമയനായി തന്നെ ഉരലിൽ കെട്ടാനായി നിന്നുകൊടുത്ത അങ്ങെന്റെ രോഗം ശമിപ്പിക്കേണമേ.

**നാൽപത്തിയെട്ടാം ദശകം : (നളകൂബരനും മണിഗ്രീവനും മോക്ഷം)** വൈശ്രവണപുത്രന്മാരായ നളകൂബരും മണിഗ്രീവനും സ്ഥലകാല ബോധം മറന്ന് നഗ്നരായി സ്ത്രീകളുമായ രമിച്ചിരുന്നപ്പോൾ അവിടെയെത്തിയ നാരദമുനി അവരെ മരുതുമരങ്ങളായി പോകട്ടെയെന്നു ശപിക്കുകയും അഹങ്കാരവും വിവേകശൂന്യതയും നിറഞ്ഞ മരങ്ങളായിത്തീർന്ന അവർക്ക് അങ്ങയുടെ സ്പർശനം കൊണ്ട് ബുദ്ധിയും വിവേകവും സിദ്ധിക്കുമെന്ന ശാപമോക്ഷം ലഭിക്കുകയും ചെയ്തു. അങ്ങിനെ ഉരലിൽ കെട്ടിയ ദാമോദരനായി അങ്ങ്, രണ്ടു മരുതുമരങ്ങൾക്കിടയിലൂടെ ഉരലുമായി കടന്നപ്പോൾ കടപുഴകിവീണതിൽ നിന്ന് മഹാതേജസ്വികളായ നളകൂബരും മണിഗ്രീവനും പുനർജനിച്ച് അങ്ങയെ വന്ദിച്ചു. അങ്ങയുടെ മാതാപിതാക്കൾ അങ്ങയെ ആനന്ദത്തോടെ ഗൃഹത്തിലേക്കാനയിച്ചു. അങ്ങിനെ യക്ഷന്മാർക്കു ശാപമോക്ഷം കൊടുത്ത ഗുരുവായൂരപ്പാ അടിയന്റെ രോഗം അകറ്റേണമേ.

**നാൽപത്തിയൊമ്പതാം ദശകം : (വൃന്ദാവന വിവരണം)** ഉരലുമായി കൃഷ്ണൻ മരങ്ങൾക്കിടയിലൂടെ പോയപ്പോൾ മരം കടപുഴകിവീഴുന്നത് ദുർനിമിത്തമാണെന്നു ധരിച്ച് മറ്റൊരു സ്ഥലത്തേക്ക് താമസം മാറ്റാൻ ആഗ്രഹിച്ച വേളയിൽ ഉപനന്ദൻ എന്ന ഗോപശ്രേഷ്ഠൻ വൃന്ദാവനത്തിൽ താമസമാക്കുന്നതാണുത്തമം എന്നു നിർദ്ദേശിച്ചു. എല്ലാവരും അതു സ്വീകരിച്ച് കാനനഭംഗിയാസ്വദിച്ച്, കാളിന്ദിയുടെ സാമീപ്യചൈതന്യം കൊണ്ടും, മനോഹരമായ വൃന്ദാവനത്തിലെത്തി. എല്ലാ സൗന്ദര്യത്തോടും കൂടി പ്രശോഭിക്കുന്ന വൃന്ദാവനവർണനയും കൃഷ്ണ–ബലരാമന്മാരുടെ കളിയും വിവരിച്ച് മേൽപത്തൂർ തന്റെ രോഗം മാറ്റേണമേ എന്നു ഗുരുവായൂരപ്പനോടു പ്രാർത്ഥിക്കുന്നു.

**അൻപതാം ദശകം : (വത്സ–ബക അസുരവധം)** വൃന്ദാവനത്തിൽ സർവതും മറന്ന് പ്രകൃതിയെപോലും കോരിത്തരിപ്പിച്ചുകൊണ്ട് അങ്ങ്

ഗോപബാലന്മാരോടൊത്ത് കളിച്ചു ചിരിച്ചു നടന്നു. പശുക്കുട്ടികളുമായി കളിച്ചു നടന്നപ്പോൾ പശുക്കുട്ടിയുടെ വേഷത്തിൽ വന്ന പത്മാസുരനെ തിരിച്ചറിഞ്ഞ് അവനെ ചുഴറ്റിയെറിഞ്ഞു കൊന്ന്, പശുക്കളെ രക്ഷിച്ചു. അതിലാനന്ദിച്ച് പ്രകൃതിയിൽ ലയിച്ച് കളിയുടെ ക്ഷീണത്തിൽ വെള്ളം കുടിക്കാൻ ഗോപബാലന്മാർ കാളിന്ദിയിൽ പോയപ്പോൾ ഭീമാകാരനായ ഒരു കൊക്ക് (ബകൻ) അങ്ങയെ വിഴുങ്ങികൊല്ലാൻ ശ്രമിച്ചു. ആ ബകന്റെ കൊക്കുകൾ പിളർന്ന് അങ്ങ് ബകാസുരനെ വധിച്ചു. ഗുരുവായൂപ്പാ നീയെന്റെ രോഗദുഃഖങ്ങളകറ്റേണമേ.

**അമ്പത്തിയൊന്നാം ദശകം : (അഘാസുരമോക്ഷം)** വനത്തിൽ കളിച്ചുകൊണ്ടിരുന്ന വേളയിൽ അഘാസുരൻ സർപവേഷം ധരിച്ച് അങ്ങയുടെ വഴി തടഞ്ഞു. ഗോപബാലന്മാരും, പശുക്കുട്ടികളും ഈ പെരുമ്പാമ്പിന്റെ വായിലകപ്പെട്ടപ്പോൾ അങ്ങും വായ്ക്കുള്ളിൽ പ്രവേശിച്ച് ഭീമാകാരം പൂണ്ട് അഘാസുരനെ നിഗ്രഹിച്ച് അവന്റെ ആത്മാവിനെ തന്നിലേക്കെടുത്തു. അതിനുശേഷം ഗോപബാലന്മാരുമായി അങ്ങ് ഏറിയ സന്തോഷത്തോടെ വനഭോജനമായി ഭക്ഷണം കഴിച്ചാസ്വദിച്ചു. ആനന്ദചിത്തനായ ഗുരുവായൂരപ്പാ അവിടുന്ന് എന്നെ രക്ഷിക്കേണമേ.

**അമ്പത്തിരണ്ടാം ദശകം : (ബ്രഹ്മാവിന്റെ അഹങ്കാര ശമനം)** അങ്ങ് കാട്ടിൽ കളിച്ചുരസിച്ചു നടക്കുന്ന വേളയിൽ ബ്രഹ്മാവ് മായയാൽ പശുക്കുട്ടികളേയും ഗോപബാലന്മാരേയുമെല്ലാം മറച്ചു. അങ്ങു തന്നെ അവരായി രൂപം പ്രാപിച്ചു എന്നു മാത്രമല്ല പലതായി രൂപം പ്രാപിച്ച അങ്ങയെ അവർ ഗൃഹങ്ങളിലേക്കു കൊണ്ടുപോയി. അങ്ങിനെ എല്ലാവരും അങ്ങുതന്നെയാണെന്ന് പ്രദർശിപ്പിച്ച് ബ്രഹ്മാവിനെ പാഠം പഠിപ്പിച്ചു അങ്ങ് എന്നേയും രക്ഷിക്കേണമേ.

**അമ്പത്തിമൂന്നാം ദശകം : (ധേനുകാസുരവധം)** ബാല്യകാലം കഴിഞ്ഞ അങ്ങ് ബലരാമനോടൊപ്പം ശ്രീദാമാവിന്റെ നിർദ്ദേശപ്രകാരം ധേനുക വനത്തിലേക്കു പോയി. ബലരാമൻ കരിമ്പനകൾ ബലമായി കുലുക്കിയപ്പോൾ പനങ്കായ്കളും പനമരത്തിലധിവസിച്ചിരുന്ന ധേനുകാസുരനും താഴേക്ക് ചാടി വീണു. ബലരാമനെക്കൊണ്ട് ആ അസുരനെ വധിച്ചു. അയാളുടെ അസുരന്മാരായ ബന്ധുക്കളേയും അങ്ങു വധിച്ചു. ഗോപബാലന്മാർ അങ്ങയോടൊത്ത് പനമ്പഴങ്ങൾ ഭക്ഷിച്ചു ബാക്കി ഫലങ്ങൾ ബാലന്മാർ ഗൃഹത്തിലേക്കു സംതൃപ്തിയോടെ കൊണ്ടുപോയി. ബന്ധുക്കൾക്ക് സന്തോഷത്തോടെ പങ്കുവെച്ചു, ഗുരു



Scanned with CamScanner

വായൂരപ്പാ അവരെ സന്തോഷിപ്പിച്ച അങ്ങ് എന്റെ രോഗം മാറ്റിതരേണമേ.

**അമ്പത്തിനാലാം ദശകം : (ഗരുഡനു ലഭിച്ച ശാപം)** അങ്ങയുടെ വാഹനമായ ഗരുഡൻ കാളിന്ദിയിലെ മത്സ്യത്തെ ഭക്ഷിക്കുന്നതു കണ്ട സൗരഭി എന്ന മഹർഷി ഈ ജീവികളെ തിന്നാൽ നീയും മരിക്കുമെന്ന് ഗരുഡനെ ശപിച്ചു. ഗരുഡനു നീക്കിവെച്ച ഭക്ഷണം കാളിയൻ അഹങ്കാരം മൂലം ഭക്ഷിച്ചു. അതിൽ പ്രതിഷേധിച്ച ഗരുഡൻ ശക്തിയായി ചിറകിട്ടടിച്ചപ്പോൾ കാളിയന് പ്രവേശനം നിഷേധിക്കപ്പെട്ട കാളിന്ദിയിലഭയം തേടി. കാളിയന്റെ വിഷം മൂലം, സമീപമുള്ള വൃക്ഷങ്ങളും, പക്ഷികളും, വേനൽചൂടു സഹിക്കാതെ കാളിന്ദി ജലം പാനം ചെയ്ത, പശുക്കളും മറ്റും മരിച്ചു വീണു. അവരെ പുനർജനിപ്പിക്കാനായി അങ്ങ് അമൃതധാരപോലെയുള്ള ജലസ്രോതസ്സുണ്ടാക്കി. എല്ലാവരും അങ്ങയെ സ്തുതിച്ചു. കാരുണ്യവാനായ ഗുരുവായൂരപ്പാ എന്റെ രോഗപീഢകളകറ്റേണമേ.

**അമ്പത്തിയഞ്ചാം ദശകം (കാളിയമർദ്ദനം)** : വിഷം വമിക്കുന്ന അഹങ്കാരിയായ കാളിന്ദിയിലെ കാളിയനെ മർദ്ദിച്ച് കാളിയന്റെ ശിരസ്സിൽ നൃത്തം ചെയ്തു. കാളിയന്റെ ശിരസ്സിൽ നൃത്തം ചെയ്തതു കണ്ടാനന്ദിച്ച ഗോപന്മാരെ പോലെ അടിയനേയും രോഗത്തിന്റെ വേദനയിൽ നിന്നകറ്റി രക്ഷിക്കേണമേ.

**അമ്പത്തിയാറാം ദശകം : (കാളിയദർപ്പശമനം)** അങ്ങ് കാളിയന്റെ ഫണങ്ങളിൽ ഏറെ നേരം നൃത്തം ചെയ്തു, കാളിയൻ ചോര ഛർദ്ദിച്ചു. കാളിയപത്നിമാർ അങ്ങയെ സ്തുതിച്ചു വണങ്ങി. അഹങ്കാരം ക്ഷയിച്ച കാളിയൻ താണുവണങ്ങി. കൂടാതെ അങ്ങയുടെ നിർദ്ദേശപ്രകാരം ഗരുഡന്റെ ഉപദ്രവമുണ്ടാകാതിരിക്കാനുമായി രമണദ്വീപിലേക്കു പോയി. കാളിയനെ യാത്രയാക്കി നദീതീരത്തു തന്നെ അന്നു രാത്രി നിവസിച്ച ഗോപന്മാരും കൂട്ടരേയും കാട്ടുതീയിൽപ്പെടാതെ അങ്ങു സംരക്ഷിച്ചു. അവർ സന്തുഷ്ടരായതു പോലെ എന്റെ രോഗങ്ങളില്ലാതാക്കി രക്ഷിക്കേണമേ ജഗദീശ്വരാ.

**അമ്പത്തിയേഴാം ദശകം : (പ്രലംബാസുരവധം)** അങ്ങ് വനത്തിലൂടെ കളിച്ചു രസിച്ചു നടക്കവേ പ്രലംബൻ എന്ന അസുരൻ ഗോപവേഷം പൂണ്ട് അങ്ങയെ സമീപിച്ചു. അവന്റെ ചതിയറിഞ്ഞിട്ടും അറിയാത്ത ഭാവത്തിൽ, തന്റെകൂടെ കളിയിൽ പങ്കെടുത്തുകൊള്ളുവൻ



Scanned with CamScanner

അങ്ങ് നിർദ്ദേശിച്ചു. അപ്രകാരം ദ്വന്ദ്വയുദ്ധവും കളിച്ചു. ശ്രീദാമാവിന് ജയിക്കാനാവസരം നൽകി. അങ്ങവനെ തോളിലേറ്റി നടന്നു. ബലരാമൻ പ്രലംബനെ തോൽപിച്ച്, അവന്റെ കഥയും കഴിച്ചു എന്നറിഞ്ഞ് സോദരനെ അങ്ങ് അഭിനന്ദിച്ചു. അങ്ങ് വേഗം തന്നെ എന്റെ ക്ലേശങ്ങളില്ലാതാക്കേണമേ.

**അമ്പത്തിയെട്ടാം ദശകം : (കാട്ടുതീയിൽ നിന്ന് ഗോകുലസംരക്ഷണം)** കൊടുംവേനലിന്റെ ചൂടേൽക്കാത്ത ഐഷികവനത്തിൽ കളിച്ചിരിക്കേ ഗോപബാലന്മാരും, മേഞ്ഞു നടന്ന പശുക്കളും കാട്ടുതീയിലകപ്പെട്ടു അവിടെ നിന്നവരേയും പശുക്കളേയും അങ്ങ് നിമിഷനേരം കൊണ്ട് ഭാണ്ഡീരവനത്തിലെത്തിച്ചു. തുടർച്ചയായി താപമേൽക്കുന്ന വേനൽക്കാലം അങ്ങും പശുക്കളും ഗോപന്മാരും യമുനാതീരത്തു കഴിച്ചു കൂട്ടി; തുടർന്നു വന്ന ഋതുക്കളിലും അങ്ങും കൂട്ടരും ആനന്ദത്തോടെ സമീപവനങ്ങളിലും പർവതപ്രദേശങ്ങളിലും വിഹരിച്ചു.

**അമ്പത്തിയൊമ്പതാം ദശകം : (വേണുഗാനം)** അങ്ങയുടെ വളരുന്ന മനോഹരമായ രൂപം ഗോപികമാർക്കും മറ്റെല്ലാവർക്കും ആനന്ദകരമായി ഭവിച്ചുതുടങ്ങി. അങ്ങയുടെ ഓടൽക്കുഴൽ വിളി ഗോപസ്ത്രീകളെ ഹഠാദാകർഷിച്ചു തുടങ്ങി. കാട്ടിലൂടെ നടന്നു നീങ്ങുമ്പോഴും വിശ്രമിക്കുമ്പോഴും അങ്ങയുടെ വേണുഗാനം വൃക്ഷലതാദികളേയും പക്ഷിമൃഗാദികളേയും പോലും കോരിത്തരിപ്പിച്ചു. അത് ഗോപസ്ത്രീകൾക്ക് ഹരമായി. ഗോപസ്ത്രീകൾക്ക് അങ്ങയോടു തോന്നിയ സ്നേഹം ആത്മീയവും ഭൗതീകവുമായി മാറിയിരുന്നു. അതൊന്നിച്ചു ലഭിച്ച അവർ സന്തുഷ്ടരായതു പോലെ അടിയനെ, ഗുരുവായൂരപ്പാ രക്ഷിക്കേണമേ.

(ഗോപികമാർ പലരും വിവാഹിതരായിരുന്നു. അവർ ശ്രീകൃഷ്ണനേക്കാൾ പ്രായത്തിൽ മുതിർന്നവരുമായിരുന്നു. അവർക്ക് കൃഷ്ണനോടു തോന്നിയ ഭക്തിയെ മാധുര്യ ഭാവ ഭക്തിയെന്നു പറയുന്നു. ശരീരവും മനസ്സും ദ്രവ്യവും സമ്പത്തുമെല്ലാം സമർപ്പിച്ചിട്ടുള്ള ഭക്തിയാണത്. ഇത് വ്യക്തമായി അറിഞ്ഞുവേണം ഇനിയുള്ള ഭാഗം വിലയിരുത്തുന്നത്.)

**അറുപതാം ദശകം : (ഗോപികാവസ്ത്രഹരണം)** ഹേ ഭഗവൻ അങ്ങയെ ആശ്രയിച്ച് അങ്ങയെ ലഭിക്കാനായി കാർത്ത്യായനീപൂജ

വ്രതശുദ്ധിയോടെ നടത്തിയ ഗോപസ്ത്രീകൾ നഗ്നരായി കാളിന്ദീയിൽ കുളിച്ചതിന് ശിക്ഷയെന്നപോലെ അവരുടെ വസ്ത്രങ്ങളപഹരിച്ച് കൊണ്ടുപോയി. അങ്ങ് അവരുടെ ലജ്ജയിൽ മുങ്ങിയ വേദനാജനകമായ അപേക്ഷ കേട്ട് അവരുടെ വസ്ത്രങ്ങൾ തിരികെ നൽകുകയും ചെയ്തു. കാളിന്ദീ തീരത്ത് നിലാവുള്ള വേളയിൽ അവർക്കനുസൃതമായ ഉപദേശങ്ങൾ നൽകി അവരുടെ മനസ്സിനെ നിർമ്മമലമാക്കുകയും ചെയ്തു. അവരെ ആശ്വസിപ്പിച്ചതുപോലെ എന്റെ രോഗങ്ങളകറ്റി രോഗവേദന വേഗത്തിലകറ്റേണമേ ഗുരുവായൂരപ്പാ.

**അമ്പത്തിയൊന്നാം ദശകം : (ഭക്തിയുടെ അളവുകോൽ)** വനത്തിലൂടെ നടന്നു കളിക്കുന്നവേളയിൽ അടുത്തുള്ള വനത്തിൽ നടക്കുന്ന യാഗത്തിൽ മുഴുകിയിരിക്കുന്ന വേദപണ്ഢിതന്മാരോട് ഭക്ഷണം ആവശ്യപ്പെടാനായി അങ്ങ്, വിശന്നു വലയുന്ന, ഗോപന്മാരെ അയച്ചു. വേദപണ്ഢിതർ ആ അഭ്യർത്ഥന നിരസിച്ച് യാഗകർമ്മങ്ങൾ തുടർന്നു. മടങ്ങിയെത്തിയ ഗോപന്മാരെ അങ്ങ് വീണ്ടും തിരിച്ചയച്ച് വേദപണ്ഢിത പത്നിമാരോട്അന്നമപേക്ഷിക്കാൻ കൽപിച്ചു. പൂർണഭക്തിയോടെ ആ പത്നിമാർ ഗോപന്മാർക്ക് ഭക്ഷണം നൽകി. ഭർതൃ നിർദ്ദേശം പോലും ലംഘിച്ച് അവർ അങ്ങയെ ശരണം പ്രാപിക്കാനാഗ്രഹിച്ച് അങ്ങയെ ധ്യാനിച്ച് പൂജിച്ച് അവർ ആനന്ദിച്ചതുപോലെ ഹേ ഗുരുവായൂരപ്പാ അടിയനേയും കടാക്ഷിക്കേണമേ.

**അറുപത്തിരണ്ടാം ദശകം : (ഗോവർധന പൂജ)** കാലാകാലങ്ങളിൽ മഴപെയ്യിച്ച് ഭൂമിയെ ജലസമ്പുഷ്ടമാക്കുന്ന ഇന്ദ്രദേവന് ബലിയോടു കൂടിയ യാഗം നടത്താൻ ഗോപന്മാർ ഒരുമ്പെട്ടപ്പോൾ അങ്ങു പറഞ്ഞു. ഈ പർവതമാണ് മനുഷ്യനാവശ്യമായതെല്ലാം തരുന്നത്. നമ്മുടെ കർമ്മമാണ് പ്രകൃതിയിൽ പ്രതിഫലിക്കുന്നത്. ഇന്ദ്രന്റെ അനുഗ്രഹമല്ലതന്നെ. ജ്ഞാനികളാണ് ലോകത്തിനു നന്മ വരുത്തുന്നത്. അതുകൊണ്ട് യാഗവും യജ്ഞവും അവരെ പ്രീതിപ്പെടുത്താനാണ് വേണ്ടത് ഇന്ദ്രനുവേണ്ടിയല്ല ഇതൊക്കെ നടത്തേണ്ടതെന്നു പറഞ്ഞതനുസരിച്ച് ഗോപന്മാർ പർവതത്തേയും ജ്ഞാനികളേയും പ്രസാദിപ്പിക്കാനൊരുങ്ങി. ഇതു കണ്ടു ക്രുദ്ധനായ ഇന്ദ്രൻ ഗോകുലവും വനവും പശുക്കളേയും മറ്റെല്ലാത്തിനേയും പേമാരി കൊണ്ട് നശിപ്പിക്കാനായി ശക്തമായ മേഘങ്ങളെ അയച്ചു. തന്റെ ശാസ്ത്രയുക്തി വ്യക്തമായി മനസ്സിലാക്കി കൊടുത്ത ഭഗവാനെ അങ്ങ് അടിയന്റെ രോഗങ്ങളകറ്റേണമേ.



Scanned with CamScanner

**അറുപത്തിമൂന്നാം ദശകം : (ഗോവർധന പർവത ഉദ്ധാരണം)** അമ്പാടിയും ഗോകുലവും വനാന്തരങ്ങളും അതിശക്തമായ മഴ പെയ്തുകൊണ്ടിരുന്നു. അങ്ങ് അൽപം പോലും പതറാതെ ഏഴുദിവസവും ഒറ്റക്കൈകൊണ്ട് ഗോവർധന പർവതം ഉയർത്തി എല്ലാവരേയും, പശുക്കളേയും, ജീവജാലങ്ങളേയും കഠിനമഴയിൽ നിന്നു സംരക്ഷിച്ച് ഇന്ദ്രന്റെ അഹങ്കാരം തീർത്തു. അവിടുന്നടിയന്റെ രോഗം മാറ്റേണമേ ഗുരുവായൂരപ്പാ. ഭൂമിയെ വരാഹമായി ഉയർത്തിയ അങ്ങേക്ക് ഈ പർവതം നിസ്സാരമായിരുന്നു)

**അറുപത്തിനാലാം ദശകം : (അഭിഷേകം)** ഇത്രയും മഹത്വമേറിയ കാര്യങ്ങളും അത്ഭുതങ്ങളും ചെയ്ത കൃഷ്ണന്റെ ജാതകഫലം വീണ്ടും വായിച്ചറിഞ്ഞവർ ബഹുമാന ആദരവുകളോടെ കൃഷ്ണനെ സ്തുതിച്ചു. എല്ലാവരുടേയും അസൂയയും അഹങ്കാരവും ക്ഷയിച്ച് അവർ കൃഷ്ണനെ ഗംഗാജലത്തിൽ അഭിഷേകം ചെയ്തു. അമ്പാടി ഐശ്വര്യപൂർണമായി. വരുണ ഭൃത്യൻ ഒരിക്കൽ നന്ദഗോപനെ പിടിച്ചു കൊണ്ടുപോയി. നന്ദഗോപനെ കൊണ്ടുവരാനായി അങ്ങ് വരുണ സന്നിധിയിലെത്തിയപ്പോൾ, വരുണനും മറ്റെല്ലാവരും അങ്ങയേയും നന്ദഗോപരേയും കണ്ടാനന്ദിച്ച് പാദപൂജ നടത്തി. അങ്ങെന്റെ രോഗം മാറ്റേണമേ ഗുരുവായൂരപ്പാ.

**അറുപത്തിഅഞ്ചാം ദശകം : (ഗോപികമാരുടെ സ്വപ്നം)** മാധുര്യഭാവഭക്തിയുടെ പാരമ്യത്തിലെത്തിയ ഗോപികമാർ കൃഷ്ണനെ കാമുകനായി കണ്ട് മാനസീക സ്വർഗാനു ഭൂമി നുകരുന്നതാണിവിടെ വിവരിക്കുന്നത്. (ഭക്തന്മാരുടെ മാനസീകാവസ്ഥ വിവരിക്കാനാണ് ഭാഗവതത്തിലും നാരായണീയത്തിലും ഇങ്ങനെയുള്ള അനുഭൂതികൾ വിവരിക്കുന്നതെന്ന് പ്രത്യേകം ഓർമ്മിക്കണം.)

**അറുപത്തിയാറാം ദശകം : (ഗോപികാനന്ദം)** ഗോപികമാരെ സന്തോഷിപ്പിക്കുന്ന വാക്കുകൾ ഉപദേശിച്ചും, ആത്മാനന്ദം പകർന്നും, മാധുര്യഭാവ ഭക്തിയുടെ അനുഭൂതി തലത്തിലേക്കവരെ ഉയർത്തിയും ശ്രീകൃഷ്ണൻ യമുനാ നദീതീരത്ത് അവരോടൊന്നിച്ച് ചില വഴിച്ചതിനെക്കുറിച്ചിവിടെ വിവരിക്കുന്നു.

**അറുപത്തിയേഴാം ദശകം : (ഗോപികമാരുടെ അഹങ്കാര ശമനം)** അങ്ങ് ആരുടേയും സ്വന്തമല്ല, അങ്ങയുടെ സ്വന്തമായിട്ടും ആരുമില്ലെന്ന് ഓർമ്മിപ്പിക്കുവാൻ പാകത്തിനും ഗോപികമാരുടെ കൃഷ്ണൻ



Scanned with CamScanner

എന്റേതാണെന്ന തോന്നലിലൂടെയുണ്ടായ സ്വാർത്ഥതയുടെ അഹങ്കാരം കൃഷ്ണൻ അവരെയെല്ലാം ഉപേക്ഷിച്ചുപോയി അനുഭവിപ്പിച്ചു. ആ വേളയിൽ അഹങ്കാരം അൽപം പോലും ഏൽക്കാത്ത രാധ എന്ന ഗോപസ്ത്രീയുമായി മാത്രം കൃഷ്ണൻ സമയം ചിലവഴിച്ചു. പിന്നീട് കൃഷ്ണൻ ആരുടേയുമല്ല എല്ലാവരുടേതുമാണെന്ന ബോധം വന്ന ഗോപികമാരുടെ ഗർവു ശമിച്ചു. അങ്ങെന്നെ രക്ഷിക്കേണമേ ഗുരുവായൂരപ്പാ. (ബന്ധം നിലനിർത്തിയപ്പോഴും ബന്ധനമില്ലാതെ കൃഷ്ണൻ എല്ലാവരുമായും ഇടപഴകി)

**അറുപത്തിയെട്ടാം ദശകം : (ഗോപികമാരുടെ സന്തോഷം)** അകലങ്ങളിൽ നിന്നു തിരിച്ചുവന്ന അങ്ങയെ പലവിധ വികാരങ്ങളോടെ സ്വീകരിച്ച ഗോപികമാരോട്, യമുനാതീരത്തുവെച്ചു തന്നെ, അങ്ങ് ആശ്വാസവാക്കുകൾ പറഞ്ഞ് അങ്ങയോടുള്ള സ്നേഹം, ബന്ധമായി ബന്ധനമാകാതെ നിലനിർത്തി. അവർ അങ്ങക്കു പ്രിയപ്പെട്ടവരാണെന്നുവരെ അവരെ ബോധ്യപ്പെടുത്തി. അവരുടെ വേവലാതികളെല്ലാം അങ്ങു കേട്ട് അവരെ ആശ്വസിപ്പിച്ചതുപോലെ എന്റെ രോഗം മാറ്റി എന്നെ രക്ഷിക്കേണമേ.

**അറുപത്തിയൊമ്പതാം ദശകം : (രാസക്രീഡാ വിവരണം)** തന്റെ സാന്നിദ്ധ്യത്തിൽ, എല്ലാ ഗോപികമാർക്കും കൃഷ്ണൻ അവരുടെ കൂടെ തന്നെയുണ്ടെന്നും തന്നോടൊപ്പം നൃത്തം ചെയ്യുന്നു എന്നുള്ള വിചാരമുണ്ടാക്കി, അവരുടെ മനസ്സിൽ തീവ്രത വരുത്തിയ വിവരണമാണ് ഇവിടെ മേൽപത്തൂർ നൽകുന്നത്. ദേവന്മാരും വികാരപ്രകൃതിയുമെല്ലാം കുറച്ചു സമയം മാത്രം നീണ്ടുനിന്ന ഈ രാസക്രീഡാനൃത്തം ആസ്വദിക്കാനായി വന്നു നിന്നുവത്രെ. അതിന്റെ ആനന്ദാനുഭൂതിയുമാണ് ഇവിടെ വിവരിക്കുന്നത്. ഗോപസ്ത്രീകൾക്കു ദർശന സ്പർശന സൗഭാഗ്യം നൽകയിതുപോലെ അടിയന്റെ രോഗമുക്തി നൽകേണമേ ഗുരുവായൂരപ്പാ.

**എഴുപതാം ദശകം : (സുദർശനമോക്ഷവും ശംഖചൂഢാസുരവധവും)** ഒരിക്കൽ അംബികാ വനത്തിൽ വെച്ച് നന്ദഗോപരെ ഒരു പെരുമ്പാമ്പ് വിഴുങ്ങി. അതിനെ അങ്ങ് കാൽകൊണ്ടു സ്പർശിച്ചപ്പോൾ അത് സുന്ദർശനൻ എന്നു പേരായ വിദ്യാധരനായിത്തീർന്നു. അംഗീരസ് മഹർഷിമാരെ വിരൂപന്മാരെന്നു പറഞ്ഞ് അവഹേളിച്ചതിന് ശാപം ലഭിച്ച് ഈ പെരുമ്പാമ്പിന്റെ രൂപത്തിൽ നിന്ന അവനെ



Scanned with CamScanner

മോചിപ്പിച്ചു. ഗോപികമാരെ തട്ടികൊണ്ടുപോയ ശംഖചൂഡനെ അങ്ങ് വധിച്ചു. കംസകിങ്കരനായ അരിഷ്ടൻ എന്ന അസുരൻ കാളയുടെ രൂപത്തിൽ വന്നപ്പോൾ, അസുരനായ അവനെ അങ്ങ് നിഷ്പ്രയാസം വധിച്ചു. എല്ലാവരും അങ്ങയുടെ ധീരതയെ സ്തുതിച്ചു. അങ്ങെന്റെ രോഗം മാറ്റിത്തരേണമേ ഗുരുവായൂരപ്പാ. (ഗോപബാലന്മാരും ഗോപി കമാരും തമ്മിലുള്ള ബന്ധത്തിലൂടെ കളിചിരിയിൽ ആസ്വദിക്കു മ്പോഴും ദുഷ്ടനിഗ്രഹവും ശിഷ്ടസംരക്ഷണവും കൃഷ്ണൻ ചെയ്തുകൊണ്ടിരുന്നു.)

**എഴുപത്തിയൊന്നാം ദശകം : (കേശിയുടെയും വ്യോമാസുര ന്റേയും വധം)** സിന്ധുദേശത്തിലെ കുതിരയുടെ രൂപത്തിൽ വന്ന കംസന്റെ പ്രിയ സുഹൃത്തായ കേശി എന്ന ഗന്ധർവ സ്വഭാവത്തോടു കൂടിയ അസുരനെ അങ്ങ് കാലുകൾ പിടിച്ചെറിഞ്ഞ് വധിച്ചു. കേശി വധത്തിലൂടെ അങ്ങ് കേശവനായിത്തീർന്നു. (ഗോപന്മാരേയും പശു ക്കളേയും) കളിക്കൂട്ടുകാരോട് ചേർത്ത് കളിക്കുന്ന വേളയിൽ അവ രുടെ തന്നെ വേഷത്തിൽ വന്ന വ്യോമൻ എന്ന അസുരൻ ഗുഹയി ലടച്ച് ഇതറിഞ്ഞ് അങ്ങ് അവനെയും വധിച്ചു. ഇപ്രകാരം ദുഷ്ട ന്മാരെ വധിക്കുകയും ശിഷ്ടന്മാരെ പരിരക്ഷിക്കുകയും ചെയ്യുന്ന ഗുരുവായൂരപ്പാ അടിയനേയും അവിടുന്നു രക്ഷിക്കേണമേ.

**എഴുപത്തിരണ്ടാം ദശകം : (അക്രൂര ദർശനം)** കംസന്റെ ദാസനും എന്നാൽ അങ്ങയുടെ ഭക്തനുമായ അക്രൂരൻ (അങ്ങ് നന്ദഗോപ രുടെ വീട്ടിലുണ്ടെന്നറിഞ്ഞ്) കംസൻ അങ്ങയുടെ വസതിയിലയച്ച് ധനുർയാഗം എന്ന യാഗത്തിൽ പങ്കെടുക്കണമെന്ന് ക്ഷണിക്കാൻ വന്നു. അങ്ങയുടെ മഹാമഹിമയെല്ലാം പൂർണമായും അറിയുന്നവ നായ അക്രൂരൻ അമ്പാടിയിലേക്കുള്ള യാത്രാമദ്ധ്യേ അങ്ങയെ മനസാ ധ്യാനിച്ച് പൂജിച്ച്, കീർത്തിച്ച്, അങ്ങു കളിച്ചു നടന്ന സ്ഥല ങ്ങളിൽ നമസ്കരിച്ച് എത്തിയ ഉടനെ കുളികഴിഞ്ഞു മഞ്ഞപ്പട്ടുടുത്ത അങ്ങ് ആലിംഗനം ചെയ്തവനെ സ്വീകരിച്ചു അതിഥി പൂജ നടത്തി. അങ്ങയുടെ വാസസ്ഥലത്ത് രാത്രി മുഴുവനും അങ്ങയെ ധ്യാനിച്ചു കൊണ്ടുതന്നെ ഭക്തശ്രേഷ്ഠ അക്രൂരൻ ചിലവഴിച്ചു.

**എഴുപത്തി മൂന്നാം ദശകം ശ്രീകൃഷ്ണൻ മഥുരാപുരിയാത്ര:** മഥു രാപുരിയിലേക്കു പോകാനൊരുങ്ങിയപ്പോൾ കൃഷ്ണ വിയോഗ ത്തിൽ കരയുന്ന ഗോപികമാരെ പൂർണമനസ്സോടെ ആശ്വസിപ്പിച്ച്,



Scanned with CamScanner

താൻ മടങ്ങി വന്നുകൊള്ളാമെന്നവർക്കു വാക്കു കൊടുത്തു. യാത്രാ വേളയിൽ യമുനാ നദിയിൽകുളിച്ചുകൊണ്ടിരുന്ന അക്രൂരന് പല രൂപത്തിലും ഭാവത്തിലുമുള്ള ദർശനം കൊടുത്ത് രോമാഞ്ചമുണ്ടാക്കി. അക്രൂരനോടൊപ്പം രഥത്തിലിരുന്ന ഗുരുവായൂരപ്പാ അടിയന്റെ രോഗം മാറ്റേണമേ.

**എഴുപത്തിനാലാം ദശകം : (കംസന്റെ ധനുർയാഗത്തിനായി മഥുരാപുരി പ്രവേശനം)** മഥുരാപുരിയിൽ പ്രവേശിച്ച അങ്ങയുടെ ശരീരസൗന്ദര്യവും ഘനഗംഭീരമായ അവതാരരൂപവും കാണാനെത്തിയവർ ആനന്ദനിർവൃതിയിലായി. അലക്കുകാരൻ വസ്ത്രം തരാതെ പരിഹരിച്ച വേളയിൽഅവനെ അങ്ങ് വധിച്ചു. നെയ്ത്തുകാരൻ നൽകിയ പുതുവസ്ത്രം സ്വീകരിച്ചവനെയനുഗ്രഹിച്ചു. മാലയും പൂച്ചെണ്ടും നൽകി അങ്ങയെ പൂജിച്ചവർക്കാനന്ദം നൽകി. ത്രിവക്ര എന്ന കൂനുള്ള ഭക്തയുടെ കൂനകറ്റി. ആ വഴിയിൽ നിന്നങ്ങയെ പൂജിച്ചവരുടെ കൂടെ ഞാനുണ്ടാകാതിരുന്നതിനാൽ ദുഃഖിക്കുന്നു. വില്ലു സൂക്ഷിച്ചിരുന്ന മുറിയിൽ കടന്ന് അനുവാദമില്ലാതെ തന്നെ അങ്ങ് വില്ലെടുത്ത് അതൊടിക്കുകയും ചെയ്തു. ആ കംസന്റെ ധനുർയാഗത്തിലെ വില്ലൊടിച്ച ശബ്ദം അടുത്ത ദിവസത്തെ കംസവധത്തിന്റെ കേളികൊട്ടുപോലെ ദേവന്മാർക്കു തോന്നി. കംസനും കാവൽക്കാരും ഇതുകേട്ടു വിറച്ചു കരഞ്ഞു. നഗരത്തിലെ മനോഹരദൃശ്യങ്ങൾ കണ്ടുകൊണ്ട് സജ്ജനങ്ങളെ അനുഗ്രഹിച്ചും ദുർജ്ജനങ്ങൾക്ക് ഭയമുണ്ടാക്കിയും രാത്രിയിൽ നഗരോദ്യാനത്തിൽ തിരിച്ചെത്തിയ ഗുരുവായൂരപ്പാ അടിയനെ അനുഗ്രഹിക്കേണമേ.

**എഴുപത്തിയഞ്ചാം ദശകം : (കംസവധം)** മല്ലയുദ്ധത്തിന്റെ പെരുമ്പറ മുഴങ്ങുമ്പോൾ കുതിച്ചു വന്ന മദയാനയെ അങ്ങ് നിഗ്രഹിക്കുകയും ചെയ്തു. മല്ലവീരനായ ചാണൂരനെ നിഗ്രഹിച്ചു. ബലരാമൻ മുഷ്ടികനെയും വധിച്ചു. അവശേഷിച്ച മല്ലന്മാർ ഓടിയൊളിച്ചു. പേടിച്ചരണ്ട കംസനെ നിഗ്രഹിക്കാനായി അങ്ങ് അവന്റെ അടുക്കലെത്തി. ഭയത്തോടെയാണെങ്കിലും നിരന്തരം അങ്ങയെ തന്നെ സ്മരിച്ചുകൊണ്ടിരുന്ന കംസൻ സായൂജ്യമടങ്ങി. പിന്നെ കംസന്റെ എട്ടു സഹോദരങ്ങളേയും വധിച്ചു. ദേവകിയേയും വസുദേവരേയും കാരാഗൃഹത്തിൽ നിന്ന് മോചിപ്പിച്ചു. അവരെ വന്ദിച്ച് കംസപിതാവിനേയും മോചിപ്പിച്ച് സിംഹാസനത്തിലിരുത്തി. നീതിശാസ്ത്രം പഠിച്ച ഉദ്ധവരെ സുഹൃത്തായി സ്വീകരിച്ച് സന്തുഷ്ടനായ അങ്ങ് എന്റെ രോഗങ്ങളേയും അകറ്റേണമേ!



Scanned with CamScanner

**എഴുപത്തിയാറാം ദശകം : (ഉദ്ധവ സൗഹൃദ ദൗത്യം)** സാന്ദീപനി മഹർഷിയുടെ ആശ്രമത്തിൽ നിന്ന് 64 ദിവസങ്ങൾകൊണ്ട് 64 വിദ്യകളും പഠിച്ചു. ഇഹലോകവാസം വെടിഞ്ഞ ഗുരുപുത്രന് ജീവൻ നൽകി ഗുരുദക്ഷിണയായി സാന്ദീപനി മഹർഷിക്കു നൽകി. എന്നിട്ട് അങ്ങ് മഥുരയിലേക്കു മടങ്ങി. ഗോപികമാരുടെ ഭക്തി പ്രത്യക്ഷത്തിൽ കാണിച്ചുകൊടുക്കാനായി ഉദ്ധവനെ അമ്പാടിയിലേക്കയച്ചു. അമ്പാടിയിൽ ചെന്ന ഉദ്ധവർ ഗോപികമാരുടെ വിരഹം നിറഞ്ഞ വാർത്തകളും, ചിന്തകളും, വേദനകളും... ഉദ്ധവനോട് ചോദിക്കുകയും വിവരിക്കുകയും ചെയ്തു. അവരെയെല്ലാം ഉദ്ധവൻ തത്വശാസ്ത്രം നിറഞ്ഞ ഉപദേശങ്ങൾനൽകി ആശ്വസിപ്പിച്ചു. കൃഷ്ണൻ വൈകാതെയെത്തുമെന്നും കൃത്യബാഹുല്യം കൊണ്ടു മാത്രമാണ് വൈകുന്നതെന്നുമറിയിച്ചു. ഗോപികമാരുടെ ഭകതികണ്ടതിശയിച്ച ഉദ്ധവനെ സന്തുഷ്ടനാക്കിയ ഗുരുവായൂരപ്പാ അടിയന്റെ രോഗം മാറ്റേണമേ.

**എഴുപത്തിയേഴാം ദശകം : (മുചുകുന്ദജീവിതം, ജരാനന്ധയുദ്ധം)** അതിനുശേഷം അങ്ങ് സൈരന്ധ്രിയെ ആശ്വസിപ്പിച്ചു. അവൾക്കു വരവും പുത്രഭാഗ്യവും നൽകി. അക്രൂരനി ലൂടെ പാണ്ഢവരുടെ വനവാസചരിതം അറിഞ്ഞു കംസവധത്തിന് പകരം വീട്ടാൻ കംസന്റെ ബന്ധുവായ ജരാസന്ധൻ അങ്ങയെ ആക്രമിച്ചു തോൽപിക്കാനാകാതെ 16 പ്രാവശ്യം യുദ്ധം ചെയ്തു പരാജയപ്പെട്ടു. അന്ത്യത്തിൽകാലയവനൻ സൈന്യവുമായി വരുന്നതുകണ്ട് സമുദ്രമധ്യത്തിൽ ഒരു പട്ടണം പണിത് സ്വജനങ്ങളെയെല്ലാം യോഗബലം കൊണ്ട് അവിടെത്താമസിപ്പിച്ചു. അവിടുന്ന് ഓടി പർവതമുകളിലെ ഗുഹയിലൊളിച്ചു. കാലയവനൻ അവിടെ ഉറങ്ങികിടന്ന മുചുകുന്നനെ ചവിട്ടി, അവൻ യവനനെ ഭസ്മമാക്കി. മുചുകുന്ദന് അങ്ങ് പൂർണദർശനം നൽകി, തപസ്സുചെയ്ത് മോക്ഷം സ്വീകരിക്കാൻ അങ്ങുപദേശിച്ചു. പിന്നീട് യവനസൈന്യത്തെ അങ്ങു നിഗ്രഹിച്ചു. ജരാസന്ധൻ അഹങ്കരിച്ചുകൊള്ളട്ടെയെന്നു കരുതി അങ്ങു സ്വയം പരാജയപ്പെട്ടുകൊടുത്തു. ഇത്രയും കർമ്മധീരനായ ഗുരുവായൂരപ്പാ അടിയന്റെ രോഗം മാറ്റേണമേ.

**എഴുപത്തിയെട്ടാം ദശകം : (ദ്വാരകാവാസം)** അങ്ങു ദ്വാരകയിലേക്കു യാത്രയായി. ബലരാമവിവാഹം രേവതരാജാവിന്റെ പുത്രിയുമായി നടത്തി. വിദർഭരാജപുത്രിയെ ചേദിരാജാവായ ശിശുപാലനു വിവാ

ഹംകഴിച്ചുകൊടുക്കാൻ അവളുടെ സഹോദരൻ രുക്മി തീരുമാനിച്ചുവെങ്കിലും ശ്രീകൃഷ്ണനെ മാത്രമേ ഭർത്താവായി സ്വീകരിക്കൂ എന്ന ദൃഢപ്രതിജ്ഞ ഒരു വിപ്രനിലൂടെ അറിഞ്ഞ കൃഷ്ണൻ എല്ലാവരും കാൺകെ രുക്മിണിയെ കൊണ്ടുവന്നു കൊള്ളാമെന്ന് അവളെ അറിയിച്ചു. അവിടെയെത്തിയ ഗുരുവായൂരപ്പാ അടിയന്റെ രോഗമകറ്റേണമേ.

**എഴുപത്തിയൊമ്പതാംദശകം : (രുഗ്മിണി സ്വയംവരം)** കുണ്ഡിതപുരത്തെത്തിയ അങ്ങ് പാർവതി ദേവിയെ ആരാധിച്ചിരുന്ന രുഗ്മിണിയെ കൈപിടിച്ചു തേരിലേറ്റി കൊണ്ടുവന്നു. കൃഷ്ണനെ എതിർക്കാൻ വന്നവരെ യാദവ സൈന്യം ബലരാമന്റെ നേതൃത്വത്തിൽ തോൽപിച്ചു. രുക്മിയെ വധിക്കാതെ തലമുണ്ഡനം ചെയ്തു. എല്ലാവരേയും സന്തോഷപ്പിച്ചുകൊണ്ടിരുന്ന ഭഗവാനെ അടിയനേയും രോമുക്തനാക്കേണമേ.

**എൺപതാം ദശകം : (സ്യമന്തക മോഷണ കഥ)** സത്രാജിത്തിനു ലഭിച്ച സ്യമന്തകരത്നം അങ്ങ് യാചിച്ചു. അദ്ദേഹമതു തന്നില്ല. ആ വിശിഷ്ട രത്നം കഴുത്തിലണിഞ്ഞ് സത്രാജിത്തിന്റെ അനുജൻ പ്രസനേജിത് നായാട്ടിനു പോയപ്പോൾ ഒരു സിംഹം അദ്ദേഹത്തെകൊന്നു. ജാംബവാൻ സിംഹത്തെകൊന്ന് രത്നം തന്റെ കുട്ടിക്ക് കളിക്കാനായി നൽകി. സത്രാജിത്തും ജനങ്ങളും അങ്ങ് രത്നം മോഷ്ടിച്ചു എന്നു പ്രചരിപ്പിച്ചു. രത്നമന്വേഷിച്ച് അങ്ങ് ജാംബവാന്റെ ഗുഹയിലെത്തി. ജാംബവതിയേയും രത്നത്തേയും അങ്ങ് സ്വീകരിച്ചു മടങ്ങി. സത്രാജിത്തിന് സ്യമന്തകം നൽകി സത്രാജിത്ത് സ്വപുത്രി സത്യഭാമയെ സ്യമന്തകത്തോടൊപ്പം അങ്ങേക്ക് ദാനം ചെയ്തു. രത്നം അങ്ങ് സത്രാജിത്തിന് തന്നെ മടക്കികൊടുത്തു. പാണ്ഡവർ അരക്കില്ലത്ത് ദഹിച്ചുപോയിയെന്ന വാർത്ത കേട്ട് അങ്ങ് ഹസ്തിനപുരത്തിലേക്കു തിരിച്ചു. ശതധന്വാവ് സത്രാജിത്തിനെ വധിച്ച് സ്യമന്തകം സ്വന്തമാക്കി. ശതധന്വാവിനെ അങ്ങു വധിച്ചു. ബലരാമൻ ദ്വാരകയിലേക്കു പോകാതെ ദുര്യോധനനെ മിഥിലാരാജധാനിയിൽ ഗദായുദ്ധം അഭ്യസിപ്പിച്ചു. തിന്മ നിറഞ്ഞ അവനെ നന്മയിലേക്കു കൊണ്ടുവരാൻ അങ്ങ് ശ്രമിച്ചു. അങ്ങെന്റെ രോഗം മാറ്റേണമേ ഗുരുവായൂരപ്പാ.

**എൺപതിയൊന്നാം ദശകം: (സുഭദ്രാഹരണം)** സത്യഭാമയോടൊപ്പം പാഞ്ചാലി വിവാഹത്തിനു പോയി, ഇന്ദ്രപ്രസ്ഥ നഗരം

പാണ്ഡവർക്കു പണിതു നൽകി, ദ്വാരകയിലേക്കു അങ്ങു മടങ്ങി. അങ്ങയുടെ അറിവോടെ അങ്ങയുടെ അനുജത്തി സുഭദ്രയെ അർജ്ജുനൻ വേഷപ്രച്ഛന്നനായി വന്നു സ്വീകരിച്ചു. ക്രുദ്ധനായ ബലരാമനെ അങ്ങ് സാന്ത്വനിപ്പിച്ചു. ഇന്ദ്രപ്രസ്ഥത്തിൽ വസിച്ച്, കാളിന്ദിയെ സ്വീകരിച്ച്, ഖാണ്ഡവവനം ദഹിപ്പിക്കാനനുവദിച്ച് അഗ്നിയെ പ്രീതിപ്പെടുത്തി. മിത്രാവിന്ദയെ അങ്ങ് രാജാക്കന്മാരുടെ നടുവിൽ വെച്ച് സ്വീകരിച്ചു. നഗ്നജിത്ത് രാജന്റെ പുത്രിയായ സത്യയെയും വിവാഹം കഴിച്ചു. ഭദ്ര എന്ന കന്യകയേയും സ്വീകരിച്ചു. മദ്രരാജപുത്രി ലക്ഷ്മണയെ അങ്ങ് വിവാഹം ചെയ്തു. അങ്ങിനെ എട്ടു സ്ത്രീകൾക്ക് അങ്ങ് അങ്ങയുടെ പത്നീപദവി നൽകി. നരകാസുരനെയും മുരാസുരനേയും അവിടുന്നു വധിച്ചു. നരകാസുരൻ തടവിലാക്കിയ തന്റെ ഭക്തകളായ പതിനാറായിരം സ്ത്രീകൾക്ക് അങ്ങ് രാജപത്നി പദവിയും നൽകി, മോചിപ്പിച്ച്, സമൂഹാംഗീകാരം നേടിക്കൊടുത്തു. അഹങ്കാരിയായ ഇന്ദ്രനെ പോലും അങ്ങ് നിയന്ത്രിച്ചു. യോഗബലം കൊണ്ടങ്ങു ഒറ്റക്കിരിക്കുമ്പോഴും അങ്ങയുടെ ആരാധകർക്ക് അവരുടെ കൂടെ അങ്ങുണ്ടെന്ന അനുഭൂതിയുണ്ടാക്കി. ഗുരുവായൂരപ്പാ എന്റെ രോഗം മാറ്റേണമേ.

**എൺപത്തിരണ്ടാം ദശകം : (ബാണാസുരയുദ്ധം)** ശ്രീകൃഷ്ണപുത്രനായ പ്രദ്യുമ്നന്റെ ചരിതം, അനിരുദ്ധൻ ബാണാസുരപുത്രി ഉഷയെ വിവാഹം കഴിക്കുന്നതും, അനിരുദ്ധനെ തടവിലാക്കിയ ബാണാസുരനെ അങ്ങ് വധിക്കാതെ കൈകൾ ഛേദിച്ച് സ്വന്തം ഭക്തനാക്കി മാറ്റിയതും വിവരിക്കുന്നു. ജീവിതത്തിലങ്ങ് എല്ലാവരേയും ജയിച്ചു അത്രക്കും മഹത്വമുള്ളവനായി ലോകം അങ്ങയെ ഭക്തിപുരസ്സരം വന്ദിച്ചു. എന്റെ രോഗങ്ങളകറ്റേണമേ.

**എൺപത്തിമൂന്നാം ദശകം : (പൗണ്ഡ്രകവധം)** കൃത്രിമമായ ചക്രവും, രൂപഭാവങ്ങളും, കൃത്രിമ ശ്രീവത്സവുമെല്ലാമുണ്ടാക്കി താനാണ് യഥാർത്ഥ വാസുദേവനെന്നഹങ്കരിച്ചു പൗണ്ഡ്രക വാസുദേവനെ അങ്ങു വധിച്ചുവെങ്കിലും ഞാനും അങ്ങും ഒന്നാണെന്ന ബോധത്തോടെ വിരാജിച്ച പൗണ്ഡ്രകന് അങ്ങ് മോക്ഷം കൊടുത്തു. ദുഷ്പ്രവൃത്തി ചെയ്ത കൃത്യയേയും സുദക്ഷിണനേയും അങ്ങ് വധിച്ചു. ബലരാമൻ വിവിദൻ എന്ന വാനരനെ വധിച്ചതും ഇവിടെ വിവരിച്ചു ഗുരുവായൂരപ്പനോടു പ്രാർത്ഥിക്കുന്നു, മേൽപത്തൂർ.



Scanned with CamScanner

**എൺപത്തിനാലാം ദശകം : (സമന്തകപഞ്ചയാത്ര)** കൃഷ്ണൻ സമന്തക പഞ്ചകയാത്രയാണതിലെ വിഷയം. തീർത്ഥത്തെ ശുദ്ധിയാക്കി, ജ്ഞാനികളെ ആദരിച്ചു, പാഞ്ചാലിയും കൃഷ്ണപത്നിമാരുമായി സമയം ചിലവഴിച്ച്, വിരഹദുഃഖത്താൽ തകർന്ന ഗോപസ്ത്രീകളെ സന്തോഷിപ്പിച്ച്, ആശ്വസിപ്പിച്ച്, ഗോപന്മാരെയും ആനന്ദിപ്പിച്ച്, അഹങ്കാരമില്ലാത്ത രാധയെ പ്രത്യേകം ആശ്വസിപ്പിച്ച്, അവരോടെല്ലാം ഞാൻ സർവാന്തര്യാമിയായ ആത്മാവു മാത്രമാണെന്ന് നിങ്ങളെല്ലാവരും എല്ലായിപ്പോഴും ഓർമ്മിക്കണമെന്നും നിർദ്ദേശിച്ചു. അങ്ങയെ അന്വേഷിച്ചൊരിടത്തും പോകേണ്ടതില്ലെന്നും അവരവരുടെ ഉള്ളിലുള്ള ചൈതന്യം അങ്ങു തന്നെയാണെന്നും ഓരോരുത്തരേയും ഓർമ്മിപ്പിച്ചു. ഉദ്ധവൻ, കൃഷ്ണനെക്കുറിച്ച് ഗോപികമാരോടു പറഞ്ഞതും കൃഷ്ണൻ പറഞ്ഞതും ഒന്നു തന്നെ ആകയാൽ ഗോപസ്ത്രീകൾ വിരഹദുഃഖത്താൽ ആത്മാവബോധത്തിലേക്കുണർന്നു വസുദേവരെക്കൊണ്ട് ഋഷിമാർ, കൃഷ്ണോപദേശപ്രകാരം യാഗം ചെയ്യിച്ചു. യാദവകുലം കൃഷ്ണനെയോർത്ത് ആനന്ദിച്ചു. ദ്വാരകയിലേക്കു യാത്ര പറയും മുമ്പ് നിഷ്കളങ്കയായ രാധയെ ഗാഢമായി പുണർന്നു കൊണ്ടാണ് കൃഷ്ണൻ യാത്ര പറഞ്ഞത്. ഏറെ സന്തോഷത്തോടെ മടങ്ങിയ ഗുരുവായൂരപ്പാ അടിയന്റെ രോഗമകറ്റേണമേ.

**എൺപത്തിയഞ്ചാം ദശകം: (ജരാസന്ധ-ശിശുപാലവധം)** ജരാസന്ധന്റെ തടവറയിലെ രാജാക്കന്മാർ അങ്ങയോട് രക്ഷിക്കണമെന്ന പേക്ഷിക്കുകയും, ധർമ്മപുത്രർ യുദ്ധാനന്തരം ചെയ്യുന്ന രാജസൂയത്തിൽ പങ്കെടുക്കണമെന്ന് ആഗ്രഹിക്കുകയും ചെയതു. പാണ്ഡവർ അങ്ങയുടെ അനുഗ്രഹത്താൽ ദിഗ്വിജയം നേടി. ജരാസന്ധ നിഗ്രത്തിനായി അങ്ങയെ ധർമ്മപുത്രർ തന്നെ അയച്ചു. ജരാസന്ധനെ ഭീമനുമായി യുദ്ധം ചെയ്യാൻ ക്ഷണിച്ച് അങ്ങ് നോക്കി നിന്നു. ഭീമൻ ജരാസന്ധനെ അങ്ങയുടെ നിർദ്ദേശപ്രകാരം രണ്ടായിക്കീറികൊന്നു. തടവറയിലെ രാജാക്കന്മാരെ തന്റെ ഭക്തരാക്കി മോചിപ്പച്ചു. രാജക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ധർമ്മപുത്രർ രാജസൂയയാഗം ചെയ്തു. ജീവരാശികളുടെ ആത്മാവായ ശ്രീകൃഷ്ണനെ പൂജിക്കണമെന്നു തീരുമാനിച്ചതിനെ ശിശുപാലൻ ഇടയച്ചെറുക്കനെന്നു വിളിച്ച് അവഹേളിച്ചു. ശിശുപാലനെ ചക്രം കൊണ്ട് വധിച്ച് മുനിമാർക്കുപോലും ദുർലഭമായ സായൂജ്യം നൽകി.



Scanned with CamScanner

ഇന്ദ്രപ്രസ്ഥത്തിലെ രാജസൂയത്തിൽ പങ്കെടുക്കാൻ വന്ന ദുര്യോധനന് സ്ഥലജലവിവേചനം ലഭിക്കാതെ പോയതിൽ ദ്രൗപദിയും ഭീമനും ദുര്യോധനനെ കളിയാക്കിചിരിച്ചപ്പോൾ അങ്ങതു പ്രോത്സാഹിപ്പിച്ചു. ഭഗവാനെ അടിയന്റെ രോഗമകറ്റേണമേ.

**എൺപത്തിയാറാം ദശകം : (ഗീതോപദേശം)** ദ്വാരകയെ അങ്ങയുടെ അസാന്നിദ്ധ്യത്തിൽ ആക്രമിച്ച സാല്വനെ അങ്ങ് വധിച്ച്, അയാളുടെ വിമാനവും തകർത്തു. ദന്തവക്ത്രനും സാല്വനും അങ്ങ് സായൂജ്യവും മരണത്തിലൂടെ മോക്ഷവും നൽകി. അങ്ങ് യഥാകാലം പാഞ്ചാലിയുടെ വിളി കേട്ട് ഉടുവസ്ത്രം കാരുണ്യത്തോടെ നൽകിയ വനാണ്. പാഞ്ചാലിയുടെ അടുക്കളപാത്രത്തിൽ നിന്ന് ഒരു ചീരയില തിന്ന് ദുർവാസാവിന്റെ വിശപ്പകറ്റിച്ചു, മഹാഭാരതയുദ്ധത്തിൽ അങ്ങ് കൗരവർക്ക് സ്വസൈന്യത്തെ നൽകി. സ്വയം പാണ്ഡവ പക്ഷത്തു നിന്നു. പാണ്ഡവരുടെ ദൂതനായി അങ്ങ് വന്നു. അർജ്ജുനന് വിശ്വ രൂപം കാണിച്ചുകൊടുത്തു. അർജ്ജുനന്റെ തേരാളിയായി. അർജ്ജുനന്റെ തളർച്ചയകറ്റി, ധർമ്മയുദ്ധമനുഷ്ഠിക്കുവാൻ നിർദ്ദേ ശിച്ചു. കുരുക്ഷേത്രത്തിൽ ആയുധമെടുക്കില്ലെന്നു പ്രതിജ്ഞ യെടുത്ത അങ്ങ് ഭീഷ്മർക്കു നേരെ രഥചക്രമെടുത്തപ്പോൾ അങ്ങയുടെ കൈകൊണ്ടു മരണം വരിക്കാനാഗ്രഹിച്ച ഭീഷ്മർ തലകുനിച്ചു കുമ്പിട്ടുനിന്നു പ്രാർത്ഥിച്ചു. ഭഗദത്തന്റെ നാരായണാസ്ത്രം അങ്ങ് മാറിൽ ഏറ്റുവാങ്ങി. സുദർശനം കൊണ്ട് സൂര്യനെമറച്ച് ജയദ്രഥനെ കൊല്ലിച്ചു. കർണ്ണൻ നാഗാസ്ത്രം അർജുനന്റെ നേർക്കയച്ചപ്പോൾ അവിടുന്നു രഥം താഴ്ത്തി അർജുനന്റെ ശിരസ്സിൽ അസ്ത്രം തറക്കാതെ കിരീടം മാത്രം തെറിപ്പിക്കത്തക്കവിധത്തിൽ രക്ഷിച്ചു. ബലരാമനെ യുദ്ധവേളയിൽ തീർത്ഥാടനത്തിനയച്ചു. ബലരാമൻ യുദ്ധം തീരും മുമ്പ് മടങ്ങിയെത്തിയപ്പോൾ, ദ്വാരകയ്ക്ക് അയച്ചു. പാഞ്ചാലീപുത്രന്മാരെ പാണ്ഡവരാണെന്ന ധരിച്ച് അശ്വത്ഥാമാവ് വധിച്ചു. അശ്വത്ഥാമാവയച്ച ബ്രഹ്മാസ്ത്രം അർജ്ജുനൻ മടക്കി യെടുത്തു. ആ അസ്ത്രം ഉത്തരയുടെ ഗർഭത്തിലെ ശിശുവിനെ ബാധിക്കാതെയങ്ങു സുദർശനം കൊണ്ടു തടഞ്ഞു. ഭീഷ്മരെ കൊണ്ടു ധർമ്മപുത്രർക്കായി, അങ്ങ് ധർമ്മശാസ്ത്രം വിവരിപ്പിച്ചു. ഭീഷ്മർ അങ്ങയുടെ വിശ്വരൂപദർശനത്തിൽ ബ്രഹ്മപദം പൂണ്ടു. എല്ലാവരേയും അനുഗ്രഹിച്ച ഗുരുവായൂരപ്പാ അങ്ങ് എല്ലാ രോഗ ങ്ങളിൽ നിന്നും എന്നേയും രക്ഷിക്കേണമേ.



Scanned with CamScanner

**എൺപത്തിയേഴാം ദശകം: (കുചേലവൃത്തം)** അങ്ങയുടെ സഹപാഠിയും ഭക്തനുമായ കുചേലൻ, പരമ ദരിദ്രനായതിനാൽ കുചേലനോട് നിത്യവൃത്തിക്കുള്ളതപേക്ഷിക്കാൻ കൃഷ്ണന്റെയടുത്തു പോകാൻ ഭാര്യ അപേക്ഷിച്ചു. രുഗ്മിണിയുടെ ഭവനത്തിലെത്തിയ കുചേലനെ അങ്ങ് സത്കരിച്ചാദരിച്ചു. പഴയകാര്യങ്ങളോർമ്മിച്ചു ചർച്ച ചെയ്തു. കുചേലൻ കൊണ്ടുവന്ന അവൽ ബലമായി പിടിച്ചെടുത്തു ഭക്ഷിച്ചു. കുചേലൻ ഒരു രാത്രി ദ്വാരകയിൽ തങ്ങി, ദാരിദ്ര്യത്തിലാഴ്ന്നിട്ടും ഒന്നും ചോദിച്ചില്ലല്ലോ) എന്ന ദുഃഖത്താൽ സ്വഗൃഹത്തിലേക്കു മടങ്ങി, അവിടെ അത്ഭുതകരമായ കാഴ്ചയും അനുഭവവും കണ്ട് മതിമറന്ന് അങ്ങയെ ധ്യാനിച്ചു സ്തുതിച്ച് കുചേലൻ നന്ദി സ്മരിച്ചു. അങ്ങെന്റെ രോഗം മാറ്റേണമേ ഗുരുവായൂരപ്പാ.

**എൺപത്തിയെട്ടാം ദശകം: (സന്താനഗോപാലം)** സാന്ദീപനി മഹർഷിയുടെ മരിച്ചുപോയ പുത്രനെ ജീവിപ്പിച്ച് ഗുരുദക്ഷിണയായി നൽകിയ സംഭവമറിഞ്ഞു ദേവകി കംസനാൽ വധിക്കപ്പെട്ട തന്റെ ആറു പുത്രന്മാരേയും കാണണമെന്ന് അങ്ങയോട് അഭ്യർത്ഥിച്ചതനുസരിച്ച് അവരെയെല്ലാം അമ്മയുടെ മുമ്പിൽ കൊണ്ടുവന്നു. അങ്ങ് മിഥിലയിലെത്തി. ശ്രുതദേവനേയും ബഹുളാശ്വനേയും അനുഗ്രഹിച്ചു. തുടച്ചയായി മക്കളുടെ മരണം സംഭവിച്ച ദുഃഖമറിയിച്ച ബ്രാഹ്മണനോട് അങ്ങു പറഞ്ഞു ആരുടേയും കർമ്മഫലമകറ്റാനെനിക്കാകില്ല എന്ന്. അർജുനന്റെ അഹങ്കാരവുമങ്ങകറ്റി, (ബ്രാഹ്മണന്റെ എട്ടു പുത്രന്മാർ മരിച്ചിട്ടും കൃഷ്ണൻ ഒന്നും ചെയ്തില്ല. ഒമ്പതാമത്തെ പുത്രനും മരിച്ചാൽ താൻ സ്വയം അഗ്നിയിൽ ചാടി ആത്മഹത്യ ചെയ്യുമെന്ന് ബ്രാഹ്മണന്റെ ദുഃഖം കണ്ട്) അർജുനൻ പ്രതിജ്ഞയെടുത്തു. അതേപോലെ ചെയ്യാനൊരുമ്പെട്ടപ്പോൾ സ്വന്തം തേരിലേറ്റി വൈകുണ്ഠം തന്നെ അർജ്ജുനന് കാണിച്ചുകൊടുത്തു. അവിടെ വസിക്കുന്ന ബ്രാഹ്മണകുമാരന്മാരെയും കാണിച്ചുകൊടുത്തു. അർജ്ജുനൻ കുട്ടികളെ ബ്രാഹ്മണനു നൽകി. അങ്ങയുടെ പിതാവ് നാരദനിൽ നിന്ന് തത്വജ്ഞാനം നേടി. ഉദ്ധവൻ അങ്ങയിൽ നിന്നും തത്വജ്ഞാനം നേടി, ഇപ്പോൾ ബദരീകാശ്രമത്തിൽ കഴിയുന്നു. എല്ലാവികാരങ്ങളേയും അതിജീവിച്ച് അങ്ങ് എല്ലാവർക്കും മോക്ഷം കൊടുത്തു. ശത്രുവെന്നോ മിത്രമെന്നോ വ്യത്യാസമില്ലാതെയെല്ലാവർക്കും മഹത്തായ സ്ഥാനം നൽകി. അങ്ങ് ലോക ദുഃഖ ശാന്തിക്കും പൂർണഭക്തി ലഭിക്കുവാനുമായി എന്നെ അനുഗ്രഹിച്ചാലും!



Scanned with CamScanner

**എൺപത്തിയൊൻപതാം ദശകം** : അങ്ങ് എല്ലാവരുടേയും അഹങ്കാരമകറ്റി സമ്പത്തു നൽകി, ശിവനെ തപസു ചെയ്ത ശുകമുനി പുത്രനായ വൃകാസുരൻ കഠിനതപസ്സുചെയ്ത് സ്വന്തം തലയറുത്ത് ശിവനെ പ്രത്യക്ഷപ്പെടുത്താനായി ഒരുമ്പെട്ടു. ഉടൻ ശിവൻ പ്രത്യക്ഷനായി, അവൻ ആരുടെ തലതൊടുന്നുവോ അവൻ മരിക്കുമെന്ന വരം കൊടുത്തു. അവൻ ശിവന്റെ നേരെ തന്നെ വരം പരീക്ഷിക്കാനായി ഓടിയടുത്തു. അങ്ങ് ഒരു കുമാരനായി സ്വന്തം തലയിൽ തന്നെ കൈവച്ച് ആ വരത്തിന് ബലമുണ്ടോയെന്നു പരിശോധിക്കാൻ നിദേശിച്ചു. അവൻ സ്വയം സ്വന്തം കഥ കഴിച്ചു. ഭൃഗുമുനി അങ്ങയെ ചവിട്ടിയപ്പോഴും അങ്ങ് മുനിയുടെ പാദമുദ്ര എന്നും ശ്രേഷ്ഠമാണെന്നു പ്രഖ്യാപിച്ചു. അപ്പോൾ മുനി അങ്ങയുടെ മഹത്വവമറിഞ്ഞ് അങ്ങയെ ഉപാസിച്ചു, മോക്ഷം നേടി. എല്ലാ മഹത്വവും ഒന്നിച്ചടങ്ങിയ ഗുരുവായൂരപ്പാ അടിയന്റെ ദുഃഖങ്ങളി ല്ലാതാക്കേണമേ.

**തൊണ്ണൂറാം ദശകം: (വിഷ്ണുമഹത്വം)** സർവചൈതന്യത്തിനു മാധാരം അങ്ങയുടെ ചൈതന്യമാണ്. എല്ലാ ഈശ്വരസങ്കൽപവും അങ്ങു തന്നെയാണ്. ഈശ്വരനും അങ്ങുതന്നെ തൃമൂർത്തികൾ അങ്ങയുടെ തൃഗുണങ്ങളാണ്. എല്ലാ രൂപവും അവിടത്തേതു തന്നെ യാണ്. ശങ്കരാചാര്യരും ആരാധിച്ചതങ്ങയെയാണ് സഹസ്രനാമവും, ഗീതയും അങ്ങയുടേതാണ്. അന്ത്യകാലസത്ഗതി എല്ലാവർക്കും ലഭിക്കുന്നത് വിഷ്ണുസ്മരണയിലൂടെയാണ്. പ്രപഞ്ചസാരമെന്ന ഗ്രന്ഥത്തിൽ അങ്ങയെ വിവരിച്ചു സ്തുതിക്കുന്നു, സാകാരബ്രഹ്മം അങ്ങു തന്നെയാണ്. പുരാണ സംഗ്രഹത്തിലും, ബ്രഹ്മകൽപം എന്ന ഗ്രന്ഥത്തിലും ഭാഗവത്തിലെ രണ്ടാം സ്കന്ധത്തിലും, അങ്ങയെ ചില പുരാണങ്ങളിൽ താഴ്ത്തി പറയുന്നവരു പോലും എല്ലാത്തിനും ആധാരമങ്ങാണെന്നു പ്രഖ്യാപിക്കുന്നു. അതിശയോക്തിയോടെയും വിരുദ്ധമായും, വിശദീകരണ്ാത്മകമായും പലരും വിവരിക്കുന്നതും അങ്ങയെയാണ്. അറിവില്ലാത്തവനാണെങ്കിലും ഞാനും ചില തൊക്കെ അങ്ങയെക്കുറിച്ചു പറഞ്ഞു. ഭാഗവതത്തിൽ വാഴ്ത്തപ്പെട്ട ഗുരുവായൂരപ്പാ എന്റെ ക്ലേശങ്ങളില്ലാതാക്കേണമേ.

**തൊണ്ണൂറ്റിയൊന്നാം ദശകം (ഭക്തിമഹത്വം)** : എല്ലാവരും ഭയം നീങ്ങാൻ അങ്ങയെ ആരാധിക്കുന്നു. എന്റെ എല്ലാകർമ്മങ്ങളും ഭക്തി പുരസ്സരം അങ്ങയ്ക്ക് സമർപ്പിക്കുന്നു. എല്ലാവരും അപ്രകാരം ചെയ്യു

മ്പോൾ ശ്രേഷ്ഠരായി തീരുന്നു എന്ന് അങ്ങ് കൽപ്പിച്ചിട്ടുണ്ടല്ലോ. മായയുടെ നാഥനായ അങ്ങയെ ഭജിച്ച് സാങ്കൽപിക ഭയവും ഞാന കറ്റാം. ഭക്തരുടെ സംസർഗം അടിയനുണ്ടാകേണമേ. ഭജന ചെയ്തു, ചിരിച്ചും, കരഞ്ഞും, അലറിയും, പാടിയും ഭ്രാന്തനെ പോലെ ഞാന ങ്ങയെ ഭക്തിപുരസ്സരം ആരാധിക്കാം. എല്ലാ ജീവജാലങ്ങളേയും പഞ്ചഭൂതങ്ങളേയും ഞാൻ അങ്ങായി കണ്ട് ഭക്തിപുരസ്സരം ആരാ ധിച്ചുകൊള്ളാം. വിശപ്പ്, ദാഹം, എന്നിവയിൽ തളരാതെ ധ്യാനം കൊണ്ട് അവിടുത്തെ തൃപ്പാദങ്ങളെ മാത്രം ധ്യാനിച്ച്, ഇഷ്ടാനിഷ്ട ങ്ങളെ സമമാക്കി, അങ്ങയുടെ ഭക്തന്മാരോട് മൈത്രിയും, പാവങ്ങ ളോട് ദയയും, ശത്രുക്കളോടു ശത്രുതയില്ലായ്മയും, അടിയനിലു ണ്ടാകേണമേ. അതിശ്രദ്ധയോടെ അങ്ങയുടെ പ്രതിമ പൂജിക്കാനുള്ള ഭാഗ്യമുണ്ടാകേണമേ. അടിയനെ രോഗത്താൽ പീഢിപ്പിക്കരുതേ! ഞാൻ പരമതത്വത്തെ അറിഞ്ഞ് അങ്ങയിലെല്ലാം അർപ്പിച്ച് മുക്തി നേടിക്കൊള്ളാം. എന്റെ രോഗങ്ങളില്ലാതാക്കേണമേ ഗുരുവായൂരപ്പാ.

**തൊണ്ണൂറ്റിരണ്ടാം ദശകം (കലിയും ഭക്തിയും) :** ഞാൻ അങ്ങയിലെ ല്ലാമർപ്പിച്ച് ഭക്തിജ്ഞാനമാർഗത്തെ സ്വീകരിച്ചു കൊള്ളാം. എന്റെ വാക്കും, പ്രവൃത്തിയും, ചിന്തയും എല്ലാമെല്ലാം അങ്ങയിലർപ്പിക്കാം. പൂവും, നിവേദ്യവും, മന്ത്രവും, പായസവും, ചന്ദനവും കൊണ്ട ങ്ങയെ പൂജിച്ചുകൊള്ളാം. അങ്ങയുടെ തത്വമറിയാത്ത ബ്രാഹ്മണർ യന്ത്രചക്രം തിരിയും പോലെ സത്യമറിയാതെ കർമ്മങ്ങളനുഷ്ഠി ക്കുന്നതിൽ നിന്നു ഭിന്നമായി ഞാൻ അങ്ങയെ ആരാധിച്ചുകൊള്ളാം. അവർ അഹങ്കരിക്കുന്നതും പ്രവർത്തിക്കുന്നതുപോലെ അടിയനെ തെറ്റായ വഴിയിലൂടെ നടത്തരുതേ. പല കൃത്രിമഭക്തരും സദ് ഭക്തരെ അധിക്ഷേപിക്കുന്നു. എന്നെ അത്തരക്കാരനാക്കരുതേ! നാലുയുഗ ത്തത്തിലും അങ്ങയെ വ്യത്യസ്ത വർണങ്ങളിൽ ഭക്തർ പൂജിക്കു ന്നു. കലിയിൽ നീലവർണമായും നാമസങ്കീർത്തനങ്ങളോടെയും പൂജിക്കുന്നു.കലിയുഗത്തിൽ അങ്ങയെ എളുപ്പത്തിൽ, നാമസങ്കീർത്ത നങ്ങളാൽ പ്രാപിക്കാനാകുന്നു. അങ്ങയുടെ ഭക്തനും ദക്ഷിണ ഭാര തത്തിൽ കാവേരി, താമ്രപർണ്ണി, കൃതമാല, ഭാരതപ്പുഴ, എന്നീ പുണ്യ നദികളുടെ മധ്യഭൂമിയിൽ ജനിച്ചവനുമായ അടിയനിൽ ഭൗതീകസു ഖങ്ങൾക്ക് അമിത താൽപര്യമുണ്ടാക്കരുതേ. പരീക്ഷിത്ത് കലിയെ കൊല്ലാനൊരുമ്പെട്ടെങ്കിലും കലിയിൽ കണ്ട ഗുണം ഓർത്ത് വെറുതെ വിട്ടു. കലി ഭക്തരെ ആരാധിക്കുന്നവനും ദുഷ്ടർക്ക് ശിക്ഷ



Scanned with CamScanner

വൈകി നൽകുന്നവനുമാണ്. ഗംഗയും, ഗീതയും, ഗായത്രിയും, സാള ഗ്രാമവും, തുളസിയുമെല്ലാം കലികാലത്ത് ഏറെ മോക്ഷദായകമാ ണ്. അങ്ങയുടെ പരമഭക്തർ, ദേവഋഷി പിതൃഋണങ്ങളിൽ നിന്ന് പോലും മോചിതരായി തീരുന്നു. എന്റെ പാപം കൊണ്ട് എനിക്കു വന്നുകൂടിയ രോഗത്തെയകറ്റേണമെ ഗുരുവായൂരപ്പാ.

**തൊണ്ണൂറ്റി മൂന്നാം ദശകം (ഇരുപത്തിനാലു ഗുരുക്കന്മാർ) :** എല്ലാ മെല്ലാം ഉപേക്ഷിച്ച് ഞാനങ്ങയിലെല്ലാമർപ്പിച്ച് അങ്ങയുടെ ഭക്തനായി ജീവിച്ചുകൊള്ളാം. ശത്രുമിത്ര ഭാവഭേദമില്ലാതെ, ജീവിക്കാം. ഭൂമി യിൽ നിന്ന് ക്ഷമയും, വായുവിൽ നിന്ന് നിസ്സംഗതയും, ആകാശ ത്തിൽ നിന്ന് ബന്ധനമില്ലായ്മയും, ജലത്തിൽ നിന്ന് മാലിന്യ നിർമ്മാർജ്ജന ചാതുരിയും, അഗ്നിയെ പോലെ ഭക്ഷിക്കാനും, പെരു മ്പാമ്പിനെപോലെ കിട്ടുമ്പോൾ ഭക്ഷിക്കാനും, ആഴിയെ പോലെ ആഴം പുലർത്താനും, വണ്ടിനെപോലെ സാരം സ്വീകരിക്കാനും, പിംഗള എന്ന വേശ്യയെ പോലെ വിരക്തി വന്ന് ഉറങ്ങാനും, കൊച്ചുകു ട്ടിയെ പോലെ മാനാപമാന ചിന്തയില്ലാതെ ജീവിക്കാനും, ഒറ്റവള പോലെ ശബ്ദമുണ്ടാക്കാതെ ജീവിക്കാനും അമ്പുകളുണ്ടാക്കുന്ന കൊല്ലൻ രാജഘോഷയാത്രയറിയാത്തവനായി ഒരേ ലക്ഷ്യം വെച്ചു കർമ്മം ചെയ്യുന്ന പോലെ ജീവിക്കാനും, എലിമാളത്തിലെ പാമ്പി നെപോലെ അന്യനുണ്ടാക്കിയ വീട്ടിൽ പാർക്കാനും, താനുണ്ടാക്കി യതിനെ തന്നിലലിയിപ്പിക്കുന്ന എട്ടുകാലിയെ പോലെയാകാനും, അങ്ങയെ ധ്യാനിച്ചുമാത്രം ജീവിച്ചാൽ അങ്ങയുടെ രൂപം ലഭിക്കു മെന്ന് വേട്ടാളനെ പോലെയും, എനിക്കും വൃദ്ധിയും ക്ഷയവുമു ണ്ടാകുമെന്ന് ചന്ദ്രനിൽ നിന്നും, എല്ലാ ജലാശയങ്ങളിലും പ്രതിഫ ലിക്കുന്ന സൂര്യനെ പോലെ നിലനിൽക്കാനും, എല്ലാവരിലുമുള്ള ആത്മാവൊന്നാണെന്നും ഇവരിൽ നിന്നെല്ലാം മനസ്സിലാക്കികൊ ള്ളാം. കടന്നെല്ലിനെപോലെ ധനം (തേൻ) കൂട്ടി വെക്കാത്തവനായും ജീവിച്ചുകൊള്ളാം. ഇതുപോലുള്ള 24 ഗുരുക്കന്മാരിൽ നിന്ന് അങ്ങ് വിദ്യയഭ്യസിച്ചതുപോലെ ഞാനും പഠിച്ചുകൊള്ളാം. അങ്ങ് ഒന്നി നോടും എനിക്കു ബന്ധനമുണ്ടാക്കരുതേ! കാമിനിയും കനകവും മൂലം എന്റെ ജന്മം നശിക്കാനിടവരരുതേ. വണ്ട് തേൻ ശേഖരിക്കുന്ന തുപോലെ ധനം ശേഖരിച്ചുവെക്കാനുള്ളതായ മനസ്സുണ്ടാകരുതേ! യുവതികൾമൂലം ഞാൻ കുഴിയിൽ വീഴരുതേ! ധനം കൂട്ടിവെക്കാനി ടയാകരുതേ! വേടന്റെ പുറകെ പോകുന്ന മാനിനെ പോലെയാകരു



Scanned with CamScanner

തേ, ഭക്ഷ്യവസ്തുക്കളിൽ അമിതാസക്തിയുണ്ടാകരുതേ, എന്റെ കയ്യിലുള്ള വസ്തുക്കൾ കണ്ട് അന്യരെന്നെ കൊല്ലാനിടവരുത്തരുതേ, പഞ്ചേന്ദ്രിയങ്ങളെന്നെ പിടിച്ചു വലിക്കരുതേ. എന്റെ രോഗങ്ങളകറ്റേണമേ ഗുരുവായൂരപ്പാ!

**തൊണ്ണൂറ്റിനാലാം ദശകം (ഭക്തിയും തത്വജ്ഞാനവും)** : സർവവ്യാപിയായ ശ്രീകൃഷ്ണനെ കുറിച്ചുള്ള ജ്ഞാനവും ശരീരരൂപത്തിൽ ആരാധിക്കപ്പെടുന്നതും ഭഗവാനോട് ഐക്യം പ്രാപിക്കലുമാകട്ടെ മാർഗവും ലക്ഷ്യവും. വേദമാർഗങ്ങളേക്കാൾ ശ്രേഷ്ഠം ശ്രീകൃഷ്ണ ആരാധനയാണ്. അങ്ങ് വരദായകനും കരുണാമയനുമാണ്. ദുഃഖിക്കുന്നവർക്കാശ്വാസമേകുന്നവനാണ്. പരമാത്മാവായ അങ്ങും, ജീവാത്മായ ഞാനും ഒന്നു തന്നെയാണ് എന്നു ഞാൻ തിരിച്ചറിയുന്നു, ബന്ധവും മോക്ഷവും ജീവാത്മാവിനില്ല. ബുദ്ധനും മുക്തനും ആരെന്നു ഞാനറിയുന്നു. ചിത്തശുദ്ധി ജീവമുക്തനാവശ്യമാണ് അവന് അങ്ങയോടുള്ള ദൃഢഭക്തി വേണം. ഞാൻ പരമാത്മ ബോധം തേടി സായൂജ്യം നേടികൊള്ളാം. ചിലർ വേദം പഠിച്ചു ചൊല്ലി അർത്ഥം പോലുമറിയാതെ കർമ്മങ്ങൾ ചെയ്ത് ഒന്നും നേടാതെ ജന്മം പാഴാക്കുന്നു. അങ്ങയെക്കുറിച്ചും എനിക്കു ഗഹനമായിട്ടറിഞ്ഞു കൂടാ എങ്കിലും അങ്ങയെ ഞാൻ ദൃഢഭക്തിയോടെ ശരണം പ്രാപിക്കുന്നു. അങ്ങയേയും ഭക്തരേയും വിഗ്രഹത്തോടെയും ഞാൻ അറിഞ്ഞുപാസിച്ചുകൊള്ളാം. എന്നെ അവിടുത്തെ ദാസനാക്കേണമേ ഗുരുവായൂരപ്പാ. എല്ലാം അങ്ങയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു. അങ്ങയെ അടിയൻ ആരാധിക്കുന്നു. എല്ലാവിധ ഭക്തിയോടെയും അങ്ങയെ അടിയൻ ആരാധിക്കുന്നു, പ്രണമിക്കുന്നു. എന്റെ രോഗങ്ങൾ മാറ്റിത്തരേണമേ (സമ്പൂർണമായ ദാസഭാവ ഭക്തിയാണിവിടെ നമുക്കു കാണാനാകുന്നത്.)

**തൊണ്ണൂറ്റിയഞ്ചാം ദശകം (ധ്യാനമാർഗം)** : ഈ പ്രപഞ്ചത്തിന്റെ ആരംഭത്തിലെ സൃഷ്ടിയും സത്വരജസ്തമോഗുണങ്ങളും വിവരിക്കുന്നു. ബ്രഹ്മമായ അങ്ങയുടെ അവസ്ഥയും, തൃഗുണാത്മകമായ സൃഷ്ടിയുടെ നിലനിൽപ്പു വിശദമാക്കുന്നു, ഭക്തി മാർഗത്തിന്റെ ലാളിത്യവും ഉത്തമമായ സന്മാർഗവും അങ്ങയോടുള്ള ഭക്തി മാത്രമാണ്. ഭക്തന് മറ്റൊരു ലോകവും സിദ്ധിയും താൽപര്യമുണ്ടാകുന്നില്ല. അങ്ങയുടെ ഭക്തന് ജീവിതപരാജയമില്ല, കത്തിക്കാളുന്ന കാട്ടുതീ കൊടും കാടിനെപോലും ദഹിപ്പിക്കുന്നു. അതുപോലെയാണല്ലോ



Scanned with CamScanner

അങ്ങയോടുള്ള ഭക്തി. ശക്തമായ ഏതു ആകർഷണങ്ങളേയും അതിജീവിക്കുവാൻ കെൽപു തരുന്നു. അടിയന്റെ മനസ്സ് ശുദ്ധമാക്കുക. മനസ്സലിവുണ്ടാക്കുക. ഭക്തിയുടെ ആനന്ദം തരുക. മനോമാലിന്യം നീക്കുക, അങ്ങയെ ഞാൻ ഗാഢഭക്തിയോടെ ധ്യാനിച്ചുകൊള്ളാം അങ്ങയുടെ ധന്യമായ ശരീരം, ധന്യമായ സന്ദേശങ്ങൾ, ജീവിതദൗത്യങ്ങൾ.. ഇവയെല്ലാം ധ്യാനിച്ചുകൊള്ളാം. മുഖം, മന്ദഹാസം, പൊട്ട്, എല്ലാമെല്ലാം ഞാൻ ധ്യാനിച്ചുകൊള്ളാം. അങ്ങയുടെ ധ്യാനത്തിലൂടെ ഞാൻ സിദ്ധിയുള്ളവനായിത്തീർന്നു ആരാധിക്കാം. എല്ലാ ദുഖങ്ങളിൽ നിന്നും അടിയനെ കരകയറ്റീടേണമേ ഗുരുവായൂരപ്പാ.

**തൊണ്ണൂറ്റിയാറാം ദശകം (ജ്ഞാനയോഗം, കർമ്മയോഗം, ഭക്തിയോഗം) :** അകാരവും, ഓംകാരവും, മനുവും, ഭൃഗുവും, നാരദനും, ഗരുഡനും, അനന്തനും, ഗംഗയും, മഹാബലിയും, ജപയജ്ഞവും, ഉദ്ധവനും, തേജസ്സും, ബലവും, പുരുഷനും, പ്രകൃതിയും അങ്ങാണ്. ഭക്തിയും മൂന്നുയോഗവും അങ്ങയിലേക്കുള്ള മാർഗം തന്നെ. ഓരോ തരത്തിലുള്ളവർക്ക് ഓരോയോഗം. ജ്ഞാനവും + ഭക്തിയും പൂർവപുണ്യം കൊണ്ടു ലഭിക്കുന്നു. മനുഷ്യജന്മം പരമഭാഗ്യം കൊണ്ടു മാത്രം ലഭിക്കുന്നു. അവിടുന്നു കാറ്റായി എന്റെ ജീവനാകുന്ന തോണിയെ സംസാര സാഗരത്തിന്റെ അക്കരയെത്തിക്കേണമേ. അവ്യക്തമായ ബ്രഹ്മ ഉപാസന ശ്രമകരമാണ്. ജ്ഞാനയോഗത്തേക്കാളും കർമ്മയോഗത്തേക്കാളും ഭക്തിയോഗം ആനന്ദാനുഭൂതി നൽകുന്നു. അത് എളുപ്പത്തിലുള്ള മുക്തിക്ക് കാരണമാകുന്നു. ക്ഷീണിതമായ മനസ്സുള്ളവർക്കും ജ്ഞാന-കർമ്മയോഗങ്ങൾ വിഷമകരമാണ്. ഞാൻ ഭക്തിയോഗിയായിത്തന്നെ തുടരാനാഗ്രഹിക്കുന്നു. സ്വന്തം മനസ്സാണ് എല്ലാവരുടേയും ദുഃഖത്തിനു കാരണം. മനസ്സേ ഭക്തിമാർഗത്തിലൂടെ ശാന്തിനേടുക എന്നു ഞാൻ നിർദ്ദേശിക്കാം. പൂരുരവസ്സിനെ പോലെ അടിയനേയും മുക്തിമാർഗത്തിലൂടെ നയിച്ച് അടിയന്റെ രോഗങ്ങൾ അകറ്റേണമേ. (ഗീതയിലെ ചില സന്ദേശങ്ങളിവിടെ വരുന്നു)

**തൊണ്ണൂറ്റിയേഴാം ദശകം (മാർക്കണ്ഡേയ ചരിതം) :** ലോകത്തിൽനിലനിൽക്കുന്നതിലെല്ലാത്തിനേയും സത്വ-രജസ്-തമോഗുണങ്ങളുള്ളവയുടെ അടിസ്ഥാനത്തിൽ വർഗീകരിക്കാം. സർവചരാചരങ്ങളിലും അങ്ങയുടെ സാന്നിദ്ധ്യം അറിഞ്ഞുകൊണ്ട് ഞാനെല്ലാ



Scanned with CamScanner

ത്തിനേയും പൂജിക്കുന്നു. ഇനിയുമെല്ലാത്തിലും അങ്ങയെ ദർശിച്ചു ഭക്തനായി ജീവിച്ചുകൊള്ളാം. മാർക്കണ്ഡേയൻ അങ്ങയെ ഭജിച്ചു ദീർഘായുസ്സു നേടിയവനായതുപോലെ ദീർഘകാലം അങ്ങയെ ഭജിക്കാനനുഗ്രഹിക്കേണമേ.

കഠിനായ തപസ്സിലൂടെ മാർക്കണ്ഡേയന് എല്ലാവിധ കാമനകളെയും ജയിക്കാനായി. മാർക്കമെണ്ഡയൻ അങ്ങയിൽ നിന്ന് ഒരു വരവും സ്വീകരിച്ചില്ല, മറിച്ച് അങ്ങയുടെ മായാലോകം മാത്രം കാണാനാഗ്രഹിച്ചപ്പോൾ പെയ്ത മഴയിൽ വെള്ളം പൊങ്ങി കാലങ്ങളോളം മാർക്കണ്ഡേയൻ നീന്തി ക്ഷീണിച്ചപ്പോൾ ആലിലയിൽ വസിക്കുന്ന അങ്ങയെ കണ്ടു. അങ്ങയുടെ ശ്വാസവായുവിലൂടെ ഉള്ളിലേക്കു പോയി. മാർക്കണ്ഡേയൻ സകലലോകങ്ങളേയും കണ്ടു. പിന്നീട്, ശ്വാസഗതിയിലൂടെ പുറത്തു വരുകയും ചെയ്തു. മാർക്കണ്ഡേയൻ ശിവനെ ഭജനയിലൂടെ പ്രീതിപ്പെടുത്തി. എല്ലാ ലോകത്തിനുമപ്പുറത്തു വസിക്കുന്ന ഗുരുവായൂരപ്പാ അടിയനെ മാർക്കണ്ഡേയനു നൽകിയപോലെ ധന്യത നൽകേണമേ.

**തൊണ്ണൂറ്റിയെട്ടാം ദശകം (പ്രണാമങ്ങളോടെ) :** ഗുരുവായൂരപ്പാ എന്റെ പ്രണാമം. എല്ലാ തേജസ്സുകളുടേയും തേജസ്സായ അങ്ങേക്കു പ്രണാമം. പ്രപഞ്ചസൃഷ്ടിക്കാധാരമേ അങ്ങേക്കു പ്രണാമം. മോക്ഷരൂപകനും രൂപമില്ലാത്തവനും എല്ലാ രൂപത്തോടെയും ദർശിക്കാൻ ഭക്തന്മാർക്കവസരം നൽകുന്ന ഗുരുവായൂരപ്പാ പ്രണാമം. അങ്ങെല്ലാമാണ് പക്ഷേ അങ്ങതൊന്നുമല്ല. അതുകൊണ്ടു തന്നെ രൂപഭാവങ്ങൾക്കതീതമായ പരമാനന്ദ സ്വരൂപമേ പ്രണാമം. എല്ലാം സൃഷ്ടിച്ചും നിലനിർത്തിയും സംഹരിച്ചും നിലനിൽക്കുന്ന മഹാതേജസ്സേ എല്ലാം അങ്ങയോട് ബന്ധപ്പെട്ടു കിടക്കുമ്പോഴും ഒന്നിനോടും ബന്ധനമില്ലാതെ നിലനിൽക്കുന്ന പ്രപഞ്ച സൃഷ്ടികർത്താവേ അടിയന്റെ പ്രണാമം. അവിടുന്നു തന്നെ പുരുഷനും, പരനും, പരമാത്മാവും, ചിത്തും, ആത്മാവും, മൂലപ്രകൃതിയും! അവിടുത്തേക്കു പ്രണാമം! അന്ധകാരമകന്നു ജ്ഞാനവും ഭക്തിയും വന്ന് മായയിൽ നിന്നും മോചനം നേടി വരുന്ന എന്റെ മഹാപ്രണാമം. എല്ലാ സ്വർണമാലകളിലും അടങ്ങുന്നത് ഒരേ സ്വർണ്ണമെന്നപോലെ എല്ലാത്തിന്റേയും അന്തസത്തായ അവിടുന്നാണെല്ലാമെന്നറിയുമ്പോൾ എനിക്കങ്ങയുടെ രൂപം തെളിയുന്നു പ്രഭോ! അങ്ങക്ക് എന്റെ സാഷ്ടാംഗപ്രണാമം. ഈ പ്രകൃതിയിലെ സർവചരാചരങ്ങൾക്കു



Scanned with CamScanner

മാധാരമായി ചക്രം തിരിക്കുന്ന മഹാപ്രഭോ ഗുരുവായൂരപ്പാ അങ്ങേക്കു പ്രണാമം. തൃഗുണങ്ങൾക്കതീതനും, വേദങ്ങൾക്കതീതനും, തൃമൂർത്തികൾക്കതീതനും, തൃകാലത്തിന്നതീതനുമായ മഹാപ്രഭോ അങ്ങക്കു പ്രണാമം. മുനിമാരുടെ ഹൃദയത്തിൽ വസിക്കുന്നവനും, പരമാനന്ദ സ്വരൂപനും, പ്രകാശത്തിന്റെ സ്രോതസ്സും, ദിവ്യവിഗ്രഹവും, നിർവികാരനും, സകല ഗുണങ്ങളുടെ ആദിയുമായ മഹാതേജസ്സേ അവിടുത്തേക്കെന്റെ പ്രണാമം. സകല ചരാചരങ്ങളേയും കാലചക്രത്തിലൂടെ തിരിക്കുന്ന ദിവ്യജ്യോതിസ്സേ അടിയന്റെ പ്രണാമം.

**തൊണ്ണൂറ്റിയൊൻപതാം ദശകം (ഭഗവദ് വർണനം)** : മൂന്നടി കൊണ്ടു മൂന്നുലോകവുമളന്നവനെ ലോകത്തെ സമ്പന്നമാക്കിയവനേ, ആനന്ദം പകർന്നു നൽകുന്നവനെ, എല്ലാ വിഭൂതികൾക്കുമാധാരമായവനേ, എല്ലാം സ്വീകരിക്കുന്നവനേ, ഞങ്ങൾ അവിടത്തെക്കെത്താനാഗ്രഹിക്കുന്നു. അങ്ങയെ വേദങ്ങളും പുരാണങ്ങളും സ്തുതിക്കുന്നു. നാമസങ്കീർത്തനത്തിലൂടെ അർച്ചിക്കുന്നു. എല്ലാ ക്ഷേമങ്ങളും ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ തന്നെ നൽകുന്ന മഹാവിഷ്ണുവിനെ സ്മരിക്കുക. വൈകുണ്ഠത്തിലേക്കുള്ള യാത്രക്കൊരുങ്ങാൻ വിഷ്ണു ആരാധനയിലൂടെ സാധിക്കട്ടെ. അങ്ങയെ പൂർണമായി അറിയുന്നവരില്ല. മൂന്നു ലോകത്തിനു മീതെ വൈകുണ്ഠലോകത്തിൽ വസിക്കുന്നവനേ, നാനാതരം ....... സ്തുതികളും കൊണ്ട് ഞാൻ അങ്ങയെ വണങ്ങുന്നു. ജനനമരണങ്ങളില്ലാത്ത ഭഗവാനെ സൃഷ്ടിസ്ഥിതി സംഹാരത്തിന്നാധാരമായവനായ അങ്ങയെ ഞാൻ സ്തുതിക്കുന്നു. ജനങ്ങളെ നിങ്ങൾ വിഷ്ണുവിനെ അറിയണം. നിങ്ങളുടെ ഹൃദയത്തിലവനുണ്ട്. യാഗമോ വേദമോ ഇന്ദ്രിയ സുഖത്തിന്നായുള്ള കർമ്മങ്ങളോ കൊണ്ട് മഹാവിഷ്ണുവിനെയറിയാനാകില്ല. വേദങ്ങൾ പുരുഷസൂക്തത്തിലൂടെ സ്തുതിക്കുന്ന പ്രപഞ്ചപുരുഷ ചൈതന്യമേ, ലോകം മുഴുവനും നിറഞ്ഞു നിൽക്കുന്ന നീ ഭൂതവും ഭാവിയും, വർത്തമാനവുമാകുന്നു. തൃലോകവും, തൃകാലവും, തൃഗുണവും, തൃമൂർത്തികളും നീ തന്നെ. എന്റെ രോഗത്തിൽ നിന്നെന്നെ കരകയറ്റീടേണമേ ഗുരുവായൂരപ്പാ.

**നൂറാം ദശകം (കേശാദി പാദവർണനം)** : സുന്ദരമായ നിന്റെ രൂപം ഞാൻ കാണുന്നു. ദിവ്യരൂപം ഞാൻ കാണുന്നു. മിന്നിത്തിളങ്ങുന്ന കണ്ണുകൾ, തിരുമുടി, മന്ദാരമാല, ഗോപിക്കുറി, തിരുനെറ്റി, പുരിക

ക്കൊടി, മനോഹരനയനങ്ങൾ, ശോഭിക്കുന്ന മൂക്ക്, കവിൾത്തടം, മനോഹരമായ കാതുകൾ, രത്നകുണ്ഡലം, പല്ലിന്റെ നിറ പുഞ്ചിരി, തുടുത്ത കൈത്തടം, പ്രകാശിക്കുന്ന നഖങ്ങൾ, തൃക്കഴുത്ത്, ശ്രീവത്സം, തിരുമാറ്, വനമാല, രത്നമാലകൾ, തിരുമെയ്യയിലെ കസ്തൂരി, ഗോരോചനം, രക്തചന്ദനം, കുങ്കുമം, രത്നം പതിച്ച അരഞ്ഞാണം, ധന്യമായ കാലിണകൾ, കാൽമുട്ടുകൾ, കാൽചിലമ്പുകൾ, കാൽനഖങ്ങൾ, ഉള്ളം കാലും കാൽവിരലുകളുമെല്ലാം ഞാൻ തൊഴുന്നു. കരുണാവാരിധേ ആരും ആശ്രയമില്ലാത്ത അടിയൻ ആയിരത്തിലധികം പദ്യങ്ങളുള്ള ഈ സ്തോത്രം കൊണ്ട് എഴുതിയതെല്ലാം എന്റെ ഗുരുവായൂരപ്പനായ അങ്ങക്കു സമർപ്പിക്കുവാനായിട്ടായിരുന്നു. നാരായണനെ സംബന്ധിച്ചത് എന്നും നാരായണൻ നിർമ്മിച്ചത്, എന്നും (മേൽപത്തൂർ നാരായണ ഭട്ടതിരി) അർത്ഥമുള്ള ഈ നാരായണീയ സ്തോത്രം അവിടുന്ന് സ്വീകരിച്ച് ആയുസ്സും ആരോഗ്യവും സൗഖ്യവും അടിയനെന്ന ഭക്തനു നൽകേണമേ ഗുരുവായൂരപ്പാ.

(ഈ സംക്ഷിപ്തം നാരായണീയം വായിക്കുന്നവർക്കും കേൾക്കുന്നവർക്കും പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും വേണ്ടിയുള്ള ഒരു ചൂണ്ടു പലകമാത്രമാണ്. ഇതൊരു വ്യാഖ്യാനമല്ല. സാധാരണക്കാരൻ സാധാരണക്കാരായ ഭക്തന്മാർക്കു വേണ്ടിയെഴുതിയ നാരായണീയ സന്ദേശം. എന്താണ് നാരായണീയമെന്ന് അറിയാനുള്ള അഭിവാഞ്ചയുള്ളവർക്കൊരു മാർഗ ദർശന പ്രകാശജ്വാല. ഉൾക്കൊള്ളേണ്ടതെടുത്ത്, അല്ലാത്തത് തിരസ്കരിക്കുക. ശ്രീകൃഷ്ണ പരമാത്മാവ്, ജീവിതത്തിലൊരു നിമിഷം പോലും വിശ്രമിക്കാതെ, കരയാതെ, ബന്ധനമില്ലാതെ, സന്തോഷിപ്പിച്ചും, ചിരിപ്പിച്ചും, മറ്റുള്ളവരെ ഭക്തരും കർമ്മനിരതരുമാക്കിയതെങ്ങിനെയെന്നതിന് ഒരു ആമുഖമായിട്ടേ ഈ പുസ്തകമെടുക്കാവൂ എന്ന് വിനയപുരസ്സരം എഴുതട്ടെ)

എന്റെ ഗുരുവായൂരപ്പനും അദ്ദേഹത്തിന്റെ ഭക്തന്മാർക്കും
ഇതു സമർപ്പിക്കുന്നു.

**ഡോ. എൻ. ഗോപാലകൃഷ്ണൻ**



Scanned with CamScanner

# സനാതന ധർമ്മത്തിന്റെ
# അടിസ്ഥാന ശിലകൾ
# മഹാഭാഗവത സംക്ഷിപ്തം
# നാരായണീയം സംക്ഷിപ്തം

ഭാഗവതത്തിലെ കഥകളും, അനുഭവങ്ങളും സന്ദേശങ്ങളും സംയോജിപ്പിച്ച് പ്രാർത്ഥനാരൂപത്തിലെഴുതിയ ധന്യമായ ഒരു ഗ്രന്ഥം, അതാണ് നാരായണീയം. സ്വന്തം വാതരോഗം പൂർണ്ണമായും മാറി ധന്യമായ ഒരു ജീവിതം നയിക്കാൻ അനുഗ്രഹിക്കേണമേ എന്ന പ്രാർത്ഥനയോടെ മേൽപത്തൂർ ഭട്ടതിരിയെഴുതിയ പ്രാർത്ഥനയുടെ സംക്ഷിപ്തമാണീ ലഘുപുസ്തകം.

ആയിരിത്തിനാനൂറ് വർഷത്തെ വിദേശാക്രമണത്തിലും അടിമത്തത്തിലും ഭാരതത്തിൽ നശിപ്പിക്കപ്പെട്ടത് നമ്മുടെ പൈതൃകത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിച്ചിരുന്ന ഗ്രന്ഥങ്ങളും സ്ഥാപനങ്ങളുമായിരുന്നു. ലക്ഷക്കണക്കിന് ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കുകയോ വിദേശങ്ങളിലേയ്ക്ക് കടത്തുകയോ ചെയ്തു. പതിനായിരക്കണക്കിന് വിഗ്രഹങ്ങൾ തച്ചുടച്ച് ക്ഷേത്രം നിലംപരിശാക്കി. ഈ ചരിത്രം വസ്തുതാപരമായി നാം പഠിച്ചില്ല. ഈ ആയിരത്തിനാനൂറ് വർഷങ്ങളിൽ നശിപ്പിക്കപ്പെട്ടതിനേക്കാൾ മഹത്തായ ഒന്നിനെ 1947 ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിക്കു ശേഷം നാം നശിപ്പിച്ചു, ഇന്നും നശിച്ചു കൊണ്ടിരിക്കുന്നു 'നമ്മുടെ ഭാരതത്തിന്റെ സത്യസന്ധമായ പൈതൃകം പഠിക്കുവാനുള്ള മാനസികാവസ്ഥ' അതിനെ കഴിഞ്ഞ 54 വർഷങ്ങളായി ഭാരതീയരുടെ മനസ്സിൽ നിന്നും നാം തുടച്ചു നീക്കി. നമ്മെ ഭരിച്ച വിദേശികളും സ്വദേശികളും ചെയ്തത് ഒരേ കാര്യം! ഇനിയൊന്നു ചിന്തിക്കാം. നമുക്ക് സ്വയം എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ എന്ന്. ഇവിടത്തെ എല്ലാ മതക്കാരുടെയും രാഷ്ട്രീയക്കാരുടെയും പൈതൃകം ഒന്നു തന്നെയാണ്. അത് സനാതനധർമ്മത്തിന്റെ മൂല്യവത്തായ സംസ്കൃതിയാണ്. നമുക്കത് പഠിക്കാം പഠിപ്പിക്കാം, പ്രചരിപ്പിക്കാം....... സത്യസന്ധമായി........ ശാസ്ത്രീയമായി .........

ഭാഗവത മഹാപുരാണ പാരായണത്തിനും ശ്രവണത്തിനും ഒരേ ഒരു ലക്ഷ്യമേയുള്ളൂ. ഓരോ നിമിഷവും നന്മയിലേയ്ക്കു അവനവനുയരുക, കുടുംബത്തെ ഉയർത്തുക, സമൂഹത്തെ ഉയർത്തുക, രാഷ്ട്രത്തെ ഉയർത്തുക.

അവനവനേയും, കുടുംബത്തേയും സമൂഹത്തേയും രാഷ്ട്രത്തേയും അപകീർത്തിപ്പെടുത്തുന്നതൊന്നും ചെയ്യാതിരിക്കുക.

Scanned with CamScanner